# സഹൃദയ

## വിശേഷാൽപ്രതി

## — 1945 —



"അവിടുന്നു ജീവിച്ചിരിക്കുന്നുണ്ടെങ്കി-
ല്ല,വശതയിലും സ്വതന്ത്രരിന്ത്യക്കാർ;
അവിടുത്തോടു വേർപെട്ടുകിലോ മുക്തസ്വ-
ത്വത്തിലുമിവർ തടവുപുള്ളികൾ!"

1½ ക

FOR YOUR REQUIREMENTS IN

## PAINTS, HARDWARE, ESTATE REQUISITES, DRAMA ACCESSORIES etc., etc.

PLEASE VISIT

# A. G. KRISHNA SHENOY

**H.O. ERNAKULAM :: Telegrams "MAGNET"**

BRANCH

**KALARIKKAL BAZAAR - KOTTAYAM**

Telegrams "VENUS"

# വിലക്കൂടുതൽ

**കൺട്രോൾ വിലയിൽ കൂടുതൽ കൊടുക്കുന്നതു് ശിക്ഷാർഹമല്ലേ?**

അമിതാദായവും സംഭരണവും നിയമം എന്തു പറയുന്നു?

ശീമമദ്യങ്ങൾ
സ്റ്റേഷനറിസാമാനങ്ങൾ
സ്പോർട്ടിംഗ് സാമഗ്രികൾ
സിഗററുകളും ചുരുട്ടുകളും
സ്പിരിററും വിന്നാഗിരിയും

ബ്ലഡ്-ഇൻ-ദ്രാക്ഷാ
കാൽസിഫെറൊ
ബിസ്കൂററുകൾ (Best's Agency)
ബട്ടർ (Polson's)

## എല്ലാം കൺട്രോൾവില.

**തോമസ് ചാക്കോ മുക്കാടൻ & കമ്പനി**

**WINE & GENERAL MERCHANTS,**

**കാഞ്ഞിരപ്പള്ളി.**

# സഹൃദയ
# വിശേഷാൽ പ്രതി

പ്രസാധകൻ:

**കെ. ജെ. തോമ്മസ്, ബി. ഏ.**

സെക്രട്ടറി, സഹൃദയവായനശാല

1945



**സഹൃദയവായനശാ**

**കാഞ്ഞിരപ്പള്ളി**

# ഉള്ളടക്കം


| | | | | Page |
|---|---|---|---|---|
| 1. | ജയിച്ചുപോയ്! | പദ്യം | മഹാകവി വള്ളത്തോൾ | |
| 2. | സാഹിത്യപരിഷത്തുകൾ | | എ. ബാലകൃഷ്ണപിള്ള | |
| 3. | വന്ദനം! | പദ്യം | ജി. ശങ്കരക്കുറുപ്പ് | |
| 4. | പൊന്നമ്മയുടെ സാരി | ചെറുകഥ | തകഴി ശിവശങ്കരപ്പിള്ള | |
| 5. | അമ്മയുടെ കണ്മണി | പദ്യം | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് | |
| 6. | ഭാവത്തിൽനിന്നു രൂപത്തിലേക്കു | | ജോസഫ് മുണ്ടശ്ശേരി | |
| 7. | നക്ഷത്രം | പദ്യം | ചങ്ങമ്പുഴ കൃഷ്ണപിള്ള | |
| 8. | ഗ്രന്ഥശാലാപ്രസ്ഥാനം | | മധുരവനം കൃഷ്ണക്കുറുപ്പ് | |
| 9. | അശ്രുവർഷം | പദ്യം | നാലാങ്കൽ കൃഷ്ണപിള്ള | |
| 10. | മറയന്തിട്ടക്കന്മാർ | | ഇ. എം. കോവൂർ | |
| 11. | ഇന്നത്തെ കവികൾ | പദ്യം | എം. പി. അപ്പൻ | |
| 12. | രാഷ്ട്രീയസ്വാതന്ത്ര്യവും മർദ്ദനവും | | കെ. പി. ശങ്കരമേനോൻ | |
| 13. | കേരളവും ചിന്തയും | | വക്കം അബ്ദുൽഖാദർ | |
| 14. | ജീവിതം | പദ്യം | പട്ടം ഗോപാലൻനായർ | |
| 15. | ചിത്രകാരൻ | ഏകാങ്കനാടകം | എസ് ഗുപ്തൻനായർ | |
| 16. | തമ്പുരാക്കളെ! | പദ്യം | പി. എൻ. സുകുമാരൻ | |
| 17. | വിദ്യാഭ്യാസം ദേശഭാഷകളിൽ കൂടി | | കെ. ജെ. തോമ്മസ് | |
| 18. | അന്ധകാരം | പദ്യം | പാലാ നാരായണൻനായർ | |
| 19. | സ്റ്റാൻറാർഡ് ഭർത്താക്കന്മാർ | | പി. കെ. രാജരാജവർമ്മ | |
| 20. | ഹൃദയനാദം | പദ്യം | ആനന്ദക്കുട്ടൻ | |
| 21. | അച്ഛൻെറ കട | ചെറുകഥ | കാരൂർ നീലകണ്ഠപ്പിള്ള | |
| 22. | തെച്ചിമാല | പദ്യം | പി. കുഞ്ഞിരാമൻനായർ | |
| 23. | ശിശുവിദ്യാഭ്യാസം | | അക്കമ്മ ചെറിയാൻ | |
| 24. | ശിഥിലചിന്തകൾ | പദ്യം | ലളിതാംബിക അന്തർജ്ജനം | |
| 25. | നടുവത്തു മഹൻ | | ഡി. പത്മനാഭനുണ്ണി | |
| 26. | ഹൃദയഗീതം | പദ്യം | സെബാസ്റ്റ്യൻ തകടിയേൽ | |
| 27. | ശക്തിയും ജ്ഞാനവും | | എം. പി. പോൾ | |
| 28. | കേരളഗാനം | പദ്യം | മഹാകവി പള്ളത്തുരാമൻ | |
| 29. | മുഹമ്മദാലി ജിന്നാ | തൂലികാചിത്രം | സി. ഐ രാമൻനായർ | |
| 30. | അവർ | പദ്യം | ജോർജ് പള്ളിപ്പറമ്പൻ | |
| 31. | ഗ്രന്ഥാലയവിഹാരം | | ഡാക്ടർ ഏബ്രഹാം വടക്കേൽ | |
| 32. | അവർ എഴുതാറുവുന്നതു | | ഗോപി | |
| 33. | പുരോഗമനസാഹിത്യപ്രസ്ഥാനം | | എം എസ് ദേവദാസ് | |
| 34 | ആത്മഗീതങ്ങൾ | | ടി. കെ. നാരായണക്കുറുപ്പ് | |
| 35. | കേരളഗ്രന്ഥാലയസംഘം | | ജനറൽസെക്രട്ടറി | |
| 36. | കോളേജ് | ചെറുകഥ | പി കേശവദേവ് | |
| 37. | കാഞ്ഞിരപ്പള്ളി | | പി. ആർ. ശങ്കരപ്പിള്ള | |


K. JACOB THOMAS ... SRI UDAYA PUBLIC LIBRARY MANNARGHAT

# List of Advertisers


COVER PAGES

CATHOLIC BANK OF INDIA LTD.
A. G. KRISHNA SHENOY, KOTTAYAM
MUKADAN & Co., KANJIRAPALLY
SWATHANTHRA PHARMACY

Ranji Kovoor, Kottarakara — Page 11
Best Baking Co., Kottayam — 11
L. F. Dispensary — 16
Amalgamated School, Kottayam — 17
Hotel 'de Park, Kottayam — 22
G. J. Podipara, Kottayam — 22
Krishna Pin Co, Kottayam — 30
M. E. Apren, Kanjirapally — 37
A. D. Hospital, Mundakayam — 38
M. Paul Varughese & Co., Kanjirapally — 43
Venu Gopal Hotel, Ponkunnam — 43
C. Ramakrishnan Nair, Cheruvally — 44
Aurveda Pharmacy, Kanjirapally — 48
Dr. P. N. Pillai, Ponkunnam — 48
Kadamapuzha Dispensary, Kanjirapally — 49
S. P. B. Library, Kudamaloor — 54
Kavanal Stores, Mutholy — 54
G. V. Pharmacy, Ettumanoor — 60
Madukkakuzhi Vaidyasala, Kanjirapally — 60
St. Joseph's Press, Mannanam — 60
V.V. Book Depot, Trivandrum — 64
Orient Central Bank Ltd., Kottayam — 71
Tagore, Quilon — 72
MANGALODAYAM LTD., TRICHUR — 73
Chithrodayam, Kottayam — 75
S. V. Achari, Ponkunnam — 75
Kairaly, Trichur — 77
J. Vadakemurry, Meenachil — 78
Vanitharamom, Kottayam — 78
Kairali Kala Sadanom, Poovarany — 78 & 114
D. S. Thakadiel, Changanacherry — 78
J. Poonthottam, Ponkunnam — 78
O. N. Bhaskar, Poonjar — 78
Powradhwany, Kottayam — 82
Jyothisha Nilayam, Kottayam — 82
A. S. A. Vaidyasala, Kidangoor — 83
Co-operative Urban Bank, Ponkunnam — 83
Mangalodayam, Trichur — 85
V. C. S. Chettiar, Ponkunnam — 86
Manthattil Hospital, Kottayam — 86
Chakola's Silk House, Trichur — 88
Chakravalam, Kottayam — 89
The Oriental Stores, Trichur — 90
Eagle Industries Ltd., Ernakulam — 91
V. M. Book-Depot, Kottayam — 92
Travancore Foreward Bank Ltd., — 92
Oriental Press, Kanjirapally — 92
THE TRAVANCORE WOOD & METAL WORKS, Ltd., MUNDAKAYAM — 93
REDDIAR PRESS, TRIVANDRUM — 95
The Kottayam Bank Ltd., — 96
Kerala Ayurvedic Corporation Ernakulam — 96
Thomson & Co., Kottayam — 97 & 115
P. T. ABRAHAM, KOTTAYAM — 98
Padma Brothers, Changanacherry — 100
Arya Vaidyasala, Chirakadavoo — 100
K. I. Ittiara & Sons, Palai — 100
Wellington Hotel, Palai — 100
Panakal Hospital, Palai — 102
Standard Leather Mart, Kottayam — 102
Hotel Philips, Kottayam — 102
N. M. Abraham, Kottayam — 102
Y. M. C A. Restaurant, Kottayam — 103
Sidha Vaidyasram, Iringalakuda — 104
General Supplies, Palai — 104
St: Antony's Pharmacy, Chenganacherry — 104
Million & Co, Kottayam — 106
ArabicMedical Hall, Changanacherry — 60&114
A C Vaidyasala, Ponkunnam — 107
Peoples Book Stall, Alleppey — 107
P. C. Varghese & Sons, Ponkunnam — 107
Dr. A. Kaipuraidom, Kanjirapally — 112
Brilliant Furniture Works, Kottayam — 115
Bharatha Vaidya Sala, Chalakudi — 112
Vattakkunnel Bros, Palai — 114
National Book Depot., Kottayam — 115
Masters Shop, Kanjirapally — 115
PALAI CENTRAL BANK LTD., — 116


1945

# ജയിച്ചുപോയ്!



## (മഹാകവി വള്ളത്തോൾ)

(അന്നനട)

കൃതഘ്നരിൽവെച്ചു കൃതഘ്നർ നാം: അധഃ-
കൃതരായ നമ്മളുടെ കൃത്യലോപം
ഇതാ, പേർത്തും ക്ലമപ്പെടുത്തിയില്ലയോ,
ഹിതോപദേഷ്ടാവിൻ കൃശശരീരത്തെ!
മിഴിയുണ്ടു നമുക്ക,തിന്നില്ല തെല്ലും
കഴിവു. കാണേണ്ടുന്നതിനെക്കാണുവാൻ;
ചെവിരണ്ടുണ്ടു,നാലതിൽക്കടക്കുകി-
ല്ലവന്ധ്യസൂക്തിതന്നൊരക്ഷരംപോലും!
കൊടിയ ദാരിദ്ര്യപ്പിശാചു കേറിയ
കുടിലുകളുടെ ഞെരുക്കം പോക്കുവാൻ
പടത്തിയോ, വെറും മരച്ചക്കുകൾ തൻ
സ്ഫുടസംഗീതത്തെയിതുവരെ നമ്മൾ?
നരലക്ഷങ്ങൾ വീണടിഞ്ഞുഴന്നീടു-
മിരുൾക്കുഴികളിൽ കൊളുത്തിക്കാട്ടുവാൻ
തിരി നനച്ചുവോ തനി സ്നേഹംകൊണ്ടു,
തിരിച്ചറിവിന്റെ വെളിച്ചമാർന്നവർ?
അനക്കിയോ കൈകള,ന്ത്യജാതരാം
ജനങ്ങളെയൊന്നു തലോടുവാൻ നമ്മൾ?
മനസ്സിനെ മനസ്സോടു ചേർത്തൊട്ടിപ്പാ-
നനഘസൌഭ്രാത്രപ്പശയരച്ചുവോ?
കടന്നു നാം തല്ലിപ്പൊളിയ്ക്കേണ്ടും മദ്യ-
ക്കടകളിൽനിന്നു കഠോരമാം നാററം
അലച്ചടിയ്ക്കുമ്പോള*മൃതപാത്മാവിൻ
തലച്ചോറെത്രയ്ക്കു തളരുകയില്ല?
കലഹങ്ങളാലും കടുംപഞ്ഞത്താലും
കലങ്ങിയ ജഗത്തിനെത്തെളിയിപ്പാൻ
പല ധർമ്മങ്ങളെപ്പരിചിന്തിയ്ക്കുമീ-
ത്തലച്ചോറെത്രയ്ക്കു തളരുകയില്ല?
ഇരുപതുമിരുപതും കോടിപ്പേരെ-
പ്പെരുവഴി പൂകിപ്പതിന്റെ ഭാരത്തെ
ചിരകാലമായിച്ചുമന്നുപോരുന്ന
ശിരസ്സിതെത്രയ്ക്കു ശിഥിലമായ്പ്പരാ?
അരുപാവങ്ങളാം കൃഷീവലരുടെ-
യുരുകായക്ലേശ ഫലങ്ങളെയല്ല,
അവരെത്തന്നെയാണ,തിലുബ്ധർ നിങ്ങൾ
ഭുവി പൂഴ്ത്തുന്നതു മുതലാളികളേ!
വിഭവങ്ങളുടെ നടുവിൽ നാൾ തോറും
വിശന്നു ചാകുന്നു ബഹുസഹസ്രം പേർ;
അവയൊട്ടുക്കു കയ്യടക്കിയ വണിക്-
പ്രവരരേ, തീരാദ്ദുര പൂണ്ടുനിങ്ങൾ.
അയൽപക്കങ്ങളെ യമന്നു വിററു വി-
ററയത്രമേ നേടും പണം പണമാണോ?
കനക-വെള്ളി-ചെമ്പെവിടെപ്പോയ്-മറെറ-
ന്തു,നന്തലോഭത്തിൻ മഹേന്ദ്രജാലത്താൽ
കടലാസ്സിൻ കീറക്കഷണമോരോന്നും
കടൽമാതിൻ ദിവ്യകടാക്ഷമായ്ത്തീർന്നു!
അരുകൊലച്ചോരക്കളികൊണ്ടു വിശ്വ-
പ്പെരുമാൾപ്പീഠത്തിന്നണിച്ചായമിടാൻ
ഒരുമ്പാടോടിറങ്ങിയ ജർമ്മൻ-ജപ്പാൻ-
പെരുംപടയല്ല, ഭുവനത്തിൻ വൈരി;
പരമശാന്തിയെപ്പുരത്തുമീയൃഷി-
വരനെബ്ബാധിച്ച f വപുസ്സാദമത്രേ!
എഴുപതുമഞ്ചും വയസ്സു പിന്നിട്ടു-
കഴിഞ്ഞ ലോകൈകഗുരോ, മഹാത്മാവേ,
മുഴുകാവു ഞങ്ങൾ മുറയ്ക്കി,വിടുത്തെ
മുഴുവിശ്രമത്തെപ്പരിചരിപ്പതിൽ!
സ്വകീയരാജ്യത്തിൻ വിശുദ്ധിയ്ക്കങ്ങയാൽ-
ച്ചികീർഷിതമായ പുതുവുപവാസം,
കുറച്ചിളവെട്ടക്കലായ്ച്ചമഞ്ഞല്ലോ;
ജയിച്ചുപോയ്,തോൽവിയ്ക്കിടയിലും ഞങ്ങൾ!

---

* അമൃതപന്മാരുടെ(=ദേവന്മാരുടെ) ആത്മാവുപോലെയുള്ള ആത്മാവോടുകൂടിയവന്റെ; ദിവ്യസ്വഭാവന്റെ.

f ദേഹതളർച്ച.

[പകർപ്പവകാശം ലേഖകന്]

# സമസ്ത കേരള സാഹിത്യപരിഷത്തുകൾ.

(ഏ. ബാലകൃഷ്ണപിള്ള, കേസരി പത്രാധിപർ)

കേരളത്തിൽ ഇന്നു മൂന്നു സാഹിത്യമഹാപ്രസ്ഥാനങ്ങൾ ജീവിച്ചുവരുന്നുണ്ടു്. ക്ലാസിക്ക്, റൊമാൻറിക്ക്, എക്സ്പ്രഷണിസ്റ്റ്, മഹാപ്രസ്ഥാനങ്ങളാണു് ഇവ.
ാസിക്ക് മഹാ പ്രസ്ഥാനത്തിനു് എഴ
തഛൻെറ തേവർ വാഴ്ത്തി പ്രസ്ഥാനം, കു
ചൻനമ്പ്യാരുടെ തേവർവീഴ്ത്തി പ്രസ്ഥാനം,
ന്ന രണ്ടു ശാഖകളും, കേരളവർമ്മ ഉ
പ്രസ്ഥാനം, പച്ചമലയാള ഉപപ്രസ്ഥാനം
തലായ ഉപശാഖകളുമുണ്ടു്. സി. വി.
മൻപിള്ളയുടെ പിന്നിൽ നോക്കി, അ
വാ, ചരിത്രനോവൽ പ്രസ്ഥാനം, കുമാരനാ
ാൻെറ പ്രണയഗീതി പ്രസ്ഥാനം, വി. സി
ാലകൃഷ്ണപ്പണിക്കരുടേയും ശ്രീ വള്ളത്തോളി
ൻറയും ദേശീയപ്രസ്ഥാനം, ശ്രീ ജി. ശങ്കരക്കു
പ്പിൻെറ പ്രകൃതി നോക്കി, അഥവാ, ടാഗോ
പ്രസ്ഥാനം എന്നിവയാണു റൊമാൻറിക്ക്
ഹാപ്രസ്ഥാനത്തിൻെറ നാലു ശാഖകൾ. 'റൊ
ൻറിക്ക്' എന്ന പദം ഒരു മഹാ പ്രസ്ഥാന
ിനും, ഒരു സാങ്കേതികമാർഗ്ഗത്തിനും (ടെ
'നിക്കിനും) ഒന്നുപോലെ ഉപയോഗിച്ചുവരു
തിനാൽ, റൊമാൻറിക്ക് മഹാപ്രസ്ഥാന
ിനു മനം നോക്കി മഹാപ്രസ്ഥാനം എന്നു
പരിടുകയാണു നല്ലതു്. റൊമാൻറിക്ക് മഹാ
സ്ഥാനത്തിൻെറ ഒരു ഉപപ്രസ്ഥാനത്തിനു്
ദാഹരണമായി റീയലിസ്റ്റ് സാങ്കേതികമാർഗ്ഗം
ീകരിച്ചിട്ടുള്ള വിക്ടർ യൂഗോയുടെ "പാവ
ൾ" എന്ന നോവലിനെയും, മറെറാന്നിനു്
ദാഹരണമായി റൊമാൻറിക്ക് സങ്കേതികമാ
ം സ്വീകരിച്ചിട്ടുള്ള ഫ്രഞ്ചുസാഹിത്യകാര
ായ തേയോഫിൽ ഗോതിയേ (Gautier) യു
 "മദ്മാസെൽ ദ മോപിങ്" എന്ന നോവലിനേയും എടുത്തു പറയാവുന്നതാണു്. ഫ്രാൻസിലേ മനംനോക്കി പ്രസ്ഥാനത്തിൽ അതിൻെറ നായകന്മാരിൽ ഒരുത്തനായ യൂഗോ റീയലിസ്റ്റ് സാങ്കേതികമാർഗ്ഗം സ്വീകരിച്ചതിനു പ്രതിഷേധമായി, അദ്ദേഹത്തിൻെറ ശിഷ്യനായ ഗോതിയേ "കലയ്ക്കുവേണ്ടിമാത്രം" അഥവാ, ഏസ്ഥെറ്ററിക്ക് പ്രസ്ഥാനം, എന്നുപേരുള്ളതും, എന്നാൽ ലോകത്തു് ഒരിക്കലും നടപ്പിൽ വരുത്തുവാൻ സാധിക്കാത്തതുമായ ഒരു സാ ഹി ത്യ പ്ര സ്ഥാ നം തുടങ്ങുവാൻ ശ്രമിക്കുകയുണ്ടായി. പരിപൂർണ്ണമായ കലാലാവണ്യത്തിൽ മാത്രം ശ്രദ്ധ, മററുള്ള കാര്യങ്ങളിൽ സമ്പൂർണ്ണമായ ഉദാസീനത എന്നീ രണ്ടു ഏസ്ഥെറ്ററിക്ക പ്രസ്ഥാനതത്വങ്ങളിൽ രണ്ടാമത്തേതു മനശ്ശാസ്ത്രപരമായി അസാദ്ധ്യമാകയാൽ, ഗോതിയേ ഒരു കടുത്ത റൊമാൻറിക്ക് പ്രസ്ഥാനക്കാരനായി ഭവിക്കുകമാത്രമേ ചെയ്തുള്ളു. അദ്ദേഹത്തെ അനുകരിക്കുവാൻ ശ്രമിച്ച ഫ്ലോബെർ, മോപ്പസങ്, ഓസ്ക്കർ വൈൽഡ്, ജോർജ്ജ്മൂർ എന്നിവർ അനവദ്യമായ ഭാഷാരീതിയിൽ അതിശ്രദ്ധ പതിപ്പിച്ചിട്ടുള്ള പരാജയപ്രസ്ഥാനക്കാരായി ഭവിക്കുകയും ചെയ്തു.

എക്സ്പ്രഷണിസ്റ്റ്, അഥവാ, ബൃഹത് പുരോഗമനസാഹിത്യ മഹാ പ്രസ്ഥാനത്തിൻെറ മൂന്നു ശാഖകൾ, ചന്തുമേനവൻ, ബോധേശ്വരൻ, ഇടപ്പള്ളി രാഘവൻപിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള, തകഴി ശി വ ശ ങ്ക ര പ്പി ള്ള എന്നിവർ സ്ഥാപിച്ച പരാജയ, അഥവാ, റീയലിസ്റ്റ് പ്രസ്ഥാനം, കുമാരനാശാനും, കേശവദേവും സ്ഥാപിച്ച "പുരോഗമനസാഹിത്യ" പ്രസ്ഥാനം, ചങ്ങമ്പുഴകൃഷ്ണപിള്ള സ്ഥാപിച്ച സർ റീയലിസ്റ്റ്, അഥവാ, സ്വപ്നപ്രസ്ഥാനം,

എന്നിവയാണു്. റിയാലിസം എന്നതിനെ ഒരു പ്രസ്ഥാനത്തിനും, ഒരു സങ്കേതിക മാറ്റത്തിനും ഒന്നുപോലെ ഉപയോഗിച്ചുവരുന്നതിനാൽ, റീയലിസ്റ്റ് പ്രസ്ഥാനത്തിനും പരാജയ പ്രസ്ഥാനമെന്നു പേരിടുകയാണു നല്ലതു്. ബൃഹത് പുരോഗമനസാഹിത്യമഹാപ്രസ്ഥാനത്തിലെ ഉപപ്രസ്ഥാനങ്ങൾക്കു് ഉദാഹരണങ്ങളായി റീയലിസ്റ്റ് സാങ്കേതികമാറ്റം ഉപയോഗിച്ചിരിക്കുന്ന "ദുരവസ്ഥ"യേയും, റൊമാൻറിക്ക് സാങ്കേതികമാറ്റം പ്രയോഗിച്ചിരിക്കുന്ന "ചണ്ഡാലഭിക്ഷുകി"യേയും പ്രസ്താവിക്കാം.

കേരളത്തിലെ "പുരോഗമനസാഹിത്യക്കമ്മിററി" 119—ൽപ്രസിദ്ധപ്പെടുത്തിയ "ശാശ്വതരശ്മികൾ" എന്ന കവിതാസമാഹാരത്തിൽ കുമാരനാശാൻെറ 'ദുരവസ്ഥ' ഭാഗമൊഴിച്ചു്, ചില പരാജയപ്രസ്ഥാനകവിതകളും,ചില മനംനോക്കി ദേശീയപ്രസ്ഥാനകവിതകളും മാത്രമേ അടങ്ങിയിട്ടുള്ളു എന്നുകൂടി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതായി വരുന്നു. സാഹിത്യപ്രസ്ഥാനം എന്നാൽ എന്താണെന്നും, കേരളത്തിൽ ഇന്നു ജീവിച്ചുവരുന്ന വിവിധ പ്രസ്ഥാനങ്ങളുടെ ആദർശങ്ങളും, ലക്ഷണങ്ങളുംഎന്തെല്ലാമാണെന്നും,വിവരിക്കുവാൻ ഇവിടെ സ്ഥലമില്ല. ഈ ലേഖകൻെറ "സമാവലി"എന്ന കൃതിയും, ഈ ലേഖകൻെറ മൂന്നു ലേഖനങ്ങളും വായിക്കുന്നതായാൽ, ഇവ എന്താണെന്നു മനസ്സിലാക്കുവാൻ സാധിക്കും. 120—ലെ മംഗളോദയം മാസികയിലെ"മഹാകവിപ്പട്ടം,"120-ലെ സഖാവു വിശേഷാൽ പ്രതിയിലെ "പുരോഗമനസാഹിത്യം" 120-ൽ കമലാലയ ബുക്ക്ഡിപ്പോക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇടപ്പള്ളി രാഘവൻപിള്ളയുടെ അന്ത്യകവിതകളുടെ സമാഹാരത്തിൻെറ അവതാരിക എന്നിവയാണു പ്രസ്തുത മൂന്നു ലേഖനങ്ങൾ.

പ്രസ്തുതമൂന്നുമഹാപ്രസ്ഥാനങ്ങളിൽ, ക്ലാസിക്ക്മഹാപ്രസ്ഥാനമെന്ന സിംഹാസനത്തിൽ നിന്നുബഹിഷ്കൃതനായ ഒരു രാജാവിനോടും, മനംനോക്കി മഹാപ്രസ്ഥാനത്തെ ഈ രാജാവിനെ ബഹിഷ്കരിച്ചു നാടുവാഴുന്ന ഒരു ശക്തനായ നൃപനോടും, എക്സ്പ്രഷണിസ്റ്റ് മഹാപ്രസ്ഥാനക്കാരെ ദുർഭരണത്താൽ ജനരഞ്ജന നഷ്ടപ്പെട്ട പ്രസ്തുത നാടുവാഴിയുടെ കിരീടം കൈക്കലാക്കുവാൻ മോഹിക്കുന്ന രാജാക്കന്മാരോടും ഉപമിക്കാവുന്നതാണു്. സ്ഥാനഭ്രഷ്ടനായ നൃപൻ ഇപ്പോൾ പ്രായേണ വിധിമതത്തിനു കീഴടങ്ങി നാടുവാഴുന്ന രാജാവിൻെറ അഭ്യുദയകാംക്ഷിയും,യുവരാജാക്കന്മാരോടുള്ള മത്സരത്തിൽ ഇദ്ദേഹത്തിൻെറ പക്ഷക്കാരനുമായി ഭവിച്ചിരിക്കുന്നു. ഇപ്രകാരം സ്ഥാനഭ്രഷ്ടനായ നൃപനും നാടുവാഴുന്ന രാജാവും കൂടി ഒടുവിൽ പറഞ്ഞ ദേഹത്തിൻെറ അധികാരം നിലനിർത്തിക്കൊണ്ടുപോകുവാൻ സ്ഥാപിച്ചിട്ടുള്ള ശക്തിദുർഗ്ഗമാണു് ഇന്നത്തെ സമസ്തകേരള സാഹിത്യപരിഷത്തു്.

പറവൂരിൽ വച്ചു രാജകുമാരന്മാരുമായി നടത്തിയ യുദ്ധത്തിൽ നാടുവാഴിക്കു വിജയം സിദ്ധിച്ചുവെങ്കിലും, അതിനുശേഷം കോട്ടയിൽ നിന്നു പുറത്തേക്കിറങ്ങുന്നതല്ലെന്നു് അദ്ദേഹം നിശ്ചയിച്ചതും, ദുർഗ്ഗത്തെ പൂർവ്വാധികം ബലപ്പെടുത്തിയതും, സ്മരണീയ സംഭവങ്ങളാണു്. തൻെറ ആപത്തു് അദ്ദേഹം മനസ്സിലാക്കിയെന്നു് ഇതു സ്ഥാപിക്കുന്നുണ്ടു്. പ്രസ്തുത പരാജയം നിമിത്തം നൈരാശ്യത്തിൽ വീണു, ചെങ്കോൽവിട്ടുതരണമെന്നുതറപ്പറെറത്താണു കേണു നാടുവാഴിയോടു കെഞ്ചിക്കൊണ്ടു കാലം കഴിച്ചു കൂട്ടുകയാണു രാജകുമാരന്മാർ ഇന്നു ചെയ്തുവരുന്നതു്. അനിവാര്യമായ ഒരു ഘോരയുദ്ധത്തിന് അപരിത്യാജ്യമായ ഒരു എതിർ ശക്തി ദുർഗ്ഗംകെട്ടിപ്പടുക്കേണ്ടതിൻെറഅവശ്യാവശ്യകത ഈ രാജകുമാരന്മാർ ഇന്നുവരെ മനസ്സിലാക്കിയിട്ടില്ല. ഫ്രാൻസിലെ ഫ്രഞ്ച് അക്കാഡമിയുടേയും ഗോംകൂർ .അക്കാഡമിയുടേയും കഥയിൽ നിന്നു് ഈ രാജകുമാരന്മാർ ഒരു പാഠം പഠിച്ചിട്ടുമില്ല. നാടുവാഴിയുടേയും തങ്ങളുടേയും ആദർശങ്ങൾക്കും വീക്ഷണകോടികൾക്കുംതമ്മിലുള്ള മൗലികങ്ങളും അസന്ധേയങ്ങളുമായ ഭിന്നതകളെരാജകുമാരന്മാരെധരിപ്പിക്കുന്നതിനുമുകളിൽ പ്രസ്താവിച്ചഇടപ്പള്ളിയുടെ കൃതിയുടെ അവതാരികയിൽ ഈ ലേഖകൻ ശ്രമിച്ചിട്ടുണ്ടു്. പ്രസ്തുത ഭിന്നതകളെ മറെറാരു രൂപത്തിൽ ചൂണ്ടിക്കാണിച്ചു തങ്ങളുടെ വകയായി മറെറാരു സമസ്തകേരള സാഹിത്യപരിഷത്തു് ഉടനടി സ്ഥാപിക്കേണ്ടതിൻെറ ആവശ്യകത രാജ കുമാരന്മാരെ ധരിപ്പിക്കുന്നതാണു് ഈ ലേഖനത്തിൻെറ ഉദ്ദേശം.

ഇന്നത്തെ സമസ്തകേരളസാഹിത്യ പരിഷ
ം, ഇനി സ്ഥാപിക്കേണ്ടതായ ബൃഹത്ത്പു
ഗമന സാഹിത്യ മഹാ പ്രസ്ഥാനക്കാരുടെ
മസ്തകേരള സാഹിത്യ പരിഷത്തും തമ്മില്വ
വീക്ഷണ കോടി വ്യത്യാസത്തിന്, ഇന്ന
ത ചില യൂറോപ്യൻ ചിന്തകർ "ബൂർ
ാ" സംസ്കാരത്തിനും, "പ്രോലിട്ടേറിയൻ"
സ്കാരത്തിനും തമ്മിൽ കണ്ടുപിടിച്ചിട്ടുള്ള
ക്ഷണ കോടി വ്യത്യാസത്തോട് ഏറക്കുറെ
ദൃശ്യമുണ്ടായിരിക്കുന്നതാണ്. ബൂർഷ്വാ
ക്ഷണകോടിയും പ്രോലിട്ടേറിയൻ വീക്ഷ
കോടിയും തമ്മിലുള്ള വ്യത്യാസം, "ബൂർ
ാ ആശയസഞ്ചയത്തിന്റെ അധഃപതനം"
Mort de la morale bourgeoise")
ന്ന പ്രസിദ്ധ കൃതി രചിച്ച എമ്മാനുവൽ
ബറൽ (Berl) എന്ന ഫ്രഞ്ച് ചിന്തകന്റെ
ക്കുകളിൽ ചുവടെ ചൂണ്ടിക്കാണിച്ചുകൊ
ുന്നു:—

"ചരിത്രത്തിനും, അലങ്കാരശാസ്ത്രത്തിനും
ഥമസ്ഥാനങ്ങൾ നല്കുന്ന വിജ്ഞാനലോക
ിലെ ഒരുതരം ഹിയറാക്കി (അതായത്, ഉ
നീചസ്ഥാനങ്ങൾ കല്പിച്ചിട്ടുള്ള കാര്യങ്ങൾ
ടങ്ങിയ ഒരു ശ്രേണി) ആണു ബൂർഷ്വാ
ംസ്കാരം എന്നു പറയാം. ഇവ രണ്ടിനും
ത്തു പ്രാഥമ്യം നല്കിയിരിക്കുന്നതിനു കാര
ം, ഒരു ബൂർഷ്വാ സ്ഥാപിതാവകാശങ്ങളും,
ശിതപവുമുള്ള ഒരു മനുഷ്യനാണെന്നുള്ളതാ
്. ബൂർഷ്വാ സംസ്കാരത്തിന് (അതിനു
മ്പുള്ള സംസ്കാരങ്ങളുടേതുപോലെ) അതി
ന്റെ ധാർമ്മികമുദ്ര നല്കുന്നതു വിജ്ഞാനങ്ങ
ടെ ആകത്തുകയല്ല, പിന്നെയോ, ഇവയെ ഒ
ക്കിവച്ചിരിക്കുന്ന മുറ മാത്രമാണ്. അതി
ന്റെ കാര്യപരിപാടികളിലും, ഇവയുടെ പ്ര
യാഗങ്ങളിലുംകൂടി—അതായത്, ഈ വി
ജ്ഞാനങ്ങളെ സമ്പാദിക്കുവാൻ അനുവദിച്ചി
ള്ള സമയവ്യത്യാസങ്ങളിലുംകൂടി—ഈ മുദ്ര
ാണാം. സർവ്വകലാശാലകളിലെ അദ്ധ്യയന
ാര്യപരിപാടികൾ വായിക്കുമ്പോൾ, (ഒരു
പ്രധാന ഫ്രഞ്ച് ക്ലാസിക്ക് കവിയായ) റസീ
ൻ, (ഒരു പ്രധാന ഫ്രഞ്ച് റൊമാൻറിക്ക് സാ
ഹിത്യകാരനായ) രൂസ്സോയ്ക്കും തുല്യസ്ഥാന
ങ്ങൾ നല്കിയിട്ടുള്ളതായി കാണാമെങ്കിലും,
പ്രാഫസ്സർമാർ രൂസ്സോയ്ക്ക് ഉഴിഞ്ഞുവയ്ക്കു
ന്ന സമയത്തിന്റെ പത്തിരട്ടിസമയം റസീന്

ഉഴിഞ്ഞുവച്ചുവരുന്നു എന്നുള്ളതു വെറും ഒരു
പരമാർത്ഥം മാത്രമാണ്.

"ഒരുപ്രോലിട്ടേറിയൻസംസ്കാരം"എന്നാൽ
എന്താണ്? അതിനെ സുവ്യക്തമായി നിർവ്വ
ചിക്കുവാൻ സാധിക്കുകയില്ല; ഇതിനു കാ
രണം പ്രോലിട്ടേറിയററ് (സാധാരണ ജന
സമൂഹം) ഇതേവരെ അധികാരം കരസ്ഥമാ
ക്കിയിട്ടില്ലാത്തതിനാൽ, തങ്ങൾ പ്രയോജന
കരമാണെന്നു വിചാരിക്കുന്ന കാര്യങ്ങളുടെ പ
ട്ടിക ഇവർ തയ്യാറാക്കാതെയിരിക്കുന്നതാണ്.
അതിന്റെ പോക്ക് എങ്ങിനെയിരിക്കുമെന്നു
സാമാന്യമായി ചൂണ്ടിക്കാണിക്കുവാനേ സാധി
ക്കുകയുള്ളു. ബൂർഷ്വാ സംസ്കാരത്തിന്റെ
സ്ഥാനത്തു തങ്ങളുടെ പുതിയ സംസ്കാരം സ്ഥാ
പിക്കുവാൻ തുടങ്ങുമ്പോൾ,പ്രോലിട്ടേറിയററ്
ആദ്യമായി ചെയ്യുന്നതു പ്രസ്തുത ഹിയറാക്കി
യെ (അതായതു്, കാര്യങ്ങളെ ഉച്ചനീചസ്ഥാന
ങ്ങളിൽ ഒരുക്കിവയ്ക്കുന്നതിനെ) പാടേ പരി
ത്യജിക്കുന്നതായിരിക്കും. ഈ പരിത്യാഗം
സംഭവിക്കുമ്പോൾ, അതിന് എൻസൈക്ലോ
പ്പേഡിസം (സർവ്വവിജ്ഞാനഗ്രഹണമോഹം)
എന്ന പഴയ പേരു കൊടുക്കാം. എൻ
സൈക്ലോപ്പേഡിസം മനസ്ഥിതി
യിൽ, യാതൊരു മാനുഷിക പ്രവ
ർത്തനത്തിനും മററുള്ളവയെ അപേക്ഷിച്ചു താ
ഴ്ന്ന നിലയുണ്ടെന്നുള്ള വീക്ഷണകോടി അട
ങ്ങിയിരിക്കുന്നതല്ല. ഈ മനസ്ഥിതിയിൽ,
ദാന്തേ, കെർവാന്തെസ്, ഷെല്ലി, ഗേറേ,
ടോൾസ്റ്റോയ് എന്നീ സാഹിത്യകാരരുടെ കൃതി
കൾ അവയുടെ മൂലഭാഷകളിൽ വായിക്കുവാൻ
സാധിക്കാതെ വരുന്നതു, (ലത്തീൻ ഭാഷാസാ
ഹിത്യകാരരായ) ഹോറസിന്റേയും, സൂട്ടോ
ണിയസിന്റേയും കൃതികൾ അവയുടെ മൂലഭാ
ഷകളിൽ വായിക്കുവാൻ സാധിക്കാതെ വരു
ന്നതിനു തുല്യം ശോചനീയമായിരിക്കുന്നതാ
ണ്. ഈ മനസ്ഥിതിയിൽ, ബെൻസാർദി
ന്റെ കൃതികൾ വായിക്കുവാൻ സാധിക്കുന്നതു
സമൻ മത്സ്യംപിടിക്കുന്നതു് എങ്ങിനെയെന്ന്
അറിയാൻ കഴിയുന്നതിനെക്കാൾ ശ്രേഷ്ഠമാ
യിരിക്കുന്നതല്ല. ഐതിഹ്യങ്ങളെ പൂർവ്വരീതി
യിൽവച്ചു പരിപാലിച്ചുകൊണ്ടുപോകണമെ
ന്നുള്ള നിഷ്ഠയെക്കാൾ അധികം—പ്രോലിട്ടേ
റിയററും ഇവയെ പരിപാലിച്ചുകൊണ്ടുപോ
കും; പക്ഷേ, അതിനെക്കുറിച്ച് ചിന്തിക്കാതെ

യായിരിക്കും ഇവർ ഇങ്ങനെ ചെയ്യുന്നത്—
വിശ്വാസം എങ്ങിനെയുള്ളതാണെന്ന് അറിയുവാ
നുള്ള ആഗ്രഹം കുടികൊള്ളുന്ന പ്രോലിട്ടേറി
യററിന്റെ മനസ്ഥിതിക്കു യോജിച്ചതായിരി
ക്കും പ്രസ്തുത എൻസൈക്ലോഡിസം. അതു
മാച്ചുകളഞ്ഞ ഒരു സ്ലേററിനു തുല്യമായിരിക്കു
ന്നതാണ്. അതു മനുഷ്യരുടെ സകല പ്രയ
ത്നങ്ങളേയും, സകല വിജയങ്ങളേയും ഒന്നുപോ
ലെ ബഹുമാനിക്കും. സയൻസ്, സാങ്കേതിക
വിദ്യാഭ്യാസം, എന്നിവയെ അതു തുല്യമായി
ആദരിക്കും. അതു മതചരിത്രത്തേയും, ദേശ
ചരിത്രത്തേയുംകാൾ അധികം യഥാർത്ഥമായ
സർവ്വദേശീയചരിത്രത്തെ ഇഷ്ടപ്പെടുന്നതാ
ണ്. അതിന്റെ ബൈബിളിൽ, ശലോമോ
നുള്ള സ്ഥാനംതന്നെ ലൂയി പതിനഞ്ചാമനും,
ശമുവേലിന്റെ സ്ഥാനംതന്നെബോസ്വേയ്ക്കും,
ഉണ്ടായിരിക്കും. വിപ്ലവം ആസന്നമാകുന്ന
ഓരോ സന്ദർഭത്തിലും, റാബലേയ്‌യുടെ പക്ഷ
ത്തിലോ, അല്ല, ദിദരോയുടെ പക്ഷത്തിലോ
ചേരേണ്ടതെന്ന് അതു ശ്വാസം അടക്കി ആ
ലോചിക്കും. സംസ്കാരത്തിന്റെ രൂപങ്ങളും,
ഹിയറാർക്കികളും വിജ്ഞാനത്തിന്റെ പുരോ
ഗതിയോടും, ആവശ്യങ്ങളുടെ തീക്ഷ്ണത
യോടും യോജിക്കാതെ വരുന്ന കാലങ്ങൾ ഉ
ണ്ടായിക്കൊണ്ടിരിക്കുന്നതാണ്. എൻസൈ
ക്ലോപ്പേഡിസത്തിലേക്കുള്ള തിരിച്ചുപോക്ക്
[ഫ്രഞ്ച് വിപ്ലവകാലത്തിന് അല്പം മുമ്പു ദി
ദരോ എന്ന ഫ്രഞ്ചു തത്വശാസ്ത്രജ്ഞൻ "എൻ
സൈക്ലോപ്പേഡിക്ക് ഡിക്ഷണറി" എന്ന
കൃതി രചിച്ചതിനെ സൂചിപ്പിച്ചാണ് ഇവി
ടെ തിരിച്ചുപോക്ക് എന്ന പദം പ്രയോഗി
ച്ചിരിക്കുന്നത്.] ഞാൻ ആഗ്രഹിക്കുന്ന ഒരു
കാര്യം മാത്രമല്ല, സംഭവിക്കുമെന്നു സധൈര്യം
പ്രഖ്യാപനം ചെയ്യുവാൻ കഴിയുന്ന ഒരു കാ
ര്യംകൂടിയാണ്. സയൻസിന്റെ പുരോഗ
തിയും, അനതൊലേ ഫ്രാൻസിലൂടേ അന്ത്യ
വാക്കു പറഞ്ഞതിനുശേഷം (മറെറാരു ഫ്രഞ്ചു
നോവലെഴുത്തുകാരനായ) ഷാൻജീരാഡുവിലൂ
ടേ അതുതന്നെ ആവർത്തിച്ചു പറയുന്ന ഒരു
സംസ്കാരത്തിന്റെ ക്ഷയവും, എൻസൈക്ലോ
പ്പേഡിസത്തെ നമ്മുടെ തലയിൽ കെട്ടിവയ്ക്കു
ന്നു......

"ബൂർഷ്വാസംസ്കാരം അധഃപതിച്ചുപോ
യി എന്നു പറയുന്നതിന്റെ അർത്ഥം, അതിനു
മനുഷ്യവർഗ്ഗത്തിന്റെ ആവശ്യങ്ങളോടു പൊ
ത്തമില്ലെന്നും, അതു ജനതയുടെ മേൽ പൂ
ർജ്ജിതപ്രതാപംകൊണ്ടു മാത്രം അധികാരം
ലനിർത്തിവരുന്നു എന്നുമാണ്. ജനതയ്ക്കു ബ
ഷ്വാദരണത്തിലുള്ള വിശ്വാസം നശിച്ചിരി
ക്കുന്നു.........തങ്ങളുടെ സംസ്കാരം പ്രോലി
റിയററിനു കൊടുക്കാമെന്നു ബൂർഷ്വാവർ
പറയുന്നുണ്ട്. അതിന് ഇവിടെ സാംഗത്യ
മില്ല. ബൂർഷ്വാസംസ്കാരം ജനതയുമായ
പൊരുന്നാത്തതിനു കാരണം, അതു വള
വിശിഷ്ടവും പരിപൂർണ്ണവുമായ ഒന്നാണെ
ള്ളതല്ല, പിന്നെയോ, ബൂർഷ്വാവർഗ്ഗത്തെ
കളിലും, സാധാരണ ജനതയെ കീഴിലും സ്ഥാ
പിക്കുന്ന ഒരു ഹിയറാർക്കിയാണ് അതിൽ അ
ടങ്ങിയിരിക്കുന്നത് എന്നുള്ളതാണ്. ബൂർഷ്വാ
സംസ്കാരത്തിന്റെ ഓരോ ഘടകത്തിനും പ്രോ
ലിട്ടേറിയൻ എൻസൈക്ലോപ്പേഡിസത്തിൽ
പുതുതായി ഓരോ സ്ഥാനം കൊടുക്കേണ്ടതാ
യിവരും. ഈ പ്രോലിട്ടേറിയൻ എൻസൈ
ക്ലോപ്പേഡിസത്തിൽ, ഭാഷകളുടെ കൂട്ടത്തിൽ
നിന്നു ലത്തീൻഭാഷയോ, സാഹിത്യങ്ങളുടെ
കൂട്ടത്തിൽനിന്നു റസീന്റെ കൃതികളോ, ചിത്ര
ങ്ങളുടെ കൂട്ടത്തിൽനിന്നു (ഒരു പ്രസിദ്ധ ഫ്രഞ്ചു
റൊമാൻറിക്ക് ചിത്രകാരനായ) ദലക്ര്വായുടെ
ചിത്രങ്ങളോ, തിരോധാനം ചെയ്യുന്നതല്ല
എൻസൈക്ലോപ്പേഡിസത്തിൽ ഇവയെ മാ
ററി സ്ഥാപിക്കുമ്പോൾ, ഇവയ്ക്കു ബൂർഷ്വാ
വർഗ്ഗം നല്കിയിരുന്ന പ്രയോജനവും, നിറവും
മാത്രമേ നഷ്ടമാകുകയുള്ളു. ഒരു റഷ്യൻ വി
ദ്യാർത്ഥി പഠിക്കുവാൻ തുടങ്ങുന്ന റസീൻ അന
തൊലെ ഫ്രാൻസിലും, പ്രൂസ്റ്റിലും, പരമമായ
ഭക്തിമാത്രം ജനിപ്പിച്ചിട്ടുള്ള റസീൻ ആയി
രിക്കുന്നതല്ല...........തൊഴിലാളികളായ ജ
നത സ്വന്തം താല്പര്യങ്ങളെ ബലികഴിച്ചു ബൂ
ഷ്വാവർഗ്ഗം പ്രയോജനകരമായി കരുതിയിട്ടു
ള്ളവയെ വച്ചു പരിപാലിച്ചുകൊണ്ടു പോക
ണമെന്നും, ബൂർഷ്വാതാല്പര്യങ്ങളെ സംരക്ഷി
ച്ചുകൊണ്ടിരിക്കണമെന്നും അവരോട് അഭ്യ
ർത്ഥിക്കുകയാണു, ബൂർഷ്വാവർഗ്ഗം തങ്ങളുടെ
സംസ്കാരം നൽകാമെന്നു പ്രോലിട്ടേറിയററി
നോടു പറയുമ്പോൾ, വാസ്തവത്തിൽ ചെയ്യു
ന്നത്. ഈ കൈമാററം അസാദ്ധ്യമാണെന്നു
മുമ്പു ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഈ ഭാഗ്യ
ച്ചിട്ടിയിൽ ചേർന്നാൽ ഒന്നാംസമ്മാനം നേടാ

മെന്നുള്ള ആശ പ്രോലിട്ടേറിയററിന്റെ ഓരോ സന്താനത്തിലും ജനിപ്പിച്ച് അവരുടെ ഇടയ്ക്കു ഭിന്നിപ്പുണ്ടാക്കുവാൻ ബൂർഷ്വാവർഗ്ഗം ശ്രമിച്ചുവരുന്നു. ഇതുകണ്ട് ഇവരിൽ ചിലർ വഞ്ചിതരായേക്കാം. ഈ വിദ്യ ഉല്പതിഷ്ണുത്വത്തിന്റെ ഏച്ചുകെട്ടൽ മാത്രമാണ്. ഇനിയും ജനതയുടെ കണ്ണിൽ മണ്ണിടാമെന്ന് അവർ ആശിക്കുന്നതെന്തിന്?" ബൂർഷ്വാവർഗ്ഗത്തിനുതന്നെ തങ്ങളുടെ ആശയസഞ്ചയത്തിൽ ഇപ്പോൾ ആത്മാർത്ഥമായ വിശ്വാസമില്ലെന്നും, പ്രോലിട്ടേറിയൻ സംസ്കാരത്തിനു വെറും ഐഡിയലിസ്റ്റ് തത്വജ്ഞാനവും (വിജ്ഞാനവാദവും), മിസ്റ്റിസിസവും പരിത്യജിക്കേണ്ടതായിവരുമെന്നുംകൂടി ബെറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പ്രായേണ ഇന്നത്തെ സമസ്തകേരളസാഹിത്യപരിഷത്തിന്റെ മനസ്ഥിതിയും കാര്യപരിപാടിയും പ്രസ്തുത ബൂർഷ്വാമനസ്ഥിതിയും ബൂർഷ്വാകാര്യപരിപാടിയും, ഇന്നത്തെ ബൃഹത്പുരോഗമനസാഹിത്യക്കാരുടെ പ്രസ്തുത പ്രോലിട്ടേറിയൻ മനസ്ഥിതിയും കാര്യപരിപാടിയുമാണ്. മുകളിൽ ഉദ്ധരിച്ചിട്ടുള്ള ഭാഗത്തിൽ പ്രസ്തുത രണ്ടു വീക്ഷണകോടികളേയും വ്യക്തമാക്കുവാൻ ബെറൽ ഫ്രാൻസിൽനിന്നും യൂറോപ്പിൽനിന്നുമാണ് ഉദാഹരണങ്ങൾ എടുത്തിട്ടുള്ളത്. കേരളത്തിൽനിന്നും ഭാരതത്തിൽനിന്നും ഈ വീക്ഷണകോടികൾക്ക് ചില ഉദാഹരണങ്ങൾ ചുവടേ ചേർക്കുന്നു. ബെറലിന്റെ ലത്തീനും റസീനും പകരം യഥാക്രമം ഇവിടത്തെ സംസ്കൃതത്തേയും, തുഞ്ചത്തെഴുത്തച്ഛനേയും നമുക്ക് എടുത്തു കാണിക്കാം. സ്വദേശിസാഹിത്യത്തെ വിദേശിസാഹിത്യത്തിന്റെ കാററടിയിൽനിന്നു രക്ഷിക്കുവാനായി ഇന്നത്തെ സമസ്തകേരള സാഹിത്യപരിഷത്തുകാരും കൂട്ടരും സാഹിത്യസേവകസമിതികളെ സ്ഥാപിക്കുവാനായി ഈയ്യിടെ ഒരുമ്പെട്ടതു് സ്വദേശിസാഹിത്യത്തിൽ ബൂർഷ്വാസംസ്കാരവും, വിദേശിസാഹിത്യത്തിൽ പ്രോലിട്ടേറിയൻ സംസ്കാരാംശങ്ങളും അടങ്ങിയിരിക്കുന്നതു നിമിത്തമാണ്. റൊമാന്റിക്ക് മഹാപ്രസ്ഥാനംതന്നെ ഭാരതത്തിലെ വംഗദേശത്തു് ഇദംപ്രഥമമായി ഉത്ഭവിച്ചതു വിദേശിക്കാററടികൊണ്ടാണെന്നുള്ള വസ്തുത ഇവർ വിസ്മരിച്ചുകളഞ്ഞതു സകല മനുഷ്യരിലുമുള്ള "ഈഡിപ്പസ്കോംപ്ളക്സ്" (പിതാവിനോടുള്ള വൈരം) ഇവരിലും കുടികൊള്ളുന്നതു നിമിത്തമാകുന്നു. ഈ സ്വാർത്ഥതാപൂർണ്ണമായ ഉദ്യമത്തിൽ ഇവർ ഏർപ്പെട്ടതു് ഇവിടത്തെ പ്രോലിട്ടേറിയററിനെ കബളിപ്പിച്ച് അവരെക്കൊണ്ട് തങ്ങളുടെ ബൂർഷ്വാസംസ്കാരത്തെ സ്വീകരിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണുതാനും.

സാഹിത്യസൃഷ്ടിയിൽ അനുകരണമെന്നും, നിർമ്മാണമെന്നും രണ്ടു ഘടകങ്ങളുണ്ടല്ലോ. ബൂർഷ്വാസംസ്കാരത്തിലെ ഹിയറാർക്കിയിൽ നിർമ്മാണത്തിന് ഒന്നാംസ്ഥാനവും, അനുകരണത്തിനു രണ്ടാംസ്ഥാനവും കൊടുത്തിട്ടുള്ളതിനാൽ, ഇവിടത്തെ ബൂർഷ്വാവർഗ്ഗക്കാരായ ഇന്നത്തെ സാഹിത്യപരിഷത്തുകാരും ഇപ്രകാരമാണു പ്രവർത്തിച്ചുവരുന്നതു്. നേരേമറിച്ചു ഹിയറാർക്കികളില്ലാത്ത പ്രോലിട്ടേറിയൻ സംസ്കാരത്തിന്റെ വീക്ഷണകോടി അംഗീകരിച്ച് ഇവിടത്തെ ബൃഹത്പുരോഗമനസാഹിത്യപ്രസ്ഥാനക്കാർ അനുകരണത്തിനും നിർമ്മാണത്തിനും തുല്യപ്രാധാന്യമാണു നല്കിയിരിക്കുന്നതു്. ഈ രണ്ടു ഘടകങ്ങൾക്കും തുല്യപ്രാധാന്യം നല്കുന്നതായാൽ, ഇവിടത്തെ സമുദായമുഖത്തുള്ള പുണ്ണുകൾക്കു സമുദായവിപ്ലവമാകുന്ന ശസ്ത്രക്രിയ അവശ്യാവശ്യമായിത്തീർന്നിരിക്കുന്നു എന്ന് ഇവിടത്തെ പ്രോലിട്ടേറിയററു മനസ്സിലാക്കി അതിനുവേണ്ടി പ്രയത്നിക്കുമെന്ന് ഇന്നത്തെ സാഹിത്യപരിഷത്തുകാർക്കു നല്ലപോലെ അറിയാം. തന്നിമിത്തം നിർമ്മാണഘടകത്തിന് ഇവർ പ്രഥമസ്ഥാനം നൽകിയിരിക്കുന്നതും ഇവരുടെ സ്വാർത്ഥതനിമിത്തമാണെന്നു സുവ്യക്തമാകുന്നുണ്ടല്ലോ.

മതത്തിന്റെ ബാഹ്യരൂപം പൂണ്ടിട്ടുള്ള ഹിന്ദു, മുസ്ലിം, സിക്ക്, ക്രിസ്ത്യൻ, പാർസി, ജെയിൻ, യഹൂദ, ബൗദ്ധ. സംസ്കാരങ്ങൾ ഇന്നു ഭാരതത്തിൽ നിലനിൽക്കുന്നുണ്ടല്ലോ. ഇന്നത്തെ സമസ്തകേരള സാഹിത്യപരിഷത്തുകാരും കൂട്ടരും ഹിയറാർക്കിയെ ആസ്പദിച്ചുള്ള തങ്ങളുടെ ബൂർഷ്വാമനസ്ഥിതി അനുസരിച്ചു തങ്ങളുടെ കൃതികളിൽ ഹിന്ദുസംസ്കാരത്തിന് ഒന്നാംസ്ഥാനവും, ക്രൈസ്തവസംസ്കാരത്തിനു രണ്ടാംസ്ഥാനവും, മുസ്ലിം സംസ്കാരത്തിനു മൂന്നാംസ്ഥാനവും നൽകിയിരിക്കുന്നു. രാഷ്ട്രീയലോകത്തിലെ ജനസംഖ്യക്കണക്കനു

സരിച്ചുള്ള അനുപാതികപ്രാധാന്യമാണ് ഇവർ കലാലോകത്തിൽ സംസ്കാരങ്ങൾക്കു കൊടുത്തിരിക്കുന്നതു്. ഭാരതത്തിലെ റൊമാൻറിക്ക് സാഹിത്യകാരരുടെ ഈ ഹിയറാർക്കിമനസ്ഥിതി മഹാകവി ഇക്ബാലിനെ ദേശീയപാളയം വിട്ടുപോകുവാൻ പ്രേരിപ്പിച്ച വസ്തുത ഇവിടെ സ്മരണീയമത്രെ. ഇവിടുത്തെ സാഹിത്യപരിഷത്തുകാരുടെ ഈ മനസ്ഥിതി തുടൎന്നുകൊണ്ടുപോകുന്നതായാൽ, കേരളത്തിൽ ക്രൈസ്തത സാഹിത്യപരിഷത്തുകളും, മുസ്ലിം സാഹിത്യപരിഷത്തുകളും, യഹൂദസാഹിത്യപരിഷത്തുകളും കാലവിളംബമെന്യേ ജന്മമെടുക്കുന്നതാണെന്നു സധൈര്യം പ്രവചിക്കാം. നേരെമറിച്ചു, പ്രോലിട്ടേറിയൻ മനസ്ഥിതിയിൽ സകല സംസ്കാരങ്ങൾക്കും അവ ഒരു ഭൂരിപക്ഷത്തിന്റേതായാലും ശരി, ഒരു അല്പപക്ഷത്തിന്റേതായാലും ശരി, തുല്യപ്രാധാന്യം ഉണ്ടായിരിക്കും. പ്രോലിട്ടേറിയൻ മനസ്ഥിതിയുള്ള ഇവിടത്തെ ബൃഹത്പുരോഗമന സാഹിത്യപ്രസ്ഥാനക്കാർ തങ്ങളുടെ കൃതികളിൽ മതസിംബോളിസങ്ങളെ വർജ്ജിക്കുവാൻ തുടങ്ങിയിരിക്കുന്നതു സ്കാരങ്ങളെ സംബന്ധിച്ചുള്ള പ്രസ്തുത പ പാതങ്ങളെ ഇല്ലായ്മചെയ്യുവാനാണു താ

പിന്നെയും, രാഷ്ട്റീയ സ്വാതന്ത്ര്യ ന് ഒന്നാംസ്ഥാനവും, വർഗ്ഗീയസമത്വത്ത രണ്ടാംസ്ഥാനവും, ഇന്നത്തെ സാഹിത്യപ ഷത്തുകാർ തങ്ങളുടെ കൃതികളിൽ നൽക രുന്നു. നേരെമറിച്ചു് ഇവ രണ്ടിനും തുല്യസ നമാണു പ്രോലിട്ടേറിയൻ മനസ്ഥിതിമൂലം വിടുത്തെ ബൃഹത്പുരോഗമനസാഹിത്യ സ്ഥാനക്കാർ തങ്ങളുടെ കൃതികളിൽ കൊ ത്തിരിക്കുന്നതു്.

ഇന്നത്തെ സാഹിത്യപരിഷത്തിന്റെ സകലപ്രചരണമാർഗ്ഗങ്ങളും പുതുതായി സ പിക്കുന്ന സാഹിത്യപരിഷത്തിനും ഉണ്ടാ രിക്കേണ്ടതാണ്. ഇന്നത്തെ പരിഷത്തിന്റെ ദ്ഗ്ഗങ്ങളായ സർവ്വകലാശാലകളിലും, ടെക്സ് ബുക്ക് കമ്മററികളിലും പുതിയ പരിഷ കാർ പ്രവേശിക്കുകയും വേണം.

---


## സിക്കണ്ടർ

ഗ്രന്ഥകർത്താ: ഇ. എം. കോവൂർ ബി.ഏ., ബി.എൽ.

മലയാളത്തിലെ പ്രമുഖദിനപ്പത്രങ്ങളുടെയെല്ലാം മുക്തകണ്ഠമായ പ്രശംസ ലഭിച്ച മനോഹര നാടകം.

വില ഒരു രൂപാ.

ആവശ്യപ്പെടുക:— റഞ്ചി കോവൂർ, കൊട്ടാരക്കര.

# BEST'S

**Is what you specify when you need**

Biscuits, Cakes of all descriptions, Sweets and Bread

**FOR YOUR HOME.**

Manufactured by a firm that is in the centre of its market, knows its market, and meets the needs of the market, both in volume and quality.

*Issued by:-* **BEST BAKING Co.,**
**Home of Best's Biscuits,**
NEAR ZILLA COURT,
KOTTAYAM.

Sales Depot:-
at Kalarikal Bazaar,
KOTTAYAM.

# വന്ദനം!

(ജി: ശങ്കരക്കുറുപ്പ്)

വന്ദനം സനാതന ഗീതാർത്ഥം സ്വവ്യാപാര-
സുന്ദരലിപികളിൽ കുറിക്കും മഹാത്മാവേ!
ജ്ഞാനസംസ്കാരം ചേർത്ത
കർമ്മത്തിൻ ക്ഷേത്രം ഹിംസാ-
ധീനമാകാതേ തന്നെ-
യിളക്കി നിരപ്പാക്കാൻ
ഭൗതിക,മാദ്ധ്യാത്മിക,-
മീ മഹാസിദ്ധാന്തങ്ങൾ
നീതിയിൽ യോഗാത്മക-
നകത്തിൽ സ്വയം പൂട്ടി,
ഏകനായുഴും ധർമ്മ-
കർഷക! തവാകാരം
ലോകമുള്ളതോൾഫുല്ല-
ലോചനം ദർശിക്കുന്നു.
മുൻപരാജയങ്ങളെ
മുഴുവൻ വളമാക്കി
ത്തൻ പരിശ്രമത്തിന്റെ
ചാലങ്ങൊന്നൊടുക്കുമ്പോൾ,
പാരാകെത്തുറുങ്കാക്കി-
പ്പുകക്കും ചുമരുകൾ
പാടേ നിന്നിളകുന്നു
പതിക്കാനിടം നോക്കി.
പാരതന്ത്ര്യത്തിൻ കരി-
മ്പാറകൾ തകർക്കാനും
ക്രൂരമാം സ്വാർത്ഥത്തിന്റെ
വരമ്പു നികത്താനും,
കേവല മഹിംസ തൻ-
കൊഴുവല്ലാതേ, ലോക-
പാവന! ഭവാനില്ല;
സത്യമാണതിൻമൂർച്ച.
കാരിരുമ്പിനോടൊത്ത
സാമ്രാജ്യവാദത്തിന്റെ
മാരിച്ചോരടിക്കല്ലിൽ-
ക്കൊണ്ടുരയുമ്പോൾപ്പോലും
ആ മുന ചതയുകി-
ല്ലടരില്ലൊരോ വിഘ്ന-
മാമൂലം മുറിച്ചുകൊ-
ണ്ടതുപോവുന്നു നേരെ.
ചാലുകളെട്ടത്താലു-
മാത്മീയ പ്രഭാവത്താൽ
മേലുമീക്കർമ്മക്ഷേത്ര-
മങ്ങോളം നനച്ചാലും!
അങ്ങതിൽ വിതയ്ക്കുന്നാ-
മാനവമഹത്വത്തിൻ-
മങ്ഗളബീജം മുള-
യെടുക്കും; കതിർചൂടും.
ഭാവിലോകത്തിൻ ശാശ്വ-
തൈശ്വര്യം തവ പക്വ-
മാ വിളനിലം പൂകി-
ക്കളിക്കും ക്രുകിപ്പാറി.
ഭാരതം സമ്പന്നം ഹാ
നിത്യനിസ്വനാമങ്ങാൽ,
ഭാരതം പ്രബലം ഹാ!
ബലഹീനനാമങ്ങാൽ!
വന്ദനം സനാതന ഗീതാർത്ഥം സ്വവ്യാപാര-
സുന്ദരലിപികളിൽക്കുറിക്കും മഹാത്മാവേ!

# പൊന്നമ്മയുടെ സാരി

(തകഴി ശിവശങ്കരപ്പിള്ള)

പൊന്നമ്മ ഒരിക്കൽ തിരുവനന്തപുരത്തിനു പോയിട്ടുണ്ടു്. മറെറാരിക്കൽ എറണാകുളം കാണാനിടയായി. നാലു പ്രാവശ്യം ആലപ്പുഴയ്ക്കും പോയിട്ടുണ്ടു്. അന്നു് തിരുവനന്തപുരത്തിനു പോയപ്പോൾ തോന്നിയ ആഗ്രഹമാണതു്. ഒരു സാരി എല്ലാകൊല്ലവും അമ്പലപ്പുഴ ഉത്സവം വരുമ്പോൾ അവളുടെ ആഗ്രഹം പുനർജ്ജീവിക്കും. അവൾ അമ്മയെ അലട്ടിത്തുടങ്ങും. അമ്മ പറയും, "നിനക്കൊരുത്തൻ വരുമ്പം അവനോടു പറ. അതുവരെ ഇതുമതി"

"ഓ!" എന്നു പറഞ്ഞുകൊണ്ടു് അവൾ വിരമിക്കും. രണ്ടുമൂന്നു ദിവസം മുഖം വീർപ്പിച്ചിരിക്കും, കരയും. ആ കരച്ചിലിനും പിണക്കത്തിനും ഫലമുണ്ടു്. ഉത്സവത്തിന് ഒരു നല്ല പുടവയും ജമ്പറും അച്ഛൻ വാങ്ങിക്കൊടുക്കും. ഒന്നു രണ്ടു പ്രാവശ്യം അവളുടെ അച്ഛൻ പണിക്കരുമാമൻ ആലപ്പുഴയ്ക്കു പോയപ്പോൾ ഒരു ജൗളിക്കടയിൽ കയറി സാരിയുടെ വില ചോദിച്ചു. പക്ഷെ അത്രയും വിലകൊടുത്തു ഒന്നു മേടിച്ചു് തട്ടാത്തിചമഞ്ഞു് നടക്കുന്നതെന്തിനാണ് എന്നു് അദ്ദേഹം ചിന്തിച്ചു. അത്രയും പണംകൊടുത്താൽ നാലു് ഒന്നാന്തരം പുടവ കിട്ടും. എന്തിനധികം, അദ്ദേഹം വാങ്ങിയില്ല.

അമ്പലപ്പുഴ ഉത്സവത്തിനു പോകുമ്പോൾ പൊന്നമ്മ സാരി ഉടുത്ത പെണ്ണുങ്ങളെ എല്ലാം നോക്കും. ഏതെല്ലാം ഇനങ്ങളാണതു്! പച്ച, ചുമല, ഊത, മഞ്ഞ ഇങ്ങിനെ എത്ര നിറത്തിലും, എത്ര രീതിയിലുമുള്ള സാരികളുണ്ടു്! എല്ലാ ഇനങ്ങളും അവൾക്കറിയാം.

പണിക്കരുമാമൻെറ അനന്തരവൻ കൊച്ചുപണിക്കരെക്കൊണ്ടു പൊന്നമ്മയെ വിവാഹം ചെയ്യിക്കാൻ ആലോചിച്ചു. കൊച്ചുപണിക്കർ ആൾ നല്ലവനാണ്. ഒരു പാവമാണ്. ജോലി ഒന്നുമില്ല. എങ്കിലും ആ വിവാഹം പണിക്കരുമാമൻെറ വലിയ ആഗ്രഹമായിരുന്നു. "അവനു ജോലിയൊന്നുമില്ലെങ്കിൽ വേണ്ട" എന്നായിരുന്നു അദ്ദേഹം പറഞ്ഞതു്. "എനിക്കു വയസ്സുകാലത്തു ശുശ്രൂഷിക്കാൻ ഒരാളുണ്ടല്ലോ."

പൊന്നമ്മയുടെ അഭിപ്രായം ആരും അന്വേഷിച്ചില്ല. അതു് അവൾ ഒട്ടുപറഞ്ഞതുമില്ല. പക്ഷേ ഏകാന്തതയിൽ അവൾ സാരിയെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കും. മയിൽപീലിക്കണ്ണുകളുള്ള ഒന്നും, ഊതനിറത്തിലുള്ള ഒന്നും—ഇങ്ങിനെ രണ്ടു സാരികൾ അവൾക്കു വേണം.

വിവാഹതീയതി നിശ്ചയിച്ചു. വിവാഹത്തിനുള്ള ഒരുക്കങ്ങൾ നടന്നു അതൊരു വലിയ അടിയന്തരമായിരുന്നില്ല. ആ ദിവസം ഒരുങ്ങുവാൻ ഒരുസാരി—എങ്ങിനെ അവൾ പറയും? വിവാഹത്തിനൊരുങ്ങുവാൻ ഒരു സാരി വേണമെന്നു് ഒരു വധുവും പറയുകയില്ല. പക്ഷേ പൊന്നമ്മ ഒന്നു് ആലോചിച്ചു. വിവാഹത്തിനു വരൻ കൊടുക്കുന്നതു ഒരു സാരിയായിരിക്കും. അടുത്തു് ആയിടെ നടന്ന എല്ലാ വിവാഹങ്ങൾക്കും അങ്ങിനെയായിരുന്നു. അതാണ് ഇപ്പോഴത്തെപരിഷ്കാരം. അവൾക്കും സാരിതന്നെ കിട്ടാതെവരുമോ? അതുമതി. ഇപ്പോൾ മിണ്ടണ്ട. അങ്ങിനെ അവൾ സാരി പ്രതീക്ഷിച്ചിരുന്നു.

ആ സാരി എങ്ങിനെയുള്ളതായിരിക്കും? അതു് ഇന്ന രീതിയിലിരിക്കണമെന്നു് മച്ചുനനെ അറിയിച്ചെങ്കിൽ! അതിനു സൗകര്യമുണ്ടായിരുന്നു. ആറേഴദിവസങ്ങൾക്കു മുമ്പു് അയാൾ

ൾവളുടെ വീട്ടിൽ വന്നിരുന്നു. അവളിരുന്ന റിയിൽ കയറിയിട്ടു ഇറങ്ങിപ്പോയി. അ പ്പോൾ പറയാമായിരുന്നു. മയിൽപീലിക്കണ്ണു ള്ള സാരിമതിയെന്ന്. അതു കിട്ടിയാൽ—ഉ നിറത്തിലുള്ളതു പിന്നെ മതി. പണം കൊടു തു് ഒന്നിനും കൊള്ളാത്ത തട്ടാത്തിച്ചേലയാ ിരിക്കുമോ എന്തോ വാങ്ങുന്നതു്! അന്നു പറഞ്ഞുമില്ല. അങ്ങിനെ ഒന്നാണെങ്കിൽ അ കാണിച്ചു് എന്നും മച്ചുനെ കളിയാക്കണം. രതു് അവൾ ഉടുക്കുകയേയില്ല.

വിവാഹവേദിയിലേക്കു അവൾ ഇറങ്ങി. താലി കെട്ടി; മാലയിട്ടു, തട്ടത്തിൽ വരൻ വ സ്ത്രം കൊടുത്തു. ഒരു ജപ്പാൻ പുടവയും, താത്തും!

പൊന്നമ്മ മുറിയ്ക്കുള്ളിൽ കയറിയിരുന്നു രയാൻ തുടങ്ങി. ആ കരച്ചിൽ നാണംകൊ ണ്ടാണെന്നു പെണ്ണുങ്ങൾ വ്യാഖ്യാനിച്ചു.

ആദ്യരാത്രിയിൽ ശയ്യാഗാരത്തിൽവച്ചു് രവൾ ആദ്യമായി പറഞ്ഞതു് അതാണു്. രു സാരിവാങ്ങി കൊടുക്കാമെന്നു് അയാൾ ഏററു. ഒരു മണിക്കൂറിനുശേഷവും അവൾ അ തന്നെ പറഞ്ഞു. അയാൾ സത്യംചെയ്തു, ാങ്ങിക്കൊടുക്കാമെന്നു്. ഏതു കാര്യത്തെക്കുറി ച്ചു സംസാരിച്ചാലും അവൾ സാരിയിൽ എ ത്തിച്ചേരും.

അടുത്തദിവസവും, അതിനടുത്തദിവസ വും പൊന്നമ്മയ്ക്കു സാരിയെക്കുറിച്ചേ പറയാ ുള്ളു. അങ്ങിനെ ഒരുമാസം കഴിഞ്ഞു. അവൾ രയാൻ തുടങ്ങി. ഒരുമാസമായിട്ടും ഒരു സാരിയെങ്കിലും വാങ്ങിക്കൊടുക്കാൻ കഴിയാ ത്ത ഭർത്താവിനെയാണു് അവൾക്കു ലഭിച്ചതു്. കൊല്ലത്തെ അമ്പലപ്പുഴ ഉത്സവവും അടു ത്തുവരുന്നു. അവൾ ചോദിച്ചു.

"എന്തിനാ നാണമില്ലാതെ സംബന്ധംചെ യ്തതു്?"

കൊച്ചുപണിക്കർ തെല്ലു കുഴഞ്ഞു. ഒരാഴ്ച കകം അവളുടെ ആശ സാധിച്ചുകൊടുക്കാമെ ന്നു് അയാൾ ഏററു. ആ ആഴ്ചയും കഴി ഞ്ഞു. അവൾ അമ്മയോടു പറഞ്ഞു.

"എനിക്കീ സംബന്ധം വേണ്ട"

എവരും അന്ധാളിച്ചുപോയി.

കൊച്ചുപണിക്കർ ആവുംമട്ടു ശ്രമിച്ചു. അമ്പലപ്പുഴച്ചെന്നു് മയിൽപീലിക്കണ്ണുസാരിയു ടെ വില ചോദിച്ചു. ഇരുപത്തഞ്ചുരൂപ! എ വിടെനിന്നുണ്ടാകും? അയാൾ പലരോടും ക ടം ചോദിച്ചു; ആരും കൊടുത്തില്ല. ഒരു രാ ത്രിയിൽ കുടുംബംവക പറമ്പിലുള്ള തെങ്ങി ൽ അയാൾ വലിഞ്ഞുകയറി. പകുതി ചെ ന്നപ്പോൾ താഴെവീണു. ഒരുമാസം ചികിത്സ യിൽ കിടന്നു. മേടമാസത്തിൽ വേണ്ടപ്പെട്ട ചിലരുടെയെല്ലാം കളങ്ങളിൽ നെല്ലുണങ്ങാൻ പോയി. അപ്പോൾ അവിചാരിതമായി ഒരു ചെലവു വന്നു. അമ്മയ്ക്കൊരു ദീനം. കിട്ടിയതു തീർന്നു. അവസാനം അയാൾ ഭാഗം ആവ ശ്യപ്പെട്ടു. അതു വാങ്ങി വിററു സാരി വാങ്ങാ മെന്നു വച്ചു. അമ്മാവൻ ഭാഗം കൊടുത്തില്ല.

പൊന്നമ്മ അയാളോടു ചോദിച്ചു.

"എന്തിനാ ആണായിട്ടിരിക്കുന്നെ?"

ഒരുദിവസം പണിക്കരെ കണ്ടില്ല; പിററ ന്നും കണ്ടില്ല. മൂന്നാംദിവസം തിരുവനന്തപു രത്തുനിന്നും ഒരു എഴുത്തുവന്നു. അയാൾ അ വിടെയുണ്ടു്. എന്തോ ജോലിയുണ്ടത്രേ!

പൊന്നമ്മയ്ക്കു് ഉത്സാഹമായി. ഭർത്താവിനു ജോലിയുണ്ടല്ലോ. ഇനിയും പണം കിട്ടും; സാ രിയും വാങ്ങാം. ആ സാരിക്കൊത്ത ഒരു ജ മ്പറു വേണം. ഒരു ജമ്പറിൻെറ കാര്യംകൂടി എഴുതി അയച്ചാലെന്തു്? ഏതുനിറത്തിലുള്ള ജമ്പറാണു വേണ്ടതു്? അല്ലെങ്കിൽ ജമ്പർ അ ച്ഛനെക്കൊണ്ടു വാങ്ങിപ്പിക്കാം. അവൾ വൈ ക്കത്തഷ്ടമിക്കു പോകുന്നവരെക്കൊണ്ടു് ഒരു ഡപ്പി കുങ്കുമം വാങ്ങിപ്പിച്ചു. അയൽപക്കത്തു ള്ള രാജമ്മയോടു പൊന്നമ്മ പറഞ്ഞു:—

"എനിക്കൊരു സാരി കൊണ്ടുവന്നു തരാ മെന്നു് എഴുത്തിലുണ്ടു്."

പൊന്നമ്മ ദിവസങ്ങൾ എണ്ണിപ്പോക്കി. നൂററിരണ്ടു്, നൂററിഒന്നു്—എന്നിങ്ങനെ ദി നങ്ങൾ കുറയുംതോറും സാരിയുടെ രൂപവും അവൾക്കു വിശദമായിക്കൊണ്ടിരുന്നു. വല്ല വിധവും അമ്പലപ്പുഴ ഉത്സവം വന്നാൽ മതി യായിരുന്നു.

മീനമാസം ആദ്യത്തിലാണു് അമ്പലപ്പുഴ ഉത്സവം. കുംഭമാസം അവസാനത്തിൽ ഒരു ദിവസം കൊച്ചുപണിക്കർ അയാളുടെ കൊ ച്ചമ്മയോടു പറഞ്ഞു.

"വീട്ടീന്നു് ഒരു എഴുത്തു വന്നിട്ടുണ്ടു്. ഭാര്യ യ്ക്കു സുഖമില്ല. ഒന്നു വീടുവരെ പോകണം."

പല അരി വയ്പുകാരെയും കണ്ടിട്ടുള്ള കൊച്ചമ്മ പറഞ്ഞു, ഇതു അരിവയ്പുകാരുടെ

പതിവുസൂത്രമാണെന്ന്. അപ്പോൾ അയാളെഅയയ്ക്കാൻസൗകര്യമില്ല. പണിക്കർ വിഷമിച്ചു. പോയിട്ടുതിരിച്ചുവരാമെന്ന് അയാൾ സത്യം ചെയ്തു, ഫലമുണ്ടായില്ല. പണിക്കർ യജമാനനോടു പറഞ്ഞു. എന്തിനധികം മീനമാദ്യം അയാൾ വളരെ ക്ലേശിച്ച് അൻവാദം വാങ്ങി. പോകുന്നദിവസം ഒരു രൂപായുടെ മൂന്നുനോട്ട് എടുത്തുകൊടുത്തിട്ടു കൊച്ചമ്മ പറഞ്ഞു:-

"മൂന്നുരൂപയുണ്ട്. ബാക്കി തിരിച്ചു വന്നിട്ടു തരാം"

കൊച്ചുപണിക്കരുടെ സകലപദ്ധതികളും തകർന്നു. രണ്ടുരൂപാ വഴിച്ചിലവിനുവേണം. എങ്ങിനെ സാരി വാങ്ങും? സാരിയില്ലാതെ അവിടെ ചെന്നാൽ—എന്നാൽ വിവാഹമോചനമാണ്. അതു് അയാൾക്കു ഓക്കാൻ വയ്യ. അത്രയും സുന്ദരിയായ ഒരു സ്ത്രീയെ തനിക്കു കിട്ടുമോ?

കൊച്ചുപണിക്കർ കണക്കുതീർത്തു കിട്ടണമെന്നു ശഠിച്ചു. ഫലമുണ്ടായില്ല. അവർ കൊടുക്കുകയില്ല.

* * * *

പൊന്നമ്മ ഉറങ്ങിയിട്ടു ദിവസങ്ങൾ പലതായി. അവൾ രാത്രികാലങ്ങളിൽ പുറത്തു ഭർത്താവിൻെറ കാലൊച്ച ശ്രദ്ധിച്ചുകൊണ്ടു കിടക്കും. പകൽമുഴവൻ പടിക്കലിറങ്ങി നോട്ടമാണ്. സാരികൊണ്ടുവരുമെന്നു അവൾക്കു തീർച്ചയാണ്.

അമ്പലപ്പുഴ കൊടിയേററിൻെറ തലേദിവസം പാതിരാ കഴിഞ്ഞിരുന്നു. പൊന്നമ്മ ഓർത്തു കിടക്കുകയാണ്. പുറത്തു് ഒരുകാൽ പെരുമാററശബ്ദം കേട്ടു. പൊന്നമ്മ എഴുന്നേററിരുന്നു. കൊച്ചുപണിക്കർ ഒന്നേ വിളിച്ചുള്ളു. അവൾ കതകു തുറന്നു. അയാൾ അലക്ഷ്യമായി ഒരു പൊതിക്കെട്ട് അവളുടെ കൈയ്യിലേക്കെറിഞ്ഞുകൊടുത്തു.

മുമ്പെങ്ങുമില്ലാത്ത ഒരധികാരം അയാൾക്കുണ്ടായി. അതു പൊന്നമ്മ വകവച്ചുകൊടുത്തു. 'എടീ പൊന്നു' എന്നു് അയാൾ വിളിക്കുമ്പോൾ എന്തു വിനയമായി അവൾ വിളികേൾക്കുന്നു! അയാൾ ഉണ്ടോ ഇല്ലയോ എന്നുചോദിക്കാതെ തന്നെ അവൾ അരി വയ്ക്കുവാൻ തയാറായി. ഊണുകഴിച്ചെഴുന്നേററപ്പോൾ അവൾ പറഞ്ഞു.

"അയ്യോ! ഒരുപിടി ചോറുണ്ടില്ലല്ലോ."

ഉറക്കറയിലേക്കു കയറിയപ്പോൾ—അത്യന്തം ഹൃദ്യമായി വികാരതീക്ഷ്ണമായി ഒരു ചുംബനംകൊച്ചുപണിക്കർക്ക് അന്നോളം കിട്ടിയിട്ടില്ല. അയാൾ ഒരു അരുമപ്പേർ ചൊല്ലി അവളെ വിളിച്ചു.

അവൾ പറഞ്ഞു.

"ഞാൻ സാരി ഉടുക്കുമ്പോൾ ഇതിലും സുന്ദരിയായിരിക്കും. നാളെ സാരിഉടുത്തുകൊണ്ട് ഒരുമ്മ തരാം."

പിറന്ന പൊന്നമ്മ കൂട്ടുകാരികളെയെല്ലാം സാരികൊണ്ടുവന്ന കഥ അറിയിച്ചു. മയിൽപ്പീലിക്കണ്ണുള്ള സാരിയാണ്. അവരെല്ലാം വന്നുനോക്കി. ചിലർക്കെല്ലാം സന്തോഷമായിരുന്നു. മററുചിലരെല്ലാം അസൂയപ്പെട്ടു. അസൂയക്കാർ ആരെല്ലാം എന്നു പൊന്നമ്മയ്ക്കറിയാം. അവൾ അവരിൽ ഒരുവളുടെ മുഖത്തു നോക്കിപറഞ്ഞു.

"എഴുതിഅയച്ചു വരുത്തിയതാ. നൂറുരൂപയാ വില"

കിഴക്കേതിലെ കമലമ്മ പറഞ്ഞു

"ഇതു കോടിയാണെന്നു തോന്നുന്നില്ല"

പൊന്നമ്മ പൊടിപ്പോടെ ചോദിച്ചു

"ഉം, എന്താ?"

"ഇതിനു പശിമയില്ല"

"ഇതു പട്ടാ. അതാ പശയില്ലാത്തതു്."

"എന്നാൽ കോടി മണം കാണുമല്ലോ"

പൊന്നമ്മയ്ക്കു ഉത്തരം മുട്ടി. അവൾ പറഞ്ഞു

"അല്ലെങ്കിലും കൊച്ചിലേമുതൽ നിനക്കെന്നോടസൂയയാ"

പൊന്നമ്മ സാരി പൊതിഞ്ഞുകെട്ടി. അപ്പോൾ കമലമ്മ പറഞ്ഞു

"അതിൻെറ തുമ്പിനു വെളുത്തേടൻെറ അടയാളമൊണ്ടു്"

അടുത്തദിവസം പൊന്നമ്മയും കമലമ്മയും തമ്മിൽ വലിയ വഴക്കായിരുന്നു.

* * *

നാലുദിവസം കഴിഞ്ഞു, ഒരുച്ചയ്ക്കു് പൊന്നമ്മ സാരി എടുത്തു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു കൊച്ചുപണിക്കർ അകത്തുകിടന്നുറങ്ങുന്നു. രണ്ടു പോലീസുകാരും ഒരാളുംകൂടി അവിടെ കയറിവന്നു. ആൾ ഉടൻ പോലീസുകാരോടു പറഞ്ഞു.

"അതാ എൻെറ സാരി എമാന്നേ!"

"ഇതോ!"

"അതെ"

പോലീസുകാരൻ പൊന്നമ്മയോടു ചോദിച്ചു. ആ സാരി ഇങ്ങു തരിൻ"

പൊന്നമ്മ പേടിച്ചുവിറച്ചു. അവൾ സാരി കൊടുത്തു. പോലീസുകാരൻ ചോദിച്ചു

"ഇതാരുകൊണ്ടുവന്നുതന്നതാ"

അവൾ വിറച്ചുപറഞ്ഞു

"എൻെറ ഭർത്താവ്"

"എന്നു കൊണ്ടുവന്നുതന്നു?"

"മൂന്നാലായി"

പോലീസുകാരുടെ കൂടെ വന്നയാൾ സാരി വാങ്ങി തിരിച്ചും മറിച്ചും നോക്കി. അയാളുടെ മുഖത്തിൽ എന്തൊരു സന്തോഷം! അയാൾപറഞ്ഞു

"വല്യവീട്ടിലെ സാരിയാ. എങ്കിലും ഞാൻ വിരിച്ചേച്ച് അങ്ങോട്ടു പോയതേയുള്ളു. അതിനകം തട്ടിക്കൊണ്ടു പൊയ്ക്കളഞ്ഞല്ലൊ. എൻേറമാന്നേ! ആ കള്ളനിട്ടു രണ്ടിടി കൊടുക്കണേ! അതിനു പ്രത്യേകം. വല്യവീട്ടിലമ്മയോടു ഞാൻ എന്തു പറയുമാരുന്നു.

അമ്പ! പത്തമ്പതു സാരിയുണ്ടായിരുന്നതിൽ നല്ലതുതന്നെ തട്ടി."

പൊന്നമ്മ പേടിയോടെ പറഞ്ഞു

"ഞാനല്ല. എന്നെ—എന്നെ—"

പോലീസുകാരൻ ചോദിച്ചു:

"നിങ്ങളുടെ ഭർത്താവുണ്ടോ ഇവിടെ"

"ഉണ്ട്"

അപ്പോൾആരോ അടുത്ത മുറിയിൽകൂടി ഓടുന്നതുകണ്ട് പോലീസുകാരിൽ ഒരാൾ അങ്ങോട്ടോടി. ഓടിയതു കൊച്ചുപണിക്കരായിരുന്നു. പോലീസുകാരൻ കൊച്ചുപണിക്കരെ അവിടെ പിടിച്ചുകൊണ്ടുവന്നു. അയാൾ ആലിലപോലെ വിറയ്ക്കുന്നുണ്ടായിരുന്നു. പോലീസുകാരൻ ചോദിച്ചു

"ഈ വെള്ളത്തേടൻെറ സാരി അവൻ ഉണക്കാൻ വിരിച്ചടത്തുനിന്നും താൻ മോട്ടിച്ചോ?

"അല്ലേ! അതു ഞാൻ എടുത്ത—അല്ലാ. മോട്ടിച്ചതല്ല. അതു് അവളു ചക്രംകൊടുത്തു മേടിച്ചതാണേ!"

"അല്ല, അതെനിക്കു കൊണ്ടുത്തന്നതാ"

അങ്ങിനെ അവിടെ ആൾകൂടി. പോലീസുകാർ ഏതൊക്കെയൊ എഴുതാൻ തുടങ്ങി. പൊന്നമ്മയേയും കൊച്ചുപണിക്കരേയും സ്റ്റേഷനിൽ കൊണ്ടുപോകണമെന്നു് അവർക്കു നിർബന്ധമാണ്.

പണിക്കരമ്മാവൻ എവിടെനിന്നോ അഞ്ചെട്ടുരൂപയുണ്ടാക്കി. ആ പോലീസുകാരിൽ ഒരാളുടെ സഹതാപം പണിക്കരമ്മാവൻ ആർജ്ജിച്ചു. വീട്ടിൽ വടക്കുവശത്തുവച്ചു അവർതമ്മിൽ കുറെനേരം വർത്തമാനംപറഞ്ഞു. പണിക്കരമ്മാവൻ കരയുന്നു.

പോലീസുകാരൻ പറഞ്ഞു

"ഇതു് ഇഞ്ചാർജ്ജദ്ദേഹത്തിന്. എനിക്കോ"

പണിക്കരമ്മാവൻ എന്തോകൂടി കൊടുത്തു. അങ്ങിനെയിങ്ങനെ ആ പോലീസുകാരൻ ഇഞ്ചാർജദ്ദേഹത്തെ സമാധാനപ്പെടുത്തി. അദ്ദേഹം വെള്ളത്തേടനോടു പറഞ്ഞു.

"കുടുംബക്കാരല്ല്യോ. തനിക്കു സാരികിട്ടിയല്ലോ. അവരെ അപമാനിക്കരുതു്. നമുക്കു പോകാം"


# "ഭർത്താവ്"

എന്തു ത്യാഗവും സഹിക്കാം! എത്ര പണവും ചെലവുചെയ്യാം!! വേണ്ടിവന്നാൽ തൻെറ സർവ്വസമ്പത്തും ഉപേക്ഷിക്കാം!!! എന്നാലും എൻെറ ഭാര്യ ആരോഗ്യവതിയായിരിക്കണം.

ഭാര്യ:—കാലാകാലങ്ങളിൽ ഋതുവാകുന്നില്ല. ആർത്തവകാലങ്ങളിൽ അസഹനീയമായ വയറുവേദന, തലകറക്കം, ഛർദ്ദി, സ്തനങ്ങൾക്കു വേദന, നടുവുവേദന, കൈകാൽകഴപ്പ്, അസ്ഥിസ്രാവം. ഇതെല്ലാമാണ് എൻെറ രോഗങ്ങൾ—ഇവയ്ക്കു്:—

ഡാക്ടർ ജറോമിൻെറ—"ഫ്ളവർ ടോണിക്ക്" സിദ്ധൌഷധം.

**L.F. Dispensary, Muttam, Thodupuzha, Travancore.**

# അമ്മയുടെ കൺമണി

(വെണ്ണിക്കുളം)

1

ഹിമഗിരി തലപൊക്കിക്കാവലാണന്നു മിന്നും;
രമണി കമലപോലും ദാസിയായ് തീൎന്നിരുന്നു:
അമരനദിയുമെത്തീ, ദേവി, നിന്നൊപ്പുലത്താൻ
മമതയൊ, ടഴലിന്നും തീൎന്നതില്ലെന്നു ചൊല്ലാം!

2

കരുമന ചെറുതാണോ കൎമ്മഭൂവേ, മഹത്വം
ഉപരുകിയൊരവിടത്തെജ്ജാതകംവേദനാഢ്യം!
ഇരുളറയിലിരിപ്പാണിപ്പൊഴും, കീൎത്തിയേറും
തിരുവടിയുടെ രണ്ടാം 'കോഹിനൂർ'വൈരമെന്നോ?

3

അരമനയണിയേണ്ടും ദീപ്രരത്നപ്രകാണ്ഡം
ഹര ഹര! നിപതിച്ചു, ക്രൂരിരുൾക്കോട്ടയൊന്നിൽ:
നിരവധി ശതവർഷം നീങ്ങിയാലെന്തു ലാഭം?
നരരുടെ ഹൃദയത്തിൽ പിന്നെയുംവാനരത്വം!

4

ഉരയുകിലുരയട്ടെ, നന്മയെത്തിന്മയാക്കും
ദുരയുടെ കരിദുൎഗ്ഗക്കല്ലിലച്ചാരുഹീരം:
പരമിതുമുപകാരം തന്നെയാണെന്നുറയ്ക്കാം
വരരുചി തിരതല്ലും; മൂല്യമറ്റുല്ലസിക്കും.

5

വശഗതമണിത്വവും സത്യ ദീപ്തിത്തഴപ്പാൽ
വിശദരജതരേഖാബന്ധുരം, ബന്ധഗേഹം,
ശശധര കരമാലാമാൎജ്ജിത ധ്വാന്തയാകും
നിശയുടെ നിധികുംഭംപോലെ മിന്നുന്നവല്ലോ.

6

ഉടൽവടിവുതികഞ്ഞും, കാണികൾക്കുത്സവത്തിൻ-
നടനകലവിചിത്രം, നാമമെങ്ങും പരന്നും,
സ്ഫുടസുഭഗമണേ, നീ കാന്തി സാമ്രാജ്യവെള്ള-
ക്കുടയുടെ മുടിയിങ്കൽപ്പററി മിന്നും കലാപം.

7

ഇരുനദികളിണങ്ങിപ്പുരലാവുന്നൊരേട-
ത്തരുളി വിധി നിനക്കുള്ളാകരം ലോകരമ്യം.
നിരുപമകരശില്പം പ്രാച്യപാശ്ചാത്യ,മേവം
സുരുചിരതരസംസ്കാരങ്ങളും ചേൎത്തുനിന്നിൽ.

8

അരുതരുതഴലോതാ, നെഞ്ചുനീയെന്നുകാണാ-
ഞ്ഞരുണനിത വിടുന്നുണ്ടായിരം ചാരരേയും
വരുണനിലയമാകെ ക്ഷുബ്ധമായ്ത്തീൎന്നുപോയി
കരുണകരുണമല്ലെന്നാകിലിക്കേൾപ്പതെന്തോ?

9

ജടിലചികരമോടും, ജന്തു ജാതോച്ചനാദ-
ത്രുടിതഹൃദയമോടും,തെന്നലാംവീൎപ്പോടും,ഹാ!
അടിമുടി വിറകൊൾകെ,ച്ചാരു പൌരസ്ത്യദിക്കിൻ-
നിടില തിലകമെങ്ങെന്നമ്പരപ്പൂ വന ശ്രീ.

10

തവവിമലചരിത്രം വിശ്വപപ്രേമ ചിത്രം,
നവരസമിടചേരും നാടകംപോലെതോന്നും
കവനകലയിലാക്കിക്കല്പകപ്പൂക്കൾ ചൂടും
യുവതികളതുപാടും കൂട്ടമാഹ്ലാദമോടേ.

**AMALGAMATED SCHOOL OF COMMERCE, KOTTAYAM**

**Expert tution given in all Commercial Subjects by experienced teachers.**

*Apply Sharp to:-*
Andrew M. Mathai, D'Com., *Principal.*

# ഭാവത്തിൽനിന്നു രൂപത്തിലേക്കു്

(പ്രഫസ്സർ ജോസഫ് മുണ്ടശ്ശേരി, എം.എ.)

What of him have they imitated? What imitators always take, the form, the superficial, the freetone, cavalier-like gesture, the dashing faults, all things which, at least with him, are borne with a certain grace and careless ease, and which they have set about copying religiously. x x x x They have copied even his feeble rhymes and his affectations of carelessness. They have caught the fashion and the trick; but the flame, the passion, the elevation and the lyvicsm, they have refrained, and for good reasons, from borrowing.

SAINTE-BEUVE.

[അദ്ദേഹത്തിന്റെ എന്തൊന്നാണു് അവർ അനുകരിച്ചതു്? അനുകരണക്കാർ പതിവായി കൈക്കൊള്ളാറുള്ളതെന്തോ, അതു്— പുറംപൂച്ചു്, പുറമ്മോടി, ആകെയുള്ള സ്വരം, ധാടിയുള്ള മട്ടു്, ബദ്ധപ്പാടിൽപ്പററുന്ന പിഴകൾ. അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം അവയ്ക്കുമുണ്ടു് ഒരു ചന്തം. എഴുതിപ്പോകുന്ന പോക്കിൽ അങ്ങനെ ചിലതു കടന്നുകൂടിപ്പോയി. അനുകരണക്കാരാകട്ടെ, അവയെയെല്ലാം ഒരുവക മനനിഷ്ഠയോടുകൂടി പകർത്തുകയാണു്. അദ്ദേഹത്തിന്റെ പന്തിയല്ലാത്ത പ്രാസദീക്ഷകളും അശ്രദ്ധമട്ടുകളും, അപ്പടി പകർത്തുന്നു. കെട്ടും മട്ടും സൂത്രപ്പണിയും അവർ കരസ്ഥമാക്കിയിട്ടുണ്ടു്. ആ ചൈതന്യവും ആ ഭസ്സാഭവും ആ മഹത്വവും ആ സ്വാച്ഛന്ദ്യവും കടം വാങ്ങാൻ അവർ മുതിന്നിട്ടില്ല. അതിനുതക്ക കാരണവുമുണ്ടു്.]

ഉൽകൃഷ്ടങ്ങളായ കുറെ മാതൃകകൾ കിട്ടിയാൽപിന്നെ അവയെക്കണ്ണുമടച്ചനുകരിക്കുകയെന്നുള്ളതു് ഏതു സാഹിത്യത്തിലേയും പതിവാണു്. അനുകരിച്ചനുകരിച്ചബദ്ധത്തിൽ ചാടുന്നതും അങ്ങനെതന്നെ. അപ്പോൾ സാഹിത്യകാരന്മാരിൽ യാഥാസ്ഥിതികരെന്നും ഉല്പതിഷ്ണുക്കളെന്നും മററും കക്ഷികൾ ഉത്ഭവിക്കുകയായി. പേരെന്തു പറഞ്ഞാലും വേണ്ടില്ല, ഒരു കൂട്ടർ രൂപോൽക്കർഷവാദികളും മറുകൂട്ടർ ഭാവോൽക്കർഷവാദികളുമായിട്ടാണു തീരുന്നതു്. * മാതൃകകൾ എത്രതന്നെ ഉള്ളിൽക്കൊണ്ടിട്ടും അവയുടെ രൂപപ്പകിട്ടിൽ മാത്രമേ ആദ്യമാദ്യം അനുകരണക്കാരുടെ കണ്ണെത്തുന്നുള്ളു. അവർ കിട്ടിയ കിട്ടിയ രൂപങ്ങൾ ചെത്തിച്ചിന്തേരിട്ടങ്ങനെ കൂട്ടും. രൂപപ്പൊലിമയിൽ കവിഞ്ഞൊന്നും വേണ്ടെന്നായിരിക്കും അവരുടെ തോന്നൽ. കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയില്ലാതായാലും അവർ അറിയുന്നില്ല. പിന്നെയും ചട്ടക്കൂട്ടിനുവേണ്ടി വാദിച്ചങ്ങനെ നിൽക്കും. അവർ എന്തു ബഹളം കൂട്ടിയാലും ചെത്തിക്കൂട്ടിയ ഉരുപ്പടികൾ സങ്കല്പത്തിനിണങ്ങുന്ന പണിപ്പാടുകളായിട്ടില്ലെന്നുവരുമ്പോൾ കാണുന്നവർ പലരും കലശൽ കൂട്ടുകയായി ഏതു രൂപവും ഭാവത്തിനിണങ്ങിയിരിക്കണം, അഥവാ ഭാവത്തിൽനിന്നുടലെടുക്കണം എന്നാകും അവരുടെ ശാഠ്യം. ഒരു പടികൂടിക്കടന്നു്, ഭാവം തീർച്ചപ്പെട്ടാൽ രൂപം താനെ ഉണ്ടായിക്കൊള്ളും എന്നുവരെ അവർ പറയും. അഭിപ്രായങ്ങൾ ഇങ്ങനെ കൂട്ടിയടിക്കുന്നതു കണ്ടിട്ടു അത്ര പരിഭ്രമിക്കാനൊന്നുമില്ല.

മലയാളത്തിൽ അനുകരണത്തിനിടയ്ക്കു പദവാക്യച്ഛന്ദോലങ്കാരങ്ങളുമായിക്കെട്ടി ക്കിടക്കു

* രൂപമെന്നു വെച്ചാൽ പദവാക്യഛന്ദോഘടിതമായ ബാഹ്യരൂപം. ഭാവമാകട്ടെ, വസ്തുസാത്മ്യത്തിൽ നിന്നുയിർക്കൊണ്ടു വ്യക്തിത്വം പ്രാപിക്കുന്ന ഭാവനാംശവും. രൂപംതന്നെ ഭാവമെന്നു വാദിക്കുന്നവരുണ്ടു്. അവരുടെ അർത്ഥത്തിലല്ല ഇവിടെ രൂപത്തെ വിവക്ഷിച്ചിരിക്കുന്നതു്.

ന്നവരോട്", അവർ ഇറക്കുമതിചെയ്യാനുദ്ദേശിക്കുന്നതെന്താണെന്നു വല്ലവരും ചോദിച്ചാൽ ഉടനെ അവർ അവയോരോന്നുമങ്ങു തൊട്ടു കാണിക്കുകയായി—ആ തോണിയും തുഴയും പന്നകവും പാമരവുമൊക്കെ. അതുകൊണ്ടോ യോ എന്നൊരു ചോദ്യം കൂടിപ്പുറപ്പെട്ടാൽ അവർക്കു ക്ഷോഭം തുടങ്ങും. തുരുതുരെ മാതൃകകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും—ആ സംസ്കൃതപ്പുരപ്പിലുള്ള കൈരണ്ടും നീട്ടിക്കൊണ്ട്. പരമാർത്ഥത്തിൽ സംസ്കൃത മാതൃകകൾ അങ്ങനെയോ? വായിച്ചേടത്തോളം കൊണ്ടു മനസ്സിലാകുന്നതു മറിച്ചാണ്. സംസ്കൃതത്തിലും ഉണ്ടായിട്ടുണ്ട്, അനുകാര്യങ്ങളും, അനുകരണങ്ങളും. ഭാസകാളിദാസാദികളുടെ കൃതികൾ അനുകാര്യങ്ങൾ. പിന്നാലെ വന്നവ അനുകരണങ്ങൾ—രൂപപ്പകിട്ടാൽ, പദവാക്യച്ഛന്ദോലങ്കാരങ്ങളാൽ, മാത്രം അപ്പപ്പോൾ കാണികളെ കണ്ണിൽപ്പൊടിയിട്ടു മയക്കിയ അനുകരണങ്ങൾ. ഈ രണ്ടാമതു പറഞ്ഞ കൃതികളല്ലേ നമ്മുടെയാളുകൾക്കു മാതൃകയായിത്തീർന്നതധികവും. അല്ല, ആദ്യത്തെ പ്രതിഭാവാന്മാരുടെ കൃതികളാണെന്നു ഭാവിക്കുന്നുണ്ടെങ്കിൽ അനുകരണം അവയുടെ അന്തസ്സാരത്തോളം ചെന്നിട്ടില്ല. വല്ലവർക്കും അതിനൊത്തിട്ടുണ്ടെങ്കിലോ, അവർ വിജയിച്ചിട്ടുമുണ്ട്. അതുകൊണ്ടു നമ്മുടെ ദോഷങ്ങൾ ഭാരതീയരുടെയോ, പൊതുവെ പൗരസ്ത്യരുടേയോ തലയിൽ കെട്ടിവെയ്ക്കാതിരിക്കയാണു ഭേദം. ആ പ്രാചീന മഹാകവികളുടെ ചേതനകളെ കൂട്ടുപിടിച്ചു നമ്മുടെ ദോഷങ്ങളൊരോന്നും ഗുണമാണെന്നു വരുത്താൻ—കിഴക്കൻ സംസ്കാരത്തിന്റെ തനിനേട്ടമാണെന്നഭിമാനിക്കാൻ—കോപ്പിടുന്നതു. സാഹസങ്ങളിൽവച്ചു സാഹസമായിരിക്കും.

നമുക്ക് ആ ചൈനയിലേക്കൊന്നു തിരിയാം. സംസ്കാരത്തിൽ ആകെക്കൂടിയെന്നല്ല, കലകളിൽ പ്രത്യേകിച്ചും പൗരസ്ത്യമുദ്ര മാഞ്ഞുപോകാൻ സമ്മതിക്കാത്തൊരു സാമ്രാജ്യമാണല്ലോ ചൈന. പലകാര്യങ്ങളിലും ഇരട്ടപെറ്റ സന്താനങ്ങളെപ്പോലെയാണു ഇൻഡ്യയും ചൈനയും. അവിടെയും കാണുന്നുണ്ട്, ആശാൻ ഒരിക്കൽ പറഞ്ഞതുപോലെ സാഹിത്യത്തിൽ. 'നെട്ടുകതിര കെട്ടൽ'. പ്രാചീനമഹാകവികളെ സമർത്ഥമായി അനുകരിക്കുന്നുവെന്നു ഭാവിച്ചുംകൊണ്ടു നവീനന്മാർ കാട്ടിക്കൂട്ടുന്ന ഗോഷ്ഠികൾ കണ്ടിട്ട് ഒരു ചൈന[...] കവിതന്നെ അഭിപ്രായപ്പെടുന്നതു നോക്കുക:-

'ചൈനീസ് പാരമ്പര്യത്തെ മുറുകെപ്പിടി[...] പലരും എഴുതിക്കൂട്ടുന്ന കവിതകൾ ഭാവ[...]ടത ഇല്ലാത്തവയാണ്; കാവ്യത്തിന്റെ [...]ലികോദ്ദേശം നിറവേറാത്തവയും. അധി[...] കവികളും മനസ്സിരുത്തുന്നതും പദങ്ങളും, പ[...]ങ്ങളും അടിച്ചുനീച്ചു നേർപ്പിക്കുന്നതിലാണ് [...]ന്നിട്ടെന്തുണ്ടാകുന്നു? കുറെ മുഷിപ്പൻ വരികൾ[...] ഉടനീളം കാണും കൃത്രിമത. വാസ്തവത്തി[...] കവിത മനുഷ്യന്റെ മനോമണ്ഡലത്തിൽ [...]ന്നു താനേ പുറപ്പെട്ടു കളങ്കമറ്റൊഴുകുന്ന [...]വിതമായിരിക്കണം. ഇന്നത്തെ അരോചക[...]ളായ കവിതകൾക്കു സ്വാഭാവികതയുമില്ല, അ[...]ന്മാർത്ഥതയുമില്ല. ഛന്ദസ്സിൽ ഒരു വക സക[...]സ്സുകളായേ അവയെക്കണക്കാക്കാൻ പാടുള്ളൂ[...] തൽക്കർത്താക്കന്മാരെ യഥാർത്ഥത്തിൽ കവ[...]കളെന്നു വിളിക്കുകവയ്യ. ചരടുകെട്ടിത്തോൽ[...]പ്പിക്കുന്ന പണിക്കാർ—അത്രയേ അവരുള്ളൂ[...] ശൈലിയും, ഛന്ദസ്സും, അലങ്കാരവും കൊണ്[...]ങ്ങനെ ചതുരംഗം വെച്ചു ചാതുര്യം കാണിക്കുന്നവരാണവർ. ഈ ആഹാര്യമോടിയിലുള്ള [...]നും ആചാര്യപദവിയിൽ നിൽക്കുന്ന പൂർ[...]ഹാകവികൾ വഴിയ്ക്കു വന്നുകൂടിയതല്ല. ക[...]തയുടെ മർമ്മവും സ്വഭാവവും ഉദ്ദേശവുമൊക്കെ മറന്ന് പണ്ടത്തെ ഉൽകൃഷ്ടകൃതികളെ അനു[...]രിച്ചവരാണ് ആ ദോഷം ഇറക്കുമതിചെയ്തു. കല്പനാശക്തിയുടെ കുറേറ ഏൽക്കാത്ത അനുകരണവും സ്വാഭാവികശൈലിയുടെ അ[...]ൽപകർത്തുകൂടിപ്പോയിട്ടില്ലാത്ത കൃത്രിമഭാഷാരീതിയും ചൈനീസ് കവികളെ അപകടത്തിൽ ചാടിച്ചിരിക്കുന്നു. അവരെ നേരെ നടത്താൻ ഒരു പക്ഷെ ഒരു വിപ്ലവം തന്നെ വേണ്ടിവന്നേക്കാം.

—ചെങ് ചിയു.

ഇന്നു രസികൻ കവിതകളെഴുതി ചൈനീസ് ജനതയ്ക്കാരാധ്യനായ്ത്തീർന്നൊരു മഹാശയനാണു ചെങ് അവ്കൾ എന്നോർക്കണം. അദ്ദേഹം വാദിക്കുന്നതോ, ഭാവോൽകർഷത്തിന്റെ പേരിൽ.

കൃത്രിമരൂപപ്പകിട്ടിൽ അത്ര ഏറെ ഭ്രമിക്കാതെ ലോകത്തെക്കണ്ണു തുറന്നു നോക്കി ജീവിതവുമായുണ്ടാകുന്ന സാത്മ്യത്താൽ മേൽക്കുമേൽ പുഷ്ടിപ്പെടുത്തിയ കല്പനാശക്തിയുപയോഗി

ഭാവബന്ധുരങ്ങളായ കാവ്യങ്ങൾ രചിച്ചു ിക്കണമെന്നുള്ള ഈ പാഠം മലയാളത്തി ആ പ്രാസവാദത്തിന്റെ പിന്നിൽത്തന്നെ ങ്ങിയിരുന്നു. 'നിപുണശ്രോത്രങ്ങൾ' അന്നേ ത്തു കേൾക്കയുമുണ്ടായി. എന്നാൽ അധികം പരും ആ വിവാദകോലാഹലത്തിൽ നിന്ന് ഒ ന മനസ്സിലാക്കിയുള്ളു. നിരർത്ഥകപദങ്ങൾ ടാതെ പ്രാസം ദീക്ഷിച്ചു പദ്യങ്ങൾ എഴുതാ ങ്കിൽ രചന ഭേഷായി എന്നുമാത്രം. ശരിയ ു? ശ്രവണാകർഷണത്തിനു പ്രാസം ഒട്ടൊ ഒ ഉപകരിക്കുക തന്നെ ചെയ്യും. പക്ഷെ അ നിരർത്ഥകപദങ്ങൾ കുത്തിച്ചെലുത്താതെ ാധിച്ചാൽ മാത്രം മതിയോ? ഏതാണ്ടങ്ങനെ ായിരുന്നു അന്നത്തെ അധികം കവികളുടേ ം ധാരണ.

അർത്ഥം ഗ്രഹിപ്പിച്ച വാക്യത്തിനെന്തുമേ-
ലത്തേണ്ടു പൂർണ്ണവിരാമമെന്യേ ?"

(ഉള്ളൂർ.)

തീർന്നു, രചനയുടെ കാര്യം. പോരെങ്കിൽ ശ്രവണകടുവാകാത്തവിധം പദഘടന സാധി ച്ചുക്കണം. ചുരുക്കത്തിൽ രൂപത്തിലൊന്നു ടി നിഷ്കർഷിച്ച് അതിലടങ്ങിയ ഭാവത്തെ പ്രകടീകരിക്കുക എന്നേ ആ പരിപാടികൊ ണ്ടു വന്നുള്ളു. രചനാവിജയം പൂർണ്ണമാകണ മെങ്കിൽ ഗതി മറിച്ചാകേണ്ടിയിരുന്നു—ഭാവ ത്തിൽനിന്നു രൂപത്തിലേയ്ക്കു്. എന്നിട്ടും പ്രാ സം ദീക്ഷിക്കാൻ കഴിഞ്ഞാൽ, ശരി, അധികം അഭിനന്ദിക്കാൻ വകയുണ്ടു്. ഈ ഭിന്നഗതി കൾക്കു ഫലത്തിലന്തരം എത്രയ്ക്കു വരാമെന്നു കാണിപ്പാൻ ഇതാ ഒരുദാഹരണം :—

പെരുതഴലുപധാനമേനിനക്കീ-
യുരുദുരവസ്ഥപിണഞ്ഞുകാൺകയാൽമേ,
ഒരുതലവഴിപോലെതാങ്ങുവാൻനീ
വിരുതിയലുന്നവനായിരുന്നുവല്ലോ !

(കീറത്തലയണ)

ഒരുവേളപഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ്‌വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കൈപ്പുതാനുമേ.

(ചിന്താവിഷ്ടയായ സീത)

ആദ്യത്തെ പദ്യത്തിൽ ശ്രവണസുഖത്തി നൊരു പോരായ്കയുമില്ല. പ്രാസം ദീക്ഷിച്ചി ട്ടുണ്ടു്. നിരർത്ഥോക്തികളാണെങ്കിൽ ഇല്ലതാ നും. നന്നായോ രചന ? അങ്ങനെ പറഞ്ഞി ട്ടുണ്ടാവും അതെഴുതിയകാലത്തു വായിച്ചവരി ലധികം പേരും. അല്പം ആലോചിച്ചു നോ ക്കൂ ! അതിലുള്ളേടത്തോളം പദങ്ങളിൽക്കൊ ള്ളാൻമാത്രം ഉണ്ടോ അതിലെ ആ സാധാര ണാശയം.? ഏതു പദങ്ങളുടെ സാങ്കേതിതാ ർത്ഥമാണു് സുരശതമാനവും അവിടെ ഉപ യോഗപ്പെട്ടിട്ടുള്ളതു് ? പഞ്ഞിക്കെട്ടുകണക്കു് ഒതുക്കിയാലൊതുങ്ങും പദങ്ങളെന്നുവന്നാൽ പാഴ്ചിലവുനിശ്ചയം. അപ്പോൾ രചന പ രാജയപ്പെട്ടു. രൂപത്തിൽനിന്നു ഭാവത്തിലേ ക്കുകയറുന്ന രീതിയുടെ ഫലമാണു് ഇമ്മാതി രി രചന. കേൾക്കാൻ കൊള്ളാം. അത്ര മാത്രം. അടുത്ത പദ്യം എങ്ങിനെയിരിക്കുന്നു? അർത്ഥമങ്ങുനിറഞ്ഞു നിൽക്കുകയാണു് ഓരോ പദത്തിലും. ആ കനത്ത ആശയം ആവിഷ്ക രിക്കാൻ എത്രപദം വേണമോ അത്രയേ അ തിൽ കാണുകയുള്ളു. ഏതെങ്കിലും ഒന്നു് ഇ ളക്കിനോക്കാമോ ? രചനയുടെ വിജയം അ വിടെക്കാണാം. അങ്ങനെ വന്നതിനു് ഹേതു ആശയത്തിൽനിന്നു് ആവിഷ്കരണോപാധി യിലേക്കു കടക്കുകയെന്ന നിർബ്ബന്ധമാണു്. കേൾക്കാനും നന്നു്, ഓർക്കാനും നന്നു്.

ഏ. ആർ. തിരുമേനിയെ ഒരു പ്രാസവി ദ്ധ്വംസകനായിട്ടാണു പലരും കാണുന്നതെ ങ്കിൽ ഞാൻ കാണുന്നതു് നമ്മുടെ ഒന്നാമ ത്തെ ഭാവോൽക്കർഷവാദിയായ നിരൂപകനാ യിട്ടാണു്. ചമ്പുക്കളും ആട്ടക്കഥകളുമൊക്കെ കഴിഞ്ഞു ഭാഷയ്ക്കൊരു നിലവാരം വന്നു തുട ങ്ങിയ അക്കാലത്തു തിരുമേനിയുടെ ചൊല്ലുകൾ കേട്ടുപടിക്കുമാത്രം ഗ്രഹിച്ചവർ പദവാക്യച്ഛ ന്ദോലങ്കാരങ്ങളിലും സന്ധിസർഗ്ഗാദികളിലുമെ ല്ലാം ഒരു മതഭ്രാന്തന്റെ ആവേശത്തോടുകൂടി മനസ്സിരുത്തി മഹാകാവ്യങ്ങളും അവയോളം പന്തലിപ്പില്ലാത്ത ഒരുവക ഖണ്ഡകാവ്യങ്ങളും കുറെ നാടകങ്ങളും എഴുതിയിറക്കി. എല്ലാം സംസ്കൃതത്തിൽനിന്നും കടംവാങ്ങിയ ചട്ടക്കൂട് കളിൽ കുത്തിത്തിരുകിയ സുരുമ്പിച്ച ചിത്ര ങ്ങൾതന്നെ. മിക്കതുമിപ്പോൾ ഒരിഞ്ചു കന ത്തിൽ പുകയും പൊടിയും പിടിച്ചു കിടക്കുക യാണു്. ഒന്നെങ്കിലും പിന്നത്തെപ്പുരുഷാന്ത രത്തിൽ തലപൊന്തിച്ചിട്ടില്ല. എന്നാൽ ആ നിരൂപകന്റെ മനോമേഖലയിൽ ഇടയ്ക്കിട യ്ക്കു പാറിക്കൊണ്ടിരുന്ന ചില തേജഃകണി

കളെപ്പോലും ഒരു ഭൂതക്കണ്ണാടികൊണ്ടെന്ന കണക്കു വ്യക്തമായിക്കാണാൻ കഴിഞ്ഞ ചിലരുണ്ട്—ആശാനും വള്ളത്തോളും മററും. അവർ സ്വകീയഭാവങ്ങൾക്കിണങ്ങുംവണ്ണം രൂപകല്പനചെയ്തപ്പോൾ കുറെ ഉത്തമകൃതികളുണ്ടായി. രുചിഭേദത്തിൻെറ കല്ലോലമാലകൾ കയറിയടിച്ചിട്ടും അവ ദീപസ്തംഭങ്ങൾപോലെ ഉയൎന്നുനിൽക്കുന്നു. അവയെപ്പോലെ കവിമനോഭാവത്തിൽനിന്നു കലാരൂപത്തിലേക്കു വളൎന്നകാവ്യങ്ങളെ അവയ്ക്കുമുമ്പും ഗണനീയങ്ങളായിത്തീൎന്നിട്ടുള്ളു. ആ ഉണ്ണായിവാര്യരുടേയും രാമപുരത്തു വാര്യരുടേയും മററും കൃതികൾ പരിശോധിക്കുക.

കാലം പിന്നെയും കുറെയിങ്ങു പോന്നപ്പോൾ വീണ്ടും അനുകരണക്കാർ "ഒരുമിച്ചീയൽകണക്കു മേൽക്കുമേൽ" ഉയരുകയായി. അവരൊ, പുതിയ പുതിയ മൂശകൾ അന്വേഷിച്ചു തുടങ്ങി. ഭാഷയിലെ ആ ദിഗ്വിജയം സാധിച്ച കൃതികളും ടാഗോർ ഗാനങ്ങളുടെ തൎജ്ജമകളും പത്തൊൻപതാംശതകത്തിലെ ഇംഗ്ലീഷ് കവിതകളുമാണ് അവൎക്കു കൈയ്യിൽ കിട്ടിയതു്. പക്ഷേ ലോഹക്കൂട്ടുകളെവിടെ? അവർ പരുങ്ങിയില്ല. എന്തുമങ്ങുരുക്കിയൊഴിക്കുകയായി. പണിതീൎന്നുതീൎന്നുവന്നപ്പോഴേയ്ക്കും ഒരുതലയ്ക്കൽനിന്നു വാൎപ്പുകൾ വീണുതകൎന്നിരുന്നതു് അവർ സൂക്ഷിച്ചിരുന്നുവോ ആവോ? ഇവിടേയും മുമ്പേപ്പോലെ രൂപത്തിൽ നിന്നു ഭാവത്തിലേക്കു കടന്നതുകൊണ്ടുള്ള അപകടമാണു കാണുന്നതെന്നോൎക്കണം. ഈ പുതിയ യുഗത്തിൽ രണ്ടും പറയിക്കാത്തവിധം കാൎയ്യം നേടിപ്പോന്ന ഏതാനും കാവ്യങ്ങളുണ്ടു്. "കണ്ണുനീർത്തുള്ളി"യെപ്പോലെ ചിലതു് അവ അതാതു കവികളുടെ ഉള്ളിൽമൊട്ടിട്ട ഭാവനകളിൽനിന്നു വിരിഞ്ഞ പൊൽത്താരുകളാണ്.

മലയാള കവിതാരംഗത്തിൽ ഭാവോൽക്കൎഷത്തിൻെറ പേരിലണിനിരക്കാൻ ഇന്നും ഒരു കാളംവിളി കൂടിയേ കഴിയൂ എന്നായിട്ടുണ്ടു്. ആ ചൈനാക്കാരൻ പറയുന്നതുപോലെതന്നെ. ഇപ്പോഴും ചിലർ, ഝങ്കാരസീൽക്കാരമൎമ്മരാദികൾപോലെ ശബ്ദാനുകരണഭവങ്ങളാണു സകല പദങ്ങളുമെന്നു കരുതിയായിരിക്കാം, ശ്രാവ്യതയെ അങ്ങേ അററത്തെ തോതാക്കി 'രചന രചന' എന്നു നാമം ജപിച്ചുവരുന്നു; ചിലർ എന്തു വൈകൃതത്തിന്മേലും കണക്കററ ലങ്കാരങ്ങളണിയിച്ചാൽമതി, കലാസൌന്ദൎയ്യം എല്ലാം തികയാമെന്നു സ്വപ്നം കാണുന്നു ; ചിലർ പറയാനുള്ളതെന്തെന്നു തീൎച്ചപ്പെടാതെ, ഒരു തലയ്ക്കൽനിന്നു മറേറത്തലയോളം ഭാവനയുടെ പേരിൽ സാവയവരൂപകാദികൾ പടുത്തുപടുത്തു് ഓരോ കവിതയും പൊതിഞ്ഞുപൊതിഞ്ഞു് വീൎപ്പിച്ച ഓരോ പാഴ്സലാക്കിത്തീൎക്കുന്നു ; ചിലർ മററപാകങ്ങളിൽനിന്നെല്ലാം പിൻവാങ്ങി പുതിയപുതിയ ഛന്ദസ്സുകളും കാവ്യപ്രകാരങ്ങളും തിരഞ്ഞുതിരഞ്ഞു വിഷമിക്കുന്നു. എല്ലാവരും ചെന്നു കെട്ടിപ്പിടിക്കുന്നതു രൂപത്തെയാണ്. പൌരാണികമാകട്ടെ അധുനാതനമാകട്ടെ, സ്ഥൂലമാകട്ടെ സൂക്ഷ്മമാകട്ടെ, അനുഭൂതിയിൽനിന്നു നൂതനവസ്തു സ്വരൂപിച്ചു് ആകൎഷകമാംവണ്ണമാവിഷ്ക്കരിക്കാൻ വേണ്ടൊരു കഴിവില്ലേ ?—അതിൻെറ കുറവിനെയാണ് പലരും അറിഞ്ഞോ അറിയാതെയൊ വിളംബരം ചെയ്യുന്നതെന്നേ പറയേണ്ടൂ.

"ശക്തിൎന്നിപുണതാലോക-
ശാസ്ത്രകാവ്യാദ്യവേക്ഷണാത് "-

എത്ര മൎമ്മത്തിൽക്കൊണ്ട കാരിക! അതിനെ കീഴ്മേൽ മറിയ്ക്കാതെ വായിച്ചു പഠിക്കുന്നവൎക്കു്, കാവ്യത്തിൻെറ ബീജം രൂപത്തിലല്ല ഭാവത്തിലാണു കിടക്കുന്നതെന്നറിയാൻ അത്രയേറെ പാണ്ഡിത്യമൊന്നും വേണ്ടിവരികില്ല. അങ്ങനെ നേരെ കാൎയ്യങ്ങൾ ധരിച്ചാൽ പിന്നെ 'വാക്യം രസാത്മകം കാവ്യം' പോലെയുള്ള അൎത്ഥസാന്ദ്രങ്ങളായ അഭിയുക്തോക്തികളെ അവരവരുടെ ആവശ്യംപോലെ വളച്ചുപുളച്ചു വ്യാഖ്യാനിക്കാൻ തോന്നുകയുമില്ല. ഉത്തമ കല—അതെന്താണെന്നല്ലേ ? "The successful communication of a valuable experience" കിഴക്കും പടിഞ്ഞാറും തെക്കും വടക്കും ഇതുതന്നെയാണു കല. എണ്ണപ്പെട്ട പൌരസ്ത്യ കവികളൊ പൌരസ്ത്യാചാൎയ്യന്മാരൊ ഈ പരമാൎത്ഥത്തെ അന്യഥാകരിക്കുന്ന ഒരു വാക്യംപോലും എഴുതിയിട്ടില്ല. പറയാനൊന്നുണ്ടാവുക, എന്നിട്ടു പറയുക, അതു പറയേണ്ട മാതിരിയിലും—തീൎന്നുസാഹിത്യമീമാംസ.

കവിതാവിഷയകമായി മുകളിൽ പറഞ്ഞതശേഷം, ഇടക്കാലത്തുവച്ചു കലാതപം പ്രാപിച്ചുവരുന്ന നമ്മുടെ ഗദ്യാത്മകമായ സാഹിത്യ

ത്തെസ്സംബന്ധിച്ചും ശ്രദ്ധേയമാണ്. പക്ഷെ, ഒരു വിശേഷം. ഗദ്യസാഹിത്യകാരന്മാർ—വിശേഷിച്ച്, ചെറുകഥയെഴുത്തുകാർ—അപൂർവ്വവസ്തുസ്വരൂപണത്തിൽ ഒട്ടൊക്കെ അവഹിതമതികളാണ്. അനുഭവമാണവർക്കു വിളക്കു കാണിക്കുന്നതെന്നു തോന്നുന്നു. എന്നാൽ അത്രത്തോളം തന്നെ രൂപഘടനാശില്പത്തിൽ അവർക്കു കണ്ണെത്തുന്നുവോ? സംശയമാണ്. മാതൃകകൾ വൈദേശികസാഹിത്യങ്ങളിൽ നിന്നു വരേണ്ടതിനാലാകാം, അതിൽ അല്പമൊരമാന്തം. എന്നാലും തരക്കേടില്ല. ഭാവോല്ലർഷത്തിൽനിന്നാരംഭിക്കുന്ന അവരുടെ കൃതികൾക്കു രൂപത്തെളിമ ക്രമേണയുണ്ടായിക്കൊള്ളും.

പുരോഗമനസാഹിത്യകാരന്മാർ ശഠിച്ചാവശ്യപ്പെടുന്നതു്, അനുഭവത്തിൽ കാച്ചിയടിച്ച കല്പനാശക്തികൊണ്ടു കാവ്യാദികൾക്ക് ഉൾക്കട്ടി വർദ്ധിപ്പിക്കണമെന്നല്ലേ? മററു രാജ്യങ്ങളിൽ പുരോഗമനവാദികൾ അതിലാണ് ചെന്നെത്തിക്കാണുന്നതു്.

AT KOTTAYAM
AN UP-TO-DATE and WELL-FURNISHED HOTEL
WITH COMFORTABLE BOARDING and LODGING FACILITIES
**HOTEL de' PARK**
For Delicious EUROPEAN AND INDIAN DISHES.
*Props:* HOTAL de' PARK and PARK CAFE, K. K. ROAD, KOTTAYAM.

സ്വർണ്ണവ്യാപാരശാല.
തങ്കം, പവൻ ഇവയിൽ ഏററവും പരിഷ്കൃതരീതിയിൽ ശില്പകലാകമനീയത തികഞ്ഞ ആഭരണങ്ങളും,
വെള്ളികൊണ്ടു് പള്ളി ഉപയോഗത്തിനുള്ള സാമാനങ്ങളും സമ്മാനക്കപ്പുകൾ മുതലായ സകല ഉരുപ്പടികളും എപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്.
(ഉരുപ്പടികളുടെ മേന്മയിൽ പരിപൂർണ്ണമായ ഉത്തരവാദിത്വം)
ജോർജ്ജ് ജയിക്കബ് പൊടിപാറ,
ആശുപത്രിയ്ക്കു സമീപം, കോട്ടയം.

# നക്ഷത്രം

(ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.)

1

വരുവതഖിലവും ശുഭത്തിനാണെ-
ന്നരുളി, മനോഹരസാന്ത്വനാമൃതത്താൽ,
ഉരുകദനമകററിടുന്നി,തെന്നിൽ-
കരുണകലർ,ന്നയിഭാഗ്യദേവതേ, നീ!

2

പകലിരവൊരുപോൽവിരാമമില്ലാ-
തകമെരിതീയിലെരിഞ്ഞെരിഞ്ഞുനീറി,
അകലെയെഴുമെനിയ്ക്കൊ,രുത്സവം നിൻ
പ്രകടിതനിർമ്മലരാഗദീപ്തിമാത്രം!

3

വിധിയൊടുപൊരുതിപ്പരാജയത്താ-
ലധികരുജയ്ക്കടിപെട്ടുമാഴ്കുമെന്നെ,
അധികൃതവചനങ്ങളാൽ,സ്വയം നീ-
യധിപതിയാക്കുകയാണു നിൻ മനസ്സിൽ!

4

അയിസുമതി, കഠോരജീവിതത്തിൻ
വെയിലി,ലലഞ്ഞുകുഴഞ്ഞണഞ്ഞവൻഞാൻ.
പ്രിയകരസുഖവിശ്രമം യഥേഷ്ടം
നിയതമെനിയ്ക്കരുളുന്നുനീ, മനോജ്ഞേ!

5

അവനിയിലതുലാനുഭോഗമോരോ-
ന്നവധിയെഴാതെലഭിച്ചുകൊണ്ടിരിയ്ക്കിൽ,
അവശതയകതാരിനേല്ക്കുവാനി-
ല്ലവസരമെന്തു നിനപ്പതാണുമൗഢ്യം!

6

പണമൊരുവനു ഭൗതികപ്രതാപ-
ത്തണലിലിരുന്നു രമിപ്പതിന്നുകൊള്ളാം.
ഘൃണയതിനൊരുനാളുമില്ല—ജീവ-
വ്രണമതുണക്കുകയില്ല തെല്ലുപോലും!

7

നവനവമുഗ്ദ്ധചുംബനങ്ങളേകി-
ക്കവനവിലാസിനി നീയെടുത്തുനിൽക്കെ;
ഇവനെഴുമനവദ്യനിർവൃതിയ്ക്കി-
ല്ലവധി,—യതാണിവനേകഭാഗ്യ,മാര്യേ!

8

സകലരുമകലട്ടെ, നീരസത്താ-
ലകരുണമെന്നൊവെടിഞ്ഞിടട്ടെമന്നിൽ;
പകയതിലിവനില്ല, വാട്ടകില്ലെ-
ന്നകതളിർനിൻ പ്രണയാമൃതം ലഭിയ്ക്കിൽ!

9

ജീവപ്രേയസി, ജീവിതാശകൾനശി-
ച്ചത്യുഗ്രനൈരാശ്യമാ-
മാവൻകാട്ടി,ലിരുട്ടിൽ,ഞാ,നവശനായ്-
ത്തപ്പിത്തടഞ്ഞങ്ങനെ,

ദീവൽഗ്ഗിച്ചലയുമ്പൊ,ഴെൻ വഴിതെളി-
ച്ചാശ്വാസമേകീടുവാൻ,
പൂവൽപ്പൊൻകതിർപെയ്തുദിച്ച,കനവിൻ
നക്ഷത്രമാ,ണാർദ്രനീ!... *

* പകർപ്പവകാശം രചയിതാവിന്.

# കേരളത്തിലെ
# ഗ്രന്ഥശാലാപ്രസ്ഥാനം.

(മധുരവനം, സി. കൃഷ്ണക്കുറുപ്പ് ബി.എ., എൽ.റ്റി.)

[കാര്യദർശി—കേരളഗ്രന്ഥാലയസംഘം]

പ്രാരംഭം.

സ മുദായത്തിന്റെ പുരോഗ
തിയെ സഹായിക്കുവാൻ
കഴിഞ്ഞ ഒരു നൂററാണ്ടിനകത്തു് ഉത്ഭവിച്ചിട്ടുള്ള പുതിയ പ്രസ്ഥാനങ്ങളിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് അതിപ്രധാനമായ ഒരു
...ഥാനമുണ്ട്. "പ്രയത്നം സഫലമാകാത്ത
...നാൽ വിഷാദിക്കുന്ന ഒരു ദേശാഭിമാനിക്ക
...ത്യാശ നൽകുവാൻ കഴിവുള്ള ദുർല്ലഭം ചി
...പ്രസ്ഥാനങ്ങളിൽ കരുത്തുകൊണ്ടും തഴച്ചു
...ളരുവാനുള്ള ലക്ഷണങ്ങൾകൊണ്ടും മികച്ചു
...ല്ക്കുന്ന ഒന്നാണു് ഗ്രന്ഥശാലാപ്രസ്ഥാനം"
...ന്നു വന്ദ്യവയോധികനായ വി. എസ്. ശ്രീ
...വാസശാസ്ത്രി അവർകൾ അഭിപ്രായപ്പെട്ടി
...ക്കുന്നു. പൌരന്മാർക്കു തങ്ങളുടെ കർത്തവ്യനി
...ഹണത്തിനുപയുക്തമായ പരിശീലനം ന
...കുന്ന കാര്യത്തിൽ വിദ്യാശാലകളെക്കാൾ ഒ
... താഴെയല്ലാത്ത ഒരു സ്ഥാനമാണു് ഗ്രന്ഥ
...ാലകൾക്കുള്ളതു്. അന്യസഹായം കൂടാതെ
...ായിച്ചു് അറിവു സമ്പാദിക്കുവാൻ വിദ്യാലയ
...ങ്ങൾ നമ്മെ പ്രാപ്തരാക്കുന്നു; വിദ്യാലയങ്ങളിൽ
...നിന്നുവിട്ടശേഷം നമ്മുടെ വിജ്ഞാനലബ്ധി
...ഥാർത്ഥമായി ഉണ്ടാകേണ്ടതു ഗ്രന്ഥാലയങ്ങ
...ളിൽനിന്നാണു്." അനേകം നൂററാണ്ടുകൾ മു
...ുതന്നെ ഗ്രന്ഥാലയങ്ങൾ പലരാജ്യങ്ങളിലും
...ണ്ടായിരുന്നു. എങ്കിലും ബഹുജന വിദ്യാഭ്യാ
...സത്തിന്റെ ഏററവും പ്രധാനമായ ഒരുപകര
...ണമെന്നനിലയ്ക്കു് ഈ പ്രസ്ഥാനം വളർന്നുവന്ന
...ു് പ്രജാധിപത്യത്തിനു ഭരണകാര്യങ്ങളിൽ
...പ്രാബല്യം സിദ്ധിച്ചതിനുശേഷം മാത്രമാണു്.
...പ്രജാധിപത്യഭരണം വിജയമാകണമെങ്കിൽ

നമ്മെ ഭരിക്കുന്നവരെ ഭരിക്കുന്നവരോ, അഥവാ ഭരിക്കേണ്ടവരോ ആയ സമ്മതിദായകന്മാർക്കു് അറിവും ഉശിരും തന്റേടവും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ഏതാനും വ്യക്തികളുടെ വിജ്ഞാനമോ, വിനോദമോ അല്ല ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പരമലക്ഷ്യം; സമുദായത്തിന്റെ പൊതുവിലുള്ള സംസ്കാരവും ക്ഷേമവും ഉൽക്കർഷവും ആകുന്നു.

## I

### പാശ്ചാത്യരാജ്യങ്ങളിൽ

പൌരസ്വാതന്ത്ര്യതത്വത്തിന്റെ ജന്മഭൂമിയെന്നു കരുതാവുന്ന അമേരിക്കയിലെ ഐക്യരാജ്യങ്ങളിലാണു് ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ഉത്ഭവം. ആൻഡ്രൂ കാർനീഗി (1835-1919) മുതലായ അവിടത്തെ ഉദാരമതികളായ ധനാഢ്യന്മാരുടെ സംഭാവനകൾ ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനു വളരെയധികം സഹായിക്കുകയുണ്ടായി. 1876 ഒക്ടോബർ 4-ാംനു- "അമേരിക്കൻ ഗ്രന്ഥാലയസംഘ"ത്തിന്റെ സ്ഥാപനവും, ഗ്രന്ഥാലയപ്രവർത്തകന്മാർക്കു പരിശീലനം നൽകുവാൻ പ്രത്യേകം ഒരു വിദ്യാലയം ന്യൂയോർക്ക് നഗരത്തിലെ കൊളമ്പിയ കോളേജിൽ മെൽവിൽ ഡ്യൂയി 1887ൽ ആരംഭിച്ചതും ഈ പ്രസ്ഥാനത്തിന്റെ പുരോഗതിയിൽ പ്രധാന സംഭവങ്ങളാണു്. 1876ൽ അവിടത്തെ ഗ്രന്ഥാലയസംഘത്തിൽ നൂററിൽചില്വാനം അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു: ഇപ്പോൾ അതു് പതിമൂവായിരത്തോളം വർദ്ധിച്ചിരിക്കുന്നു. "ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിൽ പൊതുജനങ്ങൾക്കു് ആഭിമുഖ്യം വളരുവാൻ" ആവശ്യമായതെല്ലാം ചെയ്യുക

എന്ന ആ സംഘത്തിന്റെ ഉദ്ദേശം മിക്കവാറും ഫലിച്ചുകഴിഞ്ഞിരിക്കുന്നു. 1877ൽ അഖിലരാജ്യഗ്രന്ഥാലയ സമ്മേളനം ലണ്ടനിൽ വെച്ചുകൂടുകയും "ഇംഗ്ലീഷ് ഗ്രന്ഥാലയസംഘം" സ്ഥാപിക്കുകയും ചെയ്തു. ഈ സംഘത്തിന്റെ പരിശ്രമം യൂറോപ്പിലൊട്ടാകെ ക്രമേണ ഈ പ്രസ്ഥാനം പുഷ്ടിപ്പെടുവാൻ കാരണമാക്കി—യുദ്ധത്തിനുമുമ്പു സെക്കോസ്ലോവാക്കിയ, സ്വീഡൻ, ഹോളണ്ട് എന്നീ രാജ്യങ്ങളിൽ ഗ്രന്ഥശാലകൾ നല്ല നിലയിൽ വളൎന്നുവന്നിരുന്നു. 1917ലെ വിപ്ലവത്തിന്നുശേഷം സോവിയറ്റു റഷ്യയിൽ അത്ഭുതകരവും അസൂയാർഹവുമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. പൊതുജനങ്ങളുടെ അറിവും ഉത്സാഹവും സുഖവും വൎദ്ധിപ്പിക്കുവാനായി അവിടുത്തെ ഭരണാധികാരികൾ പതിനെട്ടുകോടിയോളം വരുന്ന നിവാസികൾക്കായി ഏകദേശം ഒരു ലക്ഷത്തോളം ഗ്രന്ഥശാലകൾ സ്ഥാപിച്ചിരിക്കുന്നു. ഈ പ്രസ്ഥാനം ഇന്നു തികച്ചും വിജയമായിട്ടുള്ളതു് സോവിയറ്റ് റഷ്യയിൽ മാത്രമാണ്. യുദ്ധകാലത്തു യൂറോപ്പിൽ പൊതുവേയും റഷ്യയിൽ പ്രത്യേകിച്ചും ഉള്ള അനേകം ഒന്നാംകിടഗ്രന്ഥാലയങ്ങളെ ജൎമ്മൻ ഭടന്മാർ അഗ്നിക്കിരയാക്കിയിരിക്കുന്നു. പക്ഷേ ശത്രുസേനയുടെ പിൻവാങ്ങലോടുകൂടിത്തന്നെ ഗ്രന്ഥശാലകൾ പുനരുദ്ധരിക്കുന്ന കാൎയ്യത്തിൽ പ്രവൎത്തകന്മാർ ഗാഢമായ ശ്രദ്ധ പതിപ്പിച്ചുവരുന്നു. രാഷ്ട്രത്തിന്റെ ചൈതന്യവും ശക്തിയും മുഴുവൻ നിലകൊള്ളുന്നതു് ഗ്രന്ഥശാലകളിലാണെന്നു് അവിടുത്തെ പൌരന്മാർ നല്ലവണ്ണം മനസ്സിലാക്കിയതിന്നു് ഇതുതന്നെ ഒരു ഉത്തമദൃഷ്ടാന്തമാണ്.

## II

### ബറോഡ

1939 ഫെബ്രുവരി 6-ാംനു- നിൎയ്യാതനായ ശ്രീ സായാജിറാവു iii (ഗൈക്വാർ മഹാരാജാവു) ദീർഘമായ തന്റെ വിദേശസഞ്ചാരങ്ങൾക്കിടയിൽ ഈ പ്രസ്ഥാനത്താൽ ആകൃഷ്ടനായി തന്റെ രാജ്യത്തു് ഏകദേശം മൂന്നു പന്തീരാണ്ടുമുമ്പു ഇതു നടപ്പിൽ വരുത്തി. 1910ൽ ബറോഡ ഗവൎമ്മെന്റു ഗ്രന്ഥശാലകളുടെ പോഷണത്തിന്നും ഭരണത്തിന്നുമായി ഡബ്ല്യൂ. എ. ബോർഡൻ എന്ന അമേരിക്കൻ വിദഗ്ദ്ധന്റെ അദ്ധ്യക്ഷതയിൽ പ്രത്യേകം ഒരു ഡിപ്പാർട്ടുമെന്റുതന്നെ ഏൎപ്പെടുത്തി. ഗ്രന്ഥാലയവകുപ്പിന്റെ ഡയറക്ടർമാരായി പിന്നീടു വന്ന ജെ. എസ്. കുഡൽക്കാർ, എൻ. എം. ഡട്ട്, ടി. ഡി. വാക്നീസ് എന്നീ മാന്യന്മാരുടെ പ്രയത്നഫലമായി ഈ പ്രസ്ഥാനം ആ രാജ്യത്തു് ഒരു പരിപൂർണ്ണവിജയമായിരിക്കുന്നുവെന്നു പറയാം.—സ്ത്രീകൾക്കും കുട്ടികൾക്കും ഗ്രന്ഥാലയങ്ങളിൽ വിശേഷ വിധിയായുള്ള സൌകൎയ്യങ്ങളും അക്ഷരപരിജ്ഞാനമില്ലാത്തവരെ പ്രധാനമായുദ്ദേശിച്ചു് ഏൎപ്പെടുത്തിയ സിനിമാ പ്രദർശനങ്ങളും അവിടുത്തെ ചില പ്രത്യേകതകളാണ്. ഇവയെല്ലാം ദേശവ്യത്യാസത്തിന്നാവശ്യമായ ഭേദഗതികളോടുകൂടി ഇവിടെയും സ്വീകാൎയ്യമാണ്. ഇന്നു് അവിടെ രണ്ടായിരം ജനങ്ങൾക്കു് ഓരോ ഗ്രന്ഥശാലവീതം ഉണ്ടു്. കേരളത്തിലെ സ്ഥിതിയോ?

### ആന്ധ്രദേശം

ബറോഡ കഴിഞ്ഞാൽ പിന്നെ ഈ പ്രസ്ഥാനം വളരെയധികം പുഷ്ടിപ്പെട്ടു വന്നിട്ടുള്ളതു് ആന്ധ്രദേശത്തിലാണ്. ബറോഡയിലെ വിജയത്തിന്നു ഹേതു പ്രജാവത്സലനായ ഒരു രാജാവിന്റെ ദീർഘദൃഷ്ടിയും ഭരണനൈപുണ്യവും ആണല്ലോ. ആന്ധ്രദേശത്താകട്ടെ പരേതനായ എസ്. വി. നരസിംഹശാസ്ത്രി, അയ്യാങ്കി വെങ്കിട്ടരമണയ്യ മുതലായ പ്രവൎത്തകന്മാരുടെ സംഘടനാചാതുൎയ്യവും ദീർഘകാലത്തെ നിസ്വാൎത്ഥസേവനവുമാണ്. ശ്രീ വെങ്കിട്ടരമണയ്യ കഴിഞ്ഞ മുപ്പതുകൊല്ലത്തിലധികമായി ഈ വഴിക്കു് അദ്ധ്വാനിച്ചു വന്നിട്ടുണ്ടെന്നു കേട്ടാൽ ആരംഭശൂരന്മാരായ കേരളീയൎക്കു വിശ്വസിക്കുവാൻ പ്രയാസമായിരിക്കും. 1914ൽ അവർ ആരംഭിച്ച "ആന്ധ്രദേശ ഗ്രന്ഥാലയസംഘം" ഗ്രന്ഥശാലാപ്രസ്ഥാനം പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന്നു വളരെയധികം സഹായിച്ചിട്ടുണ്ട്. 1917ൽ ശ്രീ വെങ്കിടരമണയ്യ ബറോഡയിലെ പ്രവൎത്തനരീതി പരിചയിക്കുവാൻ അവിടെ സഞ്ചരിക്കുകയുണ്ടായി. ഈ സന്ദൎശനത്തിന്റെ ഫലമായി ഈ പ്രസ്ഥാനത്തിന്റെ വമ്പിച്ച കഴിവുകൾ അദ്ദേഹത്തിന്നു ബോദ്ധ്യമായി. ഇന്ത്യയിലൊട്ടുക്കും അതു പ്രചരിപ്പിക്കുന്നതിന്നു് ഒരു പരിശ്രമം ആരംഭിക്കുവാൻ അദ്ദേഹം

ഉറച്ചു. 1919ൽ മദിരാശിയിൽ ഒന്നാം സർവ്വേന്ത്യാഗ്രന്ഥാലയസമ്മേളനം അവർ നടത്തുകയും അവിടെവെച്ചു "സർവ്വേന്ത്യാ പൊതു ഗ്രന്ഥാലയസംഘം" സ്ഥാപിക്കുകയും ചെയ്തു. അതു് ഇന്നും നന്നായി നടന്നുവരുന്നുണ്ടു്. ആ സംഘത്തിന്റെ രജതജൂബിലി കാശിയിൽവെച്ചു് ആഘോഷിക്കയുണ്ടായി. ഈ സംഘത്തിന്റെ വാർഷികസമ്മേളനങ്ങൾ—കൊക്കനഡാ (1923), ബൽഗാം (1924), മദിരാശി (1927), കല്ക്കത്ത (1928), ലാഹോർ (1929), ബസവാഡാ 1933), മദിരാശി (1934)—പൊതുജനങ്ങളുടെ ശ്രദ്ധ ഈ വഴിക്കു തിരിച്ചുവിടുവാൻ വളരെയധികം സഹായിച്ചിട്ടുണ്ടു്. ഈ സമ്മേളനങ്ങളിൽ അദ്ധ്യക്ഷന്മാരായും മററുവിധത്തിലും സംബന്ധിച്ച ശ്രീ രവീന്ദ്രനാഥടാഗൂർ, ദേശബന്ധു സി. ആർ. ദാസ്, സർ. എസ്. രാധാകൃഷ്ണൻ, സർ. പി. സി. റേ. ഡോക്ടർ എം. ആർ. ജയക്കർ എന്നിവരുടെ നാമധേയം തന്നെ ഈ പ്രസ്ഥാനം അന്നു നേടിക്കഴിഞ്ഞ പിൻബലം വെളിവാക്കുന്നുണ്ടു്. 1930-ൽ കാശിയിൽവെച്ചു ചേൎന്ന ഒന്നാം അഖിലേന്ത്യാ വിദ്യാഭ്യാസസമ്മേളനത്തിലെ ഗ്രന്ഥാലയവിഭാഗം ഈ സംഘം ഏററവും ആകർഷകമാക്കിയിരുന്നു. ഈ സംഘത്തിന്റെ വകയായി കുറെക്കാലം "ഇന്ത്യൻ ലൈബ്രറി ജേർണൽ" എന്ന ഒരു മാസികയും അവർ വളരെ നല്ല നിലയിൽ നടത്തിക്കൊണ്ടിരുന്നു. മദിരാശി, ബങ്കാളം, പഞ്ചാബ്, മഹാരാഷ്ട്രം, ഹൈദ്രബാദ്, പുതുക്കോട്ട എന്നീ സംസ്ഥാനങ്ങളിൽ പ്രത്യേകം ഗ്രന്ഥാലയസംഘങ്ങൾ സ്ഥാപിക്കുവാനും ഈ സംഘം സഹായിച്ചിരുന്നു. സംഘത്തിന്റെ കാൎയ്യദർശി ശ്രീ വെങ്കിടരമണയ്യ കേരള ഗ്രന്ഥാലയസംഘത്തിന്നു പുസ്തകങ്ങളും മററും അയച്ചുതന്നും സംഘടനാകാൎയ്യങ്ങളിൽ ഉപദേശങ്ങൾ നൽകിയും സഹായിച്ചുവരുന്നു. അടുത്ത കാലത്തു കേരളത്തിലെ പ്രചരണവേലയെ സഹായിക്കാൻ ഇവിടെ സഞ്ചരിക്കാമെന്നു അദ്ദേഹം സമ്മതിച്ചിട്ടുണ്ടു്.

### ഇന്ത്യൻ ഗ്രന്ഥാലയസംഘം.

1933 സെപ്തംബറിൽ സർവ്വേന്ത്യാ പൊതു ഗ്രന്ഥാലയസംഘത്തിന്നു പുറമെ കല്ക്കത്തയിൽവെച്ചു് ഒരു ഇന്ത്യൻ ഗ്രന്ഥാലയസംഘം സ്ഥാപിക്കുകയുണ്ടായി. അതിന്നായി കൂടിയ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു ഈ വിഷയത്തിൽ വിദേശങ്ങളിൽ പോയി ഉന്നതബിരുദം നേടിവന്നഏകകേരളീയൻ, ഡോക്ടർ എം. ഒ. തോമസ് (ഇപ്പോൾ മദിരാശി യൂനിവർസിററി ലൈബ്രറിയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ) ആയിരുന്നു. ആദ്യത്തെ സംഘം കൂടുതൽ ജനങ്ങളുടെ നിയന്ത്രണത്തിലും രണ്ടാമത്തേതു ഗവർമ്മെണ്ടിന്റെ ആഭിമുഖ്യത്തിലുമാകുന്നു. ഈ സംഘവും ഇപ്പോൾ പുഷ്ടിപ്പെട്ടുവരുന്നു. ഇന്ത്യയിലെ ഗ്രന്ഥശാലകളുടെ ഒരു ഡയറക്ടറി അവർ പ്രസിദ്ധം ചെയ്തിരിക്കുന്നു. "ലൈബ്രറി ബുള്ളററിൻ" എന്ന ഒരു ത്രൈമാസികവും 1942 ഏപ്രിൽ മുതൽക്കു നടത്തിവരുന്നുണ്ടു്.

## III

### കേരളം.

1927 ഡിസംബർമാസത്തിൽ മദിരാശിയിൽവെച്ചുകൂടിയ അഞ്ചാം സർവ്വേന്ത്യാഗ്രന്ഥാലയ സമ്മേളനത്തോടുകൂടിയാണു കേരളീയർ ഒന്നാമതു് ഈ പ്രസ്ഥാനവുമായി അടുത്തു പരിചയിക്കുവാൻ ഇടവന്നതു്. അന്നു ഡോക്ടർ എം. എ. അൻസാരിയുടെ അദ്ധ്യക്ഷതയിൽ അതേസ്ഥലത്തുവെച്ചുകൂടിയ കോൺഗ്രസ്സ് യോഗത്തിന്നു കേരളത്തിൽനിന്നു പോയിരുന്ന പലരും പ്രസ്തുത സമ്മേളനത്തിലും അതിനോടനുബന്ധിച്ചുള്ള പ്രദൎശനത്തിലും സംബന്ധിക്കുകയുണ്ടായി. അടുത്ത കൊല്ലത്തിൽ സ്ഥാപിതമായ മദിരാശി (സംസ്ഥാന) ഗ്രന്ഥാലയസംഘത്തിന്റെ നിൎവ്വാഹകസമിതിയിൽ അവിടെ അന്നു സ്ഥിരതാമസക്കാരായിരുന്ന ഡോക്ടർ കെ. സി. ചാക്കോ, സി. ഗോപാലമേനോൻ, അമ്പാട്ട് ശിവരാമമേനോൻ (പിന്നീട് കൊച്ചിയിലെ ഒന്നാമത്തെ മന്ത്രി) എന്നീ മലയാളികളും ഉൾപ്പെട്ടിരുന്നു. ഈ സംഘത്തിന്റെ പ്രവൎത്തകന്മാർ പല ജില്ലകളിലും ഈ പ്രസ്ഥാനത്തിന്നുവേണ്ടി പ്രചാരവേല ചെയ്കയുണ്ടായി. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ക്ഷണനപ്രകാരം ശ്രീ ശിവരാമമേനോൻ 1930 ജൂൺ 11-ാംനു- പ്രചാരണവേലയ്ക്കായി മലബാറിൽ വന്നതോടുകൂടി കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനം ആരംഭിച്ചുവെന്നു പറയാം. അദ്ദേഹം കണ്ണൂർ,

തലശ്ശേരി, കോഴിക്കോട്ട്, പാലക്കാട്ട് എന്നീ
പ്രധാന നഗരങ്ങൾ സന്ദർശിച്ചു പ്രസംഗങ്ങൾ
ചെയ്കയും പ്രവർത്തകന്മാരുമായി കൂടിയാലോ
ചനകൾ നടത്തുകയും ചെയ്തു. മദിരാശി
ഗ്രന്ഥാലയസംഘത്തിന്റെ കാര്യദർശിയും മദി
രാശി യൂനിവേഴ്സിററി ലൈബ്രേറിയനുമായ
ശ്രീ എസ്. ആർ. രങ്കനാഥൻ ഈ വിഷയ
ത്തിൽ സുസമ്മതനായ ഒരു വിദഗ്ദ്ധനും അ
ഖിലലോകപ്രസിദ്ധിനേടിയ ഒരു ഗ്രന്ഥകർത്താ
വുമാണ്. 1930 സെപ്ററംബർ ഒടുവിൽ അ
ദ്ദേഹം പാലക്കാട്ടുവന്ന് അഞ്ചുപ്രസംഗങ്ങൾ
ചെയ്കയുണ്ടായി. ഇങ്ങിനെ ഉളവായ ഉത്സാ
ഹം സഫലമാക്കുവാൻ 1931-ൽ ചെങ്കുളത്തു
(ചെറിയ) കുഞ്ഞിരാമമേനോൻ ("എം. ആർ.
കെ. സി.") 'സമസ്തകേരളപുസ്തകാലയസമി
തി' എന്ന പേരിൽ ഒരു സ്ഥാപനം ആരംഭി
ച്ചു. പൊതുജനങ്ങളുടെ സഹകരണം മതി
യാവാഴ്കയാൽ "ഗ്രന്ഥവിഹാരം" എന്ന ത്രൈ
മാസികത്തിന്റെ ഒരു ലക്കം പുറപ്പെടുവിക്കാ
നല്ലാതെ മറെറാന്നും ആ സംഘത്തിനു കഴി
ഞ്ഞില്ല. 1933ൽ ദക്ഷിണകേരളത്തിൽ സ്ഥാ
പിച്ച "ഓൾ ട്രാവൻകൂർ ലൈബ്രറി അസോ
സിയേഷൻ" കുറച്ചുകാലമെ നിലനിന്നുള്ളു.

അക്കാലത്തു യുവസംഘങ്ങളുടെ പരിശ്രമ
ഫലമായി ഉത്തരകേരളത്തിൽ-പ്രത്യേകിച്ചു
വടക്കൻതാലൂക്കുകളിൽ-അനേകം വായനശാ
ലകൾ സ്ഥാപിക്കുകയുണ്ടായി. 1937-ലെ
പൊതു തിരഞ്ഞെടുപ്പിനുശേഷം മലബാറി
ലൊട്ടാകെ ഉണ്ടായ ഉണർവിന്റെ ഫലമായി
അനേകം വായനശാലകൾ ഉയൎന്നുവന്നു. ഇ
വയുടെ പോഷണത്തിനാവശ്യമായ നിർദ്ദേശ
ങ്ങളും മാർഗ്ഗദർശനവും നൽകുന്നതിനു 1937
ജൂൺ 11-ാംനു- ശ്രീ. കെ. കേളപ്പന്റെ അദ്ധ്യ
ക്ഷതയിൽ ഒന്നാം മലബാർ വായനശാലാ സ
മ്മേളനം കോഴിക്കോട്ടുവെച്ചു ചേരുകയും അ
തിൽവെച്ചു "മലബാർ വായനശാലാസംഘം"
സ്ഥാപിക്കുകയും ചെയ്തു. 1939-നുശേഷം നാ
ട്ടിലുണ്ടായ കുഴപ്പങ്ങൾ താരതമ്യേന ശാന്ത
മായ ഈ പ്രസ്ഥാനത്തിൽ പൊതുജനങ്ങളുടെ
ശ്രദ്ധ പതിയുന്നതു് അസാദ്ധ്യമാക്കിത്തീൎത്തു.
എങ്കിലും പ്രചരണവേലയും സംഘടനാജോ
ലിയും തുടൎന്നുപോന്നു; 1943 ഡിസമ്പർ 6-ാംനു-
ഈ സംഘത്തിന്റെ പ്രവൎത്തനപരിധിയിൽ
മലയാളരാജ്യം മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ടു്
'കേരള ഗ്രന്ഥാലയസംഘം' എന്ന പേരി
1870-ലെ XXI-ാം (ധർമ്മസ്ഥാപന) ആ
പ്രകാരം രജിസ്റ്റ്രു് ചെയ്തിരിക്കുന്നു. വിഭി
കക്ഷികൾക്കും താല്പൎയ്യങ്ങൾക്കും പ്രതിനിധ
വിക്കുന്ന അംഗങ്ങളെ ഒന്നാമത്തെ ഭരണസ
തിയിൽ തന്നെ ലഭിച്ചതുകൊണ്ടു് ഈ സം
ത്തിന്റെ പുരോഗതിയെപ്പററി തികച്ചും
ശയ്ക്കു വഴി കാണുന്നുണ്ടു്. (അടുത്ത കൊ
ത്തെ പ്രവൎത്തനം ഉത്തരകേരളത്തിൽ മാ
കേന്ദ്രീകരിക്കുവാൻ നിശ്ചയിച്ചിരിക്കകൊ
ദക്ഷിണകേരളത്തിലെ പ്രവൎത്തകന്മാരെ
രെയും തല്ക്കാലം ഭരണസമിതിയിൽ അംഗ
ളായി ചേൎത്തിട്ടില്ല.)

## IV

### വിദ്യാഭ്യാസവും ഗ്രന്ഥാലയങ്ങളും

ഒരു രാജ്യത്തിലെ വിദ്യാഭ്യാസവ്യവസ്ഥ
ൎണ്ണമാകണമെങ്കിൽ ഗ്രാമങ്ങൾതോറും ഗ്രന്ഥ
ലയങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ചെ
പ്പത്തിൽ തീരെ പഠിക്കാത്ത ഒരാൾക്കുകൂ
പരിഷ്കൃത സമുദായത്തിലെ പൗരന്റെ നി
യ്ക്കു് ആവശ്യമായ പരിശീലനം നൽകുവാ
ഗ്രന്ഥശാലകൾക്കു സാധിക്കും. നിരക്ഷര
യെ പാടെ നശിപ്പിക്കാനുള്ള എല്ലാവിധ
രിശ്രമങ്ങൾക്കും പ്രധാന കേന്ദ്രം ഗ്രന്ഥശാ
കളായിരിക്കണം. കുറച്ചു മാത്രം പഠിച്ചവ
ടെ പഠിപ്പു തുടരുവാനും അവയെ ഉപയോ
പ്പെടുത്താം. ഗ്രന്ഥശാലാസൌകൎയ്യങ്ങൾ
ണ്ടതു ഇല്ലെങ്കിൽ. കുറച്ചുമാത്രം പഠിച്ചവ
നിരക്ഷരതയിലേക്കും അജ്ഞതയിലേക്കും വ
തിപ്പോകുമെന്നു തീർച്ചയാണ്. പതിനാ
വയസ്സിനു മുമ്പു പഠിച്ച കാൎയ്യങ്ങൾ ആ വ
ക്കു പരിശ്രമം വീണ്ടും തുടരുകയും, ആ അറി
ഉപയോഗപ്പെടുത്തുകയും ചെയ്തില്ലെങ്കിൽ
രുപതു വയസ്സാകുമ്പോൾ മിക്കതൊറും തീ
മറന്നുകഴിയുമെന്നു വിദ്യാഭ്യാസശാസ്ത്രജ്ഞന്മാ
അഭിപ്രായപ്പെടുന്നു. അവരുടെ വിദ്യാഭ്യാ
ത്തിനായി ചിലവു ചെയ്ത പണം അങ്ങിനെ
ദുർവ്യയമായി കലാശിക്കും. പ്രതിവൎഷം കേ
പാടുകൾ തീൎക്കുന്നതിനു ചെറിയ ഒരു സം
നീക്കിവെക്കുവാൻ മടിച്ചു്, വിലപിടി
ഒരു കെട്ടിടം ഇടിഞ്ഞുപൊളിയുവാൻ ഇടവ
ത്തുന്നതുപോലെ ബുദ്ധിശൂന്യമാണ് ഗ്രന്ഥശ
ലകളില്ലാത്ത വിദ്യാഭ്യാസവ്യവസ്ഥ. സർ

ശാലാവിദ്യാഭ്യാസം പൂർത്തിയാക്കിയവർ തന്ന അന്യസഹായം അധികം കൂടാതെ വായിക്കുവാൻ പഠിച്ചു എന്നുമാത്രമെ പറഞ്ഞുകൂട. കൃഷിജീവിതത്തിന്ന് ആവശ്യമായ സംസ്കാരം സമ്പാദിക്കേണ്ടതിനുള്ള പ്രയത്നം അവർ ഇനിയും ആരംഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഈ വസ്തുത തീരെവിസ്മരിച്ച് അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞുവെന്ന ഭാവത്തിൽ ബിരുദധാരികൾ കൃതകൃത്യരായി അലസജീവിതത്തിൽ മുഴുകിയിരിക്കുന്നതു ദയനീയമായ ഒരു കാഴ്ചയാണ്. സമുദായത്തിന്റെ മുകൾതട്ടിലിരിക്കുന്ന ഇത്തരക്കാരുടെ അഭിവൃദ്ധിയിലും ഗ്രന്ഥശാലാപ്രസ്ഥാനത്തിന്നു ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. പാശ്ചാത്യരാജ്യങ്ങളെയപേക്ഷിച്ച് ഈ ന്യൂനത, പഠിച്ചവരുടെ അറിവില്ലായ്മ — പഠനരീതിയിലുള്ള വൈകല്യവും അതിനൊരു കാരണമായിരിക്കാം—ഈ രാജ്യത്തു കുറെ അധികമില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## V

### സാഹിത്യപോഷണവും ഗ്രന്ഥാലയങ്ങളും

കേരളം ഇന്നു മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു പല നിലയ്ക്കും പിന്നണിയിലാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. അതിന്നു ഒരു പ്രധാനകാരണം കേരളസാഹിത്യത്തിന്റെയും കേരളസംസ്കാരത്തിന്റെയും പുരോഗതിയിലുള്ള മന്ദതയാകുന്നു. കൊട്ടാരങ്ങളിലും പ്രഭുമന്ദിരങ്ങളിലും ആശ്രിതന്മാരെപ്പോലെ താമസിച്ചു വിദ്വാന്മാർ സരസ്വതീസേവ ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അക്കാലം കഴിഞ്ഞുപോയി. അതിനി തിരിച്ചുവരിക സാദ്ധ്യമല്ല; സാദ്ധ്യമായാലും ആശാസ്യവുമല്ല. പ്രഭുക്കന്മാരുടെ മാഹാത്മ്യവും ഔദാര്യവും പുകഴ്ത്തിക്കാലം കഴിക്കുന്ന സാഹിത്യകാരന്മാരല്ല നമുക്കിന്നാവശ്യം. കൊട്ടാരക്കെട്ടിൽനിന്നു പാടത്തേക്കും പണിസ്ഥലത്തേക്കും സരസ്വതിദേവി ഇറങ്ങി വന്നേ കഴിയൂ. സാധാരണ ജനങ്ങളുടെ ജീവിതയാഥാത്ഥ്യങ്ങളുമായി ഇടപെട്ട് അവരുടെ പ്രശ്നങ്ങൾക്കു ഒരു പോംവഴിയുണ്ടാക്കിക്കൊടുത്തു ജീവിതസമരത്തിൽ അവക്കാരാവേശവും പ്രചോദനവും നൽകി സമുദായത്തെ സേവിക്കുന്ന സഹൃദയന്മാരെയാണ് നമുക്കിന്നു അടിയന്തിരമായി ആവശ്യമുള്ളതു്.

അങ്ങിനെയുള്ളവർ സ്വതന്ത്രമായി ജീവിക്കണമെങ്കിൽ, അവരുടെപ്രതിഭാവിലാസം ദാരിദ്ര്യക്ലേശത്തിൽ മുഴുകിപ്പോകാതിരിക്കണമെങ്കിൽ അവരുടെ പ്രയത്നത്തിന്നു ഉചിതമായ പ്രതിഫലം കിട്ടാനുള്ള വ്യവസ്ഥ സമുദായം ചെയ്തുകൊടുക്കേണ്ടതു് ആവശ്യമാണ്. നല്ല പുസ്തകങ്ങളുണ്ടായി നമ്മുടെ നാട്ട് നന്നായി കാണുവാൻ കൊതിക്കുന്നവർ ആദ്യമായി ശ്രമിക്കേണ്ടതു് അങ്ങിനെയുള്ള പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങി വായിക്കുന്നവ്യക്തികളും സ്ഥാപനങ്ങളുമായി ആരംഭത്തിൽ ഒരായിരം പേരെയെങ്കിലും കേരളത്തിൽ ഉണ്ടാക്കുവാനായിരിക്കണം. മലയാളികൾ ഒന്നേകാൽ കോടിയിലധികം ഉണ്ടായിട്ടും പാഠപുസ്തകമാകാത്ത ഒരു പുസ്തകത്തിന്റെ ആയിരംപ്രതി ചുരുങ്ങിയ കാലംകൊണ്ടു ചിലവാകുന്നതു് ഇന്നും അപൂവ്വമാകുന്നു. ഇതിലധികം ജനസംഖ്യയില്ലാത്ത നോർവെരാജ്യത്തു് സമാന്യം ഒരു നല്ല പുസ്തകത്തിന്റെ ഒരുലക്ഷം പ്രതികൾ ചിലവാകുന്നതു് ഒട്ടും അസാധാരണമല്ല. അങ്ങിനെയുള്ള ഉണർവും ഉത്സാഹവുംനമ്മുടെ നാട്ടിലും ഉണ്ടാക്കണം. അപ്പോൾ സാഹിതിസേവനത്തിന്നു അനേകംപേർ മുന്നോട്ടുവരുന്നതായിരിക്കും. ആ നല്ലകാലത്തിനായി ഇപ്പോൾതന്നെ അദ്ധ്വാനിക്കുന്നതു് ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ഒരു പ്രധാന കത്തവ്യമാണ്.

## VI

### ഗ്രന്ഥാലയം—ഗ്രാമപുനരുദ്ധാരണകേന്ദ്രം.

മുക്കാലെ അരയ്ക്കാൽ ജനവിഭാഗം നാട്ടിൻപുറത്തു താമസിക്കുന്ന—കൃഷിപ്രധാനമായ—കേരളത്തിൽ ഗ്രന്ഥാലയങ്ങളെ ഗ്രാമപുനരുദ്ധാരണകേന്ദ്രങ്ങളാക്കി മാറേറണ്ടതു് അത്യാവശ്യമാണ്. കൃഷി പരിഷ്കരിക്കുവാനും ഉപവ്യവസായങ്ങൾ ഏർപ്പെടുത്തുവാനും ഗ്രന്ഥാലയത്തെ കേന്ദ്രമാക്കി പരിശ്രമിച്ചു പട്ടിണിക്കു ഇന്നത്തെ സ്ഥിതിയിൽ ആവുന്നത്ര പരിഹാരമുണ്ടാകാം. നൂൽനൂൽപ്പ് മുതലായ കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കുവാൻ അഖിലഭാരതചക്കാസംഘം. അഖിലേന്ത്യാ ഗ്രാമോദ്ധ്യോഗസംഘം മുതലായവയുടെ ശാഖകൾ ഓരോപ്രദേശത്തും സ്ഥാപിക്കുന്നതു നന്നായിരിക്കും. വൻകിട വ്യവസായങ്ങൾ ഇംഗ്ലണ്ട്, അമേരിക്ക, റഷ്യ എന്നീ രാജ്യങ്ങളിലെപ്പോ

ലെ വളൎന്നുവന്നാൽക്കൂടി നാട്ടിൻപുറത്ത് ഇത്തരം തൊഴിലുകൾക്കു സ്ഥാനമുണ്ടായിരിക്കും. നാം പ്രവേശിക്കുന്ന വിദ്യുച്ഛക്തിയുഗം കഴിഞ്ഞകാലത്തേപ്പോലെ നഗരങ്ങളിലുള്ള കേന്ദ്രീകരണം അനാവശ്യമാക്കിത്തീൎക്കുന്നതാണ്. ചെറുതരം യന്ത്രങ്ങൾ നടത്താനുള്ള "ശക്തി" ഗ്രാമങ്ങളിൽ സുലഭമായി ലഭിക്കുന്നതു് അത്തരം കുടിൽ വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ വളരെയധികംസഹായിക്കുകയുംചെയ്യും. അന്നം വസ്ത്രം എന്നീ അത്യാവശ്യങ്ങൾക്കുള്ള വഴി കണ്ടുകഴിഞ്ഞാൽ വിജ്ഞാനം, വിനോദം എന്നിവയ്ക്കുള്ള മാൎഗ്ഗങ്ങൾ ചിന്തിക്കാം. യന്ത്രവൎദ്ധനകൊണ്ടു ജനങ്ങൾക്കു കൂടുതലായി ലഭിക്കുന്ന ഒഴിവുസമയം എങ്ങിനെ ഉപയോഗപ്പെടുത്തുന്നുവെന്നതു സമുദായത്തിൻെറ ഭാവിയെ സാരമായി ബാധിക്കുന്നതാണ്. നിശാപാഠശാലകൾ സ്ഥാപിച്ചു നിരക്ഷരത നീക്കി മുതിൎന്നവരുടെ വിദ്യാഭ്യാസം സാധിക്കുക; ഹിന്ദിക്ലാസ്സുകൾ നടത്തി രാഷ്ട്രഭാഷ പ്രചരിപ്പിക്കുക; ചെറുപ്പക്കാരുടെ പ്രസംഗപരിശീലനത്തിന്നും നാട്ടുകാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെപ്പററി വിദഗ്ദ്ധന്മാരെ വരുത്തി പ്രസംഗങ്ങൾചെയ്യിക്കുന്നതിന്നും സഭകൾ ഏർപ്പെടുത്തുക; യുവജനങ്ങൾക്കുസേവനത്തിനുള്ള സഹജമായ തല്പരതയെ പ്രകാശിപ്പിക്കുവാൻ സേവാസമിതികൾ ആരംഭിക്കുക; ഹരികഥ, പാട്ടുകച്ചേരി, മായാദീപപ്രദൎശനം മുതലായവ നടത്തുക, ദേശംതോറും വ്യായാമകേന്ദ്രങ്ങളും കളരികളും ആരംഭിക്കുക, പ്രധാനകേന്ദ്രങ്ങളിലെല്ലാം റേഡിയോസെററുകൾ സ്ഥാപിക്കുക, വനിതാസമാജങ്ങളും ബാലസംഘങ്ങളും തുടങ്ങുക, ആചാരപരിഷ്കാരത്തിന്നും, ദാനശീലത്തെ കാലത്തിനൊത്തവഴികളിലേക്കു—പ്രത്യേകിച്ചു വിദ്യാവിഷയത്തിലേക്കു തിരിച്ചുവിടുന്നതിന്നും പരിശ്രമിക്കുക, സൗഹാർദ്ദസമിതികൾമുഖേന വിഭിന്നസമുദായങ്ങളും കക്ഷികളും തമ്മിൽ ഐക്യം പുലൎത്തുക— ഇങ്ങിനെ നാനാവഴിക്കും പരിശ്രമിക്കുന്നതിനെല്ലാം വിദ്യാശാലയും ഗ്രന്ഥശാലയും ഗ്രാമജീവിതത്തിൻെറ മുഖ്യകേന്ദ്രങ്ങളായിത്തീരണം.

## VII

### സംഘത്തിൻെറ പരിപാടി

ഇങ്ങിനെ സമുദായത്തിൻെറ സൎവ്വതോമുഖമായ ക്ഷേമത്തിന്നായി പ്രവൎത്തിക്കേണ്ട ഗ്രന്ഥാലയങ്ങളുടെ എണ്ണവും ഗുണവും വർദ്ധിപ്പിക്കുകയാകുന്നു ഗ്രന്ഥാലയസംഘങ്ങളുടെ ഉദ്ദേശം. കേരളഗ്രന്ഥാലയസംഘം ഇതിനക ഉത്തരകേരളത്തിലെ മിക്ക താലൂക്കുകളിലു ശാഖാകമ്മററികൾ ഏർപ്പെടുത്തിക്കഴിഞ്ഞു. അടുത്തകാലത്തായി വളരെ പ്രബലമായിത്തീൎന്നിട്ടുള്ള അദ്ധ്യാപകസംഘടനകളാണ് ഇക്കാൎയ്യത്തിൽ മുൻനിന്നു പ്രവൎത്തിച്ചിട്ടുള്ളതു്. ഗ്രാമീണ ജനത ഏററവും പ്രബുദ്ധമായിട്ടുള്ള ചിറയ്ക്കൽ താലൂക്കിൽ ചെറുതരം വായനശാലകളുടെ പോഷണത്തിനായി സഞ്ചാരഗ്രന്ഥാലയങ്ങൾ ആരംഭിക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. ഇതുപോലെയുള്ള ഏതൊരു സംഘടനയിലും പ്രയത്നം സഫലമാകുവാൻ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതു് അത്യാവശ്യമാണ്. അതിനായി പ്രവൎത്തകന്മാർ താലൂക്കുതോറും ഒരു 'ലൈബ്രറി സൎവ്വെ' നടത്തിവരുന്നു. ഓരോ താലൂക്കിലേയും പ്രധാന കേന്ദ്രങ്ങളെ (i) ഇപ്പോൾ ഗ്രന്ഥാലയം നന്നായി നടക്കുന്നവ (ii) മുമ്പുണ്ടായിരുന്ന ഗ്രന്ഥാലയങ്ങൾ ക്ഷയിച്ചു നശിച്ചുപോയവ (iii) പുറമെനിന്നു് അല്പം പ്രോത്സാഹനം ലഭിക്കുമെങ്കിൽ ഗ്രന്ഥാലയം നന്നായി നടത്താൻ കഴിയുന്നവ —എന്നിങ്ങനെ തരംതിരിച്ചുവരുന്നു. നിലവിലുള്ള സ്ഥാപനങ്ങളെപ്പററി പരിപൂർണ്ണ വിവരങ്ങളും ഇതോടുകൂടി ശേഖരിച്ചുവരുന്നു. അവ അധികം താമസിയാതെ 'കേരള ഗ്രന്ഥാലയ ഡയറക്ടറി' എന്ന പേരിൽ പ്രസിദ്ധം ചെയ്യുന്നതാണ്. വിദ്യാപ്രചരണത്തിൽ തല്പയ്യമുള്ള ഏവൎക്കും അത്തരം ഒരു പ്രസിദ്ധീകരണം വലിയ ഉപകാരമായിരിക്കും.

തെക്കുവടക്കു് ഏകദേശം നാനൂറു് നാഴികയോളം നീണ്ടുകിടക്കുന്നതുകൊണ്ടും, ഗതാഗതസൗകൎയ്യങ്ങളുടെ കുറവുകൊണ്ടും, താല്ക്കാലികമായ രാഷ്ട്രീയ ഭിന്നതകൊണ്ടും കേരളത്തിൻെറ തെക്കും വടക്കും ഭാഗങ്ങൾ അന്യോന്യം അറിയാതെയും സഹകരിക്കാതെയും ആണ് ഇന്നു കഴിച്ചുകൂട്ടുന്നതു്. ഈ നില മാററിയേ കഴിയൂ; മാറുകയും ചെയ്യും. പ്രത്യേകിച്ചു തിരുവിതാംകൂറിലുള്ള മികച്ച പുസ്തകങ്ങൾ പത്രങ്ങൾ, മാസികകൾ എന്നിവയെപ്പററി മലബാറിലുള്ളവൎക്കു, വിശേഷിച്ചു ഗ്രന്ഥശാലാ പ്രവൎത്തകന്മാൎക്കു വളരെ കുറച്ചു മാത്രമെ അറ

ുള്ളു. അതു് അവിടത്തെ ഗ്രന്ഥകർത്താക്കന്മാ
ൎക്കും, അവിടത്തെ വായനക്കാൎക്കും ഒരുപോലെ
ദോഷകരമായിത്തീരുന്നു. ഈ ന്യൂനത പരി
ഹരിക്കുവാൻ "ഗ്രന്ഥശാലകൾക്കു ചില നല്ല
പുസ്തകങ്ങൾ" എന്ന പേരിൽ നല്ല പുസ്തകങ്ങ
ളുടെ ഒരു പട്ടിക ഗ്രന്ഥാലയസംഘം തയ്യാറാ
ക്കിവരുന്നു. പുതുതായി പുറപ്പെടുന്ന പുസ്ത
കങ്ങളെപ്പററിയുള്ള വിവരങ്ങളും ഈ പട്ടിക
യ്ക്കു് അനുബന്ധമായി ഇടയ്ക്കിടെ പ്രസിദ്ധം
ചെയ്‌വാൻ ഉദ്ദേശിക്കുന്നു. സംഘത്തിൻെറ
വാൎഷികസമ്മേളനം മേലിൽ സാഹിത്യപരി
ഷത്തിനോടൊന്നിച്ചു് ആഘോഷിക്കുവാൻ തീ
രുമാനിച്ചിരിക്കയാണു്. അങ്ങിനെ ചെയ്യുന്ന
തുകൊണ്ടു സാഹിത്യപോഷണത്തിൽ താല്പൎയ്യ
മുള്ള ഏവൎക്കും ഈ പ്രസ്ഥാനവുമായി കൂടുതൽ
പരിചയിക്കുവാൻ സൌകൎയ്യപ്പെടുന്നതായിരി
ക്കും. കേരളത്തിലെ ഓരോ കരയിലും വിദ്യാ
ലയങ്ങളെപ്പോലെ ഗ്രന്ഥശാലകളും വളർന്നു
വരത്തക്കവണ്ണം സ്വാതന്ത്ര്യം നഷ്ടപ്പെടാതെ
ഗവർമ്മെണ്ടിൽനിന്നു ധനസഹായം ലഭിക്കു
വാൻ പൊതുജനാഭിപ്രായം പ്രബലപ്പെടുത്തു
ക; ഗ്രന്ഥാലയപ്രസ്ഥാനത്തെ സംബന്ധിച്ചു്
അത്യാവശ്യമായ ചില പുസ്തകങ്ങൾ ഒട്ടും താ
മസിയാതെ പുറത്തിറക്കുക; മററു സംസ്ഥാന
ങ്ങളിൽ ഉള്ള രീതിയിൽ ഗ്രന്ഥശാലാപ്രവൎത്ത
കന്മാൎക്കു പ്രത്യേകം പരിശീലിക്കുന്നതിനു
സൌകൎയ്യങ്ങൾ ഏൎപ്പെടുത്തുക; സംഘംവക
ഒരു ത്രൈമാസികമെങ്കിലും കഴിയുന്ന വേഗം
തുടങ്ങുക; പ്രധാന നഗരങ്ങളിൽ കേന്ദ്ര ഗ്ര
ന്ഥാലയങ്ങളും, നാട്ടിൻപുറത്തുകാൎക്കു വേണ്ടി സഞ്ചാര ഗ്രന്ഥാലയങ്ങളും ആരംഭിക്കുവാൻ സഹായിക്കുക—ഇവയെല്ലാം കേരളഗ്രന്ഥാലയത്തിൻെ ഉദ്ദേശങ്ങളിൽ ഉൾപ്പെടും.

## VIII

### ഉപസംഹാരം

സ്വാതന്ത്ര്യഭാരതത്തിൽ പ്രബുദ്ധ കേരളത്തിനു തീൎച്ചയായും മാന്യമായ ഒരു സ്ഥാനമുണ്ടായിരിക്കും. ബുദ്ധിശക്തി, ദേശഭക്തി, ത്യാഗശീലം ഇവകൊണ്ടു മഹനീയമായ ഒരു പാരമ്പൎയ്യം നമുക്കുണ്ടു്. നാം ഒന്നുണൎന്നു പ്രവൎത്തിച്ചാൽ ഒരു കേരളസൎവ്വകലാശാലയും ഒരു കേരളസംസ്ഥാനവും സ്ഥാപിക്കുവാൻ നമുക്കു നിഷ്പ്രയാസം സാധിക്കും. ഈ വഴിക്കെല്ലാം ആന്ധ്രദേശക്കാരുടെ നേട്ടങ്ങളും പ്രയത്നങ്ങളും നമുക്കു് ഒരു മാതൃകയായിരിക്കേണ്ടതാണു്. ഇങ്ങിനെ കേരളസംസ്കാരത്തെ പോഷിപ്പിക്കുവാനുള്ള സംഘടിത പരിശ്രമത്തിൽ വലിയ ഒരു പങ്കു വഹിക്കുവാൻ കേരളഗ്രന്ഥാലയസംഘത്തിനു സാധിക്കും. അതുകൊണ്ടു കേരളത്തിനു ശോഭനമായ ഒരു ഭാവിയെ കാംക്ഷിക്കുന്ന ഏവരും—സ്വാതന്ത്ര്യവും സൌഖ്യവും നിറഞ്ഞ ഒരു സമുദായവ്യവസ്ഥയ്ക്കായി കൊതിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന ഏവരും--ഈ പ്രസ്ഥാനത്തിനു അതൎഹിക്കുന്ന രീതിയിൽ സഹായസഹകരണങ്ങൾ ചെയ്തുതരുവാൻ സാദരം അപേക്ഷിച്ചുകൊള്ളുന്നു.


# കാശ്രൂരൂപങ്ങൾ

## റോൾഡ്ഗോൾഡിലും, തനി വെള്ളിയിലും.

ഏതു ഫാഷനിലും മൊത്തമായും ചില്ലറയായും വില്പനയ്ക്കു തയ്യാർ

(കൂടുതൽ വിവരത്തിനു സ്റ്റാമ്പുസഹിതം അപേക്ഷിക്കുക)

**Manufacturers::**

**THE KRISHNA PIN COMPANY,**

Rolled Gold Jewelleries,

**KOTTAYAM, TRAVANCORE.**

# അശ്രുവർഷം

(നാലാങ്കൽ കൃഷ്ണപിള്ള, എം.എ., എൽ.റ്റി.)

പൊറവുവീണപ്പോഴെന്നീ
ഞങ്ങളെവെടിഞ്ഞിത്ര
പെട്ടെന്നുവിണ്ണേറുവാൻ
മൂലമെന്തെന്നാത്മജേ!
ഇത്രമേൽനാരകീയ
മായെന്തോതോന്നിപ്പോയോ
ഇദ്ധര,പാവനത്വം
കലർന്നനിൻകണ്ണിന്നു്?
എരിവെയ്‌ലിവിടത്തി
ലത്രമേൽപെയ്യുന്നുണ്ടോ
പരിപേലവമാംനി-
ന്നംഗങ്ങൾനീറുംമട്ടിൽ?
നരജീവിതത്തിനോ
ടിത്രമേൽവെറുപ്പേറാൻ
തനയേ, മൂലമെന്തെ
ന്നൊന്നോടുചൊല്ലീടുമോ?
വാനിലെപ്പൈതങ്ങളോ
ടൊത്തുകേളികൾചെയ്യാൻ
ഓടിനീമറഞ്ഞതെ
ന്തിത്രമേൽധിറുതിയിൽ?

... ... ... ...
... ... ...

2 സ്നേഹത്താലുള്ളംതുള്ളും
തായതൻമുഖമൊന്നു
മോഹനേ, നോക്കാതെനീ
മാഞ്ഞതെന്തിതുവിധം?
അകലത്തെങ്ങോ, നിന്നിൽ
സ്വർഗ്ഗീയസുഖംകാണ്മാൻ
അതിയായ്‌ക്കൊതിപൂണ്ടു
ദിനരാത്രങ്ങളെണ്ണും,
നിന്നുടെപിതാവിനെ
യൊരുനോക്കുനോക്കാതെ
മിന്നൽപോലെന്തേ
മറഞ്ഞെൻപ്രിയതനയേ, നീ
പാവയുംകളിക്കോപ്പും
നിനക്കുനൽകീടാനും
പാട്ടുകൾപാടിനിന്നെ
ത്തൊട്ടിലിലാട്ടീടാനും,
പൂവുപോൽസുകുമാര
മായകാലുകൾനീട്ടി
താവുമൗത്സുക്യത്തോടെ
നിന്നെ, ഹാ, കിടത്താനും,
അമ്മതന്നുദരത്തിൽ
നീകിടക്കുമ്പോൾമുതൽ
ഉണ്മയിൽനിന്നെകൊഞ്ചി-
ച്ചീടുവാൻകൊതിയാർന്നും,
നിന്നാഗമോത്സവത്തെ
കാത്തൊരെ'ക്കുഞ്ഞേട്ടനെ'
തന്നെയും മറന്നെന്തേ,
സ്വപ്നംപോൽമറഞ്ഞുനീ?

... ... ... ...
... ... ...

3 ഞങ്ങളെന്തുചെയ്തിടും?
ഞങ്ങളാലെന്തുചെയ്യാം?
കണ്ണീരിൽമുഴുകുവാൻ
പിറന്നോരല്ലോമർത്ത്യർ!!

# 'മറയന്മിടുക്കന്മാർ'

(ഈ. എം. കോവൂർ ബി.ഏ., ബി.എൽ.)

യുദ്ധംമൂലം സകലത്തിനും ക്ഷാമമായെങ്കിലും വിഢികൾക്കും മറയന്മാർക്കും യാതൊരു ക്ഷാമവും ഈശ്വരകൃപയാൽ ഉണ്ടായിട്ടില്ലെന്നാണ് അറിയാവുന്നവർപറയുന്നത്. കമ്പനിയിൽ ചേരുന്ന വിഢികൾ, കച്ചേരി നിരങ്ങുന്ന വിഢികൾ, തങ്ങളുടെ പ്രണയഭാജനങ്ങൾ മാത്രം അക്ഷയസൌന്ദര്യത്തിന്റെ നികേതനങ്ങളായി ശേഷിക്കുമെന്നു വിചാരിച്ചു സ്വപ്നം കാണുന്ന വിഢികൾ, എന്നുവേണ്ടാ നാനാതരവിഢികളുടെയും ഒരു പൂരക്കാലമാണ് ഇക്കാലം. ഇരുന്ന കൊമ്പു മുറിച്ച കാളിദാസൻ ഇവരുടെയെല്ലാം ഒരു വലിയമ്മാവൻ മാത്രമായിരുന്നു.

മിടുക്കന്മാരും ഇപ്പോൾ ധാരാളമുണ്ട്. എന്നെ വലിച്ചിഴച്ച് ഇൻഷുവറൻസിൽ ചേർത്ത ആ ഏജൻറും, ബ്രിട്ടീഷിൽനിന്നും ഉള്ളി വരുത്തി പെരുത്ത ഒരു ലാഭമെടുത്ത ആ കച്ചവടക്കാരനും മിടുക്കരല്ലെങ്കിൽ പിന്നെ ആരാണ് മിടുക്കന്മാർ? റോമലിനെ പൂട്ടിയ മോണ്ട്ഗോമറിക്കും, ഹിററ്ലറിന്റെ സകല കണക്കുകൂട്ടുകളും അടിപടലയായി പിണക്കിയ ചർച്ചിലും സമർത്ഥന്മാരല്ലെങ്കിൽ വേറെ സമർത്ഥന്മാരെവിടെ. ഇങ്ങനെ നോക്കിയാൽ നിസ്സാര മിടുക്കന്മാർ, അര മിടുക്കന്മാർ, കല്ലു വെച്ച മിടുക്കന്മാർ, വീട്ടുമിടുക്കന്മാർ, ലോകമിടുക്കന്മാർ എന്നിങ്ങനെ അനേക തരം മിടുക്കന്മാരുണ്ടെന്നു കാണാം.

ഇനിയും മൂന്നാമതൊരു തരക്കാരുണ്ട്. ഇവരെ 'മിടുക്കൻ മറയന്മാർ' എന്നു ഞാൻ വിളിക്കും. ഇവരെ തിരിച്ചറിവാൻ യാതൊരു പ്രയാസവുമില്ല. ഇവരുടെ കഥ സൂക്ഷിച്ചാൽ ഉത്സവങ്ങൾക്കു വിടപ്പെടുന്ന വാണങ്ങളുടെ കഥയായിരിക്കും. ഇവരുടേതു്. എരപ്പും തീയും പുകയുമായി കാഴ്ചക്കാരുടെ അഭിനന്ദനാഘോഷങ്ങളുടെ മദ്ധ്യേ അവ അന്തരീക്ഷത്തിലേക്ക് ആദ്യം ചീററിക്കയറുന്നു. സൌമ്യമുഖിയായ ചന്ദ്രബിംബത്തെ സ്ഥാനഭ്രഷ്ടയാക്കുമൊ എന്നുകൂടെ നാം അല്പനേരത്തേക്കു സംശയിച്ചുപോകുന്നു. സകലരുടേയും കണ്ണു മഞ്ചിക്കുന്നു. ശബ്ദകോലാഹലംകൊണ്ട് അന്തരീക്ഷം നിറയുന്നു. പക്ഷെ കുറെ കഴിയുമ്പോൾ വേഗത കുറഞ്ഞു് പുക നശിച്ച് തീയടങ്ങി, ആ വാണക്കുററികൾ വല്ല ഓടക്കുഴിയിലും പതിക്കുന്നു. ഇതു തന്നെയാണ് മിടുക്കന്മറയന്മാരുടെയും ഗതി. കുറച്ചു കാലത്തേക്കു വലിയ ഓശ. വലിയ സമൃദ്ധി. വലിയ ഒച്ചപ്പാട്. അതുകഴിഞ്ഞു് ഒന്നുമില്ല. അങ്ങേ അററമായാൽ ഒരു നിൽനഹർജി. ജർമ്മൻ കൈസരും, മുസ്സോളിനിയും, അമാനുള്ളാഖാനുമെല്ലാം ഇക്കുടുംബത്തിലെ മുഖ്യ അംഗങ്ങൾ.

ഇനിയും വേറൊരു കൂട്ടരുണ്ട്. അവരെപ്പററിയാണ് എനിക്കു പറവാനുള്ളതു്. അവരെപ്പററിയാണ് നിങ്ങളറിവാനുള്ളതു്.

വളരെക്കുറെ "മറയന്മിടുക്കന്മാർ". ലോകദൃഷ്ടിയിൽ അവരെപ്പോലെ വിഢികൾ വേറില്ല. നമ്മുടെ മാനദണ്ഡങ്ങളും മുഴക്കോലുകളുമല്ല അവരുടേതു്. നമ്മുടെ ചട്ടക്കൂട്ടുകളിലെങ്ങും ഒതുങ്ങാത്ത കുറെ വിചിത്രവിഢികൾ. ഉത്തരധ്രുവത്താദ്യമായി കാൽ കുത്തുവാനുള്ള ശ്രമത്തിൽ തണുത്തു മരവിച്ചു വെറുതെ മരിക്കുന്നവർ. എവറസ്റ്റിന്റെ അഗ്രത്തിൽ തൊടുവാൻ വെമ്പി അകാലമരണം പ്രാപിക്കുന്നവർ. സ്വ

# ഇന്നത്തെ കവികൾ

എം. പി. അപ്പൻ, എം. എ., എൽ. ററി.

(കാകളി)

പേരാർന്നപേനതൻതുമ്പിനാലൂഴിയെ
ന്നൂറാണ്ടുദൂരംപുരോഗമിപ്പിക്കുവാൻ
ഒററനിമേഷമേവേണ്ടുനിങ്ങൾക്കു ഹാ!
സത്യതേജസ്സിൻെറ നിത്യസൂനങ്ങളേ.
ജീവരക്തത്തിൻെറതീക്ഷ്ണബിന്ദുക്കളാൽ
ഭാവനാസൗധംപണിയുംപ്രഗത്ഭരേ,
സ്രഷ്ടാവിനേയും തിരുത്തുന്നരീതിയിൽ
സൗഷ്ഠവം നിർമ്മിച്ചുവാഴും വിദഗ്ദ്ധരേ,
സ്വാതന്ത്ര്യധീരഭടാഗ്ര്യരാം നിങ്ങൾക്കു
സ്വാച്ഛന്ദ്യസാമ്രാജ്യനാഥരാം നിങ്ങൾക്കു
കഷ്ടം! വയറിൻെറ തീയൊന്നണയ്ക്കുവാ-
നിററിററുവീഴുന്നകണ്ണുനീർത്തുള്ളിയോ?
നിർദ്ദയം നിങ്ങളെ പുച്ഛിച്ചുതള്ളുന്നു
നിഷ്ഠുരനീചമാംലോകമിന്നെങ്കിലും
നാളെനിങ്ങൾക്കഹോ! സ്മാരകംനിർത്തുവാൻ
നീളെനടന്നുമുഴക്കും പെരുമ്പറ.

ഇന്നല്ലപണ്ടുമീവൈപരീത്യങ്ങളീ
മന്നിടം കണ്ടതാണോർമ്മിച്ചുനോക്കുകിൽ
ഹാ! കടുംചോരക്കണ്ണീരാൽക്കുറിച്ചതാം
ലോകചരിത്രത്തിലീവിധം ദുഷ്കൃതം
സംഗീതസാഹിത്യസാരാമൃതത്തിനാൽ
ഭംഗേതരാനന്ദമേകും സുകൃതികൾ
ഓർക്കുന്നതില്ലവരേററം രസിക്കുന്ന
സൽക്കലാസൃഷ്ടികൾക്കെല്ലാം പുറകിലായ്
ചുററുപാടിൻപരുക്കേററുപിടച്ചു ഹാ!
പൊട്ടിത്തകർന്നഹൃദന്തങ്ങൾനില്പതായ്.
കാഞ്ചനവല്ലിയാംകാവ്യാംഗനാമണി
കാശുകണ്ടെത്തുന്നവേശ്യയല്ലെങ്കിലും
വാസനാശാലിയാമേതുകവീന്ദ്രനും
വായും വയറുമുണ്ടെന്നാരറിയുവാൻ!

---

രാജ്യത്തിനു വേണ്ടി ആനന്ദഭവനം സ്വരാജ്യഭനമാക്കി തീർക്കുന്നവർ. പേപ്പട്ടിവിഷത്തിനുള്ള ചികിത്സ കണ്ടുപിടിക്കുവാൻ പേപ്പട്ടിവിഷം സ്വന്തംരക്തത്തിൽ കലർത്തുന്നവർ. രാജ്യങ്ങൾ, സാമ്രാജ്യങ്ങൾ ഇവ തൃണംപോലെ വലിച്ചെറിയുന്ന ഗൗതമന്മാർ, എഡ്വാർഡ് എട്ടാമന്മാർ.

ദാരിദ്ര്യം സ്വയം സ്വീകരിച്ച വിശുദ്ധ അസ്സീസിയിലെ ഫ്രാൻസിസും, കഥ വായിച്ചാൽ കണ്ണു നിറയ്ക്കുന്ന കുഷ്ഠരോഗിയായ ഫാദർ ഡാമിയനും, മരണംവരെ വിശ്വസ്തതയോടെ വർത്തിച്ച നഴ്സ് ഇഡിത്ത് കേവലും ഡാക്ടർ സോമർവെല്ലും എല്ലാം ഇത്തരം വിഡ്ഢികളുടെ മുന്നണിയിൽ നില്ക്കുന്നവരത്രെ.

ക്രിസ്തുവിൻെറ ശിഷ്യന്മാരത്രെ ഇവരിൽ അഗ്രഗണ്യർ. സകലതും ഉപേക്ഷിച്ച് യാതൊന്നുമല്ലായിരുന്ന ആ ഗലീലായക്കാരൻെറ പിന്നാലെ ഇറങ്ങിപുറപ്പെട്ട അവരെപ്പോലെയുള്ള വിഡ്ഢികളെ ഒററനോട്ടത്തിൽ എവിടെ കാണാൻ കിട്ടും. പുഞ്ചിരിയോടെ ജീവൻകൂടെ ത്യജിച്ച സെൻറ് പോളിനെപ്പോലെ വേറൊരു മിടുക്കൻമഠയനെ എവിടെ ലഭിക്കും. അങ്ങനെ എത്ര എത്ര ആയിരങ്ങൾ.

മഠയന്മിടുക്കന്മാരുടെ മാനദണ്ഡങ്ങൾ നമ്മുടേതല്ല. ലോകാഭിപ്രായത്തെപ്പററി അവരരു കാര്യമായി ചിന്തിക്കുന്നില്ല. ഏതെങ്കിലും ഒരു വലിയ ദർശനത്തിൻെറ—ആദർശത്തിൻെറ—പിടിയിൽപെട്ട മററു സകലതും മറന്നിട്ടുള്ളവരത്രെ അവർ. ഇത്തരം മഠയന്മാരെ സൃഷ്ടിച്ചിട്ടുള്ളവരിൽ അഗ്രഗണ്യൻ ക്രിസ്തുവാണെന്ന് നിഷ്പക്ഷബുദ്ധികൾ സമ്മതിക്കും.

ഇത്തരം മഠയന്മാരെ നമുക്കു ധാരാളമായി വേണ്ടിയിരിക്കുന്നു. ഒരു ഗൃഹമോ, താലൂക്കോ രാജ്യമോ, രാഷ്ട്രമോ ഉയരുവാൻ ഇത്തരം മഠയന്മാർ സമൃദ്ധിയായി ഉണ്ടാകേണ്ടതത്യാവശ്യമത്രെ. സകലതും മറന്ന് ഒരാദർശത്തിനുവേണ്ടി ഇരമ്പിപായുന്ന ഇത്തരം മഠയന്മാരത്രെ ഇൻഡ്യയുടെ ഇന്നത്തെ ഏററവും വലിയ ആവശ്യം.

# രാഷ്ട്രീയ സ്വാതന്ത്ര്യവും മർദ്ദനവും.

(കെ. പി. ശങ്കരമേനോൻ ബി. എ; ബി. എൽ.)

ഏതൊരു രാജ്യത്തിൽ പരമാധികാരം അനിയന്ത്രിതമായും, മറെറാരു അധികാരത്തിനും ശക്തിക്കും യാതൊരുവിധത്തിലും കീഴ്പ്പെടാതെയും സ്ഥിതിചെയ്യുന്നുവൊ, ആ രാജ്യത്തിൽ യഥാൎത്ഥമായ രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ടു് എന്നുവേണമെങ്കിൽ പറയാം. പരമാധികാരം സ്ഥിതിചെയ്യുന്ന സ്ഥാപനം ഏതു രീതിയിൽ ഉള്ളതായിരിക്കണം എന്നതിനേപററി യാതൊരു ക്ലിപ്ത വ്യവസ്ഥയും ഇല്ല. അതു ചിലപ്പോൾ ഏകവ്യക്തിയിലോ, മററു ചിലപ്പോൾ ഏതാനും ചില വ്യക്തികളിലോ, ഒരു സമൂഹത്തിലൊ തന്നെ സ്ഥിതി ചെയ്യുന്നുവെന്നു വന്നേക്കാം. പരമാധികാരം കൈകാൎയ്യം ചെയ്യുന്ന ഘടകത്തിന്റെ രൂപമല്ലാ കാൎയ്യമായി കണക്കാക്കിവരുന്നതു്. നേരെമറിച്ചു് ആ അധികാരത്തിന്റെ സത്തയേയാണു്.

സ്വാതന്ത്ര്യം എന്ന പദം എല്ലാ ഭാഷകളിലും, വിവിധങ്ങളായ വ്യാഖ്യാനങ്ങൾക്കു് വിധേയമായിട്ടുണ്ടു്: ആധുനികകാലത്തെ പരിഷ്കാരത്തിൽ, ഒരു വ്യക്തിയുടെ ആഹ്ലാദാനന്ദങ്ങൾ അയാൾക്കു് അനുഭവിക്കുന്നതിനു വിഘാതം വരുത്താത്ത ഒരവസ്ഥയെയാണു് പ്രൊഫസർ ലാസ്കി സ്വാതന്ത്ര്യം എന്ന വാക്കിനാൽ ഒരിക്കൽ വിവക്ഷിച്ചിട്ടുള്ളതു്. അഭിപ്രായാവിഷ്കരണസ്വാതന്ത്ര്യം വ്യക്തികൾക്കു് നൾകാത്ത രാഷ്ട്രങ്ങളിൽ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ കണികപോലും ഉള്ളതായി ഗണിക്കാൻ പാടില്ലെന്നും അദ്ദേഹം സിദ്ധാന്തിച്ചിട്ടുണ്ടു്. അതുപോലെതന്നെ അധികാരവൎഗ്ഗത്തിൽനിന്നും പുറപ്പെടുന്ന ഒരഭിപ്രായത്തിന് ഒരു സമുദായത്തിലെ സാമുദായികമായ ആചാരങ്ങളേയും, ശീലങ്ങളെയും അവ യുക്തിയുക്തങ്ങളോ മറിച്ചോ എന്നു വിചിന്തനം ചെയ്യുവാൻ കൂടി ഇടകൊടുക്കാതെ മാററാൻ തക്ക ശക്തിയുണ്ടെങ്കിൽ തീൎച്ചയായും അപ്രകാരമുള്ള ഒരു സമുദായത്തെ ഒരു സ്വതന്ത്ര സമുദായമായും കണക്കാക്കാൻ പാടുള്ളതല്ല.

രാഷ്ട്രീയസ്വാതന്ത്ര്യമുള്ള ഒരു സമുദായത്തിൽ എന്നും വ്യക്തികൾ തമ്മിൽ സമത്വമുണ്ടായിരിക്കണം. സമത്വമില്ലാത്ത സമുദായഘടനകളിൽ, അവയിലെ അംഗങ്ങളായ വ്യക്തികൾ എല്ലായ്പോഴും സാധാരണരേക്കാൾ ഉയൎന്ന നിലയിൽ സ്ഥിതി ചെയ്യുന്ന വ്യക്തികളുടെ അവസ്ഥയിലേക്കു് ഉയരുവാൻ ശ്രമിക്കുന്നു. ഈ ശ്രമത്തിൽ അവർ എല്ലായ്പ്പോഴും തടയപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ സാധാരണരേക്കാൾ ഉയൎന്ന നിലയിലുള്ളവർ ആയിരിക്കും ആ സമുദായത്തിന്റെ നേതാക്കന്മാർ. അവൎക്കു സാധാരണക്കാർ തങ്ങളോടു് ഒപ്പം ഉയൎന്നുവരുന്നതു കണ്ടു മിണ്ടാതെയിരുന്നു് അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടതായ സഹിഷ്ണുത സാമാന്യേന കുറവുമാണു്. വിവിധ നിലകളിലും, സ്ഥിതികളിലും വൎത്തിക്കുന്ന വ്യക്തികളെക്കൊണ്ടു നിറഞ്ഞ ഒരു സമുദായത്തിൽ, അതായതു് "ഉള്ളവരും" "ഇല്ലാത്തവരും" വളരെ ഇടകലൎന്നു ജീവിക്കുന്ന ഒരു സമുദായത്തിൽ, സ്വാതന്ത്ര്യം—അതായതു് അനിഷേദ്ധ്യമായ രാഷ്ട്രീയസ്വാതന്ത്ര്യം ദൃശ്യമാകുവാൻ വളരെ പ്രയാസമാണു്. അതിനേക്കാൾ പ്രയാസമായിരിക്കും അതു് അനുഭവപ്പെടാനും. ഒരുപക്ഷെ ഈ തത്വത്തെ അടിസ്ഥാനമാക്കി തന്നെയായിരിക്കാം ഇംഗ്ലണ്ടിലെ ഒരു വൻപി

ച്ച രാഷ്ട്രീയനേതാവായിരുന്ന ഡിസ്റേലി—
സീക്കൺസ്ഫീൽഡ് പ്രഭു.—ധനവാന്മാരും
നിർധനന്മാരും ഒരു രാജ്യത്തുണ്ടെങ്കിൽ യഥാ
ർത്ഥത്തിൽ അതിനെ രണ്ടു രാജ്യങ്ങളായിത്ത
ന്നെയാണ് കണക്കാക്കേണ്ടതു് എന്നർത്ഥം വര
ത്തക്ക വിധത്തിൽ അഭിപ്രായപ്പെട്ടതു്. പണ
മില്ലാത്തവരുടെ സംഘടനകൾക്കു് വിജയം
പ്രാപിക്കുന്നതിനു അടിമകൾക്കു സ്വാതന്ത്ര്യം
കൈവരുന്നതിനു വേണ്ടിവരുന്നതുപോലെ ത
ന്നെയുള്ള പ്രയത്നങ്ങളാണ് വേണ്ടിവരുന്നതെ
ന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്.

പൂർണ്ണരാഷ്ട്രീയസ്വാതന്ത്ര്യം ഇല്ലാത്തരാജ്യ
ങ്ങളിലാണ് മർദ്ദനം വളരെ കൂടുതലായി പ്രത്യ
ക്ഷപ്പെട്ടു കാണാറുള്ളതു്. എന്തെന്നാൽ രാ
ഷ്ട്രീയസ്വാതന്ത്ര്യം വ്യക്തികളുടെ സംരംഭ
ങ്ങളെ നിയന്ത്രിക്കുന്നതിന് ഉപയോഗപ്പെടു
ന്നു. അതായതു് അധികാരവർഗ്ഗത്തിന്റെ സെ
ഡിഷൻ നിയമങ്ങൾപോലെയുള്ള മർദ്ദനോപ
കരണയന്ത്രങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ശ
ക്തികൂടി രാഷ്ട്രീയസ്വാതന്ത്ര്യമുള്ള രാജ്യങ്ങ
ളിൽ സാധാരണക്കാർക്കോ അവരുടെ പ്രതിനി
ധി സംഘങ്ങൾക്കോ കാണും. അധികാരം
ചെലുത്തുവാൻ ഇഷ്ടമില്ലാത്ത മനുഷ്യൻ ലോ
കത്തിലില്ല. ജന്മനാതന്നെ മനുഷ്യനിൽ ഉ
ണ്ടാകുന്ന ഈ ആസക്തിയെ കടിഞ്ഞാൺ
ഇട്ടുപിടിച്ചുനിയന്ത്രിക്കുന്നതിനു രാഷ്ട്രീയസ്വാ
തന്ത്ര്യം ആവശ്യമാണ്.

രാഷ്ട്രീയമർദ്ദനങ്ങൾ സഹിക്കുവാൻ ഇടവന്നി
ട്ടുള്ള രാജ്യങ്ങളിലെ ചരിത്രങ്ങൾ എല്ലാം ത
ന്നെ ഒരു കാര്യം വ്യക്തമാക്കുന്നുണ്ടു്. അതു്
മർദ്ദനകർത്താവിനെ, അവന്റെ നിലതാഴ്ത്തി അ
പമാനിതനാക്കുന്നു. മർദ്ദിതന്മാർക്കാകട്ടെ, അവ
രുടെ അവകാശവാദങ്ങൾക്കു കൂടുതൽ പ്രചാ
രവും ശ്രദ്ധയും നൽകി അവരുടെ ആദർശ
ങ്ങൾക്കു കൂടുതൽ പ്രശസ്തിയും, മേന്മയും ശ
ക്തിയും പ്രദാനം ചെയ്യുന്നു. ലാസ്കിതന്നെ
ഒരിടത്തു പ്രസ്താവിക്കുന്നുണ്ടു്.– "പുതുമകളോ
ടു് ഇടപെടേണ്ടതു് അവയെ മനസ്സിലാക്കി
ക്കൊണ്ടാണ്. അതുപോലെതന്നെ ഒരു സ
ങ്കടത്തെപ്പററി അന്വേഷിക്കുവാൻ ഇടവരു
മ്പോൾ ചെയ്യേണ്ടതു് അതിനു കാരണമാക്കി
യ പരിതസ്ഥിതികളെപ്പററി അന്വേഷിച്ചു്,
അവയെ ബീജാവാപം ചെയ്ത ഘടകങ്ങളെ
നിർമ്മാർജ്ജനം ചെയ്യുകയാണ്............

ഈ തത്വങ്ങൾ എന്നും എല്ലാവരാലും
ദരണീയങ്ങളാണെങ്കിലും, അവ ഓരോ തല
റയുടെ കാലത്തും പുനരാവർത്തനം ചെയ്തു
ണകർത്താക്കന്മാരെ പഠിപ്പിക്കേണ്ടിയിരി
ന്നു. നാം ഇന്നു് ഒരു രംഗത്തിൽ സഹിഷ്ണു
പ്രദർശിപ്പിക്കുന്നുവെങ്കിൽ മറെറാരു രംഗ
അതു പ്രദർശിപ്പിക്കുവാൻ തയ്യാറല്ല. മ
കാര്യങ്ങളിൽ നാം സഹിഷ്ണുത കാണിക്കാ
തയ്യാറാണെങ്കിൽ രാഷ്ട്രീയകാര്യങ്ങളിൽ ന
അതിനു തയ്യാറല്ല." ഓരോ കാലത്തിന്
അക്കാലത്തെ പരിതസ്ഥിതികളിൽനിന്നും
ത്തെടുത്ത ഓരോ ആദർശവിഗ്രഹങ്ങൾ ഉണ്
അതിന്റെ ആരാധകന്മാർ അതിനെ പൂജി
വാൻ ശ്രമിക്കുന്നു. ആ ആദർശവിരോധിക
ആ വിഗ്രഹത്തെ അടിച്ചുടയ്ക്കുവാൻ ആഗ്രഹ
ക്കുന്നു. രണ്ടാമത്തെ കൂട്ടർ മിക്കപ്പോഴും
ർവ്വകാലപ്രിയന്മാർ ആയിരിക്കും.

ഈ പൂർവ്വകാലപ്രിയന്മാരാണ് പലപ്പോ
മർദ്ദനപ്രിയന്മാരായും പ്രത്യക്ഷപ്പെടാറുള്ള
പുരോഗതി വിപ്ലവം മുതലായതു് അവരു
ആജീവനാന്തശത്രുക്കളായിട്ടാണ് അവർ
ണിക്കുന്നതു്. പുതിയ സംരംഭങ്ങളെ ഇ
കാരം മർദ്ദിച്ചു് അടക്കി ഒതുക്കുവാൻ സാധി
ന്നവർക്കു രണ്ടു കാരണവശാൽ ആത്മസംതൃ
ക്കും അവകാശമുണ്ടാകും എന്നാണ് പ്രൊ
സർ ലാസ്കി അഭിപ്രായപ്പെടുന്നതു്. ഒന്നാ
മത്തേതു തങ്ങളുടെ അധികാരം സ്ഥാപിക്കു
തിനു സാധിച്ചുവെന്നുള്ള ആത്മപ്രശംസാ
രമായ സംതൃപ്തി. മറെറാന്നു തന്റെ എ
രാളികളെ സത്യം ദർശിക്കുന്നതിന്—അവ
ഇഷ്ടമുണ്ടെങ്കിൽ—താൻ കാരണമാക്കിയെ
സംതൃപ്തി.

രാഷ്ട്രീയാദർശങ്ങളാൽ ആകർഷിതരായ
ക്കും, ചില മതഭ്രാന്തന്മാരെപ്പോലെതന്നെ
ള്ള ഒരു മനഃസ്ഥിതി കാണാറുണ്ടു്. ചില ര
ഷ്ട്രീയാദർശങ്ങൾക്കു, മത തത്വങ്ങളെപ്പോലെ
തന്നെ മനുഷ്യരെ ആകർഷിക്കുന്നതിനു വലി
ഒരു ശക്തിയുള്ളതായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്
മതത്തെ പ്രചരിപ്പിക്കുന്നതിനു മദ്ധ്യകാല
ളിൽ കൈക്കൊണ്ട വിദ്യകളിൽ പലതും പ
ൻകാലത്തു രാഷ്ട്രീയവും, സാമ്പത്തികവുമാ
ചില സിദ്ധാന്തങ്ങളുടെ പ്രചരണാർത്ഥം ന

# കേരളവും ചിന്തയും

( വക്കം എം. അബ്ദുൽഖാദർ )

എത്ര വലിയ വന്താന്മാരെയും വലിയ ചിന്തകന്മാരും സാഹിത്യകാരന്മാരുമാക്കുന്ന ഒരു നാടാണ് കേരളം. ഒരേ കാലത്ത് ആറോ ഏഴോ മഹാകവികൾ ഇവിടെ ജീവിച്ചിട്ടുണ്ട്! കൊലപ്പാട്ടും പൂരപ്പാട്ടും എഴുതിയിട്ടുള്ളവരിൽ ആരെങ്കിലും കവിയാവാതെ പോയിട്ടുണ്ടെങ്കിൽ അവർ കൊച്ചുവന്താന്മാരായിരിക്കും. നാൽക്കാലിജന്തുക്കളെ നാം കവികളാക്കാതെ വിടുന്നതുകൊണ്ട് അവയ്ക്കു ബുദ്ധിയുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പോത്ത് അല്പം നേത്രസഞ്ചാരത്തിൽ കരഞ്ഞാൽ ആ ജന്തുവിനെ നാം കവിയാക്കും. കവിയാവാതെതന്നെ മഹാകവിയാവാൻ നമ്മുടെ നാട്ടിൽ വേണ്ട സുഖസൗകര്യങ്ങളുണ്ട്. കുറഞ്ഞ പക്ഷം ഇത്ര വിഡ്ഢിത്തങ്ങൾ ചെയ്താലെ മഹാകവിയാകയുള്ളു എന്ന് നാം മുൻപൊരേർപ്പാട് വെച്ചിരുന്നു. വാസനയും കഴിവുകളുമല്ല, ഭാഗ്യമാണ് പ്രായേണ കേരളത്തിൽ മഹാകവികളെ സൃഷ്ടിക്കുന്നത്.

ജാതി മത മാത്സര്യത്തിന്റെ മത്തടിക്കുന്ന കേരളത്തിൽ വിധിവൈപരീത്യത്താൽ മഹാകവികളെ കിട്ടാത്ത ജാതിക്കാരുമുണ്ട്! ഇവിടത്തെ ജാതിവഴക്കും ജാതിസ്പർദ്ധയും ഒന്നുകൂടി മൂത്താൽ മഹാകവിയാവാതെ മാറിനിൽക്കാമെന്ന് ആരും ആശിക്കേണ്ടാ. ഓരോ അടിവെക്കുന്തോറും ഓരോ മഹാകവിയെ മുട്ടിക്കഷ്ടപ്പെടുന്ന ഒരു കാലം നമുക്കുണ്ടാവാതെയിരിക്കട്ടെ.

വ്യക്തിത്വമുള്ളവന് ജീവിക്കുവാൻ, വളരുവാൻ കേരളത്തിൽ സ്ഥലമില്ല, സൗകര്യമില്ല. കിറുക്കന്മാരാവാതെ ഇവിടെ ആർക്കും ചിന്തിക്കുന്നവനായും അറിയുന്നവനായും കഴിഞ്ഞുകൂടുക അസാദ്ധ്യമാണ്. നല്ല കിറുക്കനായ ഒരു കവി കേരളത്തിൽ പിറന്നിട്ടുണ്ടോ? കവികളെപ്പററി പൊതുവെ പറയുകയാണെങ്കിൽ അവർ വികാരം കൊള്ളുന്നവരല്ലാതെ അറിവിനേയും വിചാരത്തേയും കൊള്ളുന്നവരല്ല. "കവികൾ പഠിക്കുന്ന കൂട്ടത്തിലല്ല; അവർ വ്യുൽപത്തിയിൽ മോശക്കാരാണ്. അവർ അഗാധമെന്നു തോന്നപ്പെടാവുന്ന തങ്ങളുടെ ജലത്തിൽ ചണ്ടി കലക്കുന്നവരാണ്. ഒരു കവി നിരർത്ഥകത(Vanity)യുടെ കടലാകുന്നു" എന്ന നീററ്ഷിന്റെ അധിക്ഷേപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ ശേഷിയുള്ള എത്ര കവികൾ കേരളത്തിലുണ്ട്? അറിയാതെയും ചിന്തിക്കാതെയും കവിതയെഴുതുന്നവനെ കവിയെന്നല്ല പാട്ടെഴുത്തുകാരനെന്നു വേണം വിളിക്കേണ്ടത്. മുണ്ടുടുക്കുന്നവരെയെല്ലാം നാം മനുഷ്യരെന്നു കരുതുന്നതുപോലുള്ള അബദ്ധമാണ് കവിതയെഴുതുന്നവരെയെല്ലാം കവികളാ-

ത്തിവരുന്നതിനുള്ള കാരണം ഒരുപക്ഷെ നാം തേടേണ്ടതു് ഈ സാമ്യത്തിൽ ആയിരിക്കാം. വിപ്ളവങ്ങളുടെ ജനനി പലപ്പോഴും മർദ്ദനമാണ്. വിജയകരമായ മർദ്ദനം കുറച്ചു നാളത്തേക്കു ചില പ്രക്ഷോഭണങ്ങളെ നിദ്രയിൽ ലയിപ്പിക്കുവാൻ സമർത്ഥങ്ങളായേക്കാം. എങ്കിലും മർദ്ദനത്തിൽക്കൂടി ഒരു സമുദായത്തെ ഭരിച്ച്,അതിനെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിലേക്കോ, തരുഛായകളിലേക്കോ നയിക്കാൻ കഴിയുമെന്നു വിശ്വസിച്ചു പ്രവർത്തിക്കുന്നവർ, തങ്ങൾ അസന്മാർഗ്ഗികവും, അധർമ്മപരവുമായ ഒരു പദ്ധതിയെയാണ് കൈക്കൊണ്ടതെന്നു അവർ അധികാരവർഗ്ഗത്തിൽ നിന്നും സാധാരണക്കാരായി വേഷം മാറുന്ന അവസരത്തിൽ തീർച്ചയായും മനസ്സിലാക്കാൻ കഴിയുന്നതാണ്. നേരം വളരെ വൈകി പ്രത്യക്ഷപ്പെടുന്ന ഒരു വെളിച്ചം ആണല്ലൊ ഇതെന്നുവച്ച് അവർ ഖേദിക്കുവാനും അന്ന് ഒരുപക്ഷെ ഇടയായേക്കും.

—ഠ—

ളെന്നു വിളിക്കുന്നതിൽ നാം പ്രവൎത്തിക്കുന്നു്. ചിന്തിക്കാത്തവന് കവിയാവാം, എന്നാൽ അവനു മഹാകവിയാവാൻ കഴികയില്ല. ഒരു ചിന്തകൻ അവൻെറ ചിന്തകളെ മധുരമായി മനോഹരമായി പാടികേൾപ്പിച്ചാൽ അവൻ മഹാകവിയാവുന്നു. പറയുക, പാടുക എന്നിവ കൊണ്ടു മാത്രമെ മഹാകവിയേയും ചിന്തകനേയും നമുക്കു വേർതിരിക്കാൻ കഴികയുള്ളു. ചിന്തകൻ വ്യാപരിക്കുമ്പോൾ മഹാകവി മുഴങ്ങുന്നു.

കവികൾ ഉണ്ടാകുന്നതുകൊണ്ടല്ലാതെ ഉണ്ടാക്കപ്പെടുന്നതുകൊണ്ട് വലിയ ഫലമില്ല. ഉണ്ടാക്കപ്പെടുന്ന കവി ദയനീയനാണ് അവനേക്കാൾ ദയനീയനാണു് ഉണ്ടാക്കപ്പെടുന്ന മഹാകവി. ഇവിടെ ജാതി മത സ്പൎദ്ധ അല്പം കുറഞ്ഞിരുന്നുവെങ്കിൽ, നല്ല ചിന്തകൾക്ക് ഇവിടെ മാക്കററുണ്ടായിരുന്നുവെങ്കിൽ കവികളല്ലാത്ത ഇത്ര അധികം കവികൾ ഇവിടെ ഉണ്ടാകയില്ലായിരുന്നു. ഈഴവരുടെ കവി, നായന്മാരുടെ കവി, ക്രിസ്ത്യാനികളുടെ കവി എന്നൊക്കെ വിളിക്കപ്പെടേണ്ടവരാണു് കേരളീയ കവികളിൽ ഭൂരിഭാഗവും.

കേരളത്തിലെ മഹാകവികളിൽ കൂടി നോക്കിയാൽ മഹാകവിസ്ഥാനത്തിന് വലിയ മാററൊന്നും നാം കാണുകയില്ല. മററു രാജ്യങ്ങളിലെ മഹാകവികളെപ്പററി ആരെങ്കിലും പറഞ്ഞുപോയാൽ അവൻെറ മേൽ ഇവിടുത്തെ ഭാഷാഭിമാനികളും ദേശാഭിമാനികളും കൂടി കുതിരകയറും. പമ്പയെക്കാൾ ഗാംഭീൎയ്യമുള്ള നദികളും സഹ്യനെക്കാൾ ഔന്നത്യപ്രഭാവമുള്ള പൎവ്വതങ്ങളും വേമ്പനാട്ടുകായലിനേക്കാൾ വിശാലതയുള്ള ജലാശയങ്ങളും കാണുവാനുള്ള കണ്ണ് കേരളീയനില്ലെന്നോ? ഇന്നും നാം നമ്മുടെ വീടുകളിലും അറകളിലും തന്നെ അടച്ചിരിക്കയാണു്. അവിടെയുള്ളതുകൊണ്ടു മാത്രം നാം തൃപ്തരായിരിക്കയാണു്. വെളിക്കിറങ്ങുവാൻ നാം നാണിക്കുന്നു; പേടിക്കുന്നു. അങ്ങുമിങ്ങും ആരെങ്കിലും വെളിക്കു ചാടിയാൽ അവരെ കൂട്ടത്തിൽ ചേൎക്കാതെ അവരുടെ നേൎക്ക് നാം അയിത്തം ആചരിക്കുന്നു. നാം നമ്മിൽത്തന്നെ അടഞ്ഞിരിക്കുന്നതുകൊണ്ടു് നാം അന്യരെയും അവർ നമ്മെയും അറിയുന്നില്ല. നാം നമ്മേക്കുറിച്ചും അറിയുന്നില്ല. കേരളീയത്വത്തെ മേൽക്കുമേൽ കെട്ടിപ്പടുക്കണമെങ്കിൽത്തന്നെ നാം കേരളത്തിൻെറ അപ്പുറം കാണണം., അറിയണം. വിജ്ഞാനത്തോടും ചിന്തയോടും, അവ ആരുടേതായിരുന്നാലും, നാം തീണ്ടലാചരിക്കരുതു്. അവ ജീവിതമാണു്; ജീവൻെറ ജീവനാണു്. നാം സാഭിമാനം വിചാരിക്കാറുള്ളതുപോലെ പാശ്ചാത്യൻ വെറും പരിഹാസ്യനോ പൌരസ്ത്യൻ ആരാധ്യനോ അല്ല.

ജലബിന്ദുക്കളായിരുന്നാൽ നാം ആഴത്തെ അനുഭവിക്കാതെ അതാതിടങ്ങളിൽ താഴ്ന്നുപോവും. ആഴമുള്ളവരാവാൻ, വ്യാപ്തിയുള്ളവരാവാൻ, കനത്തുമുഴങ്ങുന്ന ഗംഭീരധ്വനിയുള്ളവരാവാൻ നാം തടയപ്പെടാത്ത തരംഗങ്ങളായി അടങ്ങാത്ത അലകളായി വ്യാപരിക്കണം.


കാഞ്ഞിരപ്പള്ളിയിൽ

# സ്വൎണ്ണാഭരണ വ്യാപാരം

പവൻ, സ്വൎണ്ണം, കല്ലുകൾ, ആഭരണങ്ങൾ ഇവ വില്ക്കുകയും,
ഓർഡർ അനുസരിച്ച് ഉത്തരവാദിത്വത്തോടുകൂടി ഏതുതരംആഭരണങ്ങളും പരിഷ്കൃത രീതിയിൽ ചെയ്തുകൊടുക്കുകയും ചെയ്യുന്നതാണു്.

എം. ഇ. അപ്രേൻ, കരിക്കാട്ടുകുന്നേൽ.

# ജീവിതം

(പട്ടം ഗോപാലൻനായർ ബി. ഏ. ബി. എൽ.)

അന്നു, വാസന്തവിലാസത്തിലുജ്ജ്വല-
രംഗികൾപുഷ്പിച്ച ജീവിതവാടിയിൽ
ുള്ളിത്തുള്ളുമ്പുന്ന യൗവ്വനോത്സാഹത്തി-
ുള്ളിലാനന്ദം തിരതല്ലിനിൽക്കവെ
സല്ലീലമിജ്ജീവിതോത്സവം വർണ്ണിച്ചു-
പുല്ലാങ്കുഴലൂതി നൃത്തം ചവിട്ടി നീ...!

മുന്തിരിച്ചാറും, മധുവും, സുമങ്ങളും
തിങ്കളും, തൂവെണ്ണിലാവും കിനാക്കളും
അത്ഭുതോന്മാദലഹരി പിടിപ്പിച്ചു-
സ്വർഗ്ഗാനുഭൂതിയിലാറാടി ജീവിതം.
പീലിപരത്തി കുണുങ്ങിനിന്നാടുന്ന-
നീലമയിലായിരുന്നു നിൻ മാനസം...

ഇന്നാമധുരോത്സവങ്ങൾ കഴിഞ്ഞിങ്ങു-
ഖിന്നനായ്, താന്തനായ് വിശ്രമിക്കുന്നു നീ.
കൂട്ടുകാരെല്ലാം പിരിഞ്ഞു വിരഹിയായ്,
പാട്ടും കളിയും കഴിഞ്ഞു വിവശനായ്
കാല്യക്കതിരൊളി മാഞ്ഞുനിന്നോർമ്മയാം-
മാല്യമിരുട്ടിലഴിഞ്ഞു ചിന്നീടവെ
സന്തതം പേടിച്ചു ഞെട്ടിയുൽഭ്രാന്തനായ്
പിന്തിരിഞ്ഞീവിധം നോക്കുന്നതെങ്ങു നീ...?
ആവില്ലുവീണ്ടും നിനക്കു ചിറകടി-
ച്ചാവിഹായസ്സിലുയർന്നു പറക്കുവാൻ...
മാധുരിതിങ്ങുന്ന വേണുവും, ഗാനവും,
മാദകപ്രേമവും, ലാവണ്യധാമവും
ഫുല്ലതാരുണ്യവും, ഹർഷാനുഭൂതിയും
—എല്ലാം ദിവാസ്വപ്നതുല്യം പൊലിഞ്ഞു-
പോയ് !
വ്യർത്ഥമായ് മാനസം നോവിച്ചിടാതിനി-
വിശ്രമം കൊൾക നീ വിസ്മൃതിച്ഛായയിൽ.
നീ നടുങ്ങീടുന്നതെന്തിനായ്, ജീവിതം
നീറും മരുപ്പറമ്പായിന്നു മാറുകിൽ...?


## ആയുർവ്വേദധർമ്മാശുപത്രി,

മുണ്ടക്കയം.

രക്ഷാധികാരി :—
പണ്ഡിററ് സി. രാമകൃഷ്ണൻ നായർ.
ആയുർവ്വേദാചാര്യൻ, ഗോൾഡ് മെഡലിസ്റ്റ്.

ശാസ്ത്രോക്തവും പരിശുദ്ധവുമായ ആയുർവ്വേദഔഷധങ്ങൾ ശരിയായ അങ്ങാടി മരുന്നുകൾ പച്ചമരുന്നുകൾ അഷ്ടവർഗ്ഗം കസ്തൂരി ഗോരോചന പച്ചക്കർപ്പൂരം തുടങ്ങി ചികിത്സക്കാവശ്യമായവയെല്ലാം പരിപൂർണ്ണഉത്തരവാദിത്വത്തോടുകൂടി വില്ക്കപ്പെടുന്നു. നിർദ്ധനരായ രോഗികളെ ധർമ്മമായി ചികിത്സിക്കുന്നതാണ്.

വൈദ്യൻ പി. കെ. നായർ,
ഭിഷഗാചാര്യ,
A. D. ആശുപത്രി, മുണ്ടക്കയം.

# ചിത്രകാരൻ

ഏകാങ്കനാടകം

(എസ്സ്. ഗുപ്തൻനായർ എം. ഏ.)

[രവീന്ദ്രനാഥന്റെ മുറി. അയാൾ ഒരു ചിത്രകാരനാണ്. ചുമരിൽ ഏതാനും ചിത്രങ്ങൾ, തൂക്കിയിട്ടിരിക്കുന്നു. അക്കൂട്ടത്തിൽ ഈശ്വരന്മാരുടെ പടങ്ങളൊന്നുമില്ല. സൌന്ദര്യധാമങ്ങളുടെയും പ്രകൃതിരംഗങ്ങളുടെയും ആലേഖ്യങ്ങളാണധികവും. സുവേഷനും സുമുഖനുമായ ചിത്രകാരൻ, മിക്കവാറും പൂർത്തിയാക്കിയിരിക്കുന്ന ഒരു ചിത്രത്തിൽ നോക്കി സ്വയം രസിക്കുകയാണ്. തന്റെ കലാസൃഷ്ടിയുടെ വിജയത്തിൽ ഏതു കലാകാരനും തോന്നുന്ന അഭിമാനം മുഖത്തു സ്ഫുരിക്കുന്നു.]

രവി: ഹായ്, നീ വനദേവത തന്നെ. വനദേവത, എന്റെ വനദേവത!

ലക്ഷ്മി—ചിത്രകാരന്റെ ഭാര്യ—പുറകിൽ കൂടി മെല്ലെ പ്രവേശിക്കുന്നു. അവരുടെ കയ്യിൽ ഒരു ചൂലുണ്ട്. രവി അവരുടെ വരവു കാണുന്നില്ല. അവൾ പുറകിൽ അല്പനേരം ചിത്രം നോക്കിക്കൊണ്ടു നില്ക്കുന്നു.

രവി (വീണ്ടും) എന്റെ വനദേവത!

ലക്ഷ്മി (നേരമ്പോക്കിൽ) ഞാൻ വനദേവതയല്ല.

രവി (വിനോദരൂപത്തിൽ ആ മറുപടി സ്വീകരിക്കുന്നില്ല. മുഖഭാവം മാറുന്നു. ആ രസം കൊല്ലി അവിടെ വന്നു കയറിയല്ലോ എന്ന മട്ടാണ്) മറയി. നിന്നെപററിയല്ല ഞാൻ പറഞ്ഞതു്. കഥയില്ലാത്ത പെണ്ണു്.

(ഇത്തരം മുള്ളുവാക്കുകൾ അനവധി കേട്ടു തഴക്കം വന്നിട്ടുള്ള അവൾ അല്പമായ വല്ലായ്മയോടെ അതു സ്വീകരിക്കുന്നു.) അവൾ മുറി അടിച്ചുവാരാൻ ആരംഭിക്കുന്നു. ചുമരിൽ ചാരിവച്ചിരുന്ന ഒരു പടത്തിൽ ചൂലിന്റെ അററം കൊള്ളുന്നു. രവി അടക്കിയ സ്വരത്തിൽ ഒരു നിലവിളി പുറപ്പെടുവിക്കുന്നു. എന്നിട്ടു അവളെത്തന്നെ പാരുഷ്യത്തോടെ നോക്കിനിൽക്കുന്നു.) (അല്പം കഴിഞ്ഞു്) നീ മേലാൽ എന്റെ മുറി അടിച്ചുവാരേണ്ട.

ലക്ഷ്മി (ചൂലു താഴത്തിട്ടു വെറുതെ നിൽക്കുന്നു. കുറച്ചുനേരം കഴിഞ്ഞു് വിഷയം മാററാനായി) അങ്ങ് കഴിഞ്ഞ ആഴ്ച എവിടെയെല്ലാം പോയിരുന്നു?

രവി: എവിടെപ്പോയാലെന്താണ്? എനിക്കിഷ്ടമുള്ളിടത്തെല്ലാം പോയിരുന്നു. നിനക്കെന്തുവേണം അതറിഞ്ഞിട്ട്?

ലക്ഷ്മി: അവിടുന്ന് ഈയിടെയായിട്ട് ഒരു നാലു ദിവസം പോലും അടുപ്പിച്ചു വീട്ടിൽ താമസിക്കുന്നില്ലല്ലോ. എന്നെ തനിയെ ആക്കിയിട്ട് ഇങ്ങനെ അങ്ങുമിങ്ങുമലഞ്ഞു നടക്കുന്നതു കഷ്ടമല്ലേ?

രവി: ഹോ, പിന്നെ, വലിയ കഷ്ടമാണ്. നിനക്കെന്താ തനിയെ ഇരുന്നാൽ പേടിയാകുമോ. അയൽവീട്ടിലാളുകളുണ്ടല്ലോ. പിന്നെന്താണിത്ര പേടിക്കാൻ.

ലക്ഷ്മി: പേടിയുടെ കൊണ്ടല്ല.

രവി: പിന്നെ?

ലക്ഷ്മി: (നിശ്വാസത്തോടെ) ഒന്നുമില്ല.

രവി: ഞാൻ എപ്പോഴും നിന്നെ ശുശ്രൂഷിച്ചുകൊണ്ടിരിക്കണമായിരിക്കും!

ലക്ഷ്മി: വേണ്ടാ. എങ്കിലും ഞാനവിടുത്തെ ഭാര്യയല്ലേ?

രവി: ഭാര്യ, ഭാര്യ! ഒരു ഭാര്യയുണ്ടെന്നു വച്ചു് എനിക്കു സംസ്കാരമുള്ള നാലു ആളുകളെ കാണാൻ അവകാശമില്ല, ഇല്ലേ? എപ്പോഴും ഇവിടെയിങ്ങനെ അടച്ചുപൂട്ടിയിരുന്നു എന്റെ ഭാവനയെ ശ്വാസം മുട്ടിച്ചുകൊല്ലണം, ഇല്ലേ? എനിക്കതിഷ്ടമില്ല.

ലക്ഷ്മി: ഇവിടെയിരുന്നാൽ അങ്ങയ്ക്കു
ടം വരയ്ക്കാൻ സാധിക്കുകയില്ലേ?

[ഇത്രയും നേരം രവി കോപത്തോടുകൂടിയാ
ണ് സംസാരിച്ചത്. എന്നാൽ കോപം അട
ണമെന്ന് അയാൾക്കാഗ്രഹമുണ്ട്. ഈ ചോ
ദ്യത്തിനുത്തരം പറയാതെ അയാൾ കുറേനേ
ം ചുമരിൽ തല ചാരി മുഖം കുനിച്ചുനിൽ
ക്കുന്നു. അതു കഴിഞ്ഞു അല്പം കൂടി ശാന്ത
നായി.]

രവി: ഇല്ല. എനിക്കീ വീട്ടിനകത്തുവച്ച്
മനശ്ശാന്തിയോടുകൂടി ഒന്നും ചെയ്യാൻ സാധി
ക്കുന്നില്ല. എനിക്കിങ്ങനെ നടക്കണം, അല
യണം. കാടുകളും മേടുകളും കയറി ഇറങ്ങണം.
മനുഷ്യരെക്കാണണം, അവരെ പരിചയപ്പെ
ടണം.

ലക്ഷ്മി: അതൊക്കെ ആയിക്കൊള്ളണം.
അതിനിടയിൽ ഈയുള്ളവളെപററി ഒന്നു
സ്മരിച്ചാൽ മതി. അങ്ങകലെപ്പോയിട്ടുള്ള
പ്പോൾ, ആഴ്ചകളും മാസങ്ങളും അന്യ നാടുക
ളിൽ കഴിച്ചിട്ടുള്ളപ്പോൾ എനിക്കൊരെഴുത്ത
യയ്ക്കാൻ ഇതുവരെ തോന്നിയിട്ടുണ്ടോ?

രവി: ഇല്ല. ഒരായിരം മധുരചിന്തകൾ
എൻെറ ഹൃദയത്തിൽ കൂടി പാഞ്ഞുപോകു
മ്പോൾ, എൻെറ കലാഹൃദയം സൌന്ദര്യം
നുകർന്നു നുകർന്നു പ്രമത്തമാകുമ്പോൾ ഞാൻ
നിന്നെപ്പററി എങ്ങനെ ഓർമ്മിക്കും?

ലക്ഷ്മി: അങ്ങെന്തു ക്രൂരനാണ്!

രവി: നീ ഈ ചിത്രം നോക്ക്. എന്താ
ണിതു്?

ലക്ഷ്മി: എനിക്കറിഞ്ഞുകൂടാ.

രവി: അതാണ് ഞാൻ പറഞ്ഞതു് നീ
എനിക്ക് ഒരിക്കലും ആനന്ദം തരുകയില്ലെന്ന്.
രസിക്കാനൊരാളില്ലെങ്കിൽ കവി എന്തിന്
കവിത എഴുതണം? കേൾക്കാൻ ഔൽസുക്യമു
ള്ള ശ്രവണങ്ങളില്ലെങ്കിൽ ഗായകൻ എന്തി
നു പാടണം. എൻെറ ചിത്രം ആസ്വദിക്കാ
ൻ കഴിവില്ലാത്ത നീ എനിക്കെങ്ങനെ ആന
ന്ദം തരും?

ലക്ഷ്മി: അങ്ങ് ഉത്സാഹിക്കുമെങ്കിൽ
ഞാൻ പഠിച്ചുനോക്കാം.

രവി: പററുകയില്ല. നിനക്കതിനു കഴിവി
ല്ല. എൻെറ കീർത്തിയെ അനശ്വരമായി നി
ലനിർത്തിയേക്കാവുന്ന ഈ ചിത്രത്തിൽ ചൂഴിട്ടു
ടിക്കാൻ മടിക്കാഞ്ഞ നീ എന്തു മനസ്സിലാ
ക്കും. ഈ മനോഹരചിത്രം കണ്ടിട്ടു വികാര
ശൂന്യമായ മുഖത്തോടുകൂടി നിൽക്കുന്ന നീ എ
ന്തു മനസ്സിലാക്കും? ഒന്നും മനസ്സിലാക്കുകയില്ല.

ലക്ഷ്മി: മാനമുള്ളവർ നോക്കാൻ അറ
യ്ക്കുന്ന ഈ വൃത്തികെട്ട പടം മുമ്പിൽവച്ചു
കൊണ്ട് അങ്ങ് "വനദേവത, വനദേവത"
എന്നുപറഞ്ഞു ഏങ്ങലടിക്കുന്നതുകാണുമ്പോൾ
എനിക്കതു വലിച്ചുകീറിക്കളയാൻ തോന്നുന്നു.

രവി: ങ്ഹ്, വൃത്തികെട്ട പടം! നാണം
മറയ്ക്കാത്ത ഒരു സ്ത്രീയെ ചിത്രീകരിച്ചതുകൊ
ണ്ട് ഈ പടം വൃത്തികെട്ടതായിപ്പോയി,
ഇല്ലേ? കലാസൌന്ദര്യം കണ്ടാൽ കാക്കിച്ചുതു
പ്പുന്ന നിന്നോടു ഞാനെന്തു പറയാനാണ്!
(പടത്തിലേക്ക് ഉററുനോക്കിക്കൊണ്ട്) ശശി
കിരണങ്ങളിൽ മുങ്ങിക്കുളിച്ച് പുളകമണി
ഞ്ഞുനിൽക്കുന്ന ഈ ലതാനികുഞ്ജവും, മൃദു
മേനിയിൽനിന്ന് അഴിഞ്ഞുവീഴുന്ന പട്ടുടയാട
യെ ഒരു കൈകൊണ്ടു താങ്ങിപ്പിടിച്ചു നിൽ
ക്കുന്ന ഈ വനദേവതയും നിനക്ക് വെറും
വൃത്തികേട് ഇല്ലേ? (ദിവ്യസ്മരണകൊണ്ടെന്ന
പോലെ മുഖം പ്രസന്നമാകുന്നു) ഹാ എൻെറ
വനദേവത, എൻെറ വനദേവത! (പെട്ടെന്ന്
ദേഷ്യംകൊണ്ടു മുഖം ചുവന്നു. ഭാര്യയുടെനേക്കു
തിരിഞ്ഞു്) നിൻെറ അശ്രീ മൂടിയ മുഖത്തു
നോക്കിക്കൊണ്ട് ഇവിടെ ഇങ്ങനെ ക്രമിപ്പി
ടിച്ചിരുന്നാൽ എനിക്കിതുമാതിരി ഒരു ചിത്രം
വരയ്ക്കാൻ സാധിക്കുമോ? (അവളുടെ നേക്ക്
കൈ ചൂണ്ടിക്കൊണ്ട്) നീ ആലോചിച്ചുനോ
ക്ക്, സാധിക്കുമോ? സാധിക്കുകയില്ല. അതു
കൊണ്ടാണ് ഞാൻ പ്രചോദനം തേടി അങ്ങു
മിങ്ങും പോകുന്നതു്. (സ്വപ്നത്തിലെന്നപോ
ലെ) അവിടെ—വനദേവതകൾ, അപ്സരസ്സു
കൾ, ഗന്ധർവ്വകുമാരികൾ, അവൾ, ഹാ അവ
ളങ്ങനെനിന്നു! (ഭാര്യയുടെ നേക്ക് തിരിഞ്ഞു്)
അവളാരെന്നറിയാമോ നിനക്ക്?

ലക്ഷ്മി-അറിഞ്ഞുകൂടാ.

രവി-അവളാണ് എൻെറ വനദേവതയെ
സൃഷ്ടിച്ചതു്. അവളങ്ങനെ നിന്നു, അർദ്ധനഗ്ന
യായി, ലജ്ജാവനമ്രയായി, മന്ദസ്മേരസുമുഖി
യായി.

ലക്ഷ്മി-ഒരു സ്ത്രീ ഇങ്ങനെനിന്നു എന്നോ?
അതു നോക്കി അങ്ങു വരച്ചു എന്നോ, (ചെ
വിപൊത്തിക്കൊണ്ട്) ദൈവമേ ഞാനെന്താ
ണീ കേൾക്കുന്നതു്.

രവി-നീ കേൾക്കുന്നതു സത്യം. അവൾ വേശ്യയാണ്. നിന്നെപ്പോലെ നാണംകുണുങ്ങിയല്ല. അവൾ എന്റെ മുമ്പിൽ അങ്ങനെ നിന്നു. ഞാൻ നോക്കി. മതിമറന്നു. വരച്ചു. (ശുക്ഷമായി) നീ പോകൂ എന്റെ മുമ്പിൽനിന്ന്, എന്റെ വനദേവതയുടെ മുമ്പിൽനിന്ന്.

[ലക്ഷ്മി ഏങ്ങി ഏങ്ങിക്കരയുന്നു] ഞാൻ പോകാം, അങ്ങയുടെ മുമ്പിൽനിന്നല്ല, അങ്ങയുടെ ജീവിതത്തിൽനിന്നു തന്നെ പോകാം.

രവി (ദുഃഖത്തോടുകൂടി)നിന്നെ ഞാൻ നോവിക്കുന്നു. നീ എനിക്കു മനസ്സുഖം തരാത്തതുപോലെ ഞാൻ നിനക്കും തരുന്നില്ല, എന്തു ചെയ്യാം. ഞാൻ എങ്ങനെ നിന്നെ സന്തോഷിപ്പിക്കും. എന്റെ കലാരാധനയ്ക്കു നീ വിരോധിയാണ്. എന്റെ സൗന്ദര്യപൂജയ്ക്കു നീ പ്രതിബന്ധമാണ്.

ലക്ഷ്മി-ഞാൻ വിരോധിയല്ല, അങ്ങയുടെ മനസ്ഥിതിയാണ് അങ്ങയുടെ ശത്രു.

രവി-കലാകാരന്റെ മനസ്സ് മാററാനൊക്കുകയില്ല. ഒരു കലാകാരന് ഒരു സ്ത്രീയോടും ബന്ധപ്പെടുന്നതു് ഇഷ്ടമല്ല. അതേസമയം അവന് ഒരായിരം സ്ത്രീകളുടെ സൗന്ദര്യം നുകരുകയും വേണം. കണ്ടാൽ മതി, അവനു തൃപ്തിയായി. ഒരു പൂ പോലും പറിക്കുകയില്ല. ഒരായിരം പൂക്കളുടെ ഭംഗി ആസ്വദിക്കും. അവൻ പക്ഷിയെപ്പോലെ പറക്കും. യാഥാർത്ഥ്യങ്ങളാകുന്ന മേഘങ്ങളിൽ അവൻ മുട്ടരുതു്. മുട്ടിയാൽ തകർന്നുപോകും. അവന് സ്വപ്നം കാണണം.

ലക്ഷ്മി-സ്വപ്നം കാണുന്നതിനേക്കാൾ എത്രയോ നല്ലതാണ് ഉണർന്നിരിക്കുന്നതു്. ജീവിക്കുന്നതു്. ഒരു സ്നേഹമുള്ള ഭർത്താവായി ജീവിക്കുന്നതു്. ഒരു വാത്സല്യമുള്ള അച്ഛനായി ജീവിക്കുന്നതു്. ഈ ഛായയും ഈ ബ്രഷും ദൂരത്തു കളഞ്ഞാൽ ഒരു മനുഷ്യന് ശ്വാസം മുട്ടുമോ?

രവി-എല്ലാ മനുഷ്യർക്കും ഇല്ലായിരിക്കാം. പക്ഷേ എനിക്കു ശ്വാസം മുട്ടും. എനിക്കു ജീവിക്കാൻ കഴിവില്ല. ഞാൻ പരാജയപ്പെട്ടു. എനിക്കു തറയിൽ കാലുറപ്പിച്ചു നടക്കാൻ അറിഞ്ഞുകൂടാ, ഭാവനയുടെ ചിറകുവിരിച്ചു പറക്കാനേ അറിയാവൂ.

ലക്ഷ്മി അങ്ങ് വാനമ്പാടിയെ നോക്കിയിട്ടില്ലേ? അതു ഇണചേർന്നല്ലേ പറക്കുന്നതു്. അങ്ങ് ഒരു വല്ലാത്ത സ്വാർത്ഥക്കാരനാണ്. അങ്ങയ്ക്കു് അങ്ങയേപ്പററി മാത്രമേ വിചാരമുള്ളു. മറെറാരു ജീവിയേയുംപററി ചിന്തയില്ല. കഷ്ടം!

(രവി ഒന്നും മിണ്ടുന്നില്ല.)

ലക്ഷ്മി-അങ്ങെന്തെങ്കിലുംസംസാരിക്കണം

രവി-ഞാൻ തെററുകാരനാണ്.

ലക്ഷ്മി-അങ്ങ തീർച്ചയായും തെററുകാരൻതന്നെയാണ്, എന്റെ ഹൃദയം കുളുർക്കത്തക്കവണ്ണം ഒരിക്കൽ പോലും ഒരു വാചകം പറഞ്ഞിട്ടില്ലാത്ത അങ്ങ്, ഒരു നോട്ടം നോക്കിയിട്ടില്ലാത്ത അങ്ങ തെററുകാരൻ തന്നെയാണ്. പക്ഷേ ഇനിയും അങ്ങനെ തുടരണമെന്നുണ്ടോ?

രവി-എനിക്കു സാധിക്കുമോ? (പടത്തിൽ നോക്കിക്കൊണ്ടു് അതിനോടെന്നപോലെ) എനിക്കു സാധിക്കുമോ?

ലക്ഷ്മി-അതിനോടു ചോദിച്ചാൽ സാധിക്കുകയില്ല, അതില്ലെങ്കിൽ സാധിച്ചേക്കും (അടുത്ത മുറിയിലേക്കു പോകുന്നു,)

രവി-എന്റെ വാസനയും അഭിരുചിയും എന്നെ നശിപ്പിക്കുന്നുവെന്നോ? ഞാൻ എന്റെ കലാവാസനയെ ഉപേക്ഷിച്ചിട്ടു ജീവിക്കണമെന്നോ? എന്റെ കലയെ കെട്ടിപ്പിടിച്ചുകൊണ്ടിരുന്നിട്ടു് അറുതിയില്ലാത്ത ജീവിതദുഃഖമാണ് എനിക്കു ലഭിച്ചതു്. പക്ഷേ അവൾ—എന്റെ വനദേവത അവളെനിക്ക് ആനന്ദം തന്നു. അവൾ എന്റെ ജീവിതസഖിയായിരുന്നെങ്കിൽ (ചിത്രത്തിൽ നോക്കിക്കൊണ്ടു്) നീ എന്റെ ജീവിതസഖിയാകുമെങ്കിൽ ഞാൻ ആനന്ദിച്ചേക്കും. നീ എന്റെ കൂടെ വരുമോ? എന്നാലും—എനിക്കു ആനന്ദിക്കാനൊക്കുമോ? എന്റെ കല വിജയിക്കുന്തോറും എന്റെ ജീവിതം പരാജയപ്പെടുന്നു. കലയെ ഉപേക്ഷിച്ചാലോ? എനിക്കു പരമാനന്ദം തരുന്ന—ഒരായിരം വേദനകൾക്കിടയിലും എന്നെ ധന്യധന്യനാക്കുന്ന — കലയെ ഞാനുപേക്ഷിക്കാനോ? പാടില്ല.

[സുന്ദരിയായ ഒരു സ്ത്രീ പ്രവേശിക്കുന്നു. തലമുടി താറുമാറായിക്കിടക്കുന്നു. കണ്ണുകൾ കോപാരുണമാണ്. ആ ചിത്രത്തിലെ രൂപത്തിന്റെ ഛായ അവൾക്കുണ്ടു്. കലാകാരൻ തിരിഞ്ഞുനോക്കുന്നു.]

രവി-(സന്തോഷാധിക്യത്തോടെ) എന്റെ വനദേവത, എന്റെ വനദേവത!

സ്ത്രീ: [വികാരങ്ങൾ തിങ്ങിചിററ മറിഞ്ഞു പായുമെന്നു തോന്നും അവളെക്കണ്ടാൽ]നിങ്ങളുടെ വനദേവത? നീചാ, നിങ്ങൾ മേലിൽ ഇങ്ങനെ ആരെയും ദ്രോഹിക്കരുതു്!

രവി: അയ്യോ നീ എന്താണീപറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ.

സ്ത്രീ: ഒന്നുംമനസ്സിലാകുന്നില്ല. നിങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല. നിങ്ങൾ ഒരു മൃഗമാണ്, അല്ല വെറുംകല്ലാണ്, മൃഗത്തിനു വികാരങ്ങളുണ്ടു്, നിങ്ങൾക്കു വികാരങ്ങളില്ല.

രവി: എനിക്കു വികാരങ്ങളില്ലന്നോ? അയ്യോ എന്തൊരസംബന്ധമാണ് നീ ഈ പറയുന്നതു്. വിരിഞ്ഞ പൂക്കളും പരന്ന വാനവും കണ്ടു തരള ഹൃദയനാകുന്ന എനിക്കു വികാരങ്ങളില്ലെന്നോ? നറുത്ത നിലാവും പുഞ്ചിരിക്കുന്ന അമ്പിളിയും കണ്ടു മാൻകുട്ടിയെപ്പോലെതുള്ളിച്ചാടുന്ന എനിക്കു വികാരങ്ങളില്ലന്നോ?

സ്ത്രീ: അതു് ഉന്മാദത്തിന്റെ വികാരങ്ങളാണ്.

രവി: എന്റെ കല ഉന്മാദമാണെന്നോ?

സ്ത്രീ: നിങ്ങളുടെ തലയാണ്.

രവി: നിന്നെ കോപിപ്പിക്കത്തക്കവണ്ണം ഞാനെന്തു കുററംചെയ്തു?

സ്ത്രീ: എന്തു കുററംചെയ്തു? നിങ്ങൾക്കറിഞ്ഞുകൂടാ. ഇല്ലേ?

രവി: ഓ നിനക്കു ഞാൻ വേണ്ടിടത്തോളം പ്രതിഫലം തന്നില്ല ഇല്ലേ? ഈ ചിത്രം വിൽക്കുമ്പോൾ എനിക്കു സംഖ്യയില്ലാതെ നാണയങ്ങൾകിട്ടും.അന്നു നിനക്കു തരാം. എന്നെ വിശ്വസിക്കു. ഞാൻ തീർച്ചയായും തരാം.

സ്ത്രീ: കൊണ്ടുപോയി തീയിലിടു നിങ്ങളുടെ പണം. എനിക്കുവേണ്ടാ പുഴുത്തപൊൻനാണയങ്ങൾ. പരമ നീചൻ! നിങ്ങൾ ഒരു കലാകാരനാണുപോലും!

രവി: പിന്നെ ഞാൻ ചെയ്ത തെററന്താണെന്ന് നീ ഒന്നു പറയൂ. എന്നെ ഇങ്ങനെ വിഷമിപ്പിക്കാതെ.

സ്ത്രീ: ഒരു സ്ത്രീ അതെങ്ങനെ പറയും-പുരുഷൻ സ്വയം അറിഞ്ഞില്ലെങ്കിൽ. എന്റെ മൃദുല വികാരങ്ങളെ തട്ടിയുണർത്തിയിട്ടു കരിങ്കല്ലുപോലെ നിങ്ങൾ എന്റെ മുമ്പിൽ നിന്നു നോക്കുന്നുണ്ടോ? അർദ്ധനഗ്നയായി നിന്ന എന്നെ നിങ്ങൾ നിർവികാരനായി നോക്കിക്കൊണ്ടു നിന്നതു ഓർക്കുന്നുണ്ടോ?

രവി: ഞാൻ അപ്പോൾ എന്നെത്തന്നെമറന്നിരുന്നു.

സ്ത്രീ: എന്റെ മൂക്കിന്റെയും ചുണ്ടിന്റെയും അളവെടുക്കാൻ നിങ്ങൾ എന്റെഅടുക്കൽ വന്നുനിന്നപ്പോൾ—ഹാ എത്ര പ്രാവശ്യം നിങ്ങൾ അങ്ങനെ വന്നുനിന്നു? ഒരിക്കലെങ്കിലും ഒരു ചും—വേണ്ടാ. നിങ്ങൾ എന്നെ നോക്കി ഒന്നു കുളുർക്കെ പുഞ്ചിരിച്ചില്ലല്ലോ,മനസ്സുതുറക്കുന്ന ഒരു വാക്കുപോലും പറഞ്ഞില്ലല്ലോ. നിങ്ങളും ഒരുമനുഷ്യനാണ്! എത്രവമ്പിച്ചപ്രത്യാശകളോടുകൂടിയായിരുന്നെന്നോ, ഞാനെന്റെ സ്നേഹിതനെ നിങ്ങളുടെ അടുക്കലേക്കയച്ചതു്. എങ്ങനെയും നിങ്ങളെ കൂട്ടിക്കൊണ്ടുവരണമെന്ന് പറഞ്ഞു് ഞാൻ എന്തിനുവേണ്ടി നിർബ്ബന്ധം പിടിച്ചു എന്നാണു നിങ്ങൾവിചാരിക്കുന്നതു്. കഷ്ടം എന്റെ ജീവിതത്തിലാദ്യമായി ഞാൻ ആഗ്രഹിച്ചു, ഞാൻ നിരാശപ്പെട്ടു.

രവി: നിന്റെ സൗന്ദര്യത്തെ ലോകത്തിനു കാട്ടി കൊടുക്കാനാണ് ഞാൻ ഉദ്യമിച്ചതു്. സ്വയം ആസ്വദിക്കാനല്ല.

സ്ത്രീ: ഞാനൊരു കാവ്യമല്ല, ലോകം മുഴവൻ വായിച്ചു രസിക്കാൻ. ഞാൻ മനുഷ്യ സ്ത്രീയാണ്, മാംസവും മജ്ജയും ഉള്ള മനുഷ്യ സ്ത്രീ.

രവി: പക്ഷേ ഞാനൊരുകലാകാരനാണ്.

സ്ത്രീ: നിങ്ങൾ മനുഷ്യനാവണം. അതാണു വേണ്ടതു്.

രവി: അപ്പോൾ എന്റെകല.

സ്ത്രീ: അതു് നശിച്ചാലും ജീവിച്ചാലും കൊള്ളാം നിങ്ങൾ ആദ്യമായി മനുഷ്യനാവണം. അതിനുകഴിവില്ലെങ്കിൽ കളയൂ നിങ്ങളുടെ ചായവും ബ്രഷും(വരച്ചുവച്ചിരിക്കുന്ന ചിത്രത്തിൽ പുച്ഛത്തോടുകൂടിആഞ്ഞു ചവിട്ടുന്നു) അല്ലെങ്കിൽ ആത്മഹത്യചെയ്യൂ. ജീവിതത്തോടു അപരാധം പ്രവർത്തിക്കാതെ.

രവി: ഞാനൊരു ഭർത്താവാണ്.

സ്ത്രീ: ഭർത്താവു്! നാണമില്ലല്ലോ നിങ്ങൾക്കാവാക്കുച്ചരിക്കാൻ. മനുഷ്യൻ മാത്രമേ ആ പദവി അലങ്കരിക്കാൻ സാധിക്കു. മനുഷ്യത്വമില്ലാത്ത നിങ്ങളെങ്ങനെഭർത്താവാകും. ആ സാധു സ്ത്രീയെ നിങ്ങളെത്രദ്രോഹിച്ചിരിക്കും ഇതി-

നകം; അവളെ ഇനിയെങ്കിലും ജീവിക്കാൻ അനുവദിക്കു. (അല്പംകഴിഞ്ഞു്) അല്ലെങ്കിൽ എനിക്കെന്തിനു നിങ്ങളുടെ അനുവാദം? അവളകത്തില്ലേ? മരക്കഷണത്തിന്റെ കൂടെ ജീവിക്കാതിരിക്കാൻ ഞാനവളെ ഉപദേശിക്കാം (അകത്തേക്കു പോകുന്നു)

രവി: ഞാൻ ജീവിക്കണമെങ്കിൽ എന്റെ കലയെ ഉപേക്ഷിക്കണമെന്നോ? എന്നാലും എന്റെ കല! (അവൾതട്ടി മറിച്ചിട്ടിരിക്കുന്ന ചിത്രത്തിലും അകത്തെമുറിയിലേക്കും മാറിമാറിനോക്കുന്നു) അല്ലെങ്കിലെന്തിനീയറുതിയില്ലാത്ത ജീവിത ദുഃഖം—ഇതിനെയും കെട്ടിപ്പിടിച്ചു കൊണ്ടു്. പോകട്ടെ ഇതെല്ലാം. (ചിത്രത്തിനെ ആഞ്ഞാഞ്ഞു ചവിട്ടുന്നു. അതിനിടയിൽ "എനിക്കു ജീവിക്കണം, എനിക്കു ജീവിക്കണം" എന്നിങ്ങനെ മെല്ലെ മന്ത്രിക്കവേ യവനിക താഴുന്നു.)


# READY FOR SALE

## PURE ACIDS

FOR

## RUBBER PRODUCERS

# ENGLISH FORMIC 90°|°

&

# GLACIAL CANADIAN ACETIC 99°|°

M. PAUL VARGHESE & Co.,
MARKET ROAD,
KANJIRAPALLY.



പൊൻകുന്നത്തു വരുമ്പോൾ—

സുഖമായ ഭക്ഷണത്തിനും വിശ്രമത്തിനും

വേണുഗോപാൽ ബ്രാഹ്മണ ഹോട്ടൽ

(മജിസ്ട്രേട്ടുകോടതിക്കു സമീപം)

# തമ്പുരാക്കളേ !

(പി. എൻ. സുകുമാരൻ, കാഞ്ഞിരപ്പള്ളി)

കണ്ണേമടങ്ങുനീ,യെന്തിനിക്കാഴ്ചകൾ,
ന്ദനംപോലും നിലച്ചിതുനാഡിയിൽ ;
റവുംനിറഞ്ഞു നിശിതനിരാശഹാ !
ട്ടിണിപ്പാവങ്ങൾ തൻ നെടുവീർപ്പുകൾ;
ാത്ഥാന്ധകാരത്തിൽ വിശ്വംലയിച്ചുഹാ !
ർത്തിതരായി മരിയ്ക്കുന്ന സാധുക്കൾ ;
ാതയിലെങ്ങാനുമാറടി മണ്ണിലെൻ,
താഴരോടൊപ്പമടിയട്ടെ മജ്ജഡം !!

*   *   *

ആനന്ദദേവതേ നീയും വിവശയായ്,
ൂഴിയിൽ വീഴുമെന്നോർത്തില്ലിതേവരെ;
ൗതുകനർത്തകീ, കൈവല്യദായിനീ,
ൗഹൃദഗാനങ്ങളെല്ലാം നിലച്ചുപോയ്,
ീതിനശിച്ചു, കവാടങ്ങൾ ബന്ധിച്ചു,
ഭീതരായ്നില്പെൻറ തോഴരപ്പാതയിൽ;
ആയിരം കുഞ്ഞുങ്ങളമ്മമാരില്ലാതെ,
ആയിരമമ്മമാർ-ഹാ! ഹാ!! വിധവകൾ !!!

*   *   *

വിണ്ണിൽതെളിഞ്ഞൊരത്താരങ്ങളെന്നോടെ,
വിങ്ങിക്കരച്ചിലിലാർദ്രരായ്ത്തൽക്ഷണം,
ചുററുംതെളിഞ്ഞൊരക്കാളമേഘത്തിലൂ-
ടുററുനോക്കിക്കൊണ്ടു മാഞ്ഞുനിരാശരായ്,
മാമരക്കൊമ്പിൽ ലസിച്ചൊരു മൂങ്ങയി-
ദ്ദീനസ്വരത്തിൽനടിച്ചു പ്രതിഷേധം;
ഇല്ല—ഞാൻനിന്നൊപ്പഴിയ്ക്കില്ല, മർത്ത്യനി-
ലന്യൻ മൃഗീയത്വമേററുന്നാമന്നിതിൽ ;
ശോകാപ്തഗാനങ്ങളേതുമേ കേൾക്കേണ്ട,
ഭോഗമദാലസരാം, തമ്പുരാക്കളേ !!


## രോഗികളുടെ ആശാനികേതനം

ചെറുവള്ളി R. K. V. ആയുർവേദവൈദ്യശാല.

പണ്ഡിററ് സി. രാമകൃഷ്ണൻ നായർ.

(ആയുർവ്വേദാചാര്യൻ)

(ഗോൾഡ് മെഡലിസ്റ്റ്)



അവർകളുടെ "ശിരോരഞ്ജിനിതൈലം"
"R.K. വിററൽസ്" മുതലായ ഔഷധങ്ങൾ നിങ്ങൾ വാങ്ങിയിട്ടുണ്ടല്ലോ? എല്ലാ ആയുർവ്വേദഔഷധങ്ങളും ശാസ്ത്രീയമായ അളവും തൂക്കവും അനുസരിച്ച് പരിശുദ്ധമായി തയ്യാർ ചെയ്തിട്ടുണ്ട്. വിലപരിമിതം. രോഗവിവരമറിയിക്കുക. ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ കൊടുക്കുന്നതാണ്.

ചിറക്കടവ് അഞ്ചൽ, കാഞ്ഞിരപ്പള്ളി പോസ്റ്റ്.

ബ്രാഞ്ച് മുണ്ടക്കയം.

തിരുവിതാംകൂർ, S. ഇൻഡ്യാ.

# വിദ്യാഭ്യാസം

## ദേശഭാഷകളിൽക്കൂടി.

(കെ.ജെ.തോമസ്സ് ബി.എ., സെക്രട്ടറി, സഹൃദയവായനശാല)

[ഗാന്ധിജിയുടെ ലേഖനങ്ങളെയും പ്രസംഗങ്ങളെയും പ്രധാനമായി ഉപജീവിച്ചു് എഴുതിയിട്ടുള്ളതാണു്, ഈ ലേഖനം]

ദേശീയാഭിവൃദ്ധിക്കുവേണ്ടി മഹാത്മജി നിർദ്ദേശിച്ചിട്ടുള്ള പതിന്നാലു പ്രവർത്തനപരിപാടികളിൽ ഒന്നാണു് മാതൃഭാഷാപരിപോഷണം. ഭാരതത്തിൽ, ഇന്നത്തെ വിദ്യാഭ്യാസപദ്ധതി അനുസരിച്ചു, ദേശഭാഷകളെല്ലാംതന്നെ "രണ്ടാമത്തെ ഭാഷകളെ"(Second languages) ആയിരിക്കുന്നുള്ളു. ഒന്നാമത്തേതു മേൽക്കോയ്മയുടെ ഭാഷയായ ഇംഗ്ലീഷു തന്നെ. ഇംഗ്ലീഷുഭാഷ മുഖാന്തിരമാണു് ഇവിടെ അഭ്യസനമെല്ലാം നടത്തപ്പെടുന്നതു്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വത്തിനു കടകവിരുദ്ധമായ ഈ ദൂഷിച്ച സമ്പ്രദായം നമ്മുടെ നാട്ടിലല്ലാതെ ഭൂമുഖത്തു് പരിഷ്കാരമുള്ള ഒരു രാജ്യത്തിലും ഇന്നു നിലവിലില്ല. ഒരു രാഷ്ട്രം ഒരു രാഷ്ട്രമായി നിലനില്ക്കണമെങ്കിൽ അതിലെ യുവജനങ്ങളുടെ വിദ്യാഭ്യാസം—ഉന്നതവിദ്യാഭ്യാസമുൾപ്പെടെ—സ്വദേശഭാഷയിലോ ഭാഷകളിലോ കൂടി ആയിരിക്കണമെന്നുള്ള സംഗതി സ്വയം വിശദമാണു്. വളരെക്കാലം ഇൻഡ്യയിൽ ഹൈക്കോർട്ടുജഡ്ജിയായിരുന്നിട്ടുള്ള സർ ജോൺ വുഡ്റോഫ് ഒരിടത്തു് ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ടു്:—

"ഒരു ജാതിക്കാരുടെ ആത്മാവിനെ പ്രകാശിപ്പിക്കുവാൻ അവരുടെ ഭാഷയ്ക്കു മാത്രമെ സാധിക്കൂ. വിദേശഭാഷ സംസാരിക്കുന്നവർ വിദേശരീതിയിൽ വിചാരം ചെയ്തുപോകും; വിദേശരീതിയിൽ വിചാരിക്കുന്നവർ വിദേശലക്ഷ്യങ്ങൾ വച്ചുകൊള്ളുകയും വിദേശനടപടികൾ സ്വീകരിക്കയും ചെയ്യും." അങ്ങനെ ആ ജനത സ്വയം നശിക്കുന്നു.

അയർലണ്ടിൽ കുടിയേറിപാർത്ത ഇംഗ്ലീഷുകാർ ഐറീഷ്ഭാഷ സംസാരിച്ചുകൊണ്ടിരുന്നതിനെ പ്രതിഷേധിച്ചു് സ്പെൻസർ എന്നദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു:—"ഏതു ജനങ്ങളും സ്വഭാഷയേക്കാൾ കൂടുതൽ അന്യഭാഷയെ സ്നേഹിക്ക എന്നുള്ളതു സ്വാഭാവികമായിരിക്കുന്നില്ല......... വാക്കുകൾ മനസ്സിന്റെ പ്രകൃതിയാകുന്നു............അതിനാൽ സംഭാഷണം ഐറിഷ് ആണെങ്കിൽ ഹൃദയവും ഐറിഷ് ആയിരുന്നേ തീരൂ; എന്തെന്നാൽ ഹൃദയം തുളുമ്പിയിട്ടാണല്ലൊ നാം ശബ്ദിക്കുന്നതു്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഗാന്ധിജി ഇംഗ്ലീഷുഭാഷയിൽക്കൂടിയുള്ള വിദ്യാഭ്യാസത്തെ പല അവസരങ്ങളിലും വളരെ ശക്തിയായ ഭാഷയിൽ അപലപിച്ചിട്ടുള്ളതു്. നമ്മുടെ യുവജനങ്ങളുടെ മേലുള്ള അന്യായവും വിനാശകരവുമായ ഒരു കയ്യേറ്റമായിട്ടാണു് അദ്ദേഹം ഈ അദ്ധ്യയനരീതിയെ കരുതുന്നതു്. വിദേശഭരണത്തിന്റെ നിരവധി ദൂഷ്യങ്ങളിൽ ഇതിനു പ്രധാനമായ ഒരു സ്ഥാനം ചരിത്രത്തിലുണ്ടായിരിക്കും.

അന്യ ഭാഷയിൽക്കൂടിയുള്ള ഈ വിദ്യാഭ്യാസരീതി നമ്മുടെ രാഷ്ട്രത്തിന്റെ ശക്തിയെ വളരെ ക്ഷയിപ്പിച്ചിട്ടുണ്ടു്. കോടിക്കണക്കിനു ജനങ്ങൾ 'അന്നന്നിയപ്പ'ത്തിനു വേണ്ടി കിടന്നു ക്ലേശിക്കുമ്പോൾ, പട്ടിണികൊണ്ടു മരിക്കുമ്പോൾ, ഇത്ര ദ്വ്യയമുള്ള ഒരഭ്യസനപദ്ധതി സ്വീകരിക്കുന്നതിന്റെ അസാംഗത്യം വിസ്തരിച്ചാൽ തന്നെയും, മനുഷ്യായുസ്സിന്റെ മൂന്നിലൊരു ഭാഗത്തോളം വിനിയോഗിച്ചു വശമാക്കുന്ന ആ വിദേശഭാഷകൊണ്ടുള്ള പ്രയോജനം എത്രകണ്ടുണ്ടു്? എന്നു ചിന്തിക്കുമ്പോഴാ

ന്ന് നമ്മുടെ വിഡ്ഢിത്തം വിശദമാകുന്നതു്. പത്തിരുപതു വർഷം ചിലവഴിച്ചു് ഉന്നത ബിരുദം നേടുന്നവരിൽ തന്നെ ഇംഗ്ലീഷുഭാഷ തെററുകൂടാതെ കൈകാര്യം ചെയ്യുവാൻ കഴിയുന്നവർ കൈവിരലിൽ എണ്ണുവാൻ മാത്രമെ ഉണ്ടാകയുള്ളു എന്ന പരിതാപകരമായ പരമാർത്ഥം ധരിച്ചാൽ മനുഷ്യവികാരത്തെ പ്രകാശിപ്പിക്കുന്ന ഏറ്റവും ഹൃദയത്തെ സ്പർശിക്കണമെങ്കിൽ തൊട്ടിലിൽ കിടക്കുമ്പോൾ മുതൽ നാം കേട്ടു പരിചയിച്ച നമ്മുടെ മാതൃഭാഷതന്നെ ആവണം അദ്ധ്യാപനോപകരണമായിരിക്കേണ്ടതു് എന്നു ബോദ്ധ്യമാകും. ഇംഗ്ലീഷുഭാഷ മുഖാന്തിരമുള്ള ഇന്നത്തെ അദ്ധ്യയനസമ്പ്രദായം ദേശഭാഷകളെ അവഗണിക്കുവാൻ നമ്മുടെ വിദ്യാർത്ഥികൾക്കു പ്രേരകമായിത്തീരുന്നു. 1917-ൽ കൽക്കത്താ സർവ്വകലാശാലയിൽനിന്നു നിയമിച്ച കമ്മീഷന്റെ റിപ്പോർട്ടിലൊരിടത്തു് ഇങ്ങനെ കാണുന്നു:- “ഹൈസ്കൂളുകളിൽ ഇംഗ്ലീഷു പഠിപ്പിക്കുന്നതിനുള്ള അമിതമായ സമയവ്യയം അതിൽനിന്നു സിദ്ധിക്കുന്ന ഫലത്തേക്കാൾ എത്രയോ കവിഞ്ഞിരിക്കുന്നു എന്നതിനു സംശയമില്ല. ഇംഗ്ലീഷു പഠിക്കാൻ കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യം നിമിത്തം കഷ്ടകാലത്തിനു വിദ്യാർത്ഥികൾ സ്വഭാഷയെ വിഗണിക്കാൻ ഇടയായിരിക്കുന്നു. സ്വന്തംഭാഷയും സാഹിത്യവും അറിയുക എന്നതു താരതമ്യേന ഒരു നിസ്സാരസംഗതിയാണ്. പഠിത്തം പൂർത്തിയാക്കിപ്പോകുന്ന ഒരു യുവാവിനു സ്വഭാഷ ശരിയായും തടസ്സം കൂടാതെയും പറയുകയോ എഴുതുകയോ ചെയ്യാൻ കഴിവില്ലാത്ത ഒരു വിദ്യാഭ്യാസ പദ്ധതിയിൽ തീർച്ചയായും എന്തോ വൈകല്യമുണ്ടു്. ഇംഗ്ലീഷു് ഉപയോഗിക്കുന്നതിനാൽ ഭാരതീയബുദ്ധിജ്ഞാനോപലബ്ധിക്കു് പശ്ചിമാഭിമുഖമായി പോകുന്നു. ഭാഷയും ജ്ഞാനവും ദർശനവും എല്ലാം അപ്പാടെ കടൽ കടന്നു വരേണ്ടിയിരിക്കുന്നു. ഇതുകൊണ്ടു നമ്മുടെ വിദ്യാഭ്യാസം ദൂരസ്ഥിതവും അവ്യക്തവും അയഥാർത്ഥവും നമ്മുടെ ജീവിതചര്യകളിൽനിന്നെല്ലാം ഭിന്നവും ആയിരിക്കുന്നു; നമ്മുടെ സമയവും ആരോഗ്യവും സ്വത്തും ഭീമമായി വ്യയം ചെയ്യുന്നു എങ്കിലും ഫലം എത്രയും തുച്ഛമായി ഇരിക്കുന്നു.”

സാമാന്യജനങ്ങളിൽനിന്നും അഭ്യസ്തവിദ്യരെ ബഹുദൂരം അകററിക്കളയുന്നു എന്നുള്ളതാണു് ഈ അദ്ധ്യയനസമ്പ്രദായംകൊണ്ടുണ്ടായിട്ടുള്ള വേറൊരു ദൂഷ്യം. കാര്യങ്ങൾ ഗ്രഹിക്കുവാനും ഗ്രഹിപ്പിക്കുവാനും വിദേശഭാഷയെക്കാൾ സുകരവും സുഗമവും ആയിട്ടുള്ളതു സ്വദേശഭാഷയാണ്. തങ്ങളുടെ വിജ്ഞാനമെല്ലാം ബഹുജനങ്ങൾക്കുകൂടി മനസ്സിലാകുന്ന ഒരു മുഖാന്തിരത്തിൽകൂടിയല്ലാ ആർജ്ജിക്കുന്നതെങ്കിൽ ഒരു രാഷ്ട്രത്തിലെ യുവാക്കന്മാർക്കു സാധാരണ ജനങ്ങളുമായി സജീവമായ സമ്പർക്കം സ്ഥാപിച്ചു പുലർത്തിക്കൊണ്ടു പോകാൻ ഒരു നാളും സാധിക്കയില്ല. അപ്പോൾ അവരുടെ വിദ്യാഭ്യാസംതന്നെ യഥാർത്ഥത്തിൽ നിഷ്പ്രയോജനമായിത്തീരുന്നു. ആയിരക്കണക്കിനു യുവജനങ്ങൾ, തങ്ങളുടെ ദൈനംദിനജീവിതത്തിൽ യാതൊരുപയോഗവുമില്ലാത്ത ഒരു ഭാഷ പഠിക്കുന്നതിനുവേണ്ടി, മാതൃഭാഷയേയും അതിലെ സാഹിത്യത്തേയും പരിത്യജിച്ചുകൊണ്ടു് അനേകവർഷങ്ങൾ പാഴാക്കിക്കളയുവാൻ നിർബന്ധിതരായിത്തീരുന്നതുമൂലം രാഷ്ട്രം സഹിക്കേണ്ടിവരുന്ന അപരിഹാര്യമായ നഷ്ടം അളക്കുവാൻ ആർക്കു കഴിയും?

ഇംഗ്ലീഷിന്റെ പരിജ്ഞാനമില്ലാതെ ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിക്കുകയില്ലെന്നു വിശ്വസിക്കുന്ന അനേകം യുവജനങ്ങൾ ഉണ്ടു്. സ്വാതന്ത്ര്യത്തെപ്പററിയുള്ള ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും ശരിയായ ഒരു ചിന്താഗതിയെ വളർത്തുന്നതിനും ഇംഗ്ലീഷുപഠനം അനുപേക്ഷണീയമാണു് എന്നൊരു തോന്നൽ പലർക്കുമുണ്ടു്. വിദ്യാഭ്യാസമെന്നുവച്ചാൽ ഇംഗ്ലീഷുപഠിക്കുക എന്നാണു് എന്നൊരു ധാരണ പരക്കെ ഉണ്ടാകത്തക്ക വിധത്തിൽ ഈ വിഷം സമുദായശരീരത്തിൽ അത്ര അഗാധമായി വ്യാപിച്ചിട്ടുണ്ടു്. ഇതെല്ലാം അടിമത്വത്തിന്റെയും അധഃപതനത്തിന്റെയും ആത്മാഭിമാനരാഹിത്യത്തിന്റെയും അടയാളങ്ങളായിട്ടാണു് മഹാത്മജി പരിഗണിക്കുന്നതു്. സ്വദേശഭാഷകൾ അവഗണിക്കപ്പെടുന്നതും അമർത്തപ്പെടുന്നതും അങ്ങനെ അപകർഷം പ്രാപിച്ചു പോകുന്നതും അദ്ദേഹത്തിനു ദുസ്സഹങ്ങളാണു്. നാം എഴുത്തുകുത്തുകൾക്കു മാതൃഭാഷയ്ക്കു പകരം ഇംഗ്ലീഷിനെ ശരണം ഗമിക്കുന്നതിനെ അദ്ദേഹം രൂക്ഷമായി ആക്ഷേപിച്ചിട്ടുണ്ടു്. ഒരു ഭാഷ അതുപയോഗിക്കുന്നവരുടെ

സ്വഭാവത്തിൻെറയും വളർച്ചയുടെയും യഥാർത്ഥമായ പ്രതിബിംബനമാണ്. ഈ അടുത്തകാലത്തു് അദ്ദേഹം ഒരു വിദ്യാർത്ഥിസമ്മേളനത്തിനു് അയച്ചുകൊടുത്ത സന്ദേശത്തിൽ "നിങ്ങൾ നിങ്ങളുടെ കാര്യങ്ങളെല്ലാം രാഷ്ട്രഭാഷമൂലമോ നമ്മുടെ രാജ്യത്തിലെ മറെറതെങ്കിലും ഭാഷമൂലമോ നടത്തുകയാണ് ഒന്നാമതായി വേണ്ടതു്" എന്നു പ്രസ്താവിച്ചിരുന്നതു നമ്മുടെ വിദ്യാർത്ഥികളുടെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

നമ്മുടെ ദേശഭാഷകൾ ഗഹനങ്ങളായ ശാസ്ത്രീയ വിഷയങ്ങളെപ്പററി പ്രതിപാദിക്കുവാൻ സമർത്ഥങ്ങളല്ലെന്നും അതുകൊണ്ടു് അവ ഉന്നതവിദ്യാഭ്യാസത്തിനു പററിയതല്ലെന്നുമാണ് ഒരാക്ഷേപം കേൾക്കാറുള്ളതു്. ഈ വാദത്തിൻെറ നിരർത്ഥകത കാശി, കൽക്കട്ടാ തുടങ്ങിയ ഉത്തരേന്ത്യൻ നഗരങ്ങളിലെ ചില വിദ്യാഭ്യാസകേന്ദ്രങ്ങളും, ഉസ്മാനിയാ സർവ്വകലാശാലയും വെളിപ്പെടുത്തിയിട്ടുണ്ടു്. ഒരു പ്രത്യേകഭാഷ ശാസ്ത്രപ്രതിപാദനക്ഷമമല്ലെന്നും അതിനു വികസിക്കുവാൻ സാധിക്കുകയില്ലെന്നും വിശ്വസിക്കുന്നതിനേക്കാൾ വലിയ മൂഢവിശ്വാസം വേറെ ഇല്ലതന്നെ. ആവശ്യം സൃഷ്ടിയുടെ മാതാവാണല്ലോ. ആവശ്യപ്പെടുമ്പോൾ—വിദ്യാഭ്യാസം ദേശഭാഷകളിൽക്കൂടിയാക്കുമ്പോൾ—ഓരോ ദേശഭാഷകളിലും അവശ്യംവേണ്ട നൂതനസാങ്കേതികപദാവലികളും മററു വികാസങ്ങളും താനേ ഉണ്ടായിക്കൊള്ളും.

ലോകമാന്യതിലകനും റാംമോഹനറോയിയും ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ സന്തതികളല്ലേ? അതുകൊണ്ടു് ആ രീതി പ്രയോജനരഹിതമാണെന്നു പറയുന്നതു സാഹസമല്ലേ? എന്നു ചോദിക്കുന്നവരോടു മഹാത്മാവിൻെറ സമാധാനം ഇംഗ്ലീഷിൽ ചിന്തിക്കുകയും ഇംഗ്ലീഷിൽതന്നെ തങ്ങളുടെ ആശയവിനിമയം മിക്കവാറും ചെയ്യേണ്ടിവരുക എന്ന തടസ്സം നേരിടുകയും ചെയ്യേണ്ടിരുന്നില്ലെങ്കിൽ—ഇംഗ്ലീഷുവിദ്യാഭ്യാസമെന്ന പകർച്ച വ്യാധി പിടിപെട്ടിരുന്നില്ലെങ്കിൽ—അവരുടെ ഔന്നത്യവും മാഹാത്മ്യവും എത്രയോ അധികപ്പെടുമായിരുന്നു എന്നു താൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു എന്നാണ്. ഇവരെ ചൈതന്യൻ, ശങ്കരൻ, കബീർ, നാനാക്ക്, ഗുരുഗോവിന്ദൻ തുടങ്ങിയ മഹാരഥന്മാരുമായി താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ സൂര്യപ്രഭയിൽ വൈദ്യുതപ്രകാശംപോലെ ഇവർ നിഷ്പ്രഭരായി പോകയില്ലേ? ശ്രീ ശങ്കരാചാര്യർക്കു തനിയെ ചെയ്യുവാൻ കഴിഞ്ഞ മഹത്കൃത്യങ്ങൾ ഇംഗ്ലീഷുഭാഷാഭിജ്ഞരായ എല്ലാവരും കൂടി ചേർന്നാലും ചെയ്യുവാൻ സാധിക്കുമോ? ഇരുനൂറോളം വർഷത്തെ ബ്രിട്ടീഷു ഭരണം ശൈശവം മുതൽതന്നെ പാശ്ചാത്യസംസ്കാരത്തിൻെറ സ്വാധീനശക്തിയിൽ വളർത്തപ്പെടുന്ന രാജാക്കന്മാരിലോ മഹാരാജാക്കന്മാരിലോ, ശിവാജിയുടെയോ പ്രതാപൻെറയോ പേരിനോടൊന്നിച്ചു് ഉച്ചരിക്കുവാൻ യോഗ്യതയുള്ള ഒരാളെ എങ്കിലും സൃഷ്ടിച്ചിട്ടുണ്ടോ? എന്നു് അദ്ദേഹം ആവേശഭരിതനായി ചോദിക്കുന്നു. ബ്രിട്ടീഷുകാരുടെ വരവിനു മുമ്പു ഭാരതം അടിമത്വത്തിലായിരുന്നില്ല. മുഗൾ ഭരണകാലത്തു് ഇവിടെ ഒരുമാതിരി 'സ്വരാജ്' ഉണ്ടായിരുന്നു. അക്ബറിൻെറ കാലത്തു് ഒരു പ്രതാപനും ഔറംഗസീബിന്റെ കാലത്തു് ഒരു ശിവാജിയും ഉണ്ടാവുക സാദ്ധ്യമായിരുന്നു.

താൻ രാഷ്ട്രത്തിനുവേണ്ടി എന്തെങ്കിലും സേവനങ്ങളനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അതിനു തന്നെക്കൊണ്ടു സാധിച്ചതു താൻ സംരക്ഷിച്ചുപോരുന്ന പൗരസ്ത്യസംസ്കാരംകൊണ്ടു മാത്രമാണ് എന്നത്രേ മഹാത്മജി പറയുന്നതു്. ഇതുകൊണ്ടു് അദ്ദേഹം ഇംഗ്ലീഷുഭാഷയേയോ പാശ്ചാത്യസംസ്കാരത്തെയോ വെറുക്കുന്നു എന്നു് ആരും ധരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. അവ അർഹിക്കുന്ന ആദരവു് അദ്ദേഹം അവയ്ക്കു നൽകുന്നുണ്ടു്. ഇംഗ്ലീഷ്, അന്തർദേശീയബന്ധങ്ങൾക്കും, പാശ്ചാത്യശാസ്ത്രഗവേഷണങ്ങളെപ്പററി അറിയുന്നതിനും, ആവശ്യമാണെന്നു് അദ്ദേഹം സമ്മതിക്കുന്നു. കുറെ പണ്ഡിതന്മാർക്കു് അതാവശ്യമുണ്ടു്. എന്നാൽ സാമാന്യജനങ്ങൾക്കും അതു കൂടിയേതീരു എന്ന വാദത്തെ അദ്ദേഹം വകവയ്ക്കുന്നില്ല. അതർഹിക്കാത്ത ഒരു സ്ഥാനം അതിനു നൽകുവാൻ ഗാന്ധിജി വിസമ്മതിക്കുന്നു. എല്ലാം അതതിൻെറ സ്ഥാനത്തു നല്ലതുതന്നെ. ഭാരതത്തിൽ ഇംഗ്ലീഷിനു "രണ്ടാമത്തെ ഭാഷ"യുടെ സ്ഥാനമേ ഉണ്ടായിരിക്കാൻ പാടുള്ളു. ഒന്നാം സ്ഥാനം നമ്മുടെ ദേശഭാഷകൾക്കുതന്നെ ആയിരിക്കണം. പാശ്ചാത്യസംസ്കാരം—

നതെത്രതന്നെ മെച്ചമായിക്കൊള്ളട്ടെ—നമ്മുടെ സംസ്കാരത്തെ വിഴുങ്ങിക്കളയാൻ അനുവദിച്ചുകൂടാ.

ഇന്നത്തെ രീതിയിലുള്ള ഇംഗ്ലീഷുവിദ്യാഭ്യാസം ഇൻഡ്യൻ വിദ്യാർത്ഥികളുടെ ബുദ്ധിശക്തിയെ വല്ലാതെ ക്ഷീണിപ്പിക്കുന്നതിനു കാരണമായിട്ടുണ്ടെന്നും, അവരുടെ ആയുസ്സിന്റെ ദൈർഘ്യം കുറച്ചിട്ടുണ്ടെന്നും, നമ്മെ പൗരുഷവിഹീനരും അനുകരണഭ്രാന്തരും ആക്കിത്തീർത്തിട്ടുണ്ടെന്നും, അധഃസ്ഥിതബോധം ഉളവാക്കി നമ്മുടെ ആത്മാഭിമാനത്തെ നശിപ്പിച്ചു എന്നും മഹാത്മാഗാന്ധി ഹൃദയപൂർവ്വം വിശ്വസിക്കുന്നു. സ്വാതന്ത്ര്യത്തിൽ മുഴുകുവാൻ നാം അഭിലഷിക്കുന്നു; എന്നാൽ ഇന്നത്തെ വിദ്യാഭ്യാസരീതി അടിമത്വത്തിലേക്കാഴ്ത്തി നമ്മെ അസ്ഥപൗരുഷരാക്കിത്തീർക്കുന്നു. നമ്മുടെ ശരീരത്തേയും മനസ്സിനേയും ആത്മാവിനേയും ദുർബ്ബലമാക്കിത്തീർക്കുന്ന ഇംഗ്ലീഷുഭാഷയിൽക്കൂടിയുള്ള അദ്ധ്യയനരീതി കൈവെടിഞ്ഞു ദേശീയാഭിവൃദ്ധിക്കു നിദാനമായിരിക്കുന്ന ദേശഭാഷാപരിപോഷണത്തിന് ഉൽസുകരാകേണ്ടതു സ്വാതന്ത്ര്യം കാംക്ഷിക്കുന്ന ഏതൊരു ഭാരതീയൻെറയും കടമയാണ്.


# 3 ഭയങ്കര രോഗങ്ങൾ.

## 1. മഞ്ഞപ്പിത്തം.

നമ്മുടെ നാട്ടിൽ കുഞ്ഞുങ്ങളും മുതിന്നവരുമായി എത്ര ആയിരം പേരാണ്, മഞ്ഞപ്പിത്തത്തിൻെറ ഉപദ്രവത്താൽ ദീർഘകാലം കഷ്ടപ്പെടുന്നതു്. എത്ര പഴക്കമേറിയ മഞ്ഞപ്പിത്തവും കുറഞ്ഞ കാലത്തിനുള്ളിൽ ഞങ്ങൾ സുഖപ്പെടുത്താം.

## 2. മലമ്പനി.

ഭാരതത്തിൻെറ ശാപങ്ങളിലൊന്നാണ്, മലേറിയാരാക്ഷസൻ! മലമ്പനിയെ തീർത്തു നശിപ്പിക്കുവാൻ ആയുവേദത്തിനു മാത്രമെ കഴിവുള്ളു. നിങ്ങൾ ഒരു മലേറിയാരോഗിയാണെങ്കിൽ, ഉടനെ ഞങ്ങളുടെ സഹായം ആവശ്യപ്പെടുക.

## 3. ടൈഫോയിഡ്.

രോഗശമനത്തിനു ശേഷവും പൂർണ്ണആരോഗ്യവാന്മാരായിരിക്കുന്നതിനു ഞങ്ങളുടെ സേവനം സമ്പാദിക്കട്ടെ.

ദൂരസ്ഥലങ്ങളിലുള്ളവർ വിശദമായ കത്തുകൾമൂലം വിവരമറിയിക്കുക.

**സാധുക്കൾക്കു സൌജന്യ ചികിത്സ.**

**ആയുർവേദ ഫാർമസി.**

പേട്ട—കാഞ്ഞിരപ്പള്ളി.

# സോമനാഥവടിക.

അമിതസംയോഗം കൊണ്ടോ യുവജനസഹജമായ മററു ചാപല്യത്താലോ വന്നുകൂടിയ ധാതുനഷ്ടം, സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം മുതലായവയെ പരിഹരിച്ചു് ധാതുപുഷ്ടിയേയും, രതിസുഖത്തേയും പ്രദാനം ചെയ്യുവാനുള്ള സിദ്ധൌഷധം. ഒരു മാസത്തേക്കു് 7 രൂപാ.

വൈദ്യകലാനിധി Dr. പി. എൻ. പിള്ള, സർക്കാർ ആയുവേദവൈദ്യശാല, പൊൻകുന്നം.

# അന്ധകാരം

(പാലാ നാരായണൻ നായർ)

(ഓമനക്കുട്ടൻ)

അന്ധകാരമേ, മുന്നിൽ നിന്നു നീ
ഹന്ത, മാർഗ്ഗം മുടക്കിയോ?......
സന്തതം കതിരിട്ടു വന്നൊരെൻ
സാന്ദ്ര സൗഭഗം മാഞ്ഞിതോ?......

തൂവെളിച്ചമേറെന്നുമെന്നുമെൻ
ജീവിതം വിടുന്നീടവേ
സമ്പ്രഹർഷത്തിലൂടെ നിത്യമെൻ
പൊൻപതാക പറക്കവേ
നെഞ്ചകത്തുനിന്നെൻ പ്രതീക്ഷയാം
പഞ്ചമക്കുയിൽ പാടവേ

കാളമേഘമേ, മുന്നിലേക്കു നീ
മൂളി വന്നതാണക്രമം.

പാരിലെന്നെയിന്നെന്തിനീവിധം
ക്രൂരിരുട്ടിലേയ്ക്കാഴ്ത്തി നീ?......
പിന്നിലെൻ നിഴൽ മാഞ്ഞുപോകുകി-
ലെന്നിലെന്നെ ഞാൻ കാണുമോ?......
തെല്ലുമില്ലൊളിയെങ്കിലിന്നി മേൽ
നല്ല ഭാവി ഞാൻ കാണുമോ?......

താരകങ്ങളും കണ്ണടച്ചു പോയ്
താഴെ നില്ക്കു മീയേഴയിൽ
ഒന്നു നിർണ്ണയം, ഞാൻ സഹിക്കണെ-
മെന്നു മെന്നു മിച്ഛൂഷണം.
നിസ്വനാ മെനിയ്ക്കാരു നൽകീടും
വിശ്വഭാസുര ഭാവുകം?......
വിസ്മയമതിലല്ല, മററാരാരും
വിശ്വസിക്കുവാനില്ലമേ
ശൂലജീവിതം കൈവരിക്കുന്ന
മർത്ത്യനില്ലൊരുരക്ഷയും.
നിശ്ചയിച്ചു ഞാ, നന്യനോടൊരു
ഭിക്ഷയാചിക്കയില്ലിനി.
വേണ്ട വേണ്ടെനിയ്ക്കാത്മവഞ്ചന-
പൂണ്ട ചന്ദ്രികാ വീചികൾ
നിർദ്ദയം നിന്നു പുൽകുകെന്നെനീ
നിത്യമാമന്ധകാരമേ!!

FOR
EXPERT AND EFFICIENT
DENTAL TREATMENT
GO TO
THE DENTAL DEPARTMENT
KADAMAPUZHA DISPENSARY,
KANJIRAPALLY.

## സ്റ്റാൻഡാർഡ്

# ഭർത്താക്കന്മാർ

(പി. കെ. രാജരാജവർമ്മ എം. ഏ.)

ഈ മഹായുദ്ധം ഒരുദിവസം അവസാനിക്കും. യൂറോപ്പിലും സമാധാനം സംസ്ഥാപിതമാകും. എന്നാൽ അപ്പോഴേയ്ക്കും പുരുഷന്മാരിൽ ബഹുഭൂരിപക്ഷവും യുദ്ധത്തിൽ മരിച്ചുപോയികഴിഞ്ഞിരിക്കും. പുരുഷന്മാരുടെ അഭാവംനിമിത്തം അമ്പിട്ടന്മാർ, പുരോഹിതന്മാർ, കശാപ്പുകാർ മുതലായ വിവിധ തൊഴിൽക്കാരുടെ ഇടയിൽ ഉണ്ടാകുന്ന വിടവുകളെല്ലാം സ്ത്രീകൾ തന്നെ ഒരുവിധം നികത്തും. എന്നാൽ ഭർത്താക്കന്മാർ വഹിച്ചിരുന്ന സ്ഥാനങ്ങൾ മാത്രം ഏറ്റെടുക്കാൻ നിവൃത്തിയില്ലാതെ സ്ത്രീലോകം മിഴിച്ചുനിൽക്കും. ഭർത്തൃക്ഷാമം എന്ന വിഷമപ്രശ്നം കടുത്ത ഭയങ്കരതയോടെ സമുദായത്തെ അഭിമുഖീകരിക്കും. ഭരണമേധാവികളും രാജ്യതന്ത്രജ്ഞന്മാരും ശാസ്ത്രപടുക്കളും എല്ലാം ഇതികർത്തവ്യതാമൂഢരായി തല ചൊറിഞ്ഞുതുടങ്ങും. അനന്തവും അസഹ്യവുമായ കലാപങ്ങളും ദുരിതങ്ങളും ഒഴിക്കണമെങ്കിൽ നമുക്കു വിപ്ലവകരങ്ങളും ഒരുപക്ഷേ ആചിന്ത്യങ്ങൾ തന്നെയും ആയി തോന്നുന്ന പല പദ്ധതികളും അന്നു ധൈര്യസമേതം നടപ്പിൽ വരുത്തേണ്ടിവരും. നെല്ലെടുപ്പുപദ്ധതി, റാഷനിംഗ്, ബജറാതീററി, സ്റ്റാൻഡാർഡ് ഭക്ഷണം മുതലായവ മൂന്നു കൊല്ലം മുമ്പ് നമുക്ക് അചിന്ത്യങ്ങളായിരുന്നില്ലേ?

യൂറോപ്പിലെ വനിതകളിൽ ദീർഘദൃഷ്ടിയും കൂർമ്മബുദ്ധിയും ഉള്ളവർ ഭർത്തൃക്ഷാമത്തിന്റെ ലക്ഷണങ്ങൾ നേരത്തേ കണ്ടു മനസ്സിലാക്കുകയും ഇങ്ങോട്ടുള്ള പ്രണയാർത്ഥനകൾക്കു പണ്ടത്തെപ്പോലെ കാത്തിരിക്കാതെ അങ്ങോട്ടുള്ള പ്രണയാർത്ഥനകളും പ്രലോഭനങ്ങളും കൊണ്ടു നേരത്തേതന്നെ ഭർത്താക്കന്മാരെ കയ്യിലാക്കാൻ ശ്രമിക്കുകയും ചെയ്യും. മാമൂലനുസരിച്ചുള്ള പ്രണയാർത്ഥനകൾക്കു കാത്തിരിക്കുന്ന സാധാരണ വനിതകൾ തങ്ങളുടെ മൗഢ്യം വേഗത്തിൽ മനസ്സിലാക്കും. അവരും പരിഭ്രമിച്ചു ഭർത്താക്കന്മാരെ തേടാൻ വാശിയോടെ ഇറങ്ങി പുറപ്പെടും. ഈ പ്രണയാർത്ഥനകൾ ആദ്യഘട്ടങ്ങളിൽ പുരുഷന്മാർക്കു ബഹുരസമായിരിക്കും. എന്നാൽ താമസിയാതെതന്നെ, തങ്ങളെ സമീപിക്കുന്ന വിദുഷികളും ശീലവതികളും സുന്ദരികളും ധനവതികളും ആയ നിരവധി സ്ത്രീജനങ്ങളിൽ ആരെയാണ് സ്വീകരിക്കേണ്ടതു്, എന്താണ് ചെയ്യേണ്ടതു്, എന്നറിയാതെ പുരുഷന്മാർ അമ്പരന്നു തുടങ്ങും. പ്രണയാർത്ഥനകളുടെ ബാഹുല്യം നിമിത്തം ഉണ്ണാനും ഉറങ്ങാനും കൂടി സമയം ലഭിക്കാതെ അവർ വിഷമിക്കും. സാധാരണ സ്ത്രീകളുടെ ശല്യം ഒഴിക്കുന്നതിനായി "ആൾ അകത്തില്ല", "ഇവിടെ ഭർത്താക്കന്മാരെ കിട്ടുകയില്ല", "ഒരു അഭിമുഖസംഭാഷണത്തിനു ഫീസ് (മുൻകൂർ) 10 പവൻ", ഇമ്മാതിരിയുള്ള ബോർഡുകൾ പുരുഷന്മാർ തങ്ങളുടെ പടിവാതിലുകളിൽ തൂക്കിത്തുടങ്ങും. പുരുഷാന്വേഷണോൽസുകരായി കൂട്ടം കൂട്ടമായി ഇറങ്ങി പുറപ്പെടുന്ന സാധു സ്ത്രീകളെ പടിവാതലിനുള്ളിൽ കടത്താതെ ആട്ടി ഓടിക്കുവാൻ പ്രത്യേകം കാവൽക്കാരികളെ ചിലർ നിയമിക്കും. എന്നാൽ അഭിമാനത്തെയും പണത്തെയും തൃണവൽഗണിച്ചു് സ്ത്രീജനങ്ങൾ വീണ്ടും തിക്കിതിരക്കും. നൂറു പവൻ, അഞ്ഞൂറു പവൻ, ആയിരം പവൻ ഇങ്ങനെ ഭർത്താക്കന്മാരുടെ കമ്പോളവില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കും.

ഇതുതന്നെ തരം എന്നു വിചാരിച്ചു ചില മൊത്തക്കച്ചവടക്കാരികൾ പവൻ നോട്ടുകളുമായി ഇറങ്ങും. സാധാരണനടപ്പുള്ളതിൽ

ഇരട്ടി വില കൊടുത്തു് രാജ്യത്തുള്ള പുരുഷന്മാരെ എല്ലാം അവർ കരസ്ഥമാക്കും. പുരുഷന്മാരുടെ ഈ അന്തർദ്ധാനംമൂലം അവരുടെ വില പതിന്മടങ്ങായി വർദ്ധിക്കും. സാധാരണപോലുള്ള ഒരു ഭർത്താവിനെ അയ്യായിരം പവനു കിട്ടിയാൽ അതു വലിയ ലാഭമായി സ്ത്രീലോകം കരുതും. ഒന്നാംതരം ഒരു ഭർത്താവിനു പതിനായിരത്തിൽ കുറയാതെ കൊടുക്കേണ്ടി വരും. കണ്ണുപൊട്ടൻ, കാലു ഞൊണ്ടി, കോന്ത്രപ്പല്ലൻ മുതലായവരെ രണ്ടു മൂവ്വായിരം പവനു കിട്ടിയെന്നു വന്നേക്കാം. ഒരു വെടിക്കു രണ്ടു പക്ഷി എന്ന മട്ടിൽ കുടിയൻ, മുടിയൻ, അടിയൻ തുടങ്ങിയ ഉപദ്രവികളായ ഭർത്താക്കന്മാരെ ഒഴിച്ചു വിടുന്നതിനും ഈ അവസരത്തെ ചില ഭാര്യമാർ ഉപയോഗിക്കും. ലക്ഷപ്രഭ്വികൾക്കല്ലാതെ മററാക്കും പേരിനു പോലും ഒരു ഭർത്താവിനെ ലഭിക്കുകയില്ല എന്ന ഘട്ടം വരും. സാമാന്യ വനിതകളിൽ ഇതു ഒരു വിപ്ലവം ജനിപ്പിക്കും. പുരുഷന്മാർ വനിതാ ലോകത്തിൻെറ പൊതുസ്വത്താണെന്നും, അവരെ ചില ലക്ഷപ്രഭ്വികൾ മാത്രം കൈവശം വെച്ചുകൊണ്ടിരിക്കുന്നതു അന്യായമാണെന്നും, ഉള്ള ഭർത്താക്കന്മാരെ ആളോഹരിവെച്ചു വീതിക്കണമെന്നും വാദിച്ചുകൊണ്ടു ഒരു കൂട്ടം കമ്മ്യൂണിസ്ററു വനിതകൾ വിപ്ലവത്തിനു വട്ടം കൂട്ടും. മതം, സദാചാരം, സമാധാനം മുതലായവയെ പുലത്തുന്നതിനു ഈ പ്രക്ഷോഭണത്തെ അമച്ചു ചെയ്യണമെന്നു ലക്ഷ പ്രഭ്വികളും കച്ചവടക്കാരികളും ഗവമ്മെൻെറിനെ ഉത്ബോധിപ്പിക്കും. ഇതിനിടയിൽ ചില ലക്ഷപ്രഭ്വികളുടെ ഭർത്താക്കന്മാരെ അവരുടെ വീടുകളിൽനിന്നു മോഷ്ടിച്ചുകൊണ്ടുപോയതായി കേസ്സുകളുണ്ടാകും മററു ചില ലക്ഷപ്രഭ്വികൾ സ്വഭർത്താക്കന്മാരുമൊന്നിച്ചു സവാരിക്കു പോകുമ്പോൾ ചില യുവവനിതകൾ ആയുധപാണികളായി അടുത്തു് ഭർത്താക്കന്മാരെ അപ്ഹരിച്ചു കൊണ്ടുപൊയ്ക്കളയും. രാജ്യത്തു നിയമവും സമാധാനവും പാലിക്കണമെങ്കിൽ എന്തെങ്കിലും ചില സത്വര നടപടികൾ കൈക്കൊള്ളാതെ നിവൃത്തിയില്ലെന്നു അവിടുത്തെ ഗവമ്മണ്ടിനു ക്രമേണ ബോദ്ധ്യമാകും.

ഗവർമ്മെണ്ടു ആദ്യമായി വില നിയന്ത്രണ വിളംബരം പ്രസിദ്ധപ്പെടുത്തും. ഒന്നാന്തരം ഭർത്താക്കന്മാക്കു അഞ്ഞൂറുപവനും, രണ്ടാംതരത്തിനു മുന്നൂറുപവനും, മൂന്നാം തരത്തിനു നൂറുപവനും പരമാവധി വില നിശ്ചയിക്കും. കച്ചവടക്കാരികൾ ഇതിനേ ബലമായി എതിക്കും. യുവവനിതകൾ ഇതു തീരെ അപര്യാപ്തമാണെന്നു പറഞ്ഞു് അധിക്ഷേപിക്കും. ഇതിനിടയിൽ രഹസ്യമായി ഭർത്താക്കന്മാരെ നൽകി അയ്യായിരം പവൻ വീതം വാങ്ങിയ ചില കച്ചവട പ്രമുഖികളെ പോലീസുകാരികൾ അറസ്ററു ചെയ്തു വിലങ്ങുവെച്ചു പബ്ളിക്കു റോഡുകളിൽക്കൂടി നടത്തും. ഇതു കച്ചവടലോകത്തെ ഭയവിഹ്വലവും പ്രക്ഷുബ്ധവും ആക്കും. അവർ തങ്ങളുടെ കൈവശമുള്ള പുരുഷന്മാരെയെല്ലാം കല്ലറകളിലും നിലവറകളിലും മററു ഗൂഢസ്ഥലങ്ങളിലും ഒളിച്ചുവെക്കും. പുരുഷന്മാരെ കണികാണാൻപോലും നാട്ടിൽ കിട്ടാതെ വരും. വനിതകളുടെ ദുരിതം വർദ്ധിക്കും. ഗവർമ്മെണ്ടിൻെറ വിലനിയന്ത്രണത്തിൻെറ ദുഷ്ഫലങ്ങളാണിതു് എന്നു പറഞ്ഞു. പണക്കാരികൾ പുലഭ്യം ശകാരിക്കും.

അവിടുത്തെ ഗവർമ്മെണ്ടു ദീർഘദൃഷ്ടിയുള്ളതാണെങ്കിൽ കർശന നടപടികൾ ഉടൻ കയ്ക്കൊള്ളും. പതിനാറുവയസ്സിനു മേലുള്ള ആണുങ്ങളെയെല്ലാം ഗവർമ്മെണ്ടിനു വിട്ടുകൊടുക്കണമെന്നും അതിനു നിയന്ത്രണനിരക്കനുസരിച്ചുള്ള വില നൾകുന്നതാണെന്നും ഒരു വിളംബരം പ്രസിദ്ധപ്പെടുത്തും. ഈ "ആണെടുപ്പുപദ്ധതി"ക്കു പ്രത്യേകം ഒരു സ്പെഷ്യൽ ആഫീസരിയും സ്റ്റാഫും നിയമിതരാകും. അവർ ആണെടുപ്പു നടത്തുന്നതോടുകൂടി രാജ്യമൊട്ടാകെ സഞ്ചരിച്ചു ഈ പദ്ധതിയുടെ ആവശ്യകതയെപ്പററി പ്രചരണം നടത്തും. സാഹിത്യാഭിരുചിയുള്ള ചില ആഫീസരിമാർ "ആണെടുപ്പുതുള്ളല"കൾ എഴുതും. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനു മുഖ്യ ചുമതലക്കാരികളായ പാർവ്വത്യകാരികളിലും പോലീസുകാരികളിലും പലരും ഭർത്തൃക്ഷാമം എന്നതു് എന്താണെന്നു അറിയുന്നില്ലെന്നും ലക്ഷപ്രഭ്വികളായിത്തീരുന്നു എന്നും, പല സ്ത്രീകളും തങ്ങളുടെ പുരുഷന്മാരെ ഗവർമ്മെണ്ടിനു വിട്ടുകൊടുക്കാതെ ഒളിച്ചുവെച്ചിരിക്കുന്നുവെന്നും ഉള്ള പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കും. എതായാലും കുറെലക്ഷം ആണുങ്ങൾ ഗവർമ്മെണ്ടു കൈവശം വന്നുചേരും. അവരെ

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഉള്ള കേന്ദ്രങ്ങളിൽ സൂക്ഷിക്കും.

കണക്കുകൾ പരിശോധിക്കുമ്പോളാണ്, നാലു സ്ത്രീകൾക്ക് ഒരു പുരുഷൻ എന്ന തോതനുസരിച്ചു വീതിക്കുന്നതിനുപോലും പുരുഷന്മാരുടെ എണ്ണം തികയുകയില്ല എന്ന ഭയങ്കര വസ്തുത ഗവൺമെന്റിനു ബോദ്ധ്യമാവുക. ഭാവിയിൽ കൂടുതൽ പുരുഷപ്രജകൾ ഉണ്ടാവുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു സർവ്വകലാശാലയുടെ ഗവേഷണവകുപ്പ് പരിശ്രമം ചെയ്യും. "കൂട്ടംപ്രസവം" (പ്രസവത്തിന്റെ എണ്ണവും ഓരോ പ്രസവത്തിലും ഉണ്ടാകുന്ന ആൺകുട്ടികളുടെ എണ്ണവുംവർദ്ധിപ്പിക്കുന്നതു്), "നെടുംപ്രസവം" (പ്രസവിക്കുന്ന സ്ത്രീകളുടെ എണ്ണവും പ്രസവിക്കാൻ സാധിക്കുന്ന പ്രായത്തിന്റെ ദൈർഘ്യവും വർദ്ധിപ്പിക്കുന്നതു്) മുതലായ പദ്ധതികൾ ഗവൺമെന്റിന്റെ ശ്രദ്ധയെ ആകർഷിക്കും. വൃദ്ധന്മാരെ യൌവനക്കാരാക്കുന്നതിനും ബാലന്മാരെ വേഗത്തിൽ യൌവ്വനം പ്രാപിപ്പിക്കുന്നതിനും പര്യാപ്തങ്ങളായ ചികിത്സകൾ വമ്പിച്ച തോതിൽ നടപ്പാക്കും. തൽക്കാലത്തേക്കു് ആശ്വാസം ലഭിക്കുന്നതിനായി അന്യ നാടുകളിൽനിന്നു ഭർത്താക്കന്മാരെ ഇറക്കുമതി ചെയ്യുന്നതിനു പ്രധാന വിദേശഗവർമ്മെന്റുകളുമായി എഴുത്തുകുത്തുകൾ ചെയ്യും. തങ്ങളുടെ നാട്ടിലും ഭർത്തൃക്ഷാമമുണ്ടെന്നു പറഞ്ഞു റഷ്യ സഹായം നിരസിക്കും. ആളൊന്നിനു് അയ്യായിരം പവൻ വീതം കൊടുക്കാമെങ്കിൽ രണ്ടുലക്ഷം ഭർത്താക്കന്മാരെ സപ്ലൈ ചെയ്യാമെന്നു അമേരിക്ക പറയും. വെള്ള ഭർത്താക്കന്മാരെ തരാൻ നിവൃത്തിയില്ലെന്നും പത്തുലക്ഷം ഇന്ത്യാക്കാരെയും പത്തുലക്ഷം ആഫ്രിക്കക്കാരെയും മുന്നൂറു പവൻ നിരക്കിനു അയച്ചുതരാമെന്നും ബ്രിട്ടൻ വാഗ്ദാനം ചെയ്യും. കിട്ടുന്ന ഭർത്താക്കന്മാരെ എല്ലാം ഗവൺമെന്റു സ്വീകരിച്ചുവെച്ചിട്ടു് ഒരു റാഷനിംഗ് ഏർപ്പാടു സമാരംഭിക്കും.

ആദ്യമായി മൂന്നുനാലു വലിയ പട്ടണങ്ങളിൽ ഭർത്തൃറാഷനിംഗുസമ്പ്രദായം നടപ്പാക്കും. ക്രമേണ അതു രാജ്യമൊട്ടാകെ വ്യാപിക്കുന്ന സമ്പൂർണ്ണ ഭർത്തൃറാഷനിംഗായി പരിണമിക്കും. ഭർത്താക്കന്മാരെ അളന്നും മുറിച്ചും മററും വീതിക്കാൻ നിവൃത്തിയില്ലാത്തതിനാൽ പന്ത്രണ്ടു സ്ത്രീകളെ ഒരു ഉപഭോക്തൃയൂണിററായി കണക്കാക്കുന്നതും അവർക്കു ഒരു ഭർത്തൃയൂണിററിനെ ലഭിക്കാൻ അവകാശമുള്ളതും ആയിരിക്കും. ഒരു ഭർത്തൃയൂണിററ് എന്നു പറയുന്നതു് മൂന്നു വെള്ളക്കാരും ഒരു ഇന്ത്യാക്കാരനും ഒരു് ആഫ്റിക്കാക്കാരനും ചേർന്നതായിരിക്കും. വെള്ളക്കാരേമാത്രം വാങ്ങിയിട്ടു് വനിതകൾ പുരികം ചുളിച്ചു് അമ്പരപ്പോടെ കറുത്ത വരന്മാരെ നോക്കും. ചിലർ അവരേ തൊട്ടുനോക്കികയ്യേൽ, കറുപ്പുനിറം പറന്നുപോണ്ടോ എന്നു പരിശോധിക്കും. മററു ചിലർ സങ്കോചത്തോടെ നാററമുണ്ടോ എന്നു മണപ്പിച്ചുനോക്കും. ചിലർ വർത്തമാനം പറഞ്ഞുനോക്കും. വേറെ ചിലർ ചില പ്രണയഗോഷ്ടികൾ അഭിനയിച്ചു കറുത്ത വരന്മാരുടെ ഭാവഭേദങ്ങളെ വീക്ഷിക്കും. ഒരുവിധം ഭേദപ്പെട്ടവരെല്ലാം വെള്ളക്കാരേമാത്രം കൂട്ടിക്കൊണ്ടുപോകും. സാധുക്കൾ മുഖം ചുളിച്ചുകൊണ്ടാണെങ്കിലും കറുത്തവരേക്കൊണ്ടു തൃപ്തിപ്പെടും.

കറുത്ത ഭർത്താക്കന്മാരിൽ ഒരു വലിയഭാഗം ആരും വാങ്ങാതെ ശേഷിക്കും. കറുത്തവരേക്കൂടെ വാങ്ങിയാൽ മാത്രമേ വെള്ളക്കാരെ നൾകുകയുള്ളു എന്നൊരു ഉത്തരവ് ഗവൺമെൻറു് അപ്പോൾ പുറപ്പെടുവിക്കും. കറുത്ത ഭർത്താക്കന്മാരുടെ വിവിധ ഗുണങ്ങളെപ്പററി ഗവൺമെൻറു ഡിപ്പാർട്ടുമെൻറുകൾ ശക്തമായ പ്രചരണവേല നടത്തും. ആ രാജ്യത്തിലെ ആക്ടിംഗ് ആയുർവ്വേദഡയറക്ടറസ്സ് അഷ്ടാംഗഹൃദയത്തിൽ കറുത്ത ഭർത്താക്കന്മാരുടെ ഗുണങ്ങൾ വർണ്ണിച്ചിട്ടുള്ളതിനെ എടുത്തുപറയുകയും താൻ സ്വീകരിച്ച കറുത്ത വരന്റെ മേന്മകളെപ്പററി പത്രങ്ങളിലെഴുതുകയും ചെയ്യും. പബ്ലിക്ക്ഹെൽത്ത് ലാബറട്ടറി സൂപ്രണ്ടു്, ഭർത്താക്കന്മാരെന്നുള്ള നിലയിൽ വെള്ളക്കാർക്കുള്ള കുറവുകളെയും അവ പരിഹരിക്കുന്നതിനായി രാജ്യത്തുള്ള ഭർത്താക്കന്മാരിൽ അഞ്ചിൽ രണ്ടു ഭാഗം കറുത്തവരായി ഇരിക്കേണ്ട ആവശ്യത്തേയും ലഘുലേഖകളിൽ വിശദീകരിക്കും. പല നിറക്കാരായ ഭർത്താക്കന്മാരെ സ്വീകരിപ്പാൻ ഇടവരുത്തിയതിൽ ഭർത്തൃക്ഷാമത്തെ രാജ്യത്തിനൊരനുഗ്രഹമായിട്ടുവേണം വിചാരിക്കാൻ എന്നു് ഹെൽത്ത് എഡ്യൂക്കേഷൻ ആഫീസറി ഒരു പ്രസംഗം പ്രക്ഷേപണംചെയ്യും. കറുത്ത ഭർത്താക്കന്മാരുടെ വിശേഷഗുണങ്ങൾ പൂർണ്ണമായി അനുഭവിക്കുന്നതിനു് അവ

രെ ഏതെല്ലാംതരത്തിലാണ് ശരിപ്പെടുത്തിക്കൊണ്ടുവരേണ്ടതെന്നു ദാമ്പത്യഡയറക്ട്റസ് ഉൽബോധനങ്ങൾ നൽകും. ഇതിന്റെ എല്ലാം ഫലമായി റാഷനിംഗ്പദ്ധതി ഒരുവിധം തൃപ്തികരമായി പുരോഗമിക്കുകയും വനിതാലോകം ഒരു് അത്യാഹിതത്തിൽനിന്നു രക്ഷപ്രാപിക്കയും ചെയ്യും.

ബജ്റായിക്കും ഉണ്ടക്കോതമ്പിനും ഇല്ലാത്ത ഒരു ദോഷം ഭർത്താക്കന്മാർക്കുണ്ടെന്നു റാഷനിംഗ്പദ്ധതിയുടെ നടപ്പിൽനിന്നും മനസ്സിലാകും. ബജ്റായും ഉണ്ടക്കോതമ്പും ഒരു വയറിളക്കത്തിൽ കവിഞ്ഞ കുസൃതിയും കുണ്ടാമണ്ടിയും ഉണ്ടാക്കുകയില്ല. എന്നാൽ ഭർത്താക്കന്മാർ അങ്ങനെയല്ല അവരുടെ കടാക്ഷവീക്ഷണങ്ങളും രഹസ്യസല്ലാപങ്ങളും പ്രണയചേഷ്ടകളും യൂണിററിനു വെളിയിൽ കടന്ന് അന്യയൂണിററുകളെ ആക്രമിക്കും. യൂണിററിലെ പന്ത്രണ്ടു പേരിൽ ചിലരോടുതന്നെ പ്രത്യേകതകൾ കാട്ടിത്തുടങ്ങും. ഇതു് ആ സ്ത്രീകൾ തമ്മിൽ അസൂയയ്ക്കും കലഹത്തിനും ഇടയാക്കും. ഒരു സുന്ദരിയിൽ രണ്ടു മൂന്നു പേർ പ്രണയം കാട്ടുമ്പോൾ അവർ തങ്ങളിൽതന്നെ മത്സരവും കലഹങ്ങളും ഉണ്ടാകും. അതുകൊണ്ടു യൂണിററിനകത്തു കലഹങ്ങളും കശപിശകളും ഇല്ലാതാകണമെങ്കിൽ നേരത്തെ ചില പരിശീലനങ്ങൾ കൊടുത്തു് ഭർത്താക്കന്മാരെ ഉണ്ടക്കോതമ്പിന്റെ പരുവത്തിൽ ആക്കിത്തീർക്കേണ്ടതു് അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെടും. ഇപ്രകാരം ഒരേമാതിരിയുള്ള "സ്റ്റാൻഡാർഡുഭർത്താക്കന്മാരെ" ഉണ്ടാക്കുകയാണ് വിജയകരമായ ഒരു ഭർതൃറാഷനിംഗ്പദ്ധതിയുടെ അടിസ്ഥാനമെന്നു മനസ്സിലാകും. എന്നാൽ ഇതു പെട്ടെന്നു സാധിക്കുന്ന ഒരു കാര്യമല്ലെന്നും വളരെ നേരത്തേതന്നെ ആരംഭിക്കേണ്ടതായിരുന്നു എന്നും വേഗം വെളിവാകും. സഖ്യകക്ഷികളുടെ യുദ്ധാനന്തരസംവിധാനകമ്മററികൾ ഈ വിഷയത്തെപ്പററി ഇപ്പോൾതന്നെ പര്യാലോചിക്കേണ്ടതാണ്.

യൂറോപ്പിലെ ഭർതൃക്ഷാമത്തിന്റെ പ്രത്യാഘാതങ്ങൾ ഭാരതത്തിലും അനുഭവപ്പെടും. വെറുതേതന്നെ ഭർത്താക്കന്മാർക്കു പ്രിയം വർദ്ധിക്കും. നല്ല ശമ്പളവും അലവൻസുകളും കൊടുത്തു് യൂറോപ്പിലെ ആവശ്യത്തിനായി ഇന്ത്യയിൽനിന്നു ഭർത്താക്കന്മാരെ റെക്രൂട്ട് ചെയ്തുതുടങ്ങുമ്പോൾ റെക്രൂട്ടിംഗ് ആഫീസുകളിലേക്കു ഭയങ്കരമായ പുരുഷപ്രവാഹം ഉണ്ടാകും. ചിലർ ഭാര്യമാരെ ഉപേക്ഷിക്കും. തങ്ങൾക്കു വലിയ ഉദ്യോഗം ലഭിച്ചിരിക്കുന്നു എന്നും ധാരാളം പണം അയച്ചുതരാമെന്നും ഉള്ള വാഗ്ദാനങ്ങളാൽ ചിലർ ഭാര്യമാരെ കബളിപ്പിക്കും. വിവാഹത്തിനു വാക്കു കൊടുത്തിട്ടുള്ള യുവാക്കന്മാർ പൂച്ചകളെപ്പോലെ പതുങ്ങി നാലുവശവും നോക്കിക്കൊണ്ടു റെക്രൂട്ടിംഗ് ആഫീസുകളുടെ അകത്തേയ്ക്കു ചാടും. ഭർത്താക്കന്മാരായിട്ടുള്ളവരെ റെക്രൂട്ടു ചെയ്യുന്നതു സകല സാന്മാർഗ്ഗികസിദ്ധാന്തങ്ങൾക്കും വിരുദ്ധമാണെന്നും പാവനമായ ഭാരതീയദാമ്പത്യത്തോടു കാട്ടുന്ന മൃഗീയമായ അക്രമമാണെന്നും സമസ്തഭാരതഭാര്യാസംഘം പ്രമേയം പാസ്സാക്കി വൈസ്രോയിക്കു അയയ്ക്കും. ഇതിനെ അഖിലഭാരതകന്യകാസഭ കഠിനമായി എതിർക്കും. അവിവാഹിത പുരുഷന്മാരുടെ റെക്രൂട്ടുമെൻറു് ഉടൻ തടയാതിരുന്നാൽ ഭാരതീയകന്യകകൾ ദാമ്പത്യസുഖം എന്നതു് എന്തെന്നു് അറിയാതെ മരിക്കേണ്ടിവരുമെന്നും ആ സുഖം കുറെ അനുഭവിച്ചവരുടെ ഭർത്താക്കന്മാരേ മാത്രമേ റെക്രൂട്ടു ചെയ്യാവൂ എന്നും അവർ ശഠിക്കും. പിക്കററിംഗും സത്യാഗ്രഹവും അവർ ആരംഭിക്കും. ഇന്ത്യയിൽ ഒരിടത്തും സമാധാനമില്ലാതെ ആകും. ഈ സ്ഥിതിഗതികളെ വിജയകരമായി നേരിടണമെങ്കിൽ യൂറോപ്പിലെപ്പോലെതന്നെ ഇവിടെയും ചില പദ്ധതികൾ നേരത്തെ തയാറായി ഇരിക്കേണ്ടതാണ്. പുരുഷന്മാർ മുഴുവൻ ഒരു സ്ത്രീസംഘടനയുടെയും, പ്രത്യേകിച്ച് ഭർത്താക്കന്മാർ അവരവരുടെ ഭാര്യമാരുടെയും, പരിപൂർണ്ണനിയന്ത്രണത്തിനു വിധേയരായി ഇരുന്നില്ലെങ്കിൽ അന്നുണ്ടാകുന്ന അരാജകത്വം പാവനമായ ദാമ്പത്യശൃംഖലകളെ താറുമാറാക്കി വനിതാലോകത്തെ നിത്യനരകത്തിലേക്കു തള്ളിവിടും. എന്നാൽ ഭാവിയിലുണ്ടാകാൻപോകുന്ന ഈ മഹാവിപത്തിനെ തടയുന്നതിന് ഭർത്താക്കന്മാരെ എല്ലാം സ്റ്റാൻഡർഡൈസ് (Standardise) ചെയ്യുന്നതിന്റെ ആവശ്യം മനസ്സിലാക്കി ഒരു പദ്ധതി നിർമ്മിക്കുകയും അതു പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കുകയും ചെയ്തിട്ടുള്ള ഏകവ്യക്തി അഖിലകേരളഭാര്യാസംഘം ആക്ടിംഗ്

# ഹൃദയനാദം

(ആനന്ദക്കുട്ടൻ)

ന്ദിന്മന്ദിനമന്തസ്സ്പന്ദ-
്വനിയിൽ കേൾക്കാമഭിലാഷങ്ങൾ:—
എരിയണമെരിയണമെൻെറ ശരീരം
ചരുമകളൊക്കെച്ചുട്ടുകരിയ്ക്കാൻ;
രുകണമുരുകണമെൻെറ ഹൃദന്തം
രുണാർദ്രതയായൊഴുകിയിറങ്ങാൻ;
ണരണമുണരണമെന്നുടെ വീര്യം
ിനയൊടെതിർത്തു ജയക്കൊടിനാട്ടാൻ;
യരണമുയരണമെൻ കരവാളം
യിരുകെട്ടുമനീതിയെ വീഴ്ത്താൻ;
തകണമുതകണമെൻനെടുവീർപ്പുകൾ
തിതരെയെന്നും വീശിയുറക്കാൻ;

അണിയണമണിയണമെന്നുടലെല്ലാം
അടർനിലമേകിയകുങ്കുമപങ്കം;
അടയണമടയണമെന്നുടെ നേത്രം
ചടുലകടാക്ഷവിലാസസമക്ഷം;
ഉലയണമുലയണമുലകിടമെല്ലാം
നിലയിതുപോയിനവ സ്ഥിതിവരുവാൻ!!
അടിമകളടിമകളതുകേൾക്കുമ്പോൾ
അഭിമാനത്തിനുവേദനകൊള്ളും.
അനവധിയനവധിയടിമകൾചേർന്നാൽ—
അണയിതുപൊട്ടിച്ചീറിപ്പാഞ്ഞാൽ—
അതുമതിയതുമതിലോകമൊടുക്കാൻ!
അതുമതിയതുമതിചോരയൊഴുക്കാൻ!

---

പ്രസിഡൻറ് ശ്രീമതി കുഞ്ചിയമ്മ മാത്രമാക ം എന്നാണ് എൻെറ അറിവ്. അവരുടെ സ്റ്റാൻഡാർഡുഭർത്താക്കന്മാർ" പദ്ധതിയേപ്പ റ്റിയുള്ള ചില വിവരങ്ങൾ ഗ്രഹിക്കുന്നതു് എല്ലാവർക്കും പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.


## ജീ വി തോ ത്സ വം

By എം. പി. അപ്പൻ, എം.എ., എൽ.റ്റി.

വിശ്വമഹാകവി ഉമർഖയ്യാമിൻെറ "റുബായിയത്ത്" എന്ന മനോഹര ഗ്രന്ഥത്തിൻെറ ഒരു നവീനവിവർത്തനം. ഫിററ്സ്ജിറാൾഡിൻെറ ഇംഗ്ലീഷ് തർജ്ജമയും ശ്രീ വെള്ളംകുളത്തു കരുണാകരൻ നായരുടെ പ്രൗഢവ്യാഖ്യാനവുംചേർത്തു അച്ചടിപ്പിച്ചിട്ടുള്ളതു്.

100-ൽപരം വശങ്ങൾ. ഒന്നരരൂപാ.

സെക്രട്ടറി, ശ്രീസേതു പാർവ്വതീഭായിഗ്രന്ഥശാല, കുടമാളൂർ, കോട്ടയം.

## താഴ്വരകൾ

ജീവിതത്തിലെ പരമാർത്ഥങ്ങൾ കാണാൻ അങ്ങോട്ട് ഇറങ്ങിച്ചെല്ലുക.

പ്രധാനപത്രങ്ങളുടെയെല്ലാം അഭിനന്ദനം ലഭിച്ച ഏഴുചെറുകഥകളാണ് താഴ്വരകളിൽ കാണുന്നതു്.

ഗ്രന്ഥകാരൻ:— വെട്ടൂർ രാമൻ നായർ.

ക. 1—4—0 കാവനാൽ സ്റ്റോഴ്സ്, മുത്തോലി, പാലാ.

ചെറുകഥ

# അച്ഛൻെറ കുട

(കാരൂർ നീലകണ്ഠപ്പിള്ള)

ആശാമുഖത്തു പ്രകൃതി കരിവാരി തേച്ചു. മേഘങ്ങൾ കിടന്നട്ടഹസിച്ചു. മാനം കണ്ണീർ പൊഴിച്ചുതുടങ്ങി. നോക്കുന്നിടത്തൊക്കെ ഒരു ധിറുതിയും പരിഭ്രമവും. മഴയങ്ങോട്ടു കടുത്തു. പള്ളിക്കൂടം വിട്ടു.

കുട കുറച്ചുപേർക്കേയുള്ളു. അവർ സാഭിമാനം പാഠശാലയിൽ നിന്നു നടന്നു. അവരോടൊട്ടി അവരുടെ കൂട്ടുകാരും.

പലരും കുടയുംകൊണ്ടു വന്നു തങ്ങളുടെ കുഞ്ഞുങ്ങളെക്കൂട്ടിക്കൊണ്ടുപോയി.

എല്ലാ കുട്ടികൾക്കും ഉടയവരുണ്ടെങ്കിലും അവരെല്ലാരും വന്നില്ല. പലർക്കുമില്ല കുട.

പോകാത്ത കുട്ടികൾ ആഹ്ലാദിച്ചുകളിച്ചു. അവരുടെ കോലാഹലം മഴയുടെ ഇരമ്പലിൽ കലന്നുപോയതു് ആ സ്കൂൾകുട്ടികളുടെ ഭാഗ്യം. ഈ ഉത്സാഹത്തിൻെറയിടയിലും അവരൊക്കെ ഗയിററിങ്കലേക്കു കണ്ണോടിക്കും. അവർക്കും വരുന്നുണ്ടോ കുട?

കേശവൻ ഒരു കൂട്ടുകാരനുമായി ഉണ്ട കളിക്കുകയാണു്.

ഹാളിൻെറ ഒരററത്തുനിന്നു മറേറ അററത്തേക്കു ഓടിയ എതിരാളിയെ തൊടാൻ പുറകെ വാശിപിടിച്ചോടുകയാണു്.

ഒരു ബാലൻ പറഞ്ഞു:—"കേശവൻെറ അച്ഛൻ വരുന്നുണ്ടു്?

പകുതിയ്ക്കുവെച്ചു് അവൻ ഓട്ടം നിറുത്തി; താറുടുത്തിരുന്ന മുണ്ടഴിച്ചുനേരേയുടുത്തു. ഓടിച്ചെന്നു പുസ്തകക്കെട്ടെടുത്തു. അച്ഛൻെറയടുത്തു പാഞ്ഞുചെന്നു.

അപ്പോഴേക്കു വേലുപ്പിള്ളയുടെ കുടക്കീഴെ രത്നമ്മ ചെന്നണഞ്ഞു. കേശവൻെറ അച്ഛനും രത്നമ്മയും നടതുടങ്ങി.

"അച്ഛാ" കേശവൻ വിളിച്ചു അച്ഛൻ കേട്ടില്ല. അഞ്ചാറടികൂടി അവൻ നടന്നു.

"അച്ഛാ" അവൻ ഉറക്കെ വിളിച്ചു.

"മൂന്നുപേരുംകൂടെ പോയാൽ നനയും" എന്നച്ഛൻ തിരിഞ്ഞു നോക്കിപ്പറയുന്നതിനിടയിൽ കേശവൻ മുററത്തേക്കു കുതിച്ചു. അപ്പോഴേക്കു കുടക്കാരൻ നട തുടന്നു, രത്നമ്മയും.

കേശവൻ തിരിച്ചു വരാന്തയിലേക്കു കേറി. അവൻെറ കൂട്ടുകാർ കൂവി.

"വാല്യ കിളുന്തു്"-ഒരുത്തൻ കളിയാക്കി.

"നീ വാടാ, നമ്മക്കു കളിക്കാം" ഒരുവൻ അവനെ ക്ഷണിച്ചു.

"തൻെറ അച്ഛനാണോ അതു്?" ഒരു ബാലൻ ചോദിച്ചു.

"വഴിക്കാരനെ അച്ഛാന്നു വിളിച്ചു" എന്നപരൻ ആക്ഷേപിച്ചു.

കേശവൻെറ കണ്ണു നിറഞ്ഞു. അവനു വാക്കുകൾ വന്നില്ല.

മഴയപ്പോഴും തകർക്കുകയാണു്. മേഘഗർജ്ജനത്തിൻെറ ഊർജ്ജിതം പ്രപഞ്ചത്തെ കിടുകിടുപ്പിക്കുന്നു.

ആ അധിക്ഷിപ്തൻെറ മുഖം തുടുത്തു.

കേശവൻ മുണ്ടെടുത്തു കുത്തി; പുസ്തകം കക്ഷത്തിലിടുക്കി: മുററത്തേക്കിറങ്ങി; ഒരൊററയോട്ടംകൊടുത്തു, അവൻെറ തന്തയും ആ പെണ്ണും പോയവഴിയേ.

കുത്തിയൊഴുകുന്ന ചെളിവെള്ളംകൊണ്ടു ശുദ്ധമാക്കപ്പെടുന്ന റോഡിൽ കൂടി ഓടി, അവൻ മുമ്പേ പോയ കുടക്കാരെ കടന്നുപോയി.

ഓടിത്തളന്നപ്പോളവൻ വേഗം കുറച്ചു; ഒരു നാഴികയകലെയുള്ള വീട്ടിലെത്തി.

"എൻെറ മക്കളേ, ഈ മഴയെല്ലാം നനഞ്ഞോ? വല്ലോരടേം കൊടേൽകൂടെ പോരരുതായിരുന്നോ?" അവൻെറ അമ്മ ചോദിച്ചു.

അവനൊന്നും പറഞ്ഞില്ല. നനഞ്ഞ പുസ്തങ്ങൾ നിരത്തിവെച്ചു. അടുപ്പിനടുത്തു ചെന്നിരുന്നു തണുപ്പു മാററി.

അടുത്ത ദിവസം കാലത്തെ അവൻ അമ്മയോടു ചോദിച്ചു 'അമ്മേ, തകടിയേലെ രത്നമ്മ അച്ഛന്റെ ആരാ?

ആ സ്ത്രീയൊന്നുംപറഞ്ഞില്ല. അവൻ ചോദ്യം ആവർത്തിച്ചു.

"ആ, എനിക്കറിയാമേല."

'പറയൂ അമ്മേ, ആരാ?

'ഞാൻ പറഞ്ഞില്ലേ എനിക്കറിയാൻ മേലന്ന്?

നിന്റെ അച്ഛനോടു ചെന്നു ചോദിക്ക്.

'അച്ഛനെയിനി വല്ലടത്തും കാണുമ്പോൾ ഞാൻ ചോദിക്കും.

'ചുമ്മാതിരി ചെറുക്കാ! ഈ വേണ്ടാത്തതാക്കെപ്പറയാതെ."

കേശവൻ അമ്മയെ അനുസരിച്ചു. ദേവകിയമ്മയുടെ മുഖത്തൊരു പാരുഷ്യം പരന്നതു കൻ കണ്ടില്ല.

അന്നു സ്കൂൾ വിട്ടപ്പോളവൻ ഒരു ചെങ്ങാതിയോടു പറഞ്ഞു—ഇന്നു മഴ പെയ്യെങ്കിൽ എനിക്കു കുടയുണ്ടായിരുന്നു.'

'എന്നിട്ടെന്ത്യേ?'

'വേറൊരാളിന്റെ കൈയിൽ കൊടുത്തിരിക്കുകാ'

അഞ്ചാറുദിവസം കഴിഞ്ഞു. മഴ പെയ്യുന്നതു നോക്കിയിരുന്നു, സ്കൂൾ വിടാൻ.

'ഇന്നു നിനക്കു കുടയുണ്ടോ?' കേശവനോടു ഒരു ചെങ്ങാതി ചോദിച്ചു.

'നോക്കട്ടെ.' അവനവിടെയൊക്കെ കണ്ണോടിച്ചു.

'ഉണ്ട്. കുടയുണ്ട് എന്നു പറഞ്ഞുകൊണ്ടവൻ മുററത്തേക്കു ചാടി. ഓടിച്ചെന്നൊരു കുടക്കീഴിൽ ചേന്നു.

ഒരു പെണ്ണിന്റെ കൂടെ ചേന്നു നടക്കാൻതുടങ്ങിയ അവനെ കൂകി വിളിക്കാൻ കൂട്ടുകാർ ആരംഭിച്ചതിനുമുമ്പുതന്നെ, തന്റെ കുടക്കീഴെ വന്നുകൂടിയ ചെറുക്കനോടുള്ള പ്രതിഷേധത്തെ പ്രകടിപ്പിച്ചു രത്നമ്മ. അവൾ കുട ചെരിച്ചു പിടിച്ചു

'ഞാൻ കൂടെവരുന്നതിനു നിനക്കെന്താ?'എന്നു ചോദിച്ചുകൊണ്ടു് അവൻ കുടപിടിച്ചു നേരെയാക്കി.

'എന്റെ കൂടെ വരേണ്ട. മഴ മാറിയിട്ടു പോകരുതോ?'

അവൻ മിണ്ടാതെ നടന്നു.

കുറച്ചു കഴിഞ്ഞു് അവൻ പറഞ്ഞു. 'നിന്റെ പുസ്തകം കൂടെ ഞാൻ പിടിക്കാം.'

'വേണ്ടാ'

'എന്നാൽ കുട ഞാൻ പിടിക്കാം.'

അവൾ മിണ്ടിയില്ല.

കുറെ ദൂരം കൂടി ചെന്നു.

'നിന്റെ കൈ കഴയ്ക്കും. ഇങ്ങോട്ടു കൊണ്ടുവാ. ഞാൻ പിടിക്കാം. എന്നു പറഞ്ഞുകൊണ്ടു് അവൻ കുട കൈയിലേക്കു വാങ്ങി.

ആ കുട്ടികൾ നനയാതെ നടന്നു. മഴ അത്രയ്ക്കു ഉണ്ടായിരുന്നുള്ളു. ഉള്ള മഴ തന്നെയും അങ്ങു നിൽക്കാൻ തുടങ്ങുകയാണു്.

മഴ പോയി. ഇനി കുടയിങ്ങു തന്നേരെ.രത്നമ്മ പറഞ്ഞു.

'മഴ പെയ്യേക്കും. ഞാൻ പിടിച്ചോളാം.

'ഇങ്ങു താ.'

'നടക്ക്. എന്റെ കൈയിലിരുന്നോട്ടെ.'

അവർ നടന്നു, കേശവൻ മുൻപിലും രത്നമ്മ പുറകിലുമായിട്ട്.

അവൻ ചോദിച്ചു—'മഴയുണ്ടോ?

"ഇല്ല."

'മഴ പെയ്യുമോ?'

"ഇല്ലെന്നാതോന്നുന്നതു്."

"എന്നാൽ കുട വേണ്ടല്ലോ?"

അതിനവൾ എന്താണു മറുപടി പറഞ്ഞതെന്നു കേൾക്കാൻ നിൽക്കാതെ അവനൊരോട്ടം.

അവിടെവെച്ചായിരുന്നു അവൾക്കു വഴിതിരിയേണ്ടതു്.

അവളവിടെ കരഞ്ഞുകൊണ്ടുനിന്നു. അവൻ ചിരിച്ചുകൊണ്ടോടി.

അതേ ഭാവത്തിൽ ഇരുവരും വീടുകളിലെത്തി.

"എന്താ മക്കളേ കരയുന്നതു്? എന്ന ജാനകിയമ്മയുടെ ചോദ്യത്തിന് ഉറക്കെ ഒരു കരച്ചിലായിരുന്നു രത്നമ്മയുടെ മറുപടി.

വീട്ടിലുള്ളവർ പരിഭ്രമിച്ചു് അടുത്തുകൂടി! "എന്താ പറ" "കരയാതെ കുഞ്ഞേ, കാര്യം പറ." "വല്ലടത്തും വീണോ?" എന്നിങ്ങനെ ചോദ്യങ്ങൾ തുടന്നു.

ആ പെൺകുട്ടി കരഞ്ഞുകൊണ്ടിരുന്നു.

"കുടയെന്തിയേ?"

"കേശവൻ മേടിച്ചോണ്ടോടി" അവൾ ഏങ്ങിക്കരഞ്ഞു.

"ഏതു കേശവൻ?" എന്നൊരാൾ ചോദിച്ചുകൂട്ടത്തിൽ "മാലീലേ ചെറുക്കനോ?" എന്നു ജാനകിയമ്മ ചോദിച്ചു.

ഒരു നീണ്ട നിലവിളികൊണ്ടു രത്നമ്മ മാതാവിൻെറ ചോദ്യത്തിനു മൂളി.

"എൻെറ കുഞ്ഞു കരയാതെ" അമ്മ മകളെ തലോടിക്കൊണ്ടു പറഞ്ഞു "അതു ഞാൻ മേടിച്ചുതരാം."

ആ സ്ത്രീ മകളെ സമാധാനപ്പെടുത്തുകയും കേശവനെ ശകാരിക്കയും ചെയ്തുകൊണ്ടിരുന്നു.

മകളൊട്ടടങ്ങി.

ജാനകിയമ്മ കുട വാങ്ങാനായിട്ടിറങ്ങി.

"നോക്ക്, നീയൊരു കാര്യംചെയ്യ്. ഇങ്ങോട്ടു വാ. ആ ആൺപിള്ളേരെ വല്ലോരെം പറഞ്ഞയയ്ക്കു". ആ സ്ത്രീയുടെ അമ്മ തടഞ്ഞു.

"ഞാനിപ്പം വന്നേക്കാം" എന്ന്, തിരിഞ്ഞു നോക്കാതെ പറഞ്ഞുകൊണ്ട് ആ സ്ത്രീ നടന്നു.

"എങ്ങോട്ടാ ഈ നേരംവൈകിയപ്പോൾ?" എതിരെ വന്ന അവളുടെ ഒരു പഴയ പരിചയക്കാരൻ ചോദിച്ചു. അവൾ അയാളെക്കണ്ടതായി നടിക്കാതെ നടന്നു.

എന്തോ പൊറുപൊറുത്തുകൊണ്ട് അയാൾ നടന്നു.

കേശവൻെറ വീട് അത്ര ദൂരെയല്ല. ജാനകിയമ്മ മാലിയിലെ പടിക്കലെത്തി. അവളുടെ മുഖം പശ്ചിമദിക്കിനൊപ്പം തുടുത്തിരുന്നു.

വീട്ടിൻെറമുൻവശത്താരെയുംകണ്ടില്ല. "കേശവാ, കേശവാ", എന്ന് ആ ക്ഷുബ്ധ ആരോഹണക്രമത്തിൽ വിളിച്ചു.

"ആരാ അതു്?" എന്ന ചോദ്യത്തിനു പുറകെ ദേവകിയമ്മ ഉമ്മരത്തെത്തി.

"നിങ്ങടെ മകനുണ്ടോ അവിടെ?" ജാനകിയമ്മ തുടർന്നു: അവനോടു പറ ആ കൊടയിങ്ങു തരാൻ."

"ഏതു കുട?"

"ഏതു കുടയെന്നോ? ഞാൻ കണ്ടോരടെ കുടയ്ക്കു നടക്കുകാണോ?"

"ആ, ഞാനെങ്ങനെയറിയാനാ?" എ ചോദിച്ചിട്ടു ദേവകി അപ്പുറത്തേക്കു നടന്നു കേശവൻ പടിക്കലേക്കു ചെന്നതും ഒന്നിച്ചായിരുന്നു.

"എടാ, ആ കുടയിങ്ങെടുത്തോണ്ടുവാ"

"മഴയില്ലാത്തപ്പോളെന്തിനാ കുട?"

"അതെന്തിനാ നീ അറിയുന്നതു്?"

"എൻെറ കുട തരണമെങ്കിൽ എന്തിന ണെന്നെനിക്കറിയണം."

ശരി, പട്ടീ, നിൻെറ കുടയോ?"

"പിന്നെയാരുടെയാ?"

"നിൻെറ തന്തേടെ."

"അതാ എൻെറയാണെന്നു പറഞ്ഞതു്."

എടാ കുരുത്തംകെട്ടോനെ, കുടയിങ്ങു തര നാ പറഞ്ഞതു്."

"എൻെറ കുരുത്തംകെടാത്ത ചേച്ചീ, കുട രാൻ സമ്മതമില്ല."

"അതു നിൻെറ കുററമല്ല."

"അല്ല. എൻെറ അച്ഛൻെറ."

"അല്ലെടാ, നിൻെറ അമ്മയുടെ. ആ എ ന്ധ്യാനിയുടെ."

"നോക്കൂ, എൻെറ അമ്മയെപ്പറഞ്ഞാലെ ണ്ടല്ലോ."

"അമ്മേടെ യോഗ്യതയൊന്നും പറയേണ്ട."

"നിങ്ങടെ യോഗ്യതയെക്കാൾ ഭേദമാ."

"എന്താടാ തന്തയ്ക്കുപറക്കാത്തവനേ, എൻെറ യോഗ്യത?"

"നിങ്ങടെ യോഗ്യത എന്നെക്കൊണ്ടു പറ യിക്കണോ?"

"ആ കൊടയിങ്ങു തരാനാ പറഞ്ഞതു്."

"ആ കുട തരുകേല്ലെന്നാ പറഞ്ഞതു്."

"തരാതിരിക്കാൻ കാരണം?"

"എൻെറ അച്ഛൻെറ ആയതുകൊണ്ട്."

"നിൻെറയച്ഛൻെറയാണെന്നതിലെഴുതി കെട്ടീട്ടുണ്ടോ?"

"നിങ്ങടെയാണെന്നെഴുതിക്കെട്ടീട്ടുണ്ടോ?"

"എൻെറ കുഞ്ഞിൻെറകൈയിൽനിന്നു കുട മേടിക്കാൻ നിനക്കെന്താ കാര്യം?"

"നിങ്ങടെ കുഞ്ഞിൻെറ കൈയിലീ കുട വ രാനെന്താ കാര്യം?"

"അതു നിൻെറ തന്തയോടു ചോദിക്ക്."

"ഞാൻ കാണുമ്പം ചോദിക്കട്ടെ."

"കുററമല്ല."

"നിങ്ങളെന്നാ പെമ്പിറന്നോത്തി. ഈ സ

ധ്യ്യയ്ക്കു പടിക്കൽ വന്നുകെടന്നോണ്ട് അനാ ശ്യമൊക്കെപ്പറയുന്നതു്?" എന്നു ചോദിച്ചു കൊണ്ടു ദേവകിയമ്മ പടിക്കലേക്കു വന്നു.

"നിൻെറ ചെറുക്കനെ മര്യാദ പഠിപ്പിക്കാത്തിട്ട്."

"ഇന്നിയിപ്പം നീയാ പഠിപ്പിക്കാൻ."

"ഇപ്പോഴൊരുവിധം പഠിച്ചില്ലേ?"

"പഠിക്കുമെടീ പഠിക്കും."

"എനിക്കു വേണ്ടതൊക്കെ ഞാൻ പഠിച്ചിട്ടാണ്ടെടീ."

കേശവൻ തിരിഞ്ഞു നടക്കാൻ തുടങ്ങി.

"നേരം സന്ധ്യയായി കേട്ടോ കുട തന്നില്ലെങ്കിൽ നാളെ നീ പോലീസിലാണെന്നോർത്തോണം."

ദേവകി — "കൊട കൊണ്ടെ യിങ്ങിട്ടുകൊടടാ."

കേശവൻ—"ഞാൻ കൊടുക്കുകേല്ലമ്മേ."

ജാനകി—നിന്നോട്ടു മേടിക്കുമെടാ തെമ്മാടീ.

"എന്നാലൊന്നു മേടിക്കുന്ന കാണട്ടെ" എന്നു പറഞ്ഞുകൊണ്ടു കേശവൻ നടന്നു.

ജാനകിയമ്മ ഒരു കല്ലെടുത്ത് എറവുംകൊടുത്തു.

മകൻെറ തലയിൽനിന്നു നിണവും അമ്മയുടെ മുഖത്തുനിന്ന് "അയ്യോ" എന്ന വിളിയും ഒരുമിച്ചു പുറപ്പെട്ടതോടെ ജാനകിയമ്മ കാലു നീട്ടിവെച്ച് ഒരു നട നടന്നു.

അവിടെ ഒരു കൂട്ടനിലവിളിയായി. നിലവിളി കേട്ട് അയൽക്കാരോടിയെത്തി. ആ പരിഭ്രമത്തിനിടയിൽ മുറിവിൽ പഞ്ചസാരയോ മറേറാ വെച്ചുകെട്ടി. അതിനിടയിൽ സംഭവ വർണ്ണന തുടങ്ങി. അതു നീണ്ടുനിന്നു.

വിമർശനങ്ങളായി.

"എങ്കിലും അവളിതു ചെയ്തല്ലോ!"

"ഇവനും ചെയ്തതു കുറെ അക്രമമാണു്."

"വേലുപ്പിള്ളച്ചേട്ടനറിഞ്ഞാൽ എന്തു പറയുമോ!"

"അങ്ങേരെന്നാ പറയാനാ?"

'കുടമേടിച്ചതങ്ങേക്കരസിച്ചുകാണുകയില്ല'.

"കുടയങ്ങോട്ടു കൊടുക്കുമ്പോഠം തീരുമല്ലോ. ഇതോ?"

"കുട ഞാനിപ്പോഠം കൊടുക്കും കുറെ?"

"അങ്ങോട്ടെടുത്തിട്ടുകൊടുക്കാനുള്ളതിന്—
——"

"കൊടുത്താലും കൊടുത്തില്ലേലും നിങ്ങഠംക്കാക്കുമൊന്നുമില്ലല്ലോ."

"അങ്ങേരുടെ ചക്രംമേടിച്ചു തിന്നോണ്ട് അവളിതു ചെയ്തല്ലൊ."

"കാലത്തെഇവനെക്കൊണ്ടൊരന്യായംകൊടുപ്പിക്കിൻ."

"കുട പിടിച്ചുപറിച്ചതിനിവൻെറപേരിൽ അന്യായംകൊടുത്താലോ?"

ഇങ്ങനെ അതുമിതും പറഞ്ഞിട്ട് ഓരോരുത്തരവരവരുടെ പാട്ടിനുപോയി.

വേലുപ്പിള്ളയുടെ വരവുനോക്കിയിരുന്നു ജാനകിയമ്മ. അയാഠം താമസിക്കുന്തോറും അവളുടെ കോപം പെരുകിവന്നു. അവളൊരു വിളക്കു കത്തിച്ചപ്പോഠം ചിമ്മിനി പൊട്ടി. കുട്ടികളെ ചിലരെയൊക്കെ അവഠം തല്ലി.

വേലുപ്പിള്ള അങ്ങോട്ടു ചെന്നു. ജാനകിയമ്മയ്ക്കു വേറൊരുത്തനുണ്ട്; സംബന്ധക്കാരൻ. അയാഠം ദൂരെയെങ്ങാണ്ടോ ആണു്.

അന്തിക്കൂട്ടുകാരനെക്കണ്ടിട്ടു ജാനകിയമ്മ ഒന്നും മിണ്ടിയില്ല. അവളുടെ വീർത്ത കൺപോളകളും നീണ്ട മൗനവും അയാളെ അമ്പരപ്പിച്ചു.

"എന്താ?" പുരുഷൻ ചോദിച്ചു.

"എന്താ?" സ്ത്രീയുടെ മറുപടി.

"എന്താണെന്നു പറയരുതോ?"

ചുമ്മാതിരിക്കരുതോ?"

രത്തമ്മ പറഞ്ഞു—"കേശവൻ ചേട്ടനെൻെറ കുടമേടിച്ചോണ്ടോടി."

"ഈ കുഞ്ഞു നനഞ്ഞൊലിച്ചു ധമ്മക്കാരുടെ കൊച്ചുങ്ങളെപ്പോലെ വന്നുകേറി" ജാനകിയമ്മ പൂരിപ്പിച്ചു.

"കേശവൻചേട്ടനോ?"

"ആരു്! നിങ്ങടെ ആ പൊന്നോരുമാണിക്കം."

വേലുപ്പിള്ളയുടെ വായ് തുറന്നില്ല.

ആ പെൺപിറന്നവരു തുടന്നു.

"വല്ലോരുടേം കൊടേംകൊണ്ടു പോയതുകൊണ്ടല്ലേ എൻെറ കുഞ്ഞു നനഞ്ഞോണ്ടുവരാനിടയായതു്?"

"വല്ലവരുടേയും കുടയോ?" പുരുഷൻ ചോദിച്ചു.

"പിന്നെ? നാളെ ഞാനൊരു കൊട കൊടുത്തയയ്ക്കാം ഏതവനാ മേടിക്കാൻ ചൊണയൊള്ളതെന്നു ഞാനൊന്നു നോക്കട്ടെ."

"അവനെന്നാ കാര്യം ഇവളുടെ കുട മേടിക്കാൻ?"

"അതവനോടു ചോദിക്കണം."

"ഞാനൊന്നു ചോദിക്കട്ടെ."

"ഉവ്വ്. ചോദിക്കും കുറെ."

"ചോദിച്ചാല്?"

"ചോദിക്കാനങ്ങോട്ടുചെന്നാലവളാട്ടും."

"ആര്?"

"ആരാ! ആ എന്തിരുത്തി."

"പിന്നേ"

"എന്നാൽ കാണാമല്ലോ"

"എന്നാ കാണാനാ?"

"അങ്ങനെ ചോദിക്കുമെന്നുണ്ടായിരുന്നേലവൻ മേടിക്കുകേല്ലല്ലോ."

വേലുപ്പിള്ളയൊന്നും മിണ്ടിയില്ല.

ആ സ്ത്രീ തുടന്നു—കുട മേടിച്ചതുതന്നെയോ? ആ കുരുത്തംകെട്ട ചെറുക്കനെന്തെല്ലാമെന്നെപ്പറഞ്ഞു?"

"എപ്പോഴാ പറഞ്ഞു? എന്തു പറഞ്ഞു?"

"പറഞ്ഞതൊക്കെ ഞാൻ പറയണോ? ഈ കൊച്ചുങ്ങളു കേൾക്കുമല്ലോ."

"കേൾക്കാൻ പാടില്ലാത്തതവൻ പറഞ്ഞോ?"

"കേൾക്കാൻമേലാത്തതാണേലവൻെറ തള്ള കേട്ടോണ്ടു നില്ക്കുമോ?"

"നീയെന്തൊക്കെയാണീ പറയുന്നത്?"

"ഞാനൊന്നും പറഞ്ഞില്ല." അവൾ കണ്ണീർ പൊഴിച്ചു.

അയാൾ മിണ്ടാതെ തലയ്ക്കു കൈയുംകൊടുത്ത് ഒരു ബഞ്ചിലിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ ജാനകിയമ്മ പറഞ്ഞു — "വല്ലോം കഴിക്കുന്നേൽ കഴിക്ക്. എനിക്കൊന്നു കെടന്നൊറങ്ങണം."

"ഒന്നും കഴിക്കുന്നില്ല."

"എന്നാൽ വേണ്ട."

കുറേനേരത്തെ മൗനത്തിനുശേഷം അയാൾ പറഞ്ഞു—"ഞാനൊന്നു പോയേച്ചുവരട്ടെ."

"എവിടെയാ?"

"കുടമേടിച്ചുകൊണ്ടുവരാൻ."

"ഈ രാത്രിക്കു കടയൊക്കെ പൂട്ടിക്കാണുകേല്ലേ?"

"കട പൂട്ടിയാല്?"

"പിന്നെയെവിടുന്നാ കൊട?"

"കേശവനോടു മേടിക്കാൻ."

"അതേ, ഈ പാതിരായ്ക്കല്ലേ?"

"അതിനെന്താ?"

"നാളെയോ മറേറാ ആട്ടെ."

"അതൊക്കുകേല്ല."

"അവരൊക്കെ കെടന്നുകാണും."

"അവരെ വിളിക്കും."

"ആരെ?"

"ആരെയായാലെന്താ?"

"നാണോം മാനോം ഇല്ലാത്തോക്കാരേംവിളിക്കാം."

അയാൾ മുററത്തേക്കിറങ്ങി.

"ഇപ്പോഴും കൊടകൊണ്ടേന്നാ എടുക്കാനാ?"

അയാൾ മിണ്ടാതെ നടന്നു.

"ഇങ്ങോട്ടുവന്നു വല്ലോം കഴിക്കാനേ."

"വന്നിട്ടു കഴിക്കുന്നതു്?"

"വെള്ളപ്പാൻകാലംവരെ വെളക്കുംവച്ചോണ്ടിരിക്കാൻ മണ്ണെണ്ണയാണേലൊരുതൊള്ളയില്ല കേട്ടോ"

അയാൾ പടിയിറങ്ങി.

"അങ്ങനെവേണം. വേലുപ്പിള്ളയമ്മാവനങ്ങോട്ടുചെന്നു കൊടേം മേടിച്ചു കേശവൻെറ ചേട്ടനിട്ടു രണ്ടടീം കൊടുക്കും." രത്നമ്മയ്ക്കൊരാഹ്ലാദം.

'ചെവി കേൾക്കട്ടെ പെണ്ണേ' എന്നായി ജാനകിയമ്മ.

കുടയുംകൊണ്ടുവരുന്നതു കാത്തിരുന്നു രത്നമ്മ. വേലുപ്പിള്ളയെ കാത്തു് ജാനകിയമ്മയും.

വേലുപ്പിള്ള വേഗം നടന്നു. ഗതി മന്ദമായി. ഇടവഴിയേക്കൂടെ ഒരു കള്ളനെപ്പോലെ പതുങ്ങി നടന്നു് അയാൾ മാലിയിലെ പടിക്കൽച്ചെന്നുചേർന്നു. അവിടെയങ്ങനിന്നു ഏറെനേരം. അവിടത്തെ വത്തമാനങ്ങൾ കേട്ടു. അയാൾക്കേതൊണ്ടൊക്കെ മനസ്സിലായി. കുറെക്കഴിഞ്ഞയാൾ പടിക്കകത്തേക്കു കേറി. ആ ഇരുട്ടത്തു വീണ്ടും പുറത്തേക്കിറങ്ങി.

കുറച്ചു കഴിഞ്ഞു് അയാൾ വിളിച്ചു-'കേശവാ'

അതാരും കേട്ടില്ല.

അയാളൊന്നു ചുമച്ചു

ആരും ഗൗനിച്ചില്ല.

"ആരാ അതു്?" വേലുപ്പിള്ള ഇരുട്ടിനോടു ചോദിച്ചു.

ആരുമൊന്നും മിണ്ടിക്കേട്ടില്ല.

അട്ടത്തവീട്ടിൽ കേറി അയാഠം ഒരു ചൂട്ട ചോദിച്ചു; അവിടെനിന്നു കഥകഠം കേട്ടു.

അയാഠം ചൂട്ടവാങ്ങാതെ ഇറങ്ങിപ്പോയി. ജാനകിയമ്മക്കു് ദേഷ്യവും ഉൽക്കണ്ഠയും പെരുകി അവഠം നേരം വെളുപ്പിച്ചു.

തലപൊട്ടിയ കേശവന്നു് ആ പ്രഭാതം സുഖമുള്ളതായിരുന്നു.

വേലുപ്പിള്ള ചോദിക്കുകയാണു്—"ആശുപത്രിയിലോ മറേറാ പോകണോ?"

ദേവകിയമ്മ—"അവൻ പറയട്ടെ."

കേശവൻ—"എനിക്കിപ്പോഠം വേദനയും മററുമില്ല."

FOR PILES
& CONSTIPATION
ARSOGHNAM
G.V. PHARMACY
ETTUMANUR-TRAVANCORE.

മട്ടക്കക്കുഴി വൈദ്യശാല
കാഞ്ഞിരപ്പള്ളി.

ശാസ്ത്രരീത്യാ പാകം ചെയ്ത എല്ലാ ആയുർവ്വേദ ഔഷധങ്ങളും മിതമായ വിലയ്ക്കു് ഇവിടെ വിൽക്കപ്പെടുന്നു. ദൂരസ്ഥന്മാർ രോഗവിവരങ്ങഠം വിശദമായി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ചു് ഔഷധങ്ങഠം V. P. ആയി അയച്ചുകൊടുക്കുന്നതാണു്. കൂടുതൽ വിവരങ്ങഠംക്കു് സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ—മട്ടക്കക്കുഴി വൈദ്യശാല
കാഞ്ഞിരപ്പള്ളി, തിരുവിതാംകൂർ.

കവനകലിക

മുപ്പതിലധികം സ്വച്ഛന്ദകവിതകളുടെ സമാഹാരം
ഗ്രന്ഥകർത്താ: ശ്രീ ജോർജ്ജ് പള്ളിപ്പറമ്പൻ
നല്ലവെള്ളക്കടലാസിൽ മനോഹരമായ അച്ചടി. വില ക. 1—4—0
നാഷനൽ ബുക്ക് സ്റ്റാഠം കളരിക്കൽ ബസാർ, കോട്ടയം OR സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം

# റ തെച്ചിമാല

(പി. കുഞ്ഞിരാമൻ നായർ)

(ഭർത്തൃപരിത്യക്തയായി നിരവധി ക്ലേശങ്ങൾക്ക് അടിപെട്ടിട്ടും, ചാരിത്രം വിററുണ്ണാൻ കൂട്ടാക്കാത്തൊരു യുവതിയുടെ ജീവിതകഥയിലെ ഒടുക്കത്തെ ഭാഗം)

ഓതിനേൻവരേണ്യരാമാഢ്യരോ, "ടദ്ദേഹ-
ത്തിൻ
ദാസിയാണെന്നെന്നു,മിപ്പള്ളിദേവതയാം-
ഞാൻ!"
അമ്പലനടയ്ക്കൽച്ചെന്നാന്തിയ്ക്കു ഞാനുരയ്ക്കിച്ചേ:
"നദ്ദേഹംലസിയ്ക്കാവ്വൂലോകത്തിലൊരുസ്വാ-
നായ്"
ചിന്തിയദാരിദ്ര്യത്തിൻജഡാദ്ധ്യയിൽചൂടേറിയ
സൗന്ദര്യമദിരയ്ക്കു,മന്ത്രിക്കചിലരെത്തി
തീർത്തുശാസിച്ചുപുണ്യം— "നീശുദ്ധംമാററാ-
യ്യെന്നും
സീതയെപ്രസവിച്ചതായതൻഗർഭക്ഷേത്രം!"
നാലുനാൾനിന്നില്ല ഞാൻ ചാരിത്ര്യമെട്ടക്കാരത്ത
നാണ്യമറ്റ്, ക്കാണ്ണുമന്നതാംതെയ്യ്ത്തുകമ്പനി-
യ്ക്കുള്ളിൽ
ഒന്നുറപ്പിച്ചു- "മാറ്റംപണ്യമ്യു, വെയ്ക്കില്ലേത്തു
പഞ്ഞതത്തിയ്ക്കുകൾചെന്നചാമ്പലായ്ച്ച-
മഞ്ഞാല്ലക്ക"

2

മഞ്ജുള്ളവിഹംഗമഗീതിപോലുഷ
സ്സിന്നിൽ
വന്നാലച്ചിതെൻകാതിൽവന്ദേമാതരഗാനം!
പാരിതിൽപരമുന്നത്തിമാറ്റംദുഃഖമേസുഖമെന്നു,
പാവനനിശാഗാനമ്പകാററിലെന്നാകംപൂകി!
വിസ്തൃതസ്നേഹോദ്ദീപ്തിപരത്തിത്തമ-
സ്സാററാൻ
വിശ്വബാന്ധവബിംബംവിതയ്ക്കുംകതിർ-
പോലെ,
ചേലിലെന്നയൽനാട്ടിൽനൂതനചൈതന്യ-
ത്തിൻ
നുല്യനൂറുകൊണ്ടത്തീപുത്തനാംചക്രാ-
കേന്ദ്രം!
ഉത്സംഗതലമേറ,മേഴലക്ഷംസൽഗ്രാമ-
വത്സരെയമൃതൂട്ടുംനന്ദിനിയണഞ്ഞപ്പോൾ

പാഴ്പഞ്ഞംവിഴങ്ങിയപുല്ലുമാടങ്ങൾ-
ക്കുള്ളിൽ
ശ്രീഭഗവതിചാർത്തുംചിലമ്പിൻസ്വരം-
ശ്ലോകങ്ങളായ്!
സ്വാതന്ത്ര്യമോന്മാദമിതാററവാൻ
ഭൂസ്വർഗ്ഗഷധം
തീർത്തെഴുതിയസിദ്ധവൈദ്യന്റെസ്വഹസ്ത-
ത്താൽ,
കൂരിരുളടച്ചിട്ടോരുദയംവാതുണ്ടാകലും
ഭാരതശില്പികളെന്റശില്പസംസ്കാരസ്പർശാൽ,
കളിമൺതരിയോരോവീരവിഗ്രഹമായ്-
തിളങ്ങികരിക്കട്ടെയ്ക്കുകത്തുംതൈലിളവുവോ!
ഇരുളെ,ങ്ങങ്ങോക്കെയുംകൊളുംകൈത്തിരി-
ചെന്നു;
തരിശ്ശേ,തതൊക്കെയുംപൂമ്പച്ചക്കുടചൂടി!
വീശിയെയ്യന്നുൾനാട്ടിലുംസ്വാതന്ത്ര്യമരുദയ-
വായു;
കൂശിപ്പെഴുന്നോണംകേറാമ്പിയും, ശുഭഗന്ധം!

3

സത്യദീപ്തിയായി,ലന്നുതൊട്ടെഞ്ഞൻവിധി-
പോലെ
വെച്ചുപൂജിച്ചുകൊച്ചുവീട്ടിലിജ്ജീചക്രത്തെ!
കൃത്യമായാമുണ്ടു,നാഥൻ,ഭാരതനവസ്ഥ-
സൂരസ്സുരഗുഹിനിട്ടംചക്രമെൻമറ്റുംകാത്തു!
ചന്ദ്രികയ്ക്കൊളിക്കൂട്ടുമുന്നതഗുരുസ്മിതം
അന്നതസുന്ദരമൗനഭാഷയിലേവംചൊല്ലി:—
"ബാഷ്പമീക്കണംതൂകിമൗനമാന്നുദിനം
പ്രാർത്ഥനനടത്തുന്നമൂകരാവിനുപോലും,
നിക്ഷേപമുക്കുലുവറത്താക്കോലു,ദയാർദ്രനായ്,
നൽകുവതാരാനിത്യസമ്രാട്ടിനുടിയ്ക്കുമായ്,
സ്വാതന്ത്ര്യപഥംപറവിപ്പോകുന്നിൻ—
,മാതാവിനി
ശീതപർവ്വതസേതുമദ്ധ്യമേദിനിയതെ!
ഭാവിതൻമഹാറാണിയാകുമിമ്മാതാവേററ

# ശിശുവിദ്യാഭ്യാസം

## മനഃശാസ്ത്രപരമായ അടിസ്ഥാനം

(അക്കമ്മ ചെറിയാൻ ബി. ഏ. എൽ. റ്റി.)

ശിശുവിദ്യാഭ്യാസം എന്നതുകൊണ്ടു് ഞാൻ വിവക്ഷിക്കുന്നതു സ്കൂളിലയക്കുന്നതിനു മുമ്പുള്ള, അതായതു് ആറുവയസ്സുവരെയുള്ള ശിശുവിന്റെ വിദ്യാഭ്യാസത്തെയാണു്. ആ കാലഘട്ടം വീട്ടിൽ മാതാപിതാക്കന്മാരോടുകൂടെതന്നെ യാതൊരുവിധ അഭ്യസനവും കൂടാതെ കഴിച്ചുകൂട്ടുകയാണല്ലൊ സാധാരണ പതിവു്. എന്നാൽ ഇതു കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ദോഷകരമാണെന്നു് മനഃശാസ്ത്രപരമായ ആധുനിക കണ്ടുപിടുത്തങ്ങൾ വെളിപ്പെടുത്തുന്നു. ശിശു ശിക്ഷണവും സംരക്ഷണവും സംബന്ധിച്ചുള്ള ഭാരതീയ മാതാക്കളുടെ അജ്ഞതയാണു നമ്മുടെ അധോഗതിയ്ക്കു കാരണം. ശിശുവിദ്യാലയങ്ങൾക്കു് പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ നമ്മുടെനാട്ടിൽ വേണ്ടത്ര പ്രാധാന്യം നൽകപ്പെടുന്നുമില്ല. ഇമ്മാതിരി വിദ്യാലയങ്ങൾ സ്കൂളിലയയ്ക്കുവാൻ പ്രായമാകാത്ത കുഞ്ഞുങ്ങളുടെ ശിക്ഷണത്തിനും സംരക്ഷണത്തിനും ഉള്ള സ്ഥാപനങ്ങൾ മാത്രമല്ല, രക്ഷാകർത്താക്കന്മാർക്കു വേണ്ട പരിശീലനം നേടാൻ പററിയ കേന്ദ്രങ്ങൾ കൂടി ആയിത്തീരുന്നതാണു്.

ആധുനിക ശിശുവിദ്യാലയങ്ങളിലെ പരിശീലന രീതികൾക്കു് പ്രേരകമായിട്ടുള്ള, വിദ്യാഭ്യാസപരമായിട്ടുള്ള, ആശയങ്ങൾ അധികവും സിദ്ധിച്ചിട്ടുള്ളതു് ഫ്രോബൽ, മോണ്ടിസോറി എന്നീ വിദ്യാഭ്യാസവിചക്ഷണരിൽ നിന്നുമാണു്. ഫ്രോബലിന്റെ തത്വങ്ങളുടെ പ്രേരണാശക്തി അധികമുള്ളിടത്തു കളികൾ, കഥപറച്ചിൽ, സംഗീതം, നൃത്തം, പ്രകൃതിപാഠം, കൈവേലകൾ ഇവയ്ക്കെല്ലാം കൂടുതൽ പ്രാധാന്യമുണ്ടായിരിക്കും. ഇവയിലെല്ലാംതന്നെ അദ്ധ്യാപകനു പ്രമുഖമായ ഒരു പങ്കുകാണും. മോണ്ടിസോറിയുടെ രീതി സ്വീകരിക്കുന്നിടങ്ങളിൽ തന്നത്താനുള്ള പ്രയത്നം, (Individual effort) ഇന്ദ്രിയപരിശീലനം (Sense training) പ്രബോധനാർത്ഥോപകരണങ്ങളുടെ (Didactic apparatus) ഉപയോഗം എന്നിവയ്ക്കാണു് പ്രാമാണ്യം നൽകുന്നതു്. ശിശുക്കളെ ഒരു പ്രത്യേക പരിധിക്കുള്ളിൽ, മുൻകൂട്ടി സജ്ജമാക്കിയിട്ടുള്ള സാഹചര്യങ്ങളിൽ, അവരവരുടെ ഇഷ്ടംപോലെ ചെയ്യുന്നതിനു് സ്വതന്ത്രരായി വിടുന്നു. അദ്ധ്യാപകൻ നിരീക്ഷിക്കുകയും മാർഗ്ഗനിർദ്ദേശം ചെയ്യുകയും മാത്രം ചെയ്യുന്നു. അങ്ങനെ ശിശു തന്റെ സ്വന്തം ശാരീരികവും മാനസികവും ആയ കഴിവുകൾ വിനിയോഗിച്ചു സുഗമമായി വളർച്ചയെ പ്രാപിക്കുന്നു.

---

പാരതന്ത്ര്യത്തിൻകണ്ണിയൊന്നുനീയറു-
ത്തെങ്കിൽ,
നിർഭരംബലിയേല്ക്കുംസ്വാതന്ത്ര്യമഹാകാളീ
തൃപ്പദപീഠത്തിങ്കൽനിന്നെയർപ്പണംചെയ്കിൽ,
നിർവ്വഹിച്ചുനിൻകർമ്മം;ഭാരതഭൂവിൻശർമ്മ-
മർവിയിൽസുഖമർമ്മം,മാതൃസേവനധർമ്മം

പാവനമാമിദ്ദീനദേവതാപൂജയ്ക്കായി-
ജ്ജീവിതവെള്ളത്തെച്ചിപ്പൂവിതോരോന്നും-
വീണാൽ,
മർദ്ദിതശതകോടിസന്തതീദുഃഖാഗാര-
ബദ്ധനാമീശന്നെന്തിന്നന്യപുഷ്പാരാധനം?"

ഒരു ശിശുവിൻെറ ആറു വയസ്സുവരെയുള്ള ജീവിതത്തെ തന്നെ രണ്ടു ഘട്ടങ്ങളായി പരിഗണിക്കപ്പെടുന്നു. അതിൻെറ ജീവിതത്തിലെ ആദ്യത്തെ രണ്ടു വർഷങ്ങളാണു് ഏററവും പ്രാധാന്യമർഹിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ഈ കാലഘട്ടത്തിലാണു് അതിൻെറ വ്യക്തിത്വം സൃഷ്ടിക്കപ്പെടുന്നതു്. ഇതു വളർച്ചയല്ല, വെറും മാംസപിണ്ഡത്തിൽനിന്നും വിശേഷബുദ്ധിയുള്ള മനുഷ്യൻ എന്ന ആ അത്ഭുതജീവിയെ സൃഷ്ടിക്കലാണു് എന്നു വേണമെങ്കിൽ പറയാം. മൂന്നുമുതൽ ആറു വയസ്സുവരെയുള്ള രണ്ടാമത്തെ ഘട്ടം, സൃഷ്ടിക്കപ്പെട്ടതിനെ പരിപൂർണ്ണമാക്കുന്ന (Period of perfecting) അവസരമാണു്. ഇന്നു് വിദ്യാഭ്യാസപ്രവർത്തകന്മാർ ശിശുക്കളുടെ കാര്യം പരിഗണിക്കുന്നതു് ഈ രണ്ടു ഘട്ടങ്ങളും കഴിഞ്ഞതിനു ശേഷമാണു്. തിരുവിതാംകൂറിൽ അഞ്ചു വയസ്സു പൂർത്തിയാകാത്ത കുഞ്ഞുങ്ങളെ വിദ്യാലയങ്ങളിൽ ചേർക്കയില്ല. അഞ്ചു വയസ്സിനു മുമ്പു് ശിശുക്കളുമായി നേരിട്ടിടപെടുന്നതു് മിക്കവാറും അസാദ്ധ്യമായി കരുതിപ്പോന്നതിനാൽ അതിനുശേഷം മാത്രം അവരുടെ കാര്യം പരിഗണിച്ചാൽ മതിയെന്നാണു് വിദ്യാഭ്യാസധുരന്ധരർ വിശ്വസിച്ചിരുന്നതു്. ആദ്യഘട്ടത്തിൽ ശിശുവുമായി നേരിട്ടിടപെടുക സാദ്ധ്യമല്ല എന്നുള്ളതു വാസ്തവമാണു്. അതിനു് അപ്പോൾ ഭാഷയില്ല; ഓർമ്മശക്തിയില്ല; നമുക്കു് അതിനെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കുവാൻ സാധിക്കയില്ല. രണ്ടാമത്തെ ഘട്ടവും, കുഞ്ഞുമായി നേരിട്ടിടപെടുവാൻ വിഷമമുള്ള ഘട്ടംതന്നെയാണു്. ഈ ഘട്ടത്തിലാണു് ശിശു അതിൻെറ അന്തഃകരണവും ബോധവും ഒക്കെ രൂപവൽക്കരിക്കുന്നതു്; അതായതു് അതു് അതിൻെറ ശക്തിയെപ്പററി ബോധമുള്ളതായി തീരുന്നതു്. പരിപൂർണ്ണമാക്കുക എന്ന കൃത്യത്തിൽ ശിശുക്കളെ നമുക്കു സഹായിക്കുവാൻ കഴിയുമെന്നുള്ളതുകൊണ്ടു് ഈ രണ്ടാമത്തെ ഘട്ടം ജീവിതത്തിലെ ഏററവും പ്രാധാന്യമേറിയ ഘട്ടമാണു് എന്നു് ആധുനിക മനഃശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ടു്. ഇതു്, അമൂല്യവും സുന്ദരവും ആയ ഒരാശയമാണു്. കാരണം, സമുദായത്തിനു മുന്നോട്ടു വന്നു് ശിശുവിൻെറ വളർച്ചയിൽ ശാസ്ത്രീയമായ സഹായം ചെയ്തു കൊടുക്കുവാൻ കഴിയുന്നു; അങ്ങനെ അവൻെറ ജീവിതത്തിൻെറ ആരംഭം മുതൽതന്നെ മനുഷ്യനെ കഴിയുന്നിടത്തോളം പരിപൂർണ്ണനാക്കിത്തീർക്കുവാൻ സാധിക്കുന്നു.

ഏകദേശം രണ്ടര വയസ്സാകുമ്പോഴേക്കു അദ്ധ്യാപകൻെറ സഹായംകൂടാതെതന്നെ ശിശു വളരെ വ്യാപകമായ അളവിൽ ഒരു വ്യക്തിത്വം സൃഷ്ടിച്ചുകഴിയുന്നു. ശിശുവിൻെറ ശക്തി ഏതാണ്ടു് അനന്തമാണു്; അതിനു് ഒരതിരില്ല. ഒരു ശിശുവിനെ യഥാർത്ഥ ലോകവുമായി എത്രമാത്രം കൂടുതൽ അടുപ്പിക്കാമോ, അത്രമാത്രം അടുപ്പിക്കേണ്ടതാണെന്നു ലോകമെങ്ങുമുള്ള മനഃശാസ്ത്രജ്ഞന്മാർ ഇന്നു കരുതുന്നു. ലോകത്തിലെന്തൊക്കെയാണു നടക്കുന്നതെന്നു കാണാൻ നാം അതിനെ അനുവദിക്കണം. ഇതിനുവേണ്ടി പ്രകൃതിതന്നെ അത്ഭുതകരമായ മുൻകരുതലുകൾ ചെയ്തിട്ടുണ്ടു്. പ്രകൃത്യാ അമ്മയും കുഞ്ഞും ഒന്നാണു്; എല്ലായ്പോഴും അവർ ഒരുമിച്ചുതന്നെയാണു്. ആഹാരം കൊടുക്കുക എന്ന ആവശ്യത്തിനുവേണ്ടിതന്നെ കുഞ്ഞിനെ കൂടെ കൊണ്ടുനടക്കാൻ അമ്മ നിർബന്ധിതയായിത്തീരുന്നു. തൻെറ ബുദ്ധിക്കു രൂപം കൊടുക്കുന്നതിനുവേണ്ടി, ലോകം കണ്ടു പഠിക്കേണ്ടതാവശ്യമുള്ള ഈ ചെറു യന്ത്രത്തിൻെറ—ശിശുവിൻെറ—ഗതാഗതത്തിനുള്ള വാഹനം അമ്മയാണു്. അപരിഷ്കൃതരെന്നു പറയപ്പെടുന്ന വർഗ്ഗക്കാരാണു് തങ്ങളുടെ കുഞ്ഞുങ്ങളെ ഒരിക്കലും അമ്മയില്ലാതെ വീട്ടിൽ വിട്ടിട്ടു പോകാത്തതു്. ഇതുസംബന്ധിച്ചു രസകരമായ ഒരു കഥയുണ്ടു്. ആഫ്രിക്കയിലെ ഒരു രാജാവിൻെറയും രാജ്ഞിയുടേയും സിംഹാസനാരോഹണസമയത്തു്, രാജ്ഞി തൻെറ കുഞ്ഞിനെ പുറത്തു വഹിച്ചുകൊണ്ടാണു് സ്ഥാനാരോഹണകർമ്മങ്ങളിൽ പങ്കുകൊണ്ടതു്. ഇത്രമാത്രം പ്രധാനമായ ഒരു വേളയിൽപോലും കുഞ്ഞിനെ മററാരുടെയെങ്കിലും പക്കൽ ഏല്പിച്ചിട്ടു പൊയ്ക്കൊള്ളാമെന്നു രാജ്ഞിക്കു തോന്നിയതേയില്ല.

പരിഷ്കാരം വർദ്ധിച്ചുവരുന്തോറും പ്രകൃതിദത്തമായ ഈ മാതൃ-ശിശുബന്ധം ഭാരതത്തിൽപോലും അയഞ്ഞയഞ്ഞു പോകുന്നതിനുള്ള ഒരു ചാച്ചിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. ശിശുവിൻെറ മാനസികമായ വളർച്ചയ്ക്കു അത്യന്താപേക്ഷിതമായ എന്തോ ഒന്നിൻെറ അ

വം അങ്ങനെ അനുഭവപ്പെടുന്നതു. ചില പുരാതനവർഗ്ഗക്കാർ പ്രചരിച്ചിരുന്ന കുഞ്ഞിനെ അമ്മയുടെ പുറത്തു വഹിച്ചുകൊണ്ടു നടക്കുന്ന ഒരവസ്ഥയിലേക്കു പാശ്ചാത്യരിൽ തിരിയുക സാദ്ധ്യമല്ല എന്നുള്ളതു സ്പഷ്ടമാണു്. ബുദ്ധിയുടെ വികാസത്തിനു് ആവശ്യമുള്ള നൽകി ഈ പാരാധീനതയെ നമുക്കു പരിഹരിക്കാം.

ശിശുവിന്റെ ചുററുപാടുകളോടു് ഒരുമാതിരി ആകർഷണങ്ങളുണ്ടു്. ഒരുതരം (Sensitivity) ക്ഷിപ്രപ്രവർത്തനം, അഥവാ അനുഭൂതിവിശേഷം തന്റെ ചുററുപാടിൽ നിന്നും തന്റെ വളർച്ചയ്ക്കു് ആവശ്യമുള്ളവയെ തെരഞ്ഞെടുക്കുന്നതിനു ശിശുവിനു സഹായകമായിരിക്കുന്നു. ഈ ശക്തിവിശേഷം പ്രത്യക്ഷപ്പെടുന്ന സമയത്തിനു് മോണ്ടിസോറി ഭാഷയിൽ "ക്ഷിപ്രപ്രതികാരഘട്ടം" (Sensitive period) എന്നാണു് പറയുന്നതു്. തന്റെ സാഹചര്യങ്ങളുമായി പരീക്ഷണങ്ങൾ നടത്തിക്കൊണ്ടു് ശിശു വളരുന്നു. അനുകരണത്തിനുള്ള ഒരു വാസന പ്രകൃതിദത്തമാണു്. അനുകരണംകൊണ്ടു് ശിശു തന്റെ ചുററുപാടുകളെപ്പററി ബോധമുള്ളവനായിത്തീരുന്നു. പ്രായപൂർത്തിയായവരുടെ ജീവിതവുമായുള്ള ശിശുവിന്റെ ബന്ധം, അതുകൊണ്ടു് പ്രാധാന്യമർഹിക്കുന്നു. പ്രവർത്തനങ്ങൾകൊണ്ടു മാത്രമേ യഥാർത്ഥമായ വളർച്ചയെ പ്രാപിക്കാൻ സാധിക്കയുള്ളു. മാനസികമായ ബോധപ്രവർത്തനത്തിന്റെ ഫലമായുണ്ടാകേണ്ടതാണു്. പാവകളുമായുള്ള പെരുമാററങ്ങൾ പോരാ, ചേഷ്ടകൾകൊണ്ടു് സ്വയം വളരാൻ കുഞ്ഞിനെ അനുവദിക്കാതിരുന്നാൽ അതു് വളർച്ചയിലേക്കുള്ള നേർമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്ന ഇച്ഛാശക്തികളെ മത്സരത്തിലേക്കോ അലസതയിലേ

ക്കോ (Rebelliousness or apathy) വഴി തെളിക്കും.

അപ്പോൾ നമ്മുടെ ചുമതല എന്താണു്? ശിശുവിന്റെ മാനസികവികാസത്തെ നേരിട്ടു ഉണ്ടാക്കുകയല്ല നമ്മുടെ ജോലി. നാം മനസ്സിന്റെ (Pshyche) സേവകന്മാരായി തീരണം. ശിശുവിന്റെ ഇന്ദ്രിയങ്ങളെയും ചേഷ്ടകളെയും നാം പ്രത്യേകമായി ഗണിക്കണം. ചുററുപാടുകളെപ്പററി ധാരണകളുണ്ടാകുന്നതിനുള്ള മുഖാന്തിരങ്ങൾ ഇന്ദ്രിയങ്ങളാണു്. ചലനങ്ങൾ സാഹചര്യങ്ങളുമായുള്ള ബന്ധത്തിൽ ഏർപ്പെടുന്നതിനു ശിശുവിനെ സഹായിക്കുന്നു. വ്യക്തിയുടെ വളർച്ചയെ സഹായിക്കുന്നതിനു ഒരു വിദ്യാഭ്യാസപദ്ധതി ഇതു നമുക്കു പ്രദാനം ചെയ്യുന്നുണ്ടല്ലോ. ഈ മനഃശാസ്ത്രപരമായ അടിസ്ഥാനത്തിന്മേലാണു് "മോണ്ടിസോറി"യുടെ വിദ്യാഭ്യാസപദ്ധതി കെട്ടിപ്പടുത്തിട്ടുള്ളതു്. "ശിശുഭവനങ്ങൾ" എന്നു വിളിക്കപ്പെടുന്ന മോണ്ടിസോറിസ്കൂളുകളിൽ ശിശുവിന്റെ വലിപ്പത്തിനും പ്രായത്തിനും ഒത്ത നിരവധി സാമഗ്രികൾ അതിനു നൽകപ്പെടുന്നു. അവയെല്ലാം സ്വാതന്ത്ര്യമായി ഉപയോഗിച്ചു് ശിശുവിനു മാനസികമായും ശാരീരികമായും വളരാം. അവിടെ ശിശുതന്നെയാണു് അതിന്റെ ചുററുപാടുകളുടെ യജമാനൻ. അതിന്റെ ചലനങ്ങളിൽ അതിനെ നിയന്ത്രിക്കുവാൻ ഒരുപകാസ്വരവും (Adult voice) അവിടെ ഇല്ല. അദ്ധ്യാപകൻ ഒരു സേവകനും മാർഗ്ഗദർശകനുമായിട്ടാണു്, അല്ലാതെ ഒരു ഏകച്ഛത്രാധിപതിയും ശാസകനുമായിട്ടല്ല അവിടെ പ്രവർത്തിക്കുന്നതു്.

യുദ്ധാനന്തര വിദ്യാഭ്യാസ പരിഷ്കരണപദ്ധതിയിൽ ശിശുവിദ്യാലയങ്ങൾക്കു് അവ അർഹിക്കുന്ന സ്ഥാനം നൽകപ്പെടുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.


# നാലാങ്കൽ കൃതികൾ.

രാഗതരംഗം — മധുരങ്ങളായ ഇരുപത്തഞ്ചു പ്രേമകവനങ്ങൾ.

ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം.

ചിത്രപംക്തി — ജീവിതത്തിന്റെ വിവിധവശങ്ങളുള്ള മഹാന്മാരുടെ ജീവിതം മുഖേന വിവരിക്കുന്ന ഒരു സാഹിത്യഗ്രന്ഥം.

വി. വി. ബുക്ക് ഡിപ്പോ ചാല, തിരുവനന്തപുരം.

# ശിഥിലചിന്തകൾ

(എൻ. ലളിതാംബിക അന്തർജ്ജനം)

1

കുടുംബിനീകൃത്യശതങ്ങൾ വിട്ടൊ-
ന്നൊഴിഞ്ഞു കിട്ടീടിനതെല്ലുനേരം.
ഇരുന്നു,ഞാനെൻറയെഴുത്തു മേശ-
യ്ക്കുടുത്തു ചിന്താഭരതാന്തയായി.

2

എന്തോ കുറിയ്ക്കാൻ കൊതിതോന്നിയെന്നാൽ
സ്വാന്തം തിരിച്ചില്ലതിനാശയങ്ങൾ
മുമ്പിൽ കിടപ്പുണ്ടൊരുതൂവൽ, ചാരേ-
മുദ്രാഭിലാഷം കടലാസുമായി.

3

അവയ്ക്കുതമ്മിൽ ബതചേരുവാനെൻ
പൗരോഹിതത്വം ഫലമായ്‌വരേണം
മുഹൂർത്തമെത്തുന്നളവെന്നുമീ ഞാൻ
മറന്നുപോകുന്നിതു്മന്ത്രമെല്ലാം.

4

വിശൃംഖലനാമാദിമവൈദികൻെറ
വേദാന്തവിദ്യാലയവാതലൊന്നും
തുറന്നുകാണാത്ത,വരാകിയാംഞാൻ
തുടന്നിടുന്നെങ്ങിനെ കാർമ്മികത്വം.

5

വിലങ്ങുവെച്ചുള്ള കരങ്ങൾകൊണ്ടു
വിജ്ഞാനദേവാർച്ചനചെയ്യുതിന്നായ്
ഇപ്പുഷ്പമാല്യങ്ങൾവിടത്തിവെച്ച
വിധിയ്ക്കുമുണ്ടാംസ്മൃതിലോപദോഷം.

6

കണ്ണീർക്കയത്തിൽചെറുക്രൂപ്പുകൈ മൊ-
ട്ടുയർത്തിയല്പം തലപൊക്കിയെങ്കിൽ
ചെന്താരിലുംപങ്കജഭാവമോതി-
പ്പുഴിയ്ക്കുവൊന്നല്ലി! മനുഷ്യലോകം.

7

കരൾത്തുടിപ്പിൽ കലിതാനുമോദം
പുലർത്തുടപ്പേന്തിയ ചിന്തകൾക്കും
നനുത്തവെള്ളക്കടലാസിൽവീഴ്കെ
ക്കറുപ്പുകാണുന്നവരല്ലിനമ്മൾ.

8

ഉഴക്കരിച്ചോറിനുസാക്ഷിനിന്നൊ-
രുണക്കപ്പൂവേററു വരംകൊടുപ്പാൻ.
അന്തർഗൃഹത്തിൽ കുടിവെച്ച മൂക-
ബിംബത്തിനുണ്ടോ ചലനാവകാശം

9

ഇരുൾത്തിരശ്ശീലപൊതിഞ്ഞു ഗാഢ-
മുറക്കിയിട്ടുള്ളൊരുപാതിരാവിൽ.
വിധിപ്രഭാവം വിരചിച്ച കൊച്ചു-
മിന്നാമിനുങ്ങും പിഴയാളിയാവാം.

10

ഒരൊററനക്ഷത്രവുമെത്തിനോക്കാ-
തൊരസ്ഫുടസ്പന്ദനമേശിടാതെ.
മരച്ചൊരീരാത്രിയതിൻവെളിച്ചം
പൊങ്ങച്ചമെന്നോതി മുഖംതിരിക്കാം.

11

നിതാന്തനിശ്ശൂന്യതയിങ്കലേതോ-
ജ്യോതിസ്സിനേത്തേടിയലഞ്ഞു പാവം
ഒടുക്കമൊപ്രാർത്ഥിതസുപ്രഭാത-
മടുക്കവേ പാഴ്പ്പുഴവായിവീഴാം.

12

തമസ്സിനേപ്പെററുവളർത്തതായേ!
ശപിച്ചിടുന്നില്ലയി നിന്നെയീ ഞാൻ.
സമസ്തജീവാങ്കുരജന്മകർമ്മ-
സ്ഥിതിക്കു നീ വൻതപമേല്ക്കയല്ലീ.

13

പുതുപ്പനീർപ്പൂംകുലയെന്നുറച്ചു
തീച്ചൂളയിൽചാടിയ പാററപോലെ
പകൽപ്പുറംപൂച്ചിൽ വിരണ്ടുതീക്ഷ്ണ-
മദ്ധ്യാഹ്നതാപത്തിൽ വരണ്ടുലോകം.

14

തളർന്നു, തേജസ്സു നശിച്ചു, ശാന്ത-
ശ്യാമേ! തവോത്സംഗതലത്തിൽവീഴ്കെ
സുശീതളസ്നേഹതരംഗകത്താൽ
തലോടിമാത്രം കൃതകൃത്യയാം നീ.

15

കൃതജ്ഞതാശ്രുക്കളെറിഞ്ഞിടാത്ത
ജഗത്തിലീത്യാഗമഹച്ചരിത്രം
മുകിൽച്ചെളിക്കൂട്ടമെറിഞ്ഞുപാഴിൽ
മറച്ചുകൊള്ളട്ടെ ദിശാമുഖങ്ങൾ.

# നടുവത്തു മഹൻ

(ഡി. പത്മനാഭനുണ്ണി എം.എ.)

അബലയും ചപലയുമാണ് ലക്ഷ്മി. സരസ്വതിയോ? രണ്ടു ദേവിമാരും സതീർത്ഥ്യമാരും സഖികളുമാണെന്നാണ് തോന്നുന്നതു്. ഭൌതികസമ്പത്തുപോലെ വിദ്യാസമ്പത്തും ശാശ്വതമായി അനുഭവിക്കാൻ സാധിച്ചിട്ടുള്ള ദേശവും കുടുംബവും മിക്കവാറും ഇല്ലെന്നുതന്നെ പറയാം. ഈശ്വരാനുഗ്രഹവും പുരുഷപ്രയത്നവുംകൊണ്ടു് വിദ്യാദേവിക്കു കൂടുതൽ സ്ഥിരപ്രതിഷ്ഠനൽകുന്നതിന് ചുരുക്കം ചിലക്കു സാധിച്ചെന്നു വന്നേക്കാം. എങ്കിലും ആ ദേവി കവിതാകാമിനിയായിട്ടു് ഒരു കുടുംബത്തിൽത്തന്നെ പല തലമുറക്കാരേയും തുടച്ചയായി ആശ്ലേഷിക്കാറില്ല. സാമൂതിരിയുടെ പ്രഖ്യാതമായ വിദ്വൽസദസ്സിൽ ഉണ്ടായിരുന്ന പതിനെട്ടരക്കവികളിൽ എട്ടു പട്ടേരി സഹോദരന്മാരും ഒരു മഹനും ഉൾപ്പെട്ടിരുന്നെന്നു് കാണുന്നതു് ഇന്നു് അത്ഭുതവാർത്തകളുടെ കൂട്ടത്തിൽ ആണു് ഗണിക്കപ്പെട്ടിരിക്കുന്നതു്. അതിലും രണ്ടു തലമുറയെ നാം കാണുന്നുള്ളു. നടുവത്തു കുടുംബത്തിലാകട്ടെ ഒരു പിതാവും പുത്രനും മാത്രമല്ല, ഒരു പൌത്രനും കൂടി കവിതാദേവിയുടെ കരുണാകടാക്ഷത്തിന് പാത്രീഭവിച്ചതു്, മലയാളഭാഷയുടെ ഭാഗ്യമെന്നേ പറയേണ്ടതുള്ളു. പുണ്യശ്ലോകനായ നടുവത്തച്ഛന്റെ യശഃശരീരം സഹൃദയന്മാരായ കേരളീയരുടെ ഹൃദയരംഗങ്ങളിൽ നിന്നു് ഒരിക്കലും അന്തർദ്ധാനം ചെയ്യുന്നതല്ല. മഹനാകട്ടെ വാർദ്ധക്യത്തിലും കൈരളീകാമുകനായിത്തന്നെ വർത്തിച്ചുപോന്നു. ഹൃദ്യങ്ങളായ പദ്യകുസുമങ്ങൾകൊണ്ടു് ഭാഷാദേവിയുടെ പാദാരവിന്ദങ്ങളെ ഭക്തിപൂർവ്വം പൂജിച്ചിട്ടുള്ള പണ്ഡിതവരേണ്യന്മാരുടെ മുന്നണിയിൽ അദ്ദേഹം എന്നും പ്രശോഭിക്കുന്നു. അവിടത്തെ സഹോദരപുത്രനായ ശങ്കരൻ നമ്പൂരി ഒരു വിദ്യാർത്ഥിയായിട്ടുതന്നെ വശ്യവചസ്സായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ജരാസന്ധവധവ്യായോഗവും മഹാകവി നീലകണ്ഠ ദീക്ഷിതരുടെ ശാന്തിവിലാസവും സംസ്കൃതത്തിൽനിന്നും ഭാഷയിലേക്കു വിവർത്തനം ചെയ്തു് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിനും ഭാഷാസാഹിത്യലോകത്തിൽ വിഖ്യാതവും വിപുലവുമായ ഒരു ഭാവിയുണ്ടെന്നു് ജാതകം പരിശോധിക്കാതെതന്നെ പറയാവുന്നതാണു്. ഈ പാരമ്പര്യം ഇതിലും പരിപുഷ്ടമായിത്തീർന്നു് സാഹിത്യഭക്തന്മാർക്കു് നടുവത്തില്ലം കേരളത്തിന്റെ നടുക്കുള്ള ഒരു പാവനക്ഷേത്രമായിപ്പരിലസിക്കട്ടെ!

നടുവം മഹൻ എന്നു സുപ്രസിദ്ധനായ നാ

16

അചഞ്ചലം സേവനമൊന്നുമാത്ര-
മാദർശമായ്നീ കരുതുന്നുവെങ്കിൽ
താരങ്ങളും ചന്ദ്രനുമല്ല കീർത്തി-
സ്തോമംവിതയ്ക്കാനിരുളൊന്നുപോരും

17

തകന്നനിഷ്കന്മഷമാനസത്തിൻ-
സ്പന്ദങ്ങൾപോലീച്ചെറുകാററുമാത്രം
മന്ത്രിച്ചുമന്ദസ്വരമായ്-മടങ്ങൂ
നീയും സഖീ! നിത്യമിരുട്ടിൽമാത്രം.

* * * *

18

കെട്ടററുചിന്നിച്ചിതറിക്കഴിഞ്ഞോ-
രീ വെൺപളുങ്കിൻമണിയൊക്കെവീണ്ടും
കൊരുത്തു,നിഷ്കണ്ടകനാംവിധിയ്ക്കു
പൊട്ടിയ്ക്കുവാനെന്തിനു കാഴ്ചവെയ്പൂ.

19

മടക്കിവെയ്ക്കാം കടലാസു വീണ്ടു-
മടക്കിവെയ്ക്കാം ഹൃദയത്തുടിപ്പും.
മഷിപ്പരപ്പിൽ തെളിയാതെ ചിന്താ-
സൂനങ്ങളെ നിങ്ങൾ മടങ്ങിയാലും.

രായണൻ നമ്പൂരിയുടെ ജനനം കൊല്ലവർഷം 1043-ൽ ആണ്. ജ്യോതിഷഭാഷയിൽ പറയുകയാണെങ്കിൽ 1043 മേടം 17-ാം തീയതി തിങ്കളാഴ്ചയും തിരുവാതിര നക്ഷത്രവും പൂർവ്വപക്ഷപഞ്ചമിയും കൂടിയ ദിവസം കന്നി മദ്ധ്യദ്രേക്കാണം കൊണ്ടാണ് ജനനം. നാളിൽച്ചെന്ന നാഴിക മുപ്പത്തഞ്ചേമുക്കാൽ; പക്കത്തിൽ അമ്പത്തഞ്ചേയരക്കാൽ; എന്നു കൂടി പറഞ്ഞാൽ അതു് അത്രയും പൂർത്തിയായി.

"ആനേക്കാണണം:മമ്പിളിക്കലെപിടി-
ച്ചീടണമമ്മാത്തുപോയ്
ചേനപ്പേരിഭുജിച്ചു്ചെണ്ടവിരവിൽ-
കൊട്ടിക്കളിച്ചീടണം
ഞാനുണ്ണുന്നതിനമ്മചോറുതരണം-.
ശാഠ്യങ്ങളേവം പിടി-
ച്ചാനന്ദത്തൊടുവാണിടുന്നതനയൻ-
നന്നായ്‌വരുംനിർണ്ണയം."

എന്നു് കവികുലാലങ്കാരഭൂതനായ വെണ്മണിയച്ഛൻ നമ്പൂരിപ്പാട്ട് ശൈശവത്തിൽ അവിടേക്കു നൽകിയ ആശീർവ്വാദം സർവ്വദാ ഫലപ്രദമായിത്തന്നെ ഭവിച്ചു.

അച്ഛൻ തിരുമേനിയോട്ട് അക്ഷരോപദേശം വാങ്ങിയ മകൻ ഈശ്വരവാരിയർ, എളമനയിളയതു് എന്നീ രണ്ടു ഗുരുക്കന്മാരോട്ട് പ്രഥമപാഠങ്ങളെല്ലാം യഥാകാലം പഠിച്ചു് ബ്രഹ്മചര്യാശ്രമത്തിൽ പ്രവേശിച്ചു. അക്കാലത്തു് അച്ഛൻ തിരുമേനി ഗവൎമ്മെൻറിൻെറ കീഴിലിരുന്ന കോടശ്ശേരിസ്ഥാനംവക മാനേജരായിരുന്നതിനാലും ജനോപകാരാർത്ഥം വൈദ്യവിഷയത്തിൽ അധികം സമയം ചിലവുചെയ്തു വന്നതിനാലും പുത്രൻെറ വിദ്യാഭ്യാസകാര്യത്തിൽ വേണ്ടത്ര ദൃഷ്ടിപതിപ്പിക്കുന്നതിന്നു് അദ്ദേഹത്തിന്നു് സാധിച്ചില്ല. എങ്കിലും അക്കാരണത്താൽ മഹന്നു് യാതൊരു തരക്കേടും വരാതിരിപ്പാൻവേണ്ടി അദ്ദേഹത്തെ സമാവർത്തനം കഴിഞ്ഞപ്പോൾ വിദ്വാന്മാരുടെ കേളീരംഗമായ കൊടുങ്ങല്ലൂർ കോവിലകത്തു കൊണ്ടുചെന്നാക്കി. അവിടെ കവി സാർവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ സഹോദരിയും, ഒരു സുപ്രസിദ്ധ വൈയാകരണവിദുഷിയും ആയിരുന്ന കുങ്കത്തമ്പുരാട്ടിയുടെ അടുക്കൽ കാവ്യനാടകാലങ്കാരാദികളും വിദ്വാൻ കുഞ്ഞിരാമവൎമ്മൻ തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ വ്യാകരണം ശേഖരാ[ന്ത]വും അഭ്യസിച്ചു. ഇക്കാലത്തു് കൊച്ചുണ്ണിത[മ്പു]രാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കാത്തു[ള്ള]ളളിൽ അച്ചുതമേനോൻ മുതലായ ശ്രേഷ്ഠ[ക]വികളുടെ സാഹചര്യവും സതീർത്ഥ്യഭാവും അ[]വിടേക്കു ലഭിച്ചു. പഠിപ്പിലുള്ള സാമർത്ഥ്യവു[ം] ഗുരുശുശ്രൂഷയിലുള്ള ശുഷ്കാന്തിയും കൊണ്[ടു] മഹൻ ഗുരുവിൻെറ പുത്രനിർവിശേഷമാ[യ] വാത്സല്യത്തിന്നും അനുഗ്രഹത്തിന്നും പാത്രീ[ഭ]വിച്ചു. അക്കാലത്തു് സുപ്രസിദ്ധ സാഹിത്യകാരനായ സി. പി. അച്ചുതമേനോൻ കൊച്ചി വിദ്യാഭ്യാസ വകുപ്പിൻെറ അദ്ധ്യക്ഷനായിരുന്നു. അദ്ദേഹം കൊടുങ്ങല്ലൂർ ഒരു പള്ളിക്കൂട[ം] സ്ഥാപിക്കുകയും നടുവം മഹനെ അവിടെ ഒ[രു] മുൻഷിയായി നിയമിക്കയും ചെയ്തു. ഇക്കാല[ത്തു്] മഹൻ മനോരമയിൽ കവിതയെഴുതുവാ[ൻ] തുടങ്ങി. കുന്നേഴൻെറ കൂട്ടുപിടിച്ചു് മുദ്രാരാക്ഷസം നാടകം തൎജ്ജമചെയ്യുകയും അന്നു മിസ്റ്റർ സി. പി. നടത്തിയിരുന്ന "വിദ്യാവി[]നോദിനി"യിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആയിടയ്ക്കാണു് ചാത്തുക്കുട്ടി മന്നാടിയാരും അച്ചുതമേനോനും തമ്മിൽ ഉത്തരരാമചരിതം നാടകം തൎജ്ജമസംബന്ധമായി വലി[യ] കലഹമുണ്ടായതു്. സി. പി. യുടെ ശ്രമത്തി[ൽ] ചില കവികളെല്ലാം കൂടിച്ചേർന്നു് ഉത്തരരാമചരിതത്തിന്നു് മറെറാരു തൎജ്ജമ പുറപ്പെടുവിച്ചു. ഇതിൽ കാത്തുള്ളിൽ അച്ചുതമേനോനു[ം] മഹൻ തിരുമേനിയും കൂടിയാണു് രണ്ടു്, മൂന്നു്, അഞ്ചു്, എന്നീ അങ്കങ്ങൾ തൎജ്ജമ ചെയ്തതു്. മൂന്നാമങ്കം മുഴുവനും മഹൻെറ തൎജ്ജമ തന്നെയാണു്. ഉത്തരരാമചരിതം നാടകത്തിൽ ഏററവും പ്രധാനമായ മൂന്നാമങ്കം തൎജ്ജമ മന്നാടിയാരുടെതിനേക്കാൾ ഒട്ടും പിന്നോക്കമല്ലെന്നുമാത്രമല്ല,

"സീതാദേവികനിഞ്ഞുകൈത്തളിരിനാ-
ലീന്തൻകുരുന്നുംകൊടു-
ത്തേതാനും കളികണ്ടുപോററിയൊരു-
കൊച്ചാനക്കിടാവല്ലയോ?

എന്നിത്യാദി ചില ശ്ലോകങ്ങൾ ശയ്യാ[ഗു]ണം കൊണ്ടു് മന്നാടിയാരുടെ കൃതിയേയും അ[]തിലംഘിച്ചിട്ടുണ്ടു്. കൊല്ലവർഷം 1070-മാണ്ടോടുകൂടി മഹനെ പഴയന്നൂർ സ്കൂളിലേക്കു സ്ഥലം മാററി. അവിടെ രണ്ടുമൂന്നുകൊല്ല[ം]

ജാലിനോക്കുന്നതിനിടയിൽ സാരോപദേശം, അംബാസ്തവം എന്നീ കൃതികൾ പ്രസിദ്ധപ്പെടുത്തി. ഇക്കാലത്താണ് തന്റെ കനിഷ്ഠസഹോദരനും, കുടുംബകാര്യാന്വേഷണത്തിൽ അച്ഛനെ സഹായിച്ചിരുന്നയാളും വൈദ്യശാസ്ത്രനിപുണനുമായിരുന്ന ശങ്കരൻ മിടുക്കൻ നമ്പൂരി അകാലമൃതിയടഞ്ഞത്. അച്ഛനെ ശുശ്രൂഷിക്കുന്നതിനും കുടുംബഭരണത്തിനും വേണ്ടി ഉദ്യോഗം രാജിവെച്ച് മഹൻ അന്നു മുതൽ ഇല്ലത്തുവന്ന് താമസമുറപ്പിച്ചു. അച്ഛൻ തിരുമേനിയും കേരളകാളിദാസനും തമ്മിൽ വെച്ചുവച്ച് ഇക്കാര്യത്തെപ്പററി സംസാരിച്ചതു് അഷ്ടമിയാത്രയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ഇക്കൂടെയുള്ളതു്?" "മഹൻ" "ശരിയാവടക്കൻ—
ദിക്കിങ്കൽമുമ്പുമുനിഷിപ്പണിയായിരുന്നോൻ"
"ഇക്കാലമില്ല മുനിഷിപ്പണിയിങ്ങു ശുശ്രൂ-
ഷയ്ക്കാക്കിയെന്റെ സുകൃതക്കൊടിവെന്തശേഷം."

മഹൻതിരുമേനി അക്കാലത്ത് ഒരു സ്നേഹിതന് എഴുതിയ എഴുത്തിൽ

"ഇല്ലത്തഞ്ഞൂറുകുന്തം, ജനകനു സുഖമി—
ല്ലമ്മയും നന്നെ വയ്യാ-
തല്ലൽപ്പെട്ടാണിരിപ്പിയ്യിവനുമനുദിനം ദീന
മൊക്കെക്കുഴപ്പം
തല്ലല്ലേ ബുദ്ധിമുട്ടിക്കുവന വിഷയമെ
വിട്ടു ഞാൻ ഗേഹഭാരം
കില്ലറേററിക്കഴിഞ്ഞു കുഴതകൾ കനക
ച്ചാക്കു പോക്കുംപ്രകാരം."

എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇക്കാലത്താണ് കൊച്ചിയിൽ തീവണ്ടി നടപ്പാക്കുവാനുള്ള ഉദ്യമം തുടങ്ങിയതു്. ഇതിലേക്കു വേണ്ട സ്ഥലം പൊന്നുംവിലകൊടുത്തെടുക്കുന്നതിനു പിൽക്കാലത്തു ദിവാൻപദമലങ്കരിച്ച ബ്രഹ്മശ്രീ ടി. എസ്. നാരായണയ്യരെയാണു ഗവമ്മെൻറിൽനിന്നും നിയമിച്ചതു്. ഇല്ലംവക പത്തുനൂറുപറയ്ക്കു് നിലവും കുറെ പുരയിടങ്ങളും ഈ ആവശ്യത്തിനുവേണ്ടി സക്കാരിൽനിന്നും കൈകേറി. അതെപ്പററി മഹൻ ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"തൊണ്ണൂറെറട്ടു പറക്കു നല്ല കനകം കായ്ക്കും
നിലം പോകയാൽ
കണ്ണീരിൽ കുളിയാണു് ഞങ്ങടെ കുടും—
ബത്തോടുകൂടിസ്സഖെ!!
വണ്ണിപ്പാനരുതായതിന്റെ വില വാങ്ങി—
ടാൻ ശ്രമിച്ചീയിടെ
കണ്ണാണോടിനടക്കയാണൊരിടയില്ല-
ന്തിക്കുമെൻ തോഴരെ!
കണ്ടുംകണ്ടെത്തെടുത്തിട്ടും, വിലതരാ—
നാരെങ്കിലും ചൊല്ലിയാൽ
ശണ്ഠക്കെത്തിടു,മെന്തുപദ്രവമിതാക്കാ—
നും സഹിക്കാവതോ?
ഉണ്ടീടാൻ വഴിയില്ല, കഷ്ടമിവരീവ-
ണ്ണം തുടന്നാൽ വിശ-
പ്പുണ്ടായാലതടങ്ങുവാൻ കവിമണെ!
തീവണ്ടി തിന്നാവതൊ?
വേണ്ടുംവണ്ണം വിചാരിച്ചുലിവൊടു വില—
തന്നീടുവാൻ കൊച്ചിരാജൻ
ലാണ്ടുകപിസ്സിഷ്യനാഫീസറെ ഉടനടി
കല്പിച്ചു തീർച്ചപ്പെടുത്തി
കണ്ടാൽവേണ്ടില്ല, വാക്കോതുകിലകമലിയും
സ്വാമികണ്ടങ്ങൾനോക്കി
കണ്ടാൽ മിണ്ടില്ല; മൂളും, കടശിവിലകൊടു-
ക്കില്ല, കേൾക്കില്ല കാര്യം.
ജില്ലാക്കോർട്ടിൽ കടന്നു തെളിവുകളഖിലം
വാങ്ങുവാൻ തീർച്ചവന്നു
മെല്ലെത്തക്കം തുടർന്നു ജഡ്ജിയവർകളും
സങ്കടം കേട്ടന്നു
എല്ലാം പാകത്തിൽ വന്നു പഴയവിധിയിലെ
ത്തോതു തെറെറന്നുവന്നു
ചൊല്ലാം ഞങ്ങൾക്കു തന്നു പണമനവധി
മറേറാക്കിതിൽ തോൽവി വന്നു."

ഈയവസരത്തിൽത്തന്നെയായിരുന്നു സെറ്റിൽമെൻറ്. ഒരു കാര്യസ്ഥനെവച്ച്, ഈ കാര്യങ്ങൾ മുഴുവൻ നിവ്വഹിക്കുന്നതിൽ അച്ഛനു തൃപ്തി ഉണ്ടായിരുന്നില്ല. നമ്മുടെ കാര്യങ്ങൾ നാം തന്നെ നോക്കിപ്പരിശോധിച്ചു നടത്താഞ്ഞാൽ എന്നും അന്യനെ ആശ്രയിക്കേണ്ടിവരുമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. മഹനെപ്പോലെ കാര്യശേഷിയുള്ള ഒരുവനുള്ളപ്പോൾ ഒരു കാര്യസ്ഥൻ മിക്കവാറും അനാവശ്യവുമാണ്. അദ്ദേഹത്തിന്റെ കാര്യ

ശേഷിക്കു പ്രത്യക്ഷലക്ഷ്യം ആവട്ടത്തുർ മഹാക്ഷേത്രത്തിൽ ഇന്നും കാണാവുന്നതാണ്.

നടുവത്തില്ലം ആവട്ടത്തുർ ഗ്രാമത്തിൽപെട്ടതാണ്. ആ ഗ്രാമദേവതാക്ഷേത്രം ഒരു കാരായ്മസമുദായത്തിന്റെ ദുർഭരണം നിമിത്തം പത്തുനാല്പതിനായിരം ഉറുപ്പിക കടത്തിൽ മുങ്ങിയിരുന്നു. തന്നിമിത്തം 78-ൽ ക്ഷേത്രോദ്ധാരണകർമ്മത്തിൽ മഹൻനമ്പൂരിക്ക് ഇടപെടേണ്ടതായിവന്നു. അവിടുന്നു സമുദായവുമായി വ്യവഹരിച്ച് അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നും നിഷ്കാസനം ചെയ്യുകയും താൻതന്നെ ഭരണം കൈയേൽക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ ദേവസ്വത്തിലെ കടം മുഴുവൻ തീർത്തു മാത്രമല്ല, പത്തുറുപതിനായിരം ഉറുപ്പികയുടെ മരാമത്തും ധ്വജപ്രതിഷ്ഠയും നടത്തുകയും ചെയ്തു. ഈ ധ്വജപ്രതിഷ്ഠയെപ്പററി കുഞ്ഞിക്കുട്ടൻതമ്പുരാൻ

"മയ്ക്കണ്ണാൾ മടിയിങ്കലും മുടിയിലും വാഴ്‌വോ
രഗസ്ത്യാലയം
മുക്കണ്ണന്റെ നടയ്ക്കലിക്കൊടിമരം നില്ക്കുന്ന
കാലംവരെ
ചൊൽക്കൊള്ളും നടുവം മഹന്നു പതിവായ്
സ്വർഗ്ഗത്തിലും പോയ്‌വരാ-
മുൽക്കണ്ഠെക്കൊരിടിച്ചിലില്ലകയറാം കൈ-
ലാസശൈലത്തിലും"

എന്ന് എഴുതിയിരിക്കുന്നു. ഈ ദേവസ്വഭരണത്തിന്റെ ഒരു ചുരുക്കം "കാര്യശകല"ങ്ങളിൽ ചേർത്തിരിക്കുന്ന "കൃഷ്ണപ്പൻ" എന്ന കൃതിയിൽ കാണാവുന്നതാണ്. 85-ൽ അച്ഛൻനമ്പൂരിയുടെ കാലിൽ ഒരു പഴുപ്പു വന്നുകൂടുകയും, പല ഭാഷാകവികളുടെയും പദ്യമയമായ പ്രാർത്ഥനകൾകൊണ്ടു ഭേദപ്പെടുകയും ചെയ്ത കഥ പ്രസിദ്ധമാണല്ലോ.

"തെരുതെരെ നെടുവീർപ്പിട്ടാവുവമ്മെ വ-
ലഞ്ഞെത്ത-
ന്നരുളിയവശനായിക്കാൽപിടിച്ചൂതിയൂതി
പുരുരുജസഹിയാഞ്ഞിട്ടെന്നെ നോക്കുന്നി-
തച്ഛൻ-
തിരുവടി; ഗുരുവായൂരമ്പുമെൻ തമ്പു-
രാനെ"

എന്നും മററുമുള്ള പ്രാർത്ഥനകളോടുകൂടി കഴിച്ചുകൂട്ടിയ അഞ്ചാറുമാസക്കാലത്തിനിടയിലും ദേവസ്വംഭരണം യാതൊരു വീഴ്ചയും കൂടാതെ

നടത്തിവന്നു. 86-ാമാണ്ട് അവിടേക്ക് ഒ
ഗ്രഹപ്പിഴകാലമായിരുന്നു. അന്നാണ് അ
ഹത്തിനു വസൂരിയും, തദനന്തരം പുറത്തൊ
കുരുവും പിടിപെട്ടത്. "ദീനാക്രന്ദനസ്തവ
"സ്തവമഞ്ജരി" എന്നീ കൃതികൾ ഇക്കാലത്തു
രചിച്ചിട്ടുള്ളവയാണ്. ഇങ്ങനെ മകനെ ബ
ധിച്ച സുഖക്കേടിനെപ്പററിയാണു മഹാകവി
വള്ളത്തോൾ

"ഗുരുവാം ദ്വിജനാത്തശയ്യവിട്ടി-
ട്ടൊരുവർഷം തികയുന്നതിന്നു മുമ്പെ
കുരുപെട്ടു മഹൻ കിടപ്പിലായാ-
നരുതെന്തൊ നടുവത്തു നല്ലകാലം!"

എന്ന് എഴുതിയിരിക്കുന്നത് ഇക്കാലത്തും;
ദനന്തരം 96-ൽ അവിടയ്ക്ക് അർശ്ശിതരോഗ
ബാധിച്ചപ്പോഴും ആയുർവേദപാരാവാരപാര
ഗതനായ വൈദ്യരത്നം ഇ. ടി. നാരായണൻ
സ്സാണ് അവിടത്തെ ചികിത്സിച്ചിരുന്നതു
88-ൽ പുണ്യശ്ലോകനായ അച്ഛൻനമ്പൂരി
വംഗതനായി. കൈരളിയുടെ ഒരു കണ്ഠാ
ങ്കാരം കാലപ്രവാഹത്തിലടിഞ്ഞു. സംവത്സ
ദീക്ഷക്കിടയിലും കൈവശംവെച്ചിരുന്ന ദേ
സ്വംഭരണം അവസാനമായി വിട്ടൊഴിഞ്ഞ
ത് 97-ൽ ആണ്. അനന്തരകാലത്തു സന്ത
നഗോപാലം, ആശ്രമപ്രവേശം, ഭക്തിലഹ
എന്നീ ചെറുകാവ്യങ്ങൾ പ്രസിദ്ധപ്പെടുത്തു
യും ഘോഷയാത്ര, നാടകം എഴുതിത്തീർക്കു
യും ചെയ്തു.

മഹൻനമ്പൂരി വിവാഹംചെയ്തിരുന്നത് ഇ
ല്ലത്തുനിന്നും അധികം ദൂരമില്ലാത്ത പെരിങ്ങേ
രിവീട്ടിൽനിന്നാണ്. ഹൈക്കോർട്ടുവക്കീ
ശ്രീമാൻ രാമൻമേനവൻ അവർകളുടെ സ
ഹോദരി നാനിക്കുട്ടിയമ്മയാണ് അവിടത്തെ
കളത്രം. ഈ മഹതിയിൽ അവിടെയ്ക്കു നാല
ണ്മക്കളും, നാലു പെണ്മക്കളും ഉണ്ടായിട്ടുണ്ട്

പെണ്മക്കൾ നാലുപേരും വിവാഹിതകള
യി ആണ്മക്കളിൽ മൂന്നുപേർ സർക്കാരുദ്യോ
ഗസ്ഥന്മാരായും ഭവിച്ചു. അവിടത്തെ ഭക്തി
സംബദ്ധങ്ങളായ ചില കൃതികൾ ശ്രീമതി
നാനിക്കുട്ടിയമ്മയുടെ ആവശ്യവും പ്രേരണയു
അനുസരിച്ച് നിർമ്മിച്ചവയാകുന്നു. ഗു
വായൂരപ്പൻ, പിഷാരിക്കലമ്മ, ശിവസ്തവ
മുതലായവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. സ്ഥാ
നത്യാഗം ചെയ്ത കൊച്ചി വലിയ തമ്പുരാൻ

രുമനസ്സുകൊണ്ടു് അവിടത്തെ കവിതയെ ഭിനന്ദിക്കുകയും സമ്മാനങ്ങൾ നല്കുകയും യ്തിട്ടുണ്ടു്. തിരുമനസ്സിലേക്കു സമൎപ്പിച്ച ാടേനിസഞ്ചരിച്ചീടുക,യടിപണിയും

ഭൂതജാലങ്ങൾകഷ്ട-
ാടേല്ക്കാതുള്ള രക്ഷാനിപുണത,നി-
ലനില്ക്കുന്നസജ്ജനനാമം
ടപ്പേർകൊണ്ടരപ്പാപ്തി,കുളുർമ-
വരുത്തുന്നകുന്നിന്മേൽവാസം
ാടേവംപാർത്തിട്ടമ്പോൾനിധിപതിസ-
ഖേദൻതമ്പുരാൻശംഭുതന്നെ.”

മുതലായ ശ്ലോകങ്ങൾ തിരുമനസ്സിലെ പ്ര സക്ക പ്രത്യേകം പാത്രീഭവിച്ചിട്ടുണ്ടു്. അ ട്ടത്തിലുള്ള മറെറാരു ശ്ലോകമാണു് താഴെ ധരിക്കുന്നതു്.

നരായ്നിന്നാശ്രയിക്കുന്നവർകളിലലി-
വുണ്ടെത്രയുംനല്ലയോഗ്യ-
രായാലുമില്ലാകരുണനിജമതദ്വേ-
ഷിയാണെന്നുവന്നാൽ
രാകെപ്പാടിവാഴ്ത്തുംഗുണഗണമിവിടെ
ദൃഷ്ടസംസാരമേതും
രാതാക്കുന്നമാടക്ഷിതിപതിവിമ-
ലൻഹന്ത! പൂൎണ്ണത്രയീശൻ.

കവികുലകൂടസ്ഥനായിരുന്ന കേരളവർമ്മ ലിയ കോയിത്തമ്പുരാന്നു് നട്ടുവത്തച്ഛനോടു ായിരുന്ന സ്നേഹാദരങ്ങൾ മഹനിലും വൈ ല്യേന സംക്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ക കത്തിൽ ഇപ്രകാരം കാണുന്നു.

“തദാതദാകണ്ടുമനോരമായമ-
മുദാരയുഷ്മൽക്കവിതാവിലാസം
ഹൃദാസ്വഹന്നന്ദനനെന്നതോർത്തു
മുദാതിവേലംതരളോഹമാസം.

ന്തനീതിയതിലാഢ്യകൌശലം
ന്തകാട്ടിയിതുസംസ്കൃതേപ്യലം
ന്തനീതിഭവദീയപത്രമെ-
ന്തരന്തരഹിതംകുതൂഹലം.

ദോഷജ്ഞഭാവംഭവതാദ്ധിരുക്തം
കൊച്ചുണ്ണിഭൂപേനഭിഷജ്യതാതം
ലഘൂകൃതവ്യാധിമമേത്യതാതം
യുഷ്മാകമേതിപ്രമദംപ്രഭൂതം.”

ഇത്തരം സ്നേഹമസൃണങ്ങളായ കത്തുകൾ കാണ്ടു് കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, ഒറവങ്കര, ഉള്ളൂർ, വള്ളത്തോൾ, ഒട്ടവു്, കുണ്ടൂർ, കാത്തുള്ളി മുതലായ പ്രിയമിത്രങ്ങൾ ഓരോ അവസരങ്ങളിൽ അവിടത്തെ സൽക്കരിക്കുകയും അഭിനന്ദിക്കയും ചെയ്തിട്ടുണ്ടു്. അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് അവിടത്തെ സഹോദരനിൎവ്വിശേഷം കരുതിപ്പോന്നിരുന്നു. ഒരിക്കൽ തിരുമനസ്സിലെക്കൂടെ താമസിക്കുമ്പോൾ മഹൻ തിരുമേനി മാരാർ ജസ്റ്റിയുടെ ക്ഷണം അനുസരിച്ചു് അദ്ദേഹം പുതുതായി പണികഴിപ്പിച്ച “പുല്ലേൽക്കുന്നു” ബംഗ്ലാവു കാണാൻ പോയിരുന്നു. അവിടെ വച്ചു്

“കുന്നിന്മേൽപ്പള്ളിമാടംകയറിയരുളിടും
പാർവതീപ്രാണനാഥൻ
വന്നിക്കുന്നിന്റെവൻപൊക്കയുമൊരുകുറി
കണ്ടെങ്കിലുണ്ടാമനൎത്ഥം
നിന്ദിക്കുംതാനിരിന്നൊരുചെറിയകുളി
ക്കുന്നുപുല്ലെന്നുപുല്ലേൽ-
ക്കുന്നിന്മേൽവന്നുകൂടാനിടവരുമിടപാടാകു-
മെന്നെന്റെപക്ഷം.”

എന്നൊരു ശ്ലോകം പെട്ടെന്നുണ്ടാക്കിച്ചൊല്ലി.

മഹൻ വാൎദ്ധക്യകാലത്തിലും ദിനചൎയ്യയിൽ അത്യന്തം നിഷ്ഠയുള്ളവനായിരുന്നു. കാലത്തു് അഞ്ചുമണിക്കുകുളി, ഗണപതിഹോമം, ആദിത്യനമസ്കാരം, പുഷ്പാഞ്ജലി, ദേവീ മാഹാത്മ്യ പാരായണം ഇത്രയും അമ്പലത്തിലും ഭാഗവതവും, ഗീതയും പാരായണം ഇല്ലത്തു നാലുകെട്ടിലുംവച്ചു് നിത്യവും നടത്തിപ്പോന്നു. തദനന്തരം കാപ്പിയും ഏകദേശം പത്തുമണിയോടുകൂടി ഊണും കഴിക്കുക പതിവായിരുന്നു. രണ്ടരമണിക്കുള്ള കാപ്പി കഴിഞ്ഞതിനു ശേഷമാണു് വൎത്തമാനക്കടലാസ്സു വായനയും സാഹിത്യപരിശ്രമങ്ങളും. വൈകുന്നേരം സന്ധ്യാവന്ദനം കഴിഞ്ഞു പാലും പഴവും ഭക്ഷിച്ചിട്ടു് ഒൻപതുമണിയോടുകൂടി ഉറങ്ങുകയും ചെയ്തിരുന്നു.

ഇല്ലത്തു വേറെയും ചെറുപ്പക്കാരുണ്ടായിരുന്നെങ്കിലും ശങ്കരൻ നമ്പൂരിക്കു മാത്രമാണു് അവിടത്തെ ശിഷ്യസ്ഥാനം വഹിക്കാൻ ഭാഗ്യമുണ്ടായതു്. കുടുംബഭരണം വലിയച്ഛന്റെ പുത്രനും ഗൃഹസ്ഥനുമായ പരമേശ്വരൻ നമ്പൂരി നിൎവ്വഹിച്ചുപോന്നു.

"അവ്യാധിഗാത്രമനുകൂലതരംകളത്രം
വേശ്മപ്രശസ്തവിഭവംവിശദായവിദ്യാ
ശ്ലാഘ്യംകലം........." എന്നിങ്ങനെയുള്ള സകല ഭാഗ്യങ്ങളാലും അനുഗ്രഹീതനായിരുന്നു നടുവത്തു മഹൻ.

ലൌകിക ജീവിതത്തിൽ അന്ത്യകാലത്ത് അല്പം വിരക്തി വന്നതോടുകൂടി അദ്ദേഹത്തിനു ഭഗവത്ഭക്തി വൎദ്ധിക്കുകയും ചെയ്തിരുന്നു.

"പ്രായംകൂടുകയാലടുത്തവരുമിട്ടേറെ-
ക്കുഴക്കുന്നഹാ!
കായംപ്രാകൃതമായിവേണ്ടവർതുണ-
ക്കിന്നാരുമില്ലാതെയായ്
ദായത്തിന്നവകാശികൾക്കധൃതിയായ്
ശ്രീകൃഷ്ണ! ജീവദ്ദശ-
പ്രായംജീവിതമെൻെറയിദ്ദുരിതവും
പ്രാരബ്ധവും തീൎക്കണേ."

എന്നാണ് ഭക്തിലഹരിയിൽ അദ്ദേഹം പ്രാൎത്ഥിച്ചിരിക്കുന്നത്. തൻെറ മരണം ഹൃദയസ്തംഭനം മൂലമായിരിക്കണമെന്നും അതു് ഒരു രാത്രിയിലെ സ്വപ്നമായി അവസാനിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുകയും പറയുകയും ചെയ്യാറുണ്ട്. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. കഴിഞ്ഞ മേടമാസം 26-ാം തീയതി ഊണുകഴിഞ്ഞു് വിശ്രമിക്കുന്ന സമയത്താണ് ഹൃദയത്തിൽ വേദന തുടങ്ങിയതു്. രാത്രിയിൽ ഡാക്ടർവന്ന് ഇൻജക്ററ ചെയ്യുകയും അതോടുകൂടി ഉറങ്ങുകയും ചെയ്തു. പിന്നീടു് അവിടുന്ന് ഉണരുക ഉണ്ടായിട്ടില്ല. പുത്രമിത്രകളത്രാദികളെല്ലാം തത്സമയം സമീപത്തുണ്ടായിരുന്നു. 27-ാംതീയതി രാവിലെ പത്തുമണിയോടുകൂടി അവിടുന്ന് ബ്രഹ്മസായൂജ്യം പ്രാപിച്ചു.

നടുവം മഹനെ ഞാൻ ആദ്യമായി സന്ദൎശിക്കുന്നത് 86-ൽ വൈക്കത്തുവച്ചു് കൂടിയ ഭാഷാപോഷിണിയോഗത്തിൽ വച്ചാണ്. അടുത്തകാലത്തു് ഇല്ലത്തു് പലപ്പോഴും പോകുന്നതിനും, അവിടുത്തെ ദൃഢമൈത്രി സമ്പാദിക്കുന്നതിനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ മേടം 3-ാംതീയതിയാണ് ഞാൻ അവിടുത്തെ അവസാനമായിക്കണ്ടതു്. അന്ന് സായാഹ്നത്തിൽ ഞങ്ങൾ ഒരുമിച്ച് ഇല്ലത്തുനിന്നും ഭാര്യാഗൃഹംവരെ പോകുകയുണ്ടായി. വഴിക്ക്

"സാഹിത്യത്തിലൊരുണ്ണിസല്കവികളെ-
ട്ടുമാലചൂടിച്ചു; ദ-
സ്സാമത്ഥ്യത്തൊടടുത്തദുഷ്കവികളേ
മർദ്ദിച്ചുതൻതൂവലാൽ
സാധുശ്രീതിരളുംപ്രസംഗസുധയാൽ
സർവത്രസന്തോഷവും
സാരജ്ഞൎക്കറിവുംകൊടുത്തുസതതം
വത്തിക്കവെദ്ധിച്ചുമേൽ."

എന്നൊരു ശ്ലോകം ചൊല്ലി എന്നെ അനുഗ്രഹിക്കുകയും ചെയ്തു. അവിടുത്തെ ചരമംകൊണ്ട് വെണ്മണിപ്രസ്ഥാനത്തിൻെറ അവസാനസ്തംഭം വീണുപോയിരിക്കുന്നു! സൎവശക്തനായ ജഗദീശ്വരൻ അവിടേക്കു നിത്യശാന്തിയരുളട്ടെ!!!


# ഓറിയൻറൽസെൻട്രൽബാങ്ക് ലിമിററഡ്

## കോട്ടയം.

ആകർഷണീയമായ പലിശനിരക്കിനു ഡെപ്പോസിററുകൾ സ്വീകരിക്കുന്നതും എല്ലാവിധ ബാങ്ക് ഇടപാടുകളും സൗകര്യപ്രദമായ രീതിയിൽ നടത്തുന്നതുമാകുന്നു.

കെ. പി. മാത്യു എം.എ. എൽ.എൽ. ബി.
മാനേജിങ്ങ് ഡയറക്ടർ.

# ഹൃദയഗീതം

(ഡി. സെബാസ്റ്റ്യൻ തകടിയേൽ, എം. എ.)

(അന്നനട)

മറഞ്ഞുപോകയായ് മഹിമക്കെഴുംമഞ്ജു-
മുഖംതന്നിൽച്ചെളിയണച്ചക്രൂരിരുൾ!
മറഞ്ഞുപോകയായ് തമസ്സിനെവാഴ്ത്താൻ
വിരുതുകൈക്കൊണ്ടൊരുലൂകസഞ്ചയം!
മനുജചൈതന്യംതകൎത്തുചെററിട
നടനംചെയ്യുനീതമസ്സേ,യെങ്കിലും
മധുരമായൊരീപ്രഭാതദീപ്തിയിൽ
സ്മരിപ്പതില്ലാരുംതവനാമംപോലും!

ഇതാ,പ്രശാന്തമാംകരങ്ങൾനീട്ടിയി-
ക്ഷിതിയെഭാനുമാനനുഗ്രഹിക്കുന്നു;
പതംഗവൃന്ദങ്ങൾമനോജ്ഞഗാനത്താൽ
പുതുപുലരിയെപ്പുകഴ്ത്തിനില്പൂവേ,
കുളിർത്തെന്നലൂഞ്ഞാൽപിടിച്ചുകൊണ്ടിളം-
കലികകളാടിരസിച്ചുനില്പൂവേ,
ഹൃദയത്തിൽനിന്നുമുയരുംഗീതങ്ങ-
ളിവനേററുപാടാൻപരംകൊതിക്കുന്നു.


# ടാഗോർ.

ആൎഷസംസ്കാരസമ്പന്നമായ കൈലാസശൈലം ആരുടെ സാഭിമാനം ഉയൎത്തിപ്പിടിച്ച ശിരസ്സായി പരിലസിക്കുന്നുവോ; ആ പ്രാതഃസ്മരണീയയായ ഭാരതഭൂമിയുടെ അതി വിശിഷ്ടസന്താനത്തിൻെറ—ലോകോത്തര കവീന്ദ്രനായ രവീന്ദ്രനാഥ ടാഗോറിൻെറ—പാവനസ്മരണയെ മുൻനിൎത്തി ഉൽകൃഷ്ടമായ നിലയിൽ നടത്തപ്പെടുന്ന ഈ മാസിക കേരളസാഹിത്യ സംസ്കാരത്തിൻെറ നിലക്കണ്ണാടിയെന്നോണം നിലകൊള്ളുന്നു. ഭാഷാഭിമാനിയും ദേശാഭിമാനിയുമായ ഏതൊരു കേരളീയൻെറ വലംകൈയ്ക്കാണിതലങ്കാരമാവാത്തതു്? മഹാകവിയുടെ സ്മാരകമായി ഒരു മണിമേടതന്നെ, അനേകായിരം നാഴികയകലെ, കടലുകൾക്കപ്പുറം, ഇംഗ്ലണ്ടിൽ ഉയൎന്നുയൎന്നുവരുന്ന ഒരു മോഹനമുഹൂൎത്തത്തിൽ അദ്ദേഹത്തിൻെറ സ്വദേശികളായ നാം മാത്രം അനങ്ങാതിരിക്കുക! —ലജ്ജാവഹം!—സുഹൃത്തുക്കളേ? നമ്മുടെ കൎത്തവ്യം ചെയ്യാൻ ഇനിയെന്നാണവസരം? നിങ്ങൾ ഒന്നൊന്നു പ്രവൎത്തിക്കുമോ?

വരിസംഖ്യ (ആണ്ടടക്കം) 5 ക.

തപാലിൽ 6 ക. 8 ണ.

ഏജൻറന്മാരില്ലാത്ത സ്ഥലങ്ങളിൽ ഏജൻസി കൊടുക്കാൻ തയ്യാർ.

മാനേജർ, ടാഗോർ,
കൊല്ലം.

# OUR LATEST RELEASE.

1. ഏകലോകം (വെൻഡൽ വിൽക്കിയുടെ 'One World' എന്ന ഗ്രന്ഥത്തിന്റെ സ്വതന്ത്രതർജ്ജമ. പരിഭാഷകൻ–വി. ടി. ഇന്ദുചൂഡമേനോൻ.
   വില 3 0 0
2. കാമശാസ്ത്രം (വാത്സ്യായനപ്രോക്തം)
   ഒന്നാംവാല്യം. 3 8 0
3. രണ്ടാംവാല്യം 2 8 0
4. ദാമ്പത്യപ്രേമം—
   (മിസ്സസ് ഹെലൻതോമസ്സ്) രതിശാസ്ത്രമർമ്മങ്ങൾ ശാസ്ത്രീയമായി സംഗ്രഹിച്ചു സരസമാംവണ്ണം പ്രതിപാദിക്കുന്ന ഒരുത്തമ ഗ്രന്ഥം.
   വില 1 8 0
5. നിഴലാട്ടം (പദ്യഗദ്യസമാഹാരം) [കുട്ടികൃഷ്ണമാരാർ, മാതൃഭൂമി] 1 4 0
6. നിഴലുകൾ—1118-ൽ പറവൂർ സാഹിത്യപരിഷത്തുസമ്മേളനത്തിൽ രംഗപ്രയോഗംചെയ്ത ഒരു ഗദ്യനാടകം. ഗ്രന്ഥകർത്താ- കെ. രാമകൃഷ്ണപിള്ള ബി. ഏ എൽ.എൽ.ബി. 1 4 0
7. ഋതുമതി(എം.പി.ഭട്ടതിരിപ്പാട്)1 8 0
8. കപടകേളി (വള്ളത്തോൾ) 1 0 0

## ചെറുകഥകൾ—

9. ചങ്ങാതികൾ (തകഴി) 2 0 0
10. അന്നത്തെ നാടകം (കേശവദേവ്) 2 0 0
11. പൊന്നുംകുടം (കെ. സരസ്വതിഅമ്മ) 1 4 0
12. സമ്മാനം(ജോസഫ് മുണ്ടശ്ശേരി)1 4 0
13. കടാക്ഷം ടി 1 0 0
14. അനർഘനിമിഷം (വൈക്കം മുഹമ്മദ്ബഷീർ) 1 4 0
15. കഥാബീജം ടി 1 8 0

## ചങ്ങമ്പുഴ കൃതികൾ—

Latest:-

16. സ്പന്ദിക്കുന്ന അസ്ഥിമാടം 2 0 0
17. അപരാധികൾ 1 0 0
18. ഹേമന്തചന്ദ്രിക (50 പ്രേമഗാനങ്ങൾ) 1 8 0
19. കളിത്തോഴി(നോവൽ) 2 0 0

## മററു ഗദ്യപുസ്തകങ്ങൾ—

20. സോവിയറ്റുനാട്ട് (ചേലാട്ട് അച്യുതമേനോൻ) 4 0 0
21. പാണിനീയപ്രദ്യോതം (ഐ. സി. ചാക്കോ) 6 0 0
22. മാറെറാലി (ജെ.മുണ്ടശ്ശേരി) 1 0 0
23. അന്തരീക്ഷം ടി 1 4 0
24. കാവ്യപീഠിക ടി 1 8 0
25. ദൂരദർശിനിയിൽക്കൂടി (കെ. രാമൻനമ്പ്യാർ) 1 0 0
26. ആപൽക്കരമായ യാത്ര (സർദാർ കെ.എം.പണിക്കർ)1 4 0
27. പ്രാചീനമുകുരം (വിദ്വാൻ വി. കൃഷ്ണൻനമ്പൂതിരി) 0 12 0

## ഖണ്ഡകാവ്യങ്ങൾ—

28. മഗ്ദലമറിയം (പൊൻകുന്നം ദാമോദരൻ) 0 8 0
29. കറുകമാല (സാവിത്രി അന്തർജ്ജനം) 0 8 0
30. മേഘസന്ദേശം (ടി.ആർ. നായർ) 1 0 0
31. സരസശ്ലോകങ്ങൾ (പരിഷ്കരിച്ച പതിപ്പ്) 2 0 0
32. ഭഗവദ്ദൂത് (നട്ടുവം) (പരിഷ്കരിച്ചപതിപ്പ്) 1 4 0

For copies please apply to:-

Manager,
Mangalodayam Limited,
TRICHUR.

# ശക്തിയും ജ്ഞാനവും

(എം. പി. പോൾ എം. എ.)

"സാഹിത്യം രണ്ടുവിധത്തിലുണ്ട്; ജ്ഞാനനിഷ്ഠമായ സാഹിത്യവും ശക്തിനിഷ്ഠമായ സാഹിത്യവും. ഒന്നിന്റെ ധർമ്മം ഉപദേശവും രണ്ടാമത്തേതിന്റെ ധർമ്മം പ്രചോദനവുമാകുന്നു. ഒന്നു ചുക്കാനാണെങ്കിൽ മററതു പായോ തണ്ടോ ആണെന്നുപറയാം"—ഡി ക്വിൻസി.

ചുക്കാൻ:-ഞാൻ തിരിച്ചു വിടുന്ന വഴിയ്ക്കു നിങ്ങൾ പോകാവൂ.

കപ്പൽപായ:-അതെന്തിന്? ഞാൻ സ്വതന്ത്രയല്ലേ? മാരുതനാണ് എന്റെ പ്രാണനാഥൻ. അദ്ദേഹം ചിലപ്പോൾ കിഴക്കുനിന്നുവരും; ചിലപ്പോൾ പടിഞ്ഞാറുനിന്നും. അദ്ദേഹത്തിന്റെ പരിരംഭണത്താൽ ഞാൻ മദാലസയായി പൂർണ്ണോദരയായി സ്വച്ഛന്ദം പാറിക്കളിക്കും. അതാണ് എന്റെ സ്വഭാവം. അദ്ദേഹത്തിന്റെ സമാഗമത്തിൽ എനിക്കുള്ള ആനന്ദം സ്വർഗ്ഗതുല്യമാണ്. എനിയ്ക്ക് വേറെ നാഥനില്ല നിങ്ങളാര്?

ചുക്കാൻ:-ഞാനിവിടെ അടുത്തുതന്നെ ഒതുങ്ങിക്കഴിയുന്ന ഒരാളാണ്. നിങ്ങളെന്നെ അറിയുകയില്ലെങ്കിലും ഞാൻ നിങ്ങളെ അറിയും. ഹേ വിലാസിനി! നിങ്ങളങ്ങനെ പാറിപ്പറന്നു കളിച്ചാൽ മതിയോ? നിങ്ങളെ വഹിക്കുന്ന കപ്പലിന്റെ കാര്യം ഇടയ്ക്കിടയ്ക്കെങ്കിലും ഓർക്കേണ്ടേ? നിങ്ങൾ എടുത്തുചാടിയ എത്ര അപകടത്തിൽനിന്നാണ് ഞാൻ അതിനെ രക്ഷിക്കേണ്ടി വന്നിട്ടുള്ളതു്!

പായ:-എനിയ്ക്കതൊന്നും ആലോചിയ്ക്കേണ്ട. പായ പായയ്ക്കു വേണ്ടി.

ചുക്കാൻ:-കപ്പലിനു വേണ്ടിയല്ലേ?

പായ:-അല്ല; പായയ്ക്കുവേണ്ടി.

ചുക്കാൻ:-അപ്പോൾ ഞാനോ? ഞാൻ ആർക്കുവേണ്ടിയാണ്?

പായ:-അതെനിയ്ക്കറിഞ്ഞുകൂടാ. നിങ്ങളുടെ കാര്യം നിങ്ങൾക്ക്.

ചുക്കാൻ:-അപ്പോൾ നമ്മെ വഹിക്കുന്ന കപ്പലിന്റെ കാര്യം പരുങ്ങലിലാകുമല്ലോ.

പായ:—അതൊക്കെ ഞാൻ എന്തിന് ആലോചിക്കണം? എന്റെ ഹിതമാണ് എനിയ്ക്കു പ്രമാണം. ആരാണ് എന്നെ തടയാൻ വരുന്നതെന്നു കാണട്ടെ ഞാൻ സൗന്ദര്യമൂർത്തിയാണ്. ഞാൻ അണിഞ്ഞൊരുങ്ങി അങ്ങനെ നടക്കും. എന്നെ കാണുന്നവരൊക്കെ ആഹ്ളാദിക്കും; എന്നെ തന്നെ നോക്കിനിൽക്കും. അവർക്കു മറെറാന്നിലും ശ്രദ്ധയുണ്ടാകയില്ല.

ചുക്കാൻ:-കപ്പൽക്കാരെല്ലാം നിങ്ങളെത്തന്നെ നോക്കിനിന്നാൽ കപ്പൽ വല്ല പാറമേലും മുട്ടി തകർന്നുപോകുമല്ലോ.

പായ:-തകർന്നുപോകട്ടെ. എനിക്കെന്തു ചേതം?

ചുക്കാൻ:-കപ്പൽ തകർന്നാൽ നിങ്ങളുടെ അവസ്ഥയെന്തു്? നിങ്ങൾ വെള്ളത്തിൽവീണു നനഞ്ഞു കുതിർന്ന്. ഒന്നിനും കൊള്ളാതെയാകുമല്ലോ. അപ്പോൾ നിങ്ങളുടെ പ്രാണനാഥൻ അന്വേഷിച്ചു വരുമ്പോൾ നിങ്ങൾ വെള്ളത്തിനടിയിലായിരിക്കും അയാൾ അയാളുടെ വഴിക്കു പോകയും ചെയ്യും.

പായ:-നിങ്ങളെന്തു പറയുന്നു? എന്റെ രൂപം ഒരിക്കലും മാഞ്ഞുപോകയില്ല. ഞാൻ ശാശ്വതികയാണ്.

ചുക്കാൻ:-എവിടെ? വെള്ളത്തിനടിയിലോ?

പായ:-എവിടെയെങ്കിലുമാകട്ടെ. നിങ്ങൾ പിച്ചു പറയുകയാണ്. നിങ്ങളോട് ഇത്രയും നേരം സംസാരിച്ചതുതന്നെ എനിക്കു കുറച്ചിലാണ്. ഹ! ഇതാ വരുന്നു എന്റെ കാമുകൻ.

"യൂനാം വിലോകന നവീനമഹോത്സവേന
ശൃംഗാരബാലതരുപല്ലവതല്ലജേന......"

ചുക്കാൻ:-നില്ക്കണേ! നിങ്ങളുടെ ആലാപം വളരെ മനോഹരമായിരിയ്ക്കാം. എന്നാലും എനിക്കല്പം തിടുക്കമുണ്ട്. ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. നമുക്കു രണ്ടുപേർക്കും ഈ കപ്പലിനെ ആശ്രയിക്കാതെ കഴിഞ്ഞുകൂടുവാൻ നിർവ്വാഹമില്ല. കപ്പലിന്റെ കൊടിമരത്തോട് ബന്ധിച്ചില്ലെങ്കിൽ, നിങ്ങളുടെ പ്രാ

ണനാഥൻ എത്രപ്രാവശ്യം വന്നു തലോടിയാലും നിങ്ങൾ ഒരു മൂലയിൽ ചുരുണ്ടു കിടക്കുകയേ ഉള്ളു. കപ്പലിൻെറ രക്ഷയാണു നിങ്ങളുടെ രക്ഷ. എനിക്കും മറെറാരു ചിന്തയില്ല. നമ്മൾ സഹപ്രവർത്തകരാണ്. നിങ്ങൾക്കെന്താണ് എന്നോടിത്ര അവജ്ഞ? എനിക്കും ചിലതെല്ലാം സാധിക്കുമെന്നോർമ്മ വേണം. ഞാനൊന്നു കണ്ണടയ്ക്കട്ടെ—അപ്പോൾ കാണാം നിങ്ങളുടെ പ്രഭാവം എത്രനാൾ നിലനില്ക്കുമെന്ന്. പണ്ടൊക്കെ ആളുകൾ പറഞ്ഞിരുന്നു, പായ പായയും ചുക്കാൻ ചുക്കാനുമാണെന്ന്, ഒന്നിൻെറ രംഗം സ്വച്ഛമായ ആകാശവും മററതിൻെറ രംഗം ഇരുട്ടടഞ്ഞ സമുദ്രാന്തർഭാഗവുമാണെന്ന്. നമ്മൾ അന്യോന്യം കണ്ടിട്ടില്ല, അറിഞ്ഞിട്ടില്ല, സംസാരിച്ചിട്ടില്ല. ഇപ്പോഴെങ്കിലും മനസ്സിലായോ, നമ്മൾതമ്മിലുള്ള ബന്ധം എത്ര ദൃഢമാണെന്ന്? ഇനിയെങ്കിലും നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. നമ്മെ അകററിനിർത്തുവാൻ പണിപ്പെടുന്ന അൽപ്പബുദ്ധികളെ തെല്ലും വകവയ്ക്കരുത്. കപ്പലിപ്പോൾ എത്രവലിയ അപകടത്തിലാണ്, നട്ടംതിരിയുന്നതെന്ന് അറിയുന്നുണ്ടോ? അതിനു ഞാനാണുത്തരവാദിയെന്നു ചിലർ പറയും. നിങ്ങളെപ്പോലുള്ളവരുടെ കഥയില്ലായ്മയാണെന്ന് എനിക്കും പറയാം. അതൊരു തീരാവാദമാണ്. നമ്മൾ രണ്ടുപേരുടെയും സഹായം കപ്പലിനാവശ്യമുണ്ട്. ഞാൻ തിരിച്ചുവിടുന്ന വഴിക്കേ നിങ്ങൾ കപ്പലിനെ ചരിപ്പിക്കാവൂ. എന്തു പറയുന്നു നിങ്ങൾ?

* * * *

ഇതിനു കപ്പൽപായയുടെ മറുവടി അവ്യക്തമായിരുന്നു. എങ്കിലും "പായ പായയ്ക്കുവേണ്ടി" എന്നൊരു മർമ്മരം വായുവിൽ ലയിക്കുന്നതായി തോന്നി.


# ചിത്രോദയം

## മലയാളത്തിലെ ഏററവും മികച്ച ആഴ്ചപ്പതിപ്പ്

രാഷ്ട്രീയലേഖനങ്ങൾ, ഹാസ്യലേഖനങ്ങൾ, നിശിത വിമർശനങ്ങൾ, തൂലികാചിത്രങ്ങൾ, ചെറുകഥകൾ, കവിതകൾ!

ഏജൻറന്മാർക്ക് കാര്യമായ കമ്മീഷൻ.

**പരസ്യത്തിനു പററിയ പ്രസിദ്ധീകരണം.**

മാനേജർ, ചിത്രോദയം, കോട്ടയം—തിരുവിതാംകൂർ.

# എസ്. വെങ്കിടാചലമാചാരി

ഗോൾഡ്മെർച്ചൻറ്; പി. പി. റോഡ്, A.O. പൊൻകുന്നം.

തങ്കം, സ്വർണ്ണം, വെള്ളി, കല്ലു മുതലായവ മൊത്തമായും, ചില്ലറയായും വില്ക്കപ്പെടും. കച്ചവടക്കാർക്ക് പ്രത്യേക നിരക്ക്.

N.B. ആർഡർ അനുസരിച്ച് ആഭരണങ്ങൾ ഭംഗിയായും മിതമായ ചാർജ്ജിലും കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

# കേരളഗാനം

(മഹാകവി പള്ളത്തു രാമൻ)

[ശ്രീനാരായണ ഫിംസ് വകയായി അടുത്തുതന്നെ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന "ശ്രീനാരായണ ഗുരു" എന്ന ചലച്ചിത്രത്തിനുവേണ്ടി എഴുതിയതു്. പകർപ്പവകാശം ലേഖകനു്]

ജയജയകേരളപുണ്യസവിത്രി!
ജയജയമാമകപൂജ്യധരിത്രി!
ജയജയജയജയഭാർഗ്ഗവപുത്രി!
ജയജയസസ്യശ്യാമളഗാത്രി!
ജയജയജയജയപാവനജയനീ!
ജയജയജയജയജയജയജനനി!
പച്ചത്തൃക്കുടചൂടിക്കൊണ്ടും;
സ്വച്ഛസുധാരസമേന്തിക്കൊണ്ടും
കല്പകതരുനിരയേതൊരുരാജ്ഞീ-
തൃപ്പദസേവകരത്തുമത്ഭൂമി.
മാധുരിചോരുംമലർനിരതിങ്ങി;
സ്വാദുഫലാവലിയെങ്ങുംതൂങ്ങി
മാന്തളിർതിന്നുപുളച്ചൊരുപൂങ്കുയിൽ
മാദകഗീതംപാടുംനാടേ!
സുരഭിലചമ്പകപിച്ചകസുമനിര
വിരിയുമശോകപ്പൂങ്കുലസുലഭം;
ഉലകിൽനിലിമ്പമലക്കാവല്ലോ
മലയാളക്കരമാമകരാജ്യം
(ജയജയ...)
ലന്തപറങ്കികളേതൊരുനാടാം
ചെന്താമരയിലെനവമധുനുകരാൻ
അലകടലാശുകടന്നിഹവന്നു
ഫലഭരഭാസുരമലനാടേജയ!
കരിമുകിലാനകൾമദജലമൊഴുകലു-
മരിയോരിടിയാംചിന്നംവിളിയും;
എരിയുംമിന്നൽപ്പൊൻചങ്ങലയും:
പരമോത്സവമീമലയാളത്തിൽ.
ആബലശാലിഹരിച്ഛന്ദ്രാഭിധ-
മാബലിമലനാടരചപ്പെരുമാൾ
വാണൊരുനാട്ടിൻപ്രതികൃതിപോലി-
ങ്ങോണപ്പുടവയുടുത്തും,പേത്തും
ഞാണൊലിചേത്തും,കാറകളിച്ചും
വീണാവാണികൾചോടുകൾവെച്ചും
തൃക്കാക്കരവാണരുളുംദേവനു
തൃക്കാലിണയിൽനിവേദ്യംവെച്ചും
"പൂവേ,പൂവേ"യെന്നുവിളിച്ചും
പൂർണ്ണസുഖോത്സവമെൻമലനാട്ടിൽ
(ജയജയ...)
ചേരനൃപാലകമൗലികളേതൊരു
ചേവടിതന്നിൽവഴങ്ങിപ്പോന്നു
പൂതപുരാതനചരിതേ,കേരള
മാതേ,മഹതി,സുജാതേ,ജയജയ.
പേരുംപെരുമയുമുടയൊരുവീര-
പ്പെരുമാക്കന്മാർവാണൊരുനാടേ
നായന്മാരുടെചോകോന്മാരുടെ
നാനാവിരുതുകൾകണ്ടൊരുനാടേ
മുളകിൻകൊടിമേൽമരതകമണികല
മളവില്ലാതേവിളയുംനാടേ
ഏലക്കായിൻപരിമളപൂരിത
ശൈലതടങ്ങളെഴുംമമനാടേ
ചന്ദനചർച്ചിതമാരുതപോതം
മന്ദമടിക്കുംമലയാചലവും
തിരനരചിന്നിച്ചിതറിച്ചീറിടു-
മറബിക്കടലുമരഞ്ഞാൺപോലെ
കേരളഗംഗാനിളയുംപുളകിത
നീരമനോഹരപൂർണ്ണാനദിയും
മലയലയാഴിയുമാറുമിണങ്ങും
മലയാളംമമമഞ്ജുളരാജ്യം
(ജയജയ...)
ഹൂങ്കാരത്തൊടു"കലകല"നാദം
തങ്കംതങ്കരവാളമിളക്കി
അങ്കക്കലികൊണ്ടുടർനിലമാളും
കൈക്കേമന്മാർചേകോന്മാരും,
കോമനൊതേനന്മാർച്ചയുമാരുടെ
കോമളമാറണിയമൃതുനുകന്നു
ആമലനാടെൻതായാർ;സസ്യ
ശ്യാമളകേരളമെന്നുടെരാജ്യം
ലാവണ്യപ്പൊന്നലകൾകണക്കെ
പ്പൂവണിവേണികൾപൊങ്ങുംശിവപുരി
ഏതൊരുനാടിനുവെന്നിക്കൊടിയ

ശ്ലൃതംകേരളമെന്നുടെദേശം
മാനാഞ്ചിറതൻമൈതാനത്തിൽ
മങ്ങാട്ടച്ഛൻലക്ഷ്മിയെനിർത്തി
കുന്നലനാടാംതൊട്ടകുറിയേതിനു
മന്നണിനാകംമാമകരാജ്യം
(ജയജയ...)
ഹിന്ദുമതത്തിൽസാന്ത്വനമരുളി
സ്സന്തതമൈത്രിയെനട്ടുവളർത്തി
ക്ഷേത്രകവാടംചിത്രമ്പോത്തമ-
നത്തുറന്നൊരുധർമ്മക്ഷേത്രം
ഏതൊരുഭൂവിനുഭൂഷണമാണാ-
ശ്രീതിരുവിതാംകൂറെന്നുടെരാജ്യം
ദ്രാവിഡസംസ്കൃതസംസ്കാരങ്ങളെ-
യാവുംവിധമായൊട്ടിച്ചുപരി
പൂവുംകായുംവിലസിക്കാണ്മൊരു
കാവാംമധുമയമലയാളത്തിൽ,
കൈനിലയൊന്നിൽക്കലഹംനീങ്ങി
ക്രൈസ്തവഹിന്ദുമുഹമ്മദയുദർ
സ്വാതന്ത്ര്യത്തിൻകൊടിയാടക്കീ-
ഴാതങ്കംവിട്ടരുളുംനാട്ടിൽ,
പാരംപ്ലാവുകൾഫലനികരത്തിൻ-
ഭാരംകൊണ്ടുനമിക്കുംനാട്ടിൽ,
നേരിയപരിമളമുതിരുംതരളിത-
ചാരുകമുങ്ങിൻകുലയിൽത്തട്ടി
തൈമണിവാതംസാന്ദ്രശ്യാമ-
ഗ്രാമശ്രീയെത്തഴുകുംനാട്ടിൽ,
മാമകജനനം;മാമകഭവനം;
മാമകശയനം:മാമകശരണം.
ശങ്കരഗുരുവിൻ"കാലടി"യുടെ
പ്പങ്കമകന്നോരദ്വൈതധ്വനി
പാഞ്ഞൊഴുകീടിനസംസ്കാരാരണി
പാവനിയെന്നുടെകേരളധരണി.
(ജയജയ...)
ജാതിമതൈക്യംജന്മമെടുപ്പാൻ,
ഭൂതിവളർത്താൻ,ഭൂതദയാലു
നവയുഗകർത്താനാരായണഗുരു-
വവതാരംചെയ്തീടിനനാടേ
ഭാരതമന്നിടമട്ടമലർവാടീ-
ഭാസുരകുസുമംമാമകരാജ്യം
പൂർണ്ണസുധാകരനിരവിനുടുപ്പാൻ
പൂഞ്ചുകിൽനെയ്യുംമലയാളത്തിൽ
കൈതപ്പൂവിൻപുതുമണമണിമൃദു
വാതമടിക്കുംമലയാളത്തിൽ,
പ്രകൃതിപ്രസൂപൊന്നണിയുംകൊന്ന
ക്കുസുമവിഷുക്കണിവിലസുംനാട്ടിൽ
മലയിൽകരിമുകിൽനിരകൾകണക്കെ
ക്കരിയാനകൾനടമാടുംനാട്ടിൽ,
ചീറിവിമാനസമൂഹംവാനിൽ
പ്പാറിനടപ്പൂപറവകൾപോലെ
ഫൂൽക്കാരത്തൊട്ടുറമുഖമേറി-
ത്തീക്കപ്പലുകൾകിടപ്പുനീളെ.
പശ്ചിമസാഗരറാണികണക്കെ-
ക്കൊച്ചിയുമെങ്ങാ,മലയാളത്തിൽ!
മഞ്ജരിമധുവൊലിഗാഥകളാലെ-
ങ്ങഞ്ചിതകൈരളിപുളകംപൂണ്ടു?
തുഞ്ചൻപൈങ്കിളികല്പകതരുവിൽ
തുഞ്ചത്തേറിപ്പാടിയകാകളി
കേട്ടരസിച്ചൊരുകൈരളിയെന്നുടെ
പാട്ടുതിരുന്നൊരുതായ്മൊഴിയല്ലോ.
കോട്ടയമുണ്ണായ്കൊട്ടാരക്കര
തൊട്ടൊരുകവിവരർസമ്മാനിച്ചു
ആട്ടക്കഥയെകൈരളിതൻകളിർ
നോട്ടംപോലതുമെന്നുടെനാട്ടിൽ
ഹാസമനോഹരസാഹിതിതൻപുതു
...സനകൊണ്ടെൻകൈരളിയാളെ
ഭാസുരയാക്കിയകുഞ്ചൻനമ്പ്യാർ
വാസംചെയ്തവസുന്ധരയിങ്കൽ
ആശാമധുരമഹാകവികോകില
മാശാൻപാടിയമലയാളത്തിൽ
മാമകജനനം:മാമകഭവനം
മാമകശയനം:മാമകശരണം.
(ജയജയ...)


# കൈരളി

സാഹിത്യപ്രധാനമായ മലയാളത്തിലെ
ഒന്നാംതരം മാസിക.

പത്രാധിപർ—

നടുവിൽമഠം ശങ്കരനാരായണയ്യർ

സഹൃദയന്മാർക്കും ഗ്രന്ഥാലയങ്ങൾക്കും വിദ്യാശാലകൾക്കും "കൈരളി"യെ കൂടാതെ കഴിയില്ല.

വാർഷികവരിസംഖ്യ 3 രൂ.

മാനേജർ, കൈരളി, തൃശ്ശൂർ.

# —പുതിയ പുസ്തകങ്ങൾ—

## ഞാൻ കണ്ട ഈ. വി.

ഗ്രന്ഥകർത്താ—ഈ. എം. കോവൂർ.

നൂററാണ്ടുകൾക്കിടയിൽ പ്രത്യക്ഷപ്പെട്ട ഒരപൂർവ്വസംഭവമായിരുന്നു ഈ. വി. അതേററവും അടുത്തുനിന്നു സൂസൂക്ഷ്മനയനങ്ങളോടും തികഞ്ഞ ഫലിതബുദ്ധിയോടും സഹതാപപൂർണ്ണിമയോടും ദർശിച്ചുല്ലസിച്ച ഒരു ദേഹമാണു മി. കോവൂർ. ഈ. വി. യുടേതുപോലുള്ള വേറൊരു തൂലികയിൽക്കൂടി യഥാർത്ഥ ഈ.വി-യെക്കണ്ടു്, അധികമാരും അറിഞ്ഞിട്ടില്ലാത്ത അദ്ദേഹത്തിൻെറ നിരവധി ജീവിതമഹാരസികത്തങ്ങളും കഥകളും വായിച്ചു ചിരിച്ചും ചിന്തിച്ചും കഴിയേണ്ട സഹൃദയൻ ഈ ഗ്രന്ഥം വായിക്കട്ടെ. സുപ്രസിദ്ധഹാസ്യചിത്രകാരനായ 'ശങ്കറി'ൻെറ "ഈ. വി. യുടെ വിശ്വരൂപം" എന്ന ചിത്രം സഹിതം.

പ്രസാധകൻ-ജോസഫ്, വടക്കേമുറി.

വില 1—8—0. മീനച്ചിൽ-പാലാ

## ഈ. വി. സ്മരണകൾ

(By സി. ഐ. രാമൻനായർ)

ഇന്നു തെളിഞ്ഞുനടക്കുന്ന പല വമ്പന്മാരെയും അടുത്തറിയണമെങ്കിൽ ഈ ഗ്രന്ഥം വായിക്കണം.

200 വശങ്ങൾ—2 ക. മാത്രം.

മാനേജർ, വനിതാരാമം, കോട്ടയം.

## ത്യാഗാലാപം.

സുന്ദരങ്ങളും ഹൃദയഹാരികളുമായ ക്രൈസ്തവകീർത്തനങ്ങളുടെ മോഹന സമാഹാരം.

ഗ്രന്ഥകർത്താ-ഗായകകവി ഈ. എം. സഖറിയാസ് ഭാഗവതർ.

അവതാരിക-റവ. ഡാക്ടർ ഏബ്രഹാം വടക്കേൽ B.A., Ph D. D. D.

കൈരളീകലാസദനം ബുക്ക്സ്റ്റാൾ,

എലിക്കുളം, പൂവരണി A.O.

## ഹൃദയഗീതം

കലാസൗന്ദര്യം തുളുമ്പുന്ന 14 കവിതകൾ.

ഗ്രന്ഥകർത്താ-ഡി. സെബാസ്റ്റ്യൻ, തകടിയേൽ എം. ഏ.

എസ്സ്. ബി. കോളജ്, ചങ്ങനാശ്ശേരി.

വില 8 ണ.

## ഗായിക

ശ്രീ പൊൻകുന്നം സെയ്യ്ദുമഹമ്മദിൻെറ ജീവിതസ്പർശികളും ആത്മാർത്ഥത തുളുമ്പുന്നവയുമായ പതിനേഴു ഖണ്ഡകവിതകളുടെ സമാഹാരം. അവതാരികയിൽ മഹാകവി ഉള്ളൂർ പറയുന്നു-"ഗായികയിലെ പല ഭാഗങ്ങളും എന്നെ കോൾമയിർ കൊള്ളിച്ചു."

കട്ടിബയണ്ടു്, വെള്ള മേനിക്കടലാസ്

വില 1 ക. 4 ണ.

മററുകൃതികൾ—മണിവീണ 1 ക.

ജയക്കൊടി 1 ക.

ജെ. പൂന്തോട്ടം, പൊൻകുന്നം

## "പാലാ"കൃതികൾ

ഉടനെ പ്രസിദ്ധപ്പെടുത്തുന്നവ—

1. ജ്വാലാകോലാഹലം. 1 ക.
   പട്ടിണി, പ്രതിദ്ധ്വനി, തുടങ്ങിയ പുരോഗമനോന്മുഖമായ കവിതകളുടെ സമാഹാരം.
2. കൈരളീമുരളി. 1 ക.
   ടാഗോർ, മഹാത്മാതുടങ്ങിയ 20 കവിതകൾ.
3. പ്രണയപ്രതിദ്ധ്വനി. 1 ക.
   പ്രണയനാടകത്തിൽക്കൂടി, ദേവാംഗന തുടങ്ങിയ മോഹനകവിതകൾ.

അറിയിപ്പ്—ശ്രീ പാലാ നാരായണൻനായരുടെ പ്രസിദ്ധീകൃതങ്ങളും അല്ലാത്തവയുമായ എല്ലാ കൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്യുവാൻ എന്നെ അധികാരപ്പെടുത്തിയിരിക്കുന്നു.

ഒ. എൻ. ഭാസ്കർ, പൂഞ്ഞാർ A.O.

JACOB TH

# മുഹമ്മദാലി ജിന്നാ

ഒരു തൂലികാചിത്രം.

## (സി. ഐ. രാമൻ നായർ)

സ്വതന്ത്രമായ ഐക്യഭാരതത്തിന്റെ സംസൃഷ്ടി, മൂന്നു ദുർഘടഘടകങ്ങളുടെ സംഘടനയിൽ അന്തർഭവിച്ചിരിക്കുന്നു. ഒന്നു കോൺഗ്രസ്സ്; രണ്ട്, നാട്ടുരാജ്യങ്ങൾ; മൂന്നാമത്തെ ഘടകം മുസ്ളീംലീഗ് അഥവാ ജിന്നാ സാഹേബ്.

ഇവയിൽ ആദ്യത്തെ രണ്ടും അടുത്തിട്ടില്ല. അകന്നുതന്നെ നിൽക്കുന്നു; മൂന്നാമത്തെ ഘടകം ഒരു വൃത്തത്തിനകത്തെ ചിത്ര പ്രശ്നംപോലെ ലോകത്തെ അമ്പരപ്പിക്കുന്നു. ആദ്യത്തെ രണ്ടു ഘടകങ്ങളുടെയും താൽപര്യങ്ങൾ വിപുലവും പ്രത്യേകങ്ങളുമാണ്. മൂന്നാമത്തെ ഘടകത്തിന്റെ താൽപര്യം ഏക വ്യക്തിയുടെ കല്പനയെ ആശ്രയിച്ചിരിക്കുന്നു. എന്തെന്നാൽ ആ വ്യക്തിയുടെവാദം ഇൻഡ്യയിലെ ഭൂരിപക്ഷം മുസ്ളീങ്ങളുടേയും വാദമായി അനുവദിക്കപ്പെടുന്നു. ജിന്നാ ശബ്ദിക്കുന്നു; മുസ്ളീം ലീഗിൽ മാറെറാലികൊള്ളുന്നു. ജിന്നാ മൂളുന്നു; മുസ്ളീംലീഗ് ഏററുമൂളുന്നു.

അന്ന്യാദൃശമായ ഈ വ്യക്തിമഹത്വത്തിൽ ഒരുപങ്കു ജിന്നായ്ക്കു് സ്വതസ്സിദ്ധമായിട്ടുള്ളതും ഒരു പങ്ക് ചുററുപാടുകളുടെ കെട്ടുപാടിൽനിന്നും ഇദ്ദേഹം കവർന്നെടുത്തിട്ടുള്ളതും അത്രെ.

സൂക്ഷ്മ ഗ്രാഹിയായ കുശാഗ്രബുദ്ധി; പരിവൎത്തനപരാങ്മുഖനായ താക്കിക വിക്രമൻ; കാൎയ്യമാത്രപ്രസക്തനായ അഭിഭാഷകകേസരി; മതഭ്രാന്തില്ലാത്ത മതാനുയായി; ആർഭാടമില്ലാത്ത അജയ്യവാഗ്മി; പ്രതിഭാശാലിയായ പ്രഭാഷണനിപുണൻ ഈ വിശിഷ്ട ഗുണങ്ങളെല്ലാം ജിന്നാസാഹേബിനു സ്വയമേവാഗതങ്ങളാണ്.

ഭരണമേധാവികളുടെ ഭിന്നിപ്പിച്ചു ഭരിക്കുന്ന ഭരണസമ്പ്രദായം, കോൺഗ്രസ്സ് നയത്തിന്റെ അപ്രമേയഗതി, മൊത്തത്തിൽ മുസ്ളീം സമുദായത്തിന്റെ പിന്നാക്കനില തുടങ്ങിയ ചുററുപാടുകൾ ഇന്നത്തെ കായിദാ അസാംമുഹമ്മദാലി ജിന്നായെ, മുസ്ളീം സമുദായത്തിലെ അപൂൎവ്വഭാസ്വാനായി വിരാജിക്കാൻ ഇടവരുത്തിക്കൊണ്ടിരിക്കുന്ന വിചിത്രവസ്തുതകളാകുന്നു

മുസ്ളീംലീഗിന്റെ അഭിമാനപാത്രവും ഐക്യഭാരതത്തിന്റെ വിഘടിതഘടകവും ഭരണമേധാവികളുടെ രക്ഷാസൂത്രവും ആയ മുഹമ്മദാലി ജിന്നാ അറുപത്തിഒൻപതുകൊല്ലങ്ങൾക്കു മുമ്പ് ഒരു ഞായറാഴ്ച ക്രിസ്തുമസ്സ് ദിനത്തിൽ കറാച്ചിയിലെ ഒരു കോജാ കുടുംബത്തിൽ സമ്പന്നനായ ഒരു കച്ചവടക്കാരന്റെ പ്രഥമപുത്രസന്താനമായി ഭൂജാതംചെയ്തു. അന്നു ഗാന്ധിജിയ്ക്കും ഹൈദരിക്കും ഏഴുവയസ്സായിരുന്നു. ഒരു പന്തീരാണ്ടു കഴിഞ്ഞേ ഇന്നത്തെ രാഷ്ട്രപതി ആസാദ് ജനിച്ചുള്ളൂ. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ആഗാഖാനും തലേക്കൊല്ലം തെജ്ബഹദ്ദൂറും ജനിച്ചു. മൂന്നു വൎഷം കഴിഞ്ഞു ഇക്ബാലും പതിമ്മൂന്നു വൎഷം കഴിഞ്ഞു ജവഹറിയും പിറന്നു. മന്ദവും കുഞ്ഞിത്തൊമ്മനും ജിന്നായുടെ ജനനത്തിനു അടുത്തു പിടിച്ചൊക്കെത്തന്നെയാണ് ഉടലെടുത്തതെന്നു തോന്നുന്നു. ഇങ്ങനെ പോകുന്നു ജിന്നായുടെ ജനനത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കാലചക്രചംക്രമണം.

വണിക്ശ്രേഷ്ഠനും പണക്കാരനുമായ പിതാവു് പുത്രനെ വ്യാപാരകാൎയ്യങ്ങൾക്കല്ലാ, വക്കീൽപണിക്കാണു പഠിപ്പിച്ചതു്. പതിനാറാമത്തെ പിഞ്ചുപ്രായത്തിൽ ഉപരിപഠനത്തിനു പാശ്ചാത്യതീരം പ്രാപിച്ച ഈ അപ്രതിമാനൻ, നാലുവർഷം ഇംഗ്ലണ്ടിൽ താമസിച്ചു്. ബാരിസ്റ്റർ പരീക്ഷയിൽവിജയംവരിച്ചു് ഇരുപതാമത്തെ വയസ്സിൽ തിരിച്ചെത്തി ഇരുപത്തിഒന്നിൽ ബോംബേയിൽ പ്രാക്ടീസ് ആരംഭിച്ചു നിസ്സീമമായ പ്രശസ്തി സമാർജ്ജിച്ചു. ഇംഗ്ലണ്ടിലെ താമസം, ജിന്നായുടെ രാഷ്ട്രീയജീവിതത്തിലെ പ്രഥമഘട്ടത്തെ ഉൽഘാ

നം ചെയ്‌വാൻ ഇടവരുത്തിയ ഒരപൂർവ്വസം
വത്തൊൽ സ്മരണീയമാകുന്നു. ആജീവനാ
ം കോൺഗ്രസ്സിൻെറ നെടുതൂണായി വിദ്യാ
ിപെററ ദാദാബായി നവറോജിയുടെ—അ
ലണ്ടനിലെ "ഇൻഡ്യൻ സൊസൈററിപ്ര
ിഡണ്ടായി ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന
ത അഭിവന്ദ്യ ഭാരതീയൻെറ ഉപദേശവും
ംരക്ഷണയും ലഭിക്കുവാനുള്ള അസുലഭസൗ
ാഗ്യം ജിന്നായ്ക്ക് ഈ വിദേശവാസം കൈ
രുത്തി. രാഷ്ട്രീയകാര്യങ്ങളിൽ താൽപര്യ
ും ദേശീയവീക്ഷണത്തിൽ അഭിവാഞ്ഛയും
ന്നുമുതൽ യുവാവായ ജിന്നായിൽ അങ്കുരി
ച്ചുതുടങ്ങി.

എന്നാൽ മറുവശം ചിന്തിക്കുക. ബോംബ
യിൽ ജിന്നായുടെ വക്കീൽപണി അഭിവൃദ്ധി
പ്പെട്ടതു് ഒരു ഭാരതീയൻെറ ഔദാര്യത്താലായി
രുന്നില്ല എന്നുള്ളതു് ശ്രദ്ധാർഹമാണു്. അ
ന്നത്തെ അഡ്വോക്കേററു ജനറലും പാശ്ചാത്യ
രുമായ മാക്ക്ഫേഴ്സൻെറ അന്തേവാസിത്വ
വും സഹായവുമാണു് ഈ വിഷയത്തിൽ ജി
ന്നായ്ക്ക് ഒരു താങ്ങും തണലുമായിരുന്നതു്. ഒ
ഒ ഇൻഡ്യാക്കാരനായ അഭിഭാഷകനു് പാശ്ചാ
ത്യനായ ഒരു അഭിഭാഷകോദ്യോഗസ്ഥൻെറ
ാർഭഗൃഹത്തിൽ പ്രവേശനസൗകര്യം ലഭിക്കു
ക എന്ന ബുധശുക്രസംയോഗം ജിന്നാ സാ
ഹബിൻെറ കാര്യത്തിലായിരുന്നു പ്രഥമതഃ
ഫലവത്തായതു്. ദാദാബായിയുടെ ദേശീയത
രുവശം; പാഴ്സികുലജാതയായ ഒരുതരുണീ
ണിയോടുള്ള പ്രണയപ്പൊലിമ വേറൊരുവ
ം; ഇങ്ങനെ ഭിന്നവിചിത്രബന്ധങ്ങളുടെ ഊ
ത്താൽക്കളിയിൽ ഇദ്ദേഹം ജീവിതയാത്ര സ
ാരംഭിച്ചു.

അന്നത്തെ ഇൻഡ്യാ, കോൺഗ്രസ്സിൻെറ
ാര്യപരിപാടികളിൽ കൂടി രാഷ്ട്രീയസ്വാത
ന്ത്ര്യമാകുന്ന സുന്ദരസോപാനത്തിൻെറ ചവി
ട്ടുപടികൾ ഒന്നൊന്നായി കയറുകയായിരുന്നു.
പരിഷ്കൃതാശയനും ചരിത്രവിജ്ഞാനിയുമായ
ജിന്നാ താമസംവിനാ ആ സോപാനത്തിൻെറ
കാന്തശക്തിയാൽ ആകൃഷ്ടനായി അഭികാമ്യ
മായ രാജ്യസേവനത്തെ കൂടുതൽ അഭിമാന
ത്തോടെ പുണരുവാൻ തുടങ്ങി. ദേശീയബോ
ധം ഏറെക്കാലത്തേക്കു വിജയിച്ചു. ദാദാബാ
യിയുടെ പ്രതീക്ഷ പുഷ്പിച്ചു, ഫലിച്ചു.

വട്ടമേശസമ്മേളനത്തിൽവെച്ചു ന്യൂനപക്ഷ
പ്രശ്നവും കുത്തിപ്പൊക്കി കൽപാന്തകാലം
വരെ കഴിച്ചുകൂട്ടാമെന്നു ബ്രിട്ടനെ കുററപ്പെ
ടുത്തിയ സ്വരാജ്യസ്നേഹി, "ഇൻഡ്യൻരാജി"
നു വേണ്ടി രാവും പകലും അത്യദ്ധ്വാനം ചെ
യ്തിട്ടുള്ള മാന്യദേഹം, "ഡൊമിനിയൻ സ്റ്റാററ
സ്" എന്ന പദം ബ്രിട്ടനേക്കൊണ്ടു് അന്നു പറ
യിപ്പിക്കുവാൻ ഹേതുഭൂതനായ ദേഹം ഇന്നു്
ഈ നില സ്വീകരിക്കുന്നതെന്തു് എന്നു പല
രും അമ്പരക്കുന്നു! 1906-ൽ ആണെന്നു തോ
ന്നുന്നു, അന്നത്തെ നിലയ്ക്കു് അതിരു കടന്നതെ
ന്നു വിചാരിക്കപ്പെടാവുന്ന "ഉത്തരവാദഭരണ"
കാഹളം കോൺഗ്രസ്സ് കല്ക്കത്തായിൽവച്ചു മു
ഴക്കിയ കാലങ്ങളിൽ സ്വരാജ്യമന്ത്രകർത്താവാ
യ ദാദാബായി നവറോജിയുടെസ്വകാര്യകാര്യ
ദർശിയായിരുന്ന ധീമാൻ നമ്മുടെ ഇന്നത്തെജി
ന്നാതന്നെയായിരുന്നു.അന്നു് ബദ്‌റുദീൻതയാ
ബ്ജിയുടെ ഊർജ്ജസ്വലതയിൽ ജിന്നാ ആ
വേശഭരിതനായി; മേത്തായുടെ മനോഭവിക്ര
മത്തിൽ ജിന്നാ പുളകംകൊണ്ടു, ഇദ്ദേഹംകോ
ൺഗ്രസ്സ് ശൃംഖലയിലെ അലംഘ്യവായ ഒരു ക
ണ്ണിയായി, ഹിന്ദുമുസ്ലീം ഐക്യത്തിൻെറ
അവക്രമായ ഒരു നീർച്ചാലായി ഭാരതീയാന്ത
രീക്ഷത്തിൽ ആശാകിരണങ്ങൾ പരത്തി. തു
ടർന്നുള്ള ഏതാനും വർഷം ഇദ്ദേഹം ഈ ഐക്യ
ത്തിൻെറ ആണിക്കല്ലായിരുന്നു. ഈ പ്രയത്ന
ങ്ങളുടെ പരിണതഫലമായി 1915 ഡിസം
ബറിലെ ദേശീയവാരത്തിൽ, കോൺഗ്രസ്സ്സ
മ്മേളനസ്ഥലമായ ബോംബയിൽവെച്ചുതന്നെ
അതേ നാളുകളിൽ മുസ്ലീം ലീഗ് സമ്മേളന
വും കൊണ്ടാടുവാനും മഹാരഥന്മാരായ കോ
ൺഗ്രസ്സ് നേതാക്കന്മാരെ ഏകയോഗമായി മു
സ്ലീംലീഗ് സമ്മേളനത്തിലേക്കു സഹർഷം
സ്വാഗതംചെയ്‌വാനും ഉള്ള ഭാഗധേയം ജി
ന്നായുടെ ചരടുപിടുത്തത്തിൽകൂടി ലീഗിനു
കൈവന്നിട്ടുണ്ടു്. എത്ര പ്രശസ്തമായ സേവ
നമാത്രുകയായിരുന്നു ഇതു്. ഏതാണ്ടു് 1921
വരെ ഈ മൈത്രീബന്ധം ഒന്നിനൊന്നു ദൃഢ
തരമായിട്ടാണു തീർന്നിരുന്നതു്.

തുടർന്നു കുറെച്ചുകാലത്തേക്കു നമ്മുടെ നേതാ
വു രാഷ്ട്രീയരംഗത്തുനിന്നും മാറിമറയുകയും
വിശ്രമവും വിദേശവാസവും വക്കീൽവൃത്തി
യുമായി കഴിച്ചുകൂട്ടുകയുംചെയ്തു. ഭാരതംഈ
കാലഘട്ടത്തിൽ ഗുരുതരമായ സംഭവവികാസ
ങ്ങളാൽ അടിമുടി ഉലയുകയായിരുന്നു. വീ

ണ്ടും 1927-ൽ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിച്ച ജിന്നാ, ഭാരതീയരാഷ്ട്രീയാന്തരീക്ഷത്തിൽ നവ്യമായ തേജോഗോളങ്ങളുടെ ഭവ്യമായ ഉദയവും ബൃഹത്തായ ത്യാഗജീവിതത്തിന്റെ മഹത്തായ ദീപ്തിയും സമീക്ഷിച്ചു. കോൺഗ്രസ്സ് സംഘടന സാമ്രാജ്യപ്രഭുത്വത്തെ കർക്കശമായ ഭാഷയിൽ കാര്യമായ വിധത്തിൽ വെല്ലുവിളിച്ചുതുടങ്ങി. നിയമലംഘനഭീഷണികളും നികുതിനിഷേധപ്രസ്ഥാനങ്ങളും ദൈനന്ദിന സംഭവങ്ങളായി രൂപാന്തരം പ്രാപിച്ചു. "സ്വരാജ്യം എന്റെ ജന്മാവകാശമാണ്" എന്ന തിലകസൂക്തത്തിന്റെ മാറ്റൊലി ചെറ്റക്കുടിലുകൾവരെ അലതല്ലി. മഹാത്മജിയുടെ മാസ്മരികശക്തിയ്ക്കു വഴങ്ങി ഒന്നുരണ്ടു മഹത്തായ സത്യാഗ്രഹപരീക്ഷണങ്ങളുടെ ഫലമായി മൂകമായ ബഹുലക്ഷത്തിന് ഈ പ്രസ്ഥാനത്തിൽ വിജ്ഞാനവും . വിശ്വാസവും ലഭിച്ചു. പുതിയപുതിയ ആശയഗതികളും ആദർശസംഹിതികളും നാട്ടാരുടെ ഇടയിൽ തെളിഞ്ഞും മറഞ്ഞും പ്രചരിച്ചു.

ജിന്നാ വസ്തുസ്ഥിതികൾ നേരിട്ടു പഠിച്ചു. ഏതൊരു സംഘടനയിലും പ്രാമാണികനാകാനുള്ള പ്രാപ്തി അദ്ദേഹത്തിനു സ്വതസ്സിദ്ധമായിരുന്നു. എന്നാൽ പ്രവൃദ്ധോൽബുദ്ധമായ ചൈതന്യപ്രവാഹവും ക്രിസ്തുഭഗവാന്റെ ത്യാഗപ്പൊലിമയും ബുദ്ധദേവന്റെ അഹിംസാകാരുണ്യവും സംയോജനം ചെയ്തു ചർക്കയും കറക്കി ബ്രിട്ടീഷ് സിംഹത്തെ വലയിൽ കുടുക്കുവാൻ കൊട്ടുംപിരികൊള്ളുന്ന കോൺഗ്രസ്സ് സംഘടനയിൽ പ്രായം കുറെ ചെന്ന തന്റെ സ്ഥാനമെന്ത് എന്നദ്ദേഹം സ്വാഭാവികമായി ചിന്തിച്ചിരിക്കണം. ഏതെങ്കിലും ജിന്നാ കോൺഗ്രസ്സുമായി വിയോജിച്ചു; നിപുണനായ അമരക്കാരനില്ലാതെ ഒഴുക്കിൽപെട്ടു കരകാണാതെ ക്ലേശിച്ചിരുന്ന ലീഗിനെ അദ്ദേഹം സർവ്വാത്മനാ പുണരുകയും ആ സംഘടനയെ പൂർവ്വവൽ ദൃഢപ്പെടുത്തുന്നതിന് അതിസാഹസങ്ങൾ ചെയ്കയും ചെയ്തു. ഇതിൽ ജിന്നാ നേടുന്ന വിജയവും, ഈ വിജയം നേടുന്നതിൽ ഇദ്ദേഹം കാണിക്കുന്ന പ്രാപ്തിയും ഈ പ്രാപ്തിയെ പുലർത്തി തടിപ്പിക്കുന്ന ചുറ്റുപാടുകളും ഇന്നത്തെ ചരിത്രംമാത്രമാണല്ലൊ.

ഇപ്രകാരമുള്ള ജിന്നാ വളരെ ചടച്ച ഒരു മനുഷ്യനാണ്. "ഞാൻ കണ്ടിട്ടുള്ളതിലേക്കും ചടച്ച മനുഷ്യൻ" എന്നത്രേ "ജോൺ ഗുന്തർ" ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. പാവം ഗുന്തർ! ഇതെഴുതുന്നയാളെ കണ്ടിട്ടില്ല; അതു പോകട്ടെ. ജിന്നാ ഒന്നാന്തരം ഒരു പാർലമെന്റേറിയനും ഒരു തത്വത്തിന്റെ ഇരുവശങ്ങളേയും ഉറ്റുനോക്കുന്ന ഒരു നിയമജ്ഞനുമാണ്. ഇദ്ദേഹം വികാരങ്ങളാൽ ഭരിക്കപ്പെടുന്നവനല്ല; എന്നാൽ ആവശ്യാനുസരണം വികാരങ്ങളെ ഇളക്കിവിടുവാൻ പോരുന്നവനാണ്. എതിരഭിപ്രായങ്ങൾ ഗ്രഹിക്കുന്നതിനുള്ള സന്നദ്ധതയേക്കാൾ, സ്വാഭിപ്രായങ്ങൾ പരത്തുന്നതിനുള്ള വൈഭവമാണ് ഇദ്ദേഹം പ്രകടമാക്കുന്നത്. പദങ്ങൾകൊണ്ടു പ്രഹരിക്കുവാൻ ജിന്നായ്ക്കുള്ള വൈഭവം അന്യാദൃശമത്രെ. ഒരു ബർക്കൻഹെഡിന്റെ വാക്പൗരുഷത്തോടെ ഇദ്ദേഹം പ്രത്യുത്തരം നൽകും; സമർത്ഥമായ പദപ്രയോഗത്താൽ എതിർസദസ്സുകളിൽ ആദരത്തെ സമാർജ്ജിച്ചിട്ടുള്ളവനാണ് ജിന്നാ. ഒരിക്കൽ ഇദ്ദേഹം പ്രസംഗിച്ചുകൊണ്ടിരിക്കെ ബഹളവും കൂവലുംകൊണ്ടു പൊറുതി മുട്ടിയപ്പോൾ ജിന്നാ അക്ഷോഭ്യനായി ഈവിധം പറഞ്ഞു. "നിങ്ങൾക്കിഷ്ടമില്ലെങ്കിൽ എനിക്കു വോട്ടു തരേണ്ട, നിങ്ങൾക്കിഷ്ടമില്ലെങ്കിൽ എനിക്കു പോരകേണ്ട; പക്ഷേ, ഞാൻ പറയുന്നതു ശ്രദ്ധിക്കുക! പിന്നീട് സദസ്സ് നിശ്ശബ്ദമായും ഇദ്ദേഹം കാര്യം നേടുകയും ചെയ്തു. പണ്ടൊരിക്കൽ വൈസ്രോയി മന്ദിരത്തിലേക്കുള്ള യാത്രയിൽ ഗാന്ധിജി സ്വന്തം കാറിലേക്ക് ജിന്നായെ ക്ഷണിച്ചപ്പോൾ, "താൻ തന്റെ സ്വന്തം കാറിൽ ചെന്നു കൊള്ളാ"മെന്നു ജിന്നാ മറുപടി നൽകി. ഹിന്ദുമുസ്ലീം മൈത്രിക്കുവേണ്ടി എന്തു വിട്ടുവീഴ്ചകളും ത്യാഗവും സഹിക്കാൻ സർവ്വദാ സന്നദ്ധനായ ഗാന്ധിജി യാതൊരു കൂസലും കൂടാതെ ജിന്നായുടെ കാറിൽ സ്വയമായി കേറി സ്വയം തൃപ്തനായി. നെഹ്രു ജിന്നാ സംഭാഷണങ്ങൾ പകരത്തിനുപകരം പറയാനുള്ള ജിന്നായുടെ വൈഭവത്തിന് മകുടോദാഹരണങ്ങളാണ്. ഒരു സംഭാഷണത്തിന്റെ പര്യവസാനത്തിൽ പണ്ഡിതജവഹരിലാൽ നെഹ്രുവിനെപ്പറ്റി മുഹമ്മദാലി ജിന്നാ പത്രപ്രതിനിധികളോട് പറഞ്ഞത് "നെഹ്രു വളരെ കൌതുകം ജനിപ്പിക്കുന്ന ഒരു മനുഷ്യനാണെ"ന്നത്രേ! ഗാന്ധിജി ഒരിക്കൽ ജിന്നായെപ്പറ്റി പറഞ്ഞത്

"താൻകായിദിആസാം ജിന്നായെപ്പററി പറയുമ്പോൾപോലും ലാഘവത്തോടുകൂടിപ്പറയുകയില്ല" എന്നത്രേ! എത്ര അത്ഥഗംഭീരങ്ങളും രസകരങ്ങളുമായിരിക്കുന്നു ഇത്തരം പ്രസ്താവങ്ങൾ!

ലീഗുഭരണചക്രത്തിൻെറ ദന്തങ്ങൾ ഇന്ന് ആടിയും ഉലഞ്ഞുംകൊണ്ടിരിക്കുന്ന ലക്ഷണങ്ങളാണ് കാണുന്നത്. വിദേശഭരണയന്ത്രത്തിൻെറ തിരിപ്പും "ഇൻഡ്യൻ വിഭജന"ത്തിന് വിരുദ്ധമായിത്തന്നെ നിലകൊള്ളുന്നു. അത്യാസന്നഭാവിയിൽ കോൺഗ്രസ്സ് ലീഗ് ഐക്യം സംസ്ഥാപിതമാക്കാനുള്ള കവാടങ്ങൾ വീണ്ടും ഉൽഘാടനം ചെയ്യപ്പെട്ടേക്കാം. അങ്ങനെ എങ്കിൽ അവിഭക്തഭാരതസംസൃഷ്ടി ജിന്നായുടെ നേതൃത്വത്തിൽ ഇനിയും സാദ്ധ്യമാകുമെന്നു നമുക്കു സമാശ്വസിക്കാം! ഏതിനും പോരുന്ന ഒരു വിക്രമിയാണ് കായ്ദിആസാം!!


# ചിത്രവേദി

മങ്കൊമ്പിലെ മഹർഷിയെന്നു പ്രഖ്യാതനായ ഈ. ജെ. ജോൺ വക്കീൽ, കൊച്ചി പോലീസ് സൂപ്രണ്ടും പട്ടാളം കമാൻഡന്റുമായിരുന്ന എം. ഏ. ചാക്കോ, മേഘനിർഘോഷവാഗ്മിയായിരുന്ന റാവുസാഹിബ് ഒ. എം. ചെറിയാൻ, ആലുവാകോളജ് പ്രിൻസിപ്പാളായിരുന്ന എ. എം. വക്കി, റിട്ട: ഹൈക്കോടതി ജഡ്ജി കെ. കെ. ലൂക്കോസ് എന്നീ മഹാരഥന്മാരുടെ ജീവചരിത്രപ്രധാനങ്ങളായ

## തൂലികാചിത്രങ്ങൾ

ഈ അഞ്ചുപേരുടെയും കമനീയങ്ങളായ ചിത്രങ്ങൾ ഫോട്ടോബ്രൗൺ നിറത്തിൽ ദ്വിവർണ്ണ കവറിൽ അച്ചടിച്ചു മനോഹരമാക്കിയിരിക്കുന്നു.

ഗ്രന്ഥകർത്താ: മി. പി. സി. കോരുത്

വില ഒരുരൂപാ മാത്രം. വി. പി. അയയ്ക്കാൻ എഴുതുക.

കേരള പബ്ലിഷിംഗ് കമ്പനി, പുളിക്കീഴ്—തിരുവല്ലാ. | പൗരദ്ധ്വനി ആഫീസ്, കോട്ടയം.



# ജാതകം — — പ്രശ്നം

ജനനവഷമാസാദികളെ അറിയിക്കാതെ ഒന്നരവഷത്തെ ഫലങ്ങളെ അറിയുന്നതിന്, ആവശ്യക്കാരൻെറ കൈപ്പടയിൽ എഴുതുകയും എഴുതുവാൻ തുടങ്ങുമ്പോഴുള്ള കൃത്യസമയം കാണിച്ചിരിക്കുകയും വേണം.

ഫീസ് 3 രൂ.

ജ്യോത്സ്യൻ ഈ.കെ രാമകൃഷ്ണക്കണിയാർ,
ഷൺമുഖപ്രകാശ് ജ്യോതിഷനിലയം, കോട്ടയം.

# അവർ

(ജോർജ്ജ് പള്ളിപ്പുറമ്പൻ)

ആമ്പൽ:—

ആമ്പൽചോദിച്ചു,ബുജപ്പെണ്ണേ,
നിൻ സ്വർണ്ണക്കവിൾ-
ത്തുമ്പി,ലയ്യയ്യോ കഷ്ടം, പകലിൻ
വെളിച്ചത്തിൽ,
കാമുകൻ ചുംബിക്കുമ്പോൾ, നാണമില്ലാ,
തിങ്ങനെ
ത്തുമന്ദഹാസംതൂകി നില്ക്കുന്നോ നീ?—
സ്വൈരിണീ!

അംബുജം:—

സന്മാർഗ്ഗച്ഛായംപൂശി,ട്ടിരുട്ടിൽനിന്നെ,
ന്നുവൻ-
സന്മാർഗ്ഗാഭാസത്തിനും ചങ്കിടിപ്പില്ലാത്തതാ
നീയാണു-രാത്രീഞ്ചര ദാരങ്ങളായ് നില്ക്കു,മ
നീയാണു, സാക്ഷാൽ വെറും കുത്സിത,
വത്സേ, സത്യ

കവി:—

വിവരക്കേടിൻ വെറും പര്യായശബ്ദം,-
പൊതു
ജനാഭിപ്രായ,മതുനിങ്ങൾ ഗൗനിക്കുന്നെങ്കി
രാത്രിയിൽ വേണമെന്തും-അല്ല ദൈവാ
ഭിപ്രായ
മാത്രംമാനിക്കുന്നെങ്കിൽ, താമരേ,
നീതാൻ സത


## “ശ്വാസാനന്ദസുധ,,

ശ്വാസത്തടസ്സം, വലിവ്, ചങ്കുവേദന, വാരിപ്പുറങ്ങളിലുള്ള വേദന, അരുചി, വയറു ന്വിക്കൽ ജ്വരം മുതലായ ലക്ഷണങ്ങളോടുകൂടിയ എല്ലാവിധ ശ്വാസരോഗങ്ങൾക്കും പ്രായഭേ മെന്യേ അനുഭവസിദ്ധമായ ഉത്തമൗഷധം. എത്ര പഴക്കമേറിയ രോഗത്തിനും 8 ഔൺസ് പ്ര ത്യക്ഷമായ അനുഭവം കാണിക്കുന്നു.

വില 8 ഔൺസ് (16 നേരം) കുപ്പി 1-ന 3 രൂ. 8 ണ.

എ. ഇ. നാരായണൻവൈദ്യൻ (അറയ്ക്കൽ)

**A. S. A.** വൈദ്യശാല, കുമ്മണ്ണൂർ-കിടങ്ങൂർ A.O. & P.O.

## പൊൻകുന്നം കോ-ഓപ്പറേറ്റീവ് അർബൻബാങ്ക് (ക്ലിപ്തം
## NO. 527.

അധികൃതമൂലധനം ഓഹരി 1-ക്ക് 25 രൂപാവീതം 1000 ഓഹരികൾക്കുള്ള 100,000 രൂപ

ഡിപ്പോസിറ്റുകൾ ആകർഷണീയങ്ങളായ വ്യവസ്ഥകളിൽ സ്വീകരിക്കുന്നു. എല്ലാ വിധ ബാങ്കിങ്ങ്ജോലികളും നടത്തുന്നു.

അംഗങ്ങൾക്കു മിതമായ പലിശയ്ക്കു പണം കടം കൊടുക്കുന്നു.

റേഷൻ ഭക്ഷ്യസാധനങ്ങളും എല്ലാവിധ ജവുളിത്തരങ്ങളും ബാങ്കിൻെറ ആഭിമുഖ്യത്തിൽ ന ത്തുന്ന കടകളിൽ വിതരണം ചെയ്യപ്പെടുന്നു.

**ഏതാനും ഓഹരികൾ വില്പനയ്ക്കുണ്ട്.**

സെക്രട്ടറി.

# ഗ്രന്ഥാലയവിഹാരം

(Dr. ഏബ്രഹാം വടക്കേൽ ബി.ഏ. പി.എച്ച്.ഡി., ഡി. ഡി.)

മനുഷ്യനെ കിരാതത്വത്തിൽനിന്നു നാഗ
കതയിലേക്കാനയിച്ചതു് അവന്റെ വി
ഞാനവ്യവസായങ്ങളാണെന്നു സമ്മതിച്ചേ
ീരൂ. വിദ്യ ലോകാരംഭം മുതൽതന്നെ ആരം
ച്ചു. അതിന്റെ പുരോഗമനവൈവിധ്യം
ണനാതീതമെന്നുതന്നെ പറയാം. ഓരോ
ാലത്തുണ്ടായിട്ടുള്ള വിജ്ഞാനാർജ്ജനപരിശ്ര
ങ്ങളുടെ പരിണതഫലങ്ങൾ അനന്തരപര
രകൾക്കുവേണ്ടി ഗ്രന്ഥരൂപത്തിൽ സൂക്ഷി
ച്ചുവയ്ക്കുവാൻ മനുഷ്യൻ എന്നും ദത്താവധാന
ായിരുന്നു. താദൃശഗ്രന്ഥങ്ങൾ മനുഷ്യജാതി
ുടെ സാംസ്കാരികയത്നങ്ങളിൽ എത്രമേൽ
മൂല്യമായ ഒരനുഗ്രഹമെന്നു പരിച്ഛേദിക്കു
സുകരമല്ല. ഗ്രന്ഥങ്ങളുണ്ടായതുകൊണ്ടാ
ില്ല; അവ എല്ലാവർക്കും ഉപയോഗയോഗ്യ
ായ മതിയാവൂ. വിജ്ഞാനകോശങ്ങളായ
നേക ഗ്രന്ഥങ്ങളുടെ വിഹാരരംഗങ്ങളത്രേ
ന്ഥാലയങ്ങൾ.

ഇന്നു്, പരിഷ്കൃതമായ ഏതൊരു നഗര
ത്തിലും ജനപദത്തിലും ഗ്രാമത്തിലും ഗ്രന്ഥാ
യങ്ങൾ നിലകൊള്ളുന്നു. വിദ്യാലയങ്ങളി
ും വ്യവസായശാലകളിലും ആതുരാലയങ്ങ
ിലും കാരാഗാരങ്ങളിലും ഗ്രന്ഥാലയങ്ങൾ
ന്നു് അനുപേക്ഷണീയ ഘടകങ്ങളാണു്.

ഗ്രന്ഥാലയങ്ങളുടെ അപരിത്യാജ്യത ലോക
ത്തിനനുഭൂതമായതു് ഇന്നുമിന്നലെയുമല്ല. ബി.
സി. 4000(?) -ാമാണ്ടു് ബാബിലോണിയാ,
ഈജിപ്തു്, ക്രീററ് എന്നിവിടങ്ങളിലെ ഭര
ണകൂടങ്ങളുടേയും ഭരണവിധാനങ്ങളുടേയും രേ
കൾ സംഭരിച്ചിരുന്നതു് അധുനാതനന്മാ
ായ പുരാണവസ്തുഗവേഷകന്മാർക്കു് അനർ
ഘനിധിയായിത്തീർന്നിട്ടുണ്ടു്. അഷ്ഠർബാനി
പ്പാൾ (B.C. 668–628) എന്ന പ്രസിദ്ധ
നായ അസീറ്യൻചക്രവർത്തിയുടെ ഒരു വലിയ
ഗ്രന്ഥാലയം നിനിവേ (Ninive) നഗരത്തി
ലുണ്ടായിരുന്നു. ഇദ്ദേഹം ബാബിലോണിയാ
മുതലായ പരിഷ്കൃതനഗരങ്ങളിൽ ലിപികാ
രന്മാരെ—പകർപ്പുകാരെ—അയച്ചു് അവിട
ത്തെ ഗ്രന്ഥാഗാരങ്ങളിൽനിന്നു പുസ്തകങ്ങൾ
പകർത്തിച്ചിരുന്നതായും, അക്കാലത്തെ മതിമാന്മാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന എല്ലാ വിഷയങ്ങളേയും പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നതായും ഗവേഷകന്മാർ സാക്ഷിക്കുന്നു. ഇന്നു ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഇരുപതിനായിരത്തിലധികം കളിമൺ തളിരങ്ങൾ പ്രസ്തുത ലൈബ്രറിയുടെ നഷ്ടാവശിഷ്ടങ്ങളത്രെ. ആ ഗ്രന്ഥാലയത്തിലെ പ്രധാന ഗ്രന്ഥങ്ങളിലെല്ലാം അവ അഷ്ഠർബാനിപ്പാളിന്റെ വകയാണെന്നും, അവയെ അപഹരിച്ചു സ്വായത്തമാക്കുന്നവരുടെമേലും അവരുടെ സന്തതികളുടെമേലും ദേവശാപമുണ്ടാകുമെന്നും രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമാകുന്നു.

പ്രാക്തനപ്രസിദ്ധമായ അലക്സാണ്ഡ്റിയായിൽ ടോളമിസോട്ടർ (Ptolomy Soter) സ്ഥാപിച്ചതായിരുന്നു ലോകത്തിലെ ഏററം വലിയതും വിശിഷ്ടവുമായ ഗ്രന്ഥാലയം. ഒന്നിലധികം പ്രാവശ്യമുണ്ടായ അഗ്നിബാധയും കൊള്ളയുംമൂലം ക്ഷയോന്മുഖമായിത്തീർന്നിരുന്ന ആ ഗ്രന്ഥാലയം 642-ൽ കാലിഫ് ഓമറിന്റെ സേനകൾ നാമാവശേഷമാക്കിയെന്നു പറയാം.

യഹൂദന്മാരുടെയിടയിൽ സുസംഘടിതമായ ലൈബ്രറികൾ ഉണ്ടായിരുന്നതായി കാണുന്നില്ലെങ്കിലും, ഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കാവുന്ന ചില സ്ഥാനങ്ങളെപ്പററി "രാജാക്ക"ന്മാരുടെ പുസ്തകങ്ങളിൽ ചില സൂചനകളുണ്ടു്. "മക്കബേയക്കാ"രുടെ ഗ്രന്ഥങ്ങളിൽ, നെഹേമിയാസ് ഒരു ഗ്രന്ഥാലയം സ്ഥാപിച്ചു് അതിൽ പ്രവാചകന്മാരുടേയും ദാവീദിന്റേയും മററും പുസ്തകങ്ങൾ സംഭരിച്ചതായി പ്രസ്താവിച്ചിട്ടുള്ളതും സ്മരണീയം തന്നെ.

ആദ്യത്തെ റോമൻ ലൈബ്രറി ബി. സി. 168-ൽ എമീലിയുസ് പാവുളൂസ് (Aemilius Poulus) മാസിഡോണിയായിൽനിന്നു് അപഹൃതധനമായി സമാനയിച്ചൊരു യവനഗ്രന്ഥാ

ലയമാണെന്നു കാണുന്നു. അഗസ്റ്റസ് മുതൽ കോൺസ്റ്റൻൈറൻ വരെയുള്ള സമ്രാട്ടുകൾ ഈ പ്രസ്ഥാനത്തെ സവിശേഷം പുലർത്തിയിട്ടുള്ളവരാണ്. കോൺസ്റ്റൻൈറൻ പുതിയ റോമൻ രാജധാനിയായ ബൈസാൻഷ്യ (Byzantium)ത്തിൽ ഒരു ക്രൈസ്തവഗ്രന്ഥാലയം ഏർപ്പെടുത്തിയതായി ചരിത്രം സാക്ഷിക്കുന്നു.

മദ്ധ്യയുഗങ്ങളിൽ യൂറോപ്പിലെ ഗ്രന്ഥാലയങ്ങളെല്ലാംതന്നെ ക്രിസ്ത്യൻ സന്ന്യാസാശ്രമങ്ങളുടെ അധീനതയിലായിരുന്നു. ഗ്രന്ഥസംഭരണവിഷയത്തിൽ പ്രഥമസ്ഥാനമർഹിക്കുന്നതു് ബനദിക്തൻ സന്ന്യാസസമൂഹമത്രേ. ജർമ്മനിയിലെ സെൻറുഗോൾ (St. Gall) ഇററലിയിലെ മൊണ്ടെക്കസ്സീനൊ (Monte Cassin[o]) ഫ്രാൻസിലെ ഫ്ളൂറി (Fleury) എന്നിവ[യാ]ണ് ആശ്രയമാശ്രയികളായ പാശ്ചാത്യ[ഗ്ര]ന്ഥാലയങ്ങളിൽ പ്രമുഖങ്ങൾ.

ചരിത്രപ്രസിദ്ധമായ "വിജ്ഞാനപുന[രു]ജ്ജീവനകാല" (Renaissance) ത്താകുന്നു [യൂ]റോപ്പിൽ ഗ്രന്ഥാലയപ്രസ്ഥാനം പ്രബല[മാ]വിച്ചതു്. ഇററലി ഇക്കാര്യത്തിൽ നേതൃത്വ[ം] വഹിച്ചു, 1436-ൽ നിക്കോളൊ നിക്കോ[ളി] (Niccolo Nicoli) തൻെറ സ്വന്തം ഗ്രന്ഥാ[ല]ലയം പൊതുജനങ്ങൾക്കു വിട്ടുകൊടുക്കുക[യും] ഇങ്ങനെ ദേശീയമായ ഒരു ഗ്രന്ഥശാല സമാ[ര]ബ്ധമാവുകയും ചെയ്തു.

ഇംഗ്ലണ്ടിൽ ഗ്രന്ഥശാലാപ്രസ്ഥാനം സ[...]


# മംഗളോദയം

പത്രാധിപസമിതി—
ആറ്റൂർ
ചങ്ങമ്പുഴ
കെ.കെ. രാജാ
ജി. ശങ്കരക്കുറുപ്പ്
ജോസഫ്മുണ്ടശ്ശേരി
വി. എം. കുട്ടികൃഷ്ണമേനോൻ

കുംഭം ലക്കത്തിലെ ഉള്ളടക്കം.

1. ചെറുകഥ—ജെ.എം.
2. സാഹിത്യസല്ലാപം— കുട്ടികൃഷ്ണമാരാർ
3. ശ്രീ ഭഗവൽഗീത— പി. എസ്സ്. അനന്തനാരായണശാസ്ത്രി
4. സാഹിത്യവും മനസ്സാക്ഷിയും— എ. പി. രാമൻനായർ
5. സംശയച്ഛായ—ചെറുകാട്
6. ചണ്ഡിദാസിൻെറ ആദർശപ്രേമം— എം. പി.
7. ഇസ്തിസ്ഥാനങ്ങൾ—ഐ.സി. ചാക്കൊ
8. ധന്യവാദം മുഴക്കുക—വിജയൻ
9. ഇതിഹാസസാഹിത്യം— സി. പ്രഭാകരൻ ബി.എ.
10. ശാസ്ത്രത്തിലേക്കൊരു നോട്ടം— സി.കെ.മൂസ്സതു് ബി.എസ്സ്സി
11. മാതൃസ്മരണ—സി.എ.ജോസഫ്
12. ഒരു ജയിൽപുള്ളിയുടെ ചിത്രം— വൈക്കം മുഹമ്മദ്ബഷീർ
13. ഭാഷാശുദ്ധി—തന്ത്രി
14. എഴുത്തുപെട്ടി
15. എൻെറ വിദ്യാലയം—ഒളപ്പമണ്ണ
16. പരകീയപംക്തി
17. വിമർശവീഥി
18. സമാജക്കുറിപ്പുകൾ

വരിസംഖ്യ—ഒരു കൊല്ലത്തേക്ക് 5 ക.
ഒററപ്രതി 8 ണ.

മംഗളോദയം ലിമിററഡ്, തൃശ്ശൂർ.

ധാനത്തിലേ വന്നെത്തിയുള്ളു. പ്രാദേശി ങ്ങളായ പല ലൈബ്രറികളും 17-ാംനൂററാ ിൽ സ്ഥാപിതങ്ങളായെങ്കിലും, ദേശീയ ായ ഒരു സ്ഥാപനം ആവിർഭവിക്കുവാൻ കാ ങ്ങൾപിന്നെയും കഴിയേണ്ടിവന്നു. "ഡംഫ്രി" Dumphry) പ്രതിനിധിയായ വില്യം ഇവാ ട്ട് (W. Ewart) 1850-ൽ പാർലമെ ൻറിലവതരിപ്പിച്ച പ്രമേയത്തിൻെറ ഫല ായി, കൂടുതൽ ലൈബ്രറികൾ സ്ഥാപിക്കു ന കാര്യത്തെപ്പററി അന്വേഷണങ്ങൾ നടത്തു ാൻ ഒരു കമ്മററി ഏർപ്പെടുത്തപ്പെട്ടു. ബ്രി ീഷ് മ്യൂസിയം എന്ന പേരിൽ അന്നു സ്ഥാ പിതമായ ഗ്രന്ഥാലയം ഇന്നു ലോകത്തിലെ ഏററം മനോഹരമായ പബ്ളിക്ക ലൈബ്രറി യായിത്തീർന്നതു് ഈദൃശമായ ദേശീയ പ്രബു ദ്ധതയുടേയും സംഘടിതസംരംഭങ്ങളുടേയും പ ിണതഫലമായിട്ടത്രേ. സർഹാൻസ് സ്ലോൺ Sir Hans Slone) 1735-ൽ തൻെറ മഹാ ്റമായ ഗ്രന്ഥശേഖരവും, പ്രകൃതി വിജ്ഞാ ീയപരവും കലാപരവുമായ ലിഖിതങ്ങളും ററനേകം വിശിഷ്ടവസ്തുക്കളും ഇരുപതിനാ ിരം പവൻ വിലയ്ക്കു (യഥാർഥവിലയുടെ ന്നഞ്ചിൽ രണ്ടുഭാഗം മാത്രമാണിതു്) രാഷ്ട്ര ത്തിനു വിററു. അവ പ്രത്യേകമായി ഒരു മ്യൂ സിയത്തിൽ വയ്ക്കണമെന്നും വ്യവസ്ഥയുണ്ടാ യിരുന്നു. ഈ കരാറിന്മേൽ പാർലമെൻറ് പ്രസ്തുത ഗ്രന്ഥശേഖരാദികൾ സ്വീകരിക്കയും ബ്ളൂംസ്ബറി മൊണ്ടേഗു ഹൗസ് (Blooms bury Montague house) 10250 പവൻ വി ലയ്ക്കെടുത്തു് 1759-ൽ ബ്രിട്ടീഷ് മ്യൂസിയം എ ന്നപേരിൽ ഇവ അതിൽ നിക്ഷേപിക്കയും ചെയ്തു. അനന്തരകാലങ്ങളിൽ പലപ്പോഴായി രാജകീയ ഗ്രന്ഥശേഖരങ്ങളും, അലക്സാണ്ഡ്റി യായിൽനിന്നും മററും ലഭിച്ച പുരാണവസ്തുക്ക ളും ഇതിനെ സവിശേഷം പോഷിപ്പിച്ചു. ആൻറണിപനീസ്സി എന്ന ദേഹമാണ് ഇ തിൻെറ വിസ്മയാവഹമായ വികാസത്തിനു ഹേതുഭൂതൻ. അദ്ദേഹം ഗവമ്മെൻറിൽനിന്നു പതിനായിരം പവൻ ഇതിനു വാർഷിക വേതനം വാങ്ങുകയും, മോഹനമായ അവി ടത്തെ വായനശാലയ്ക്കു പ്ലാൻ തയ്യാറാക്കുക യും ചെയ്തു.

പാരീസിലെ ദേശീയ ഗ്രന്ഥാലയമാണ് അ ടുത്തു നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. ഇരുപതാംനൂററാണ്ടിൻെറ പ്രഥമപാദത്തിൽ യൂറോപ്പിലെ ദേശീയഗ്രന്ഥാലയങ്ങളിൽ പാ രിമാണികമായി ഇതിനു പ്രഥമസ്ഥാനവും, ബ്രിട്ടീഷ് മ്യൂസിയത്തിന് ദ്വിതീയസ്ഥാനവുമാ യിരുന്നു.

ജർമ്മൻ ലൈബ്രറികളിൽ പ്രമുഖസ്ഥാനം മ്യൂ ണിക്കിലെ റോയൽ ലൈബ്രറിക്കും ജർമ്മൻ റോ യൽ നാഷനൽ ലൈബ്രറിക്കുമത്രെ. 1440-ൽ ഫ്രെഡറിക്ക് മൂന്നാമൻ സ്ഥാപിച്ച വിയന്നാ യിലെ നാഷനൽ ലൈബ്രറിയും വിശപവിദ്യാ

വി. സി. ശിവൻചെട്ടിയാർ

സ്വർണ്ണവ്യാപാരം, പൊൻകുന്നം.

തങ്കം, സ്വർണ്ണം, വെള്ളി, കല്ലുകൾ, ആഭരണങ്ങൾ മുതലായവ വാങ്ങുകയും വില്ക്കുകയും ഉരുപ്പടികൾ ആർഡർ അനുസരിച്ച് ഉത്തരവാദിത്വത്തോടുകൂടി മിതമായ ചാർജ്ജിൽ കൃത്യസമയത്തു ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

സിദ്ധമകരധ്വജം — തങ്കം മുതലായി പ്രാധാന്യത്തെ അർഹിക്കുന്ന ലോഹങ്ങൾ കൊണ്ടു തയ്യാറാക്കപ്പെട്ടതു്. അനുപാനവ്യത്യാസംകൊണ്ട് ഏതു രോഗത്തെയും പരിപൂർണ്ണമായി ഭേദപ്പെടുത്തുന്നു.

ഒരു മാസത്തേക്കു 25 രൂ. അരമാസത്തേക്ക് 15 രൂ.

മുനിസിപ്പൽ ഗ്രാൻറ് — മാന്താററിൽ ആയുർവ്വേദാശുപത്രി, കോട്ടയം.

തംതന്നെ. പുരാതന പുസ്തകാഗാരങ്ങൾക്ക പ്രസിദ്ധിനേടിയിരുന്ന രാജ്യമാണ് ഇററലി. ഫ്ളോറൻസ്, മിലാൻ, വെനീസ്, പാർമാ, എന്നിവിടങ്ങളിലും, ബൊളോഞ്ഞാ, ജനോവാ, നേപ്പിൾസ്, പീസാ, ടൂറിൻ എന്നീ സർവ്വകലാശാലകളിലുമുള്ള ഗ്രന്ഥസമുദായങ്ങൾ വിശ്രുതങ്ങളത്രെ. സർവപ്രധാനവും യൂറോപ്പിലെയ്ക്കു പുരാതനതമവും, അന്യാദൃശ ബൃഹത്തായുമായ ഒന്നാണ "വത്തിക്കാൻ" ഗ്രന്ഥസംഗ്രഹം. 1925-ൽ അഞ്ചുലക്ഷം അച്ചടിച്ച പുസ്തകങ്ങളും, അമ്പതിനായിരം കൈയ്യെഴുത്തു പ്രതികളുമായിരുന്ന ഇതിലുണ്ടായിരുന്നതു്. ഹസ്തലിഖിതങ്ങളിൽ പലതും യഥാർത്ഥത്തിൽ അമൂല്യങ്ങളാണ്—"കോഡെക്സ് വത്തിക്കാനൂസ്" (Codex Vaticanus) എന്നറിയപ്പെടുന്ന ബൈബിൾ ലിഖിതവും, വേർജിൽ, ടെറൻസു പ്രഭൃതികളുടെ വിശ്രുത ലിഖിതങ്ങളും ഇവയിലുൾപെടുന്നു. ഈ പുസ്തകശേഖരം മാർപ്പാപ്പായുടെ സ്വകാര്യസ്വത്തും, ചില പ്രത്യേക നിയന്ത്രണങ്ങളോടുകൂടി പൊതുജനങ്ങൾക്കുപയോഗിക്കാവുന്നതുമാകുന്നു.

വലിപ്പത്താലും അഭിനവതയാലും റോമിൽ നമ്മുടെ ശ്രദ്ധയെ സമാകർഷിക്കുന്ന ഒന്നാണ് 1875-ൽ സ്ഥാപിതമായ നാഷ്യനൽ സെൻട്രൽ വിക്റ്റർ എമ്മാനുവേൽ (Nationale Centrale Vittorio Emmanuele) എന്ന അഭിധാനത്തിൽ അവിടെയുള്ള ബൃഹത് ഗ്രന്ഥാലയം. യൂറോപ്പിലെ മററു രാജ്യങ്ങളുടെ തലസ്ഥാനങ്ങളിലും നല്ലനല്ല ദേശീയഗ്രന്ഥാലയങ്ങളുണ്ട്. ലോകമഹായുദ്ധത്തിനുമുമ്പ് റഷ്യൻ തലസ്ഥാനമായ സെൻറുപീറേറഴ്സ്ബർഗ്ഗിൽ ഇരുപതുലക്ഷത്തിലധികം പുസ്തകങ്ങളും മുപ്പത്തുനാലായിരം ലിഖിതങ്ങളുംഉള്ള ഒരു ഗ്രന്ഥാലയം നിലവിലിരുന്നു. 1859-ൽ സീനായ് മലയിൽനിന്നു കൊണ്ടുവന്ന ബൈബിളിൻെറ "സീനായിററിക്ക്കോഡ്" (Codex Senaiticus) പ്രസ്തുത ലിഖിതങ്ങളിലുൾപ്പെടുന്നതാണ്. അമേരിക്കൻ ഐക്യനാടുകളിൽ വളരെ താമസിച്ചു മാത്രമേ പബ്ളിക്ക് ലൈബ്രറികൾ തുടങ്ങിയുള്ളവെങ്കിലും വാഷിംഗ്ടണിലെ കോൺഗ്രസ് ലൈബ്രറി ലോകമഹാഗ്രന്ഥാലയങ്ങളിൽ പ്രമുഖമായ ഒന്നായി വിലസുന്നു. 1925-ൽ, വലിപ്പത്തെ സംബന്ധിച്ചിടത്തോളം ലോകത്തിൽ മൂന്നാം സ്ഥാനമായിരുന്നു ഇതിന്ന്.

ഭാരതഭൂമിയിലും ഇന്നു നിരവധി ഗ്രന്ഥാലയങ്ങൾ നിലകൊള്ളുന്നു. സർവ്വകലാശാലകളോടനുബന്ധിച്ചുള്ള ഗ്രന്ഥശേഖരങ്ങൾക്ക പുറമെ, മദ്രാസ് കണ്ണിമാറാ പബ്ളിക്ക ലൈബ്രറിപോലുള്ള ദേശീയ ഗ്രന്ഥാഗാരങ്ങളും ധാരാളമുണ്ടായിട്ടുണ്ട്. രാജകൊട്ടാരങ്ങളോടും പ്രഭുകുടുംബങ്ങളോടും അനുബന്ധിച്ചു ഭാരതത്തിൽ ഗ്രന്ഥസംഗ്രഹങ്ങളുണ്ടായിരുന്നതും അവയിൽ പലതിലും ഇനിയും അമൂല്യസാഹിത്യനിധികൾ ഒളിഞ്ഞു കിടക്കുന്നതും ഈ അവസരത്തിൽ അനുസ്മരണീയമാണ്.

ഗ്രന്ഥങ്ങളുടെ ഉപയോഗത്തേയും പ്രണയനത്തേയുംപററിയുള്ള ചില സംഗതികളാണ് അടുത്തു പ്രസ്താവിക്കുവാനുള്ളതു്. ഒരു ഗ്രന്ഥാലയത്തിൻെറ വലിപ്പം കണക്കാക്കേണ്ടതു് അതിലെ പുസ്തകങ്ങളുടെ എണ്ണമോ വണ്ണമോ നോക്കിയല്ല, ആ ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യം അനുസരിച്ചാകുന്നു. പുസ്തകങ്ങൾ ഈട്ടിക്കൂട്ടുന്നതിൽ ഗ്രന്ഥാലയാധികൃതർ പ്രായേണ ശ്രദ്ധിക്കാറുണ്ട്. എന്നാൽ കഴിയുന്നത്ര പുസ്തകങ്ങൾ സംഭരിച്ചു വയ്ക്കുന്നതിലെന്നതിനെക്കാൾ അവയെ വായനക്കാർക്ക് ആവുന്നത്ര പ്രയോജനപ്പെടത്തക്ക വിധം ക്രമീകരിക്കുന്നതിലാണ് ഒരു വായനശാലയുടെ അദ്ധ്യക്ഷൻ ദത്താവധാനനായിരിക്കേണ്ടതു്. പുസ്തകങ്ങൾ അവയുടെ പരമമായ ഉപയോഗത്തിന്നു വേണ്ടി മാത്രമാണ്. (Books are their maximum use) എന്നുള്ള തത്വം ഒരു ഗ്രന്ഥാലയത്തിൻെറ,—വിശേഷിച്ചും ആധുനിക ഗ്രന്ഥാലയത്തിൻെറ, ആദർശമായിരിക്കേണ്ടതത്രേ. പുസ്തകം ഭദ്രമായി സൂക്ഷിച്ചു വയ്ക്കുന്നതിനാണെന്നുള്ള ഒരു മിഥ്യാബോധം പ്രാചീനകാലങ്ങളിൽ ഗ്രന്ഥാലയഭാരവാഹികളെ ബാധിച്ചിരുന്നു. അച്ചടിയും കടലാസ്സുതന്നെയും അജ്ഞാതമായിരു

**വിവാഹകാര്യാലയം, പാലാ.**

അവിവാഹിതർക്ക് യോഗ്യതാനുസരണം വിവാഹം വ്യവസ്ഥചെയ്യുന്ന കേരളക്കരയിലെ ഏകസ്ഥാപനം.

സ്റ്റാമ്പുസഹിതം എഴുതുക.

മാനേജർ.

ന്ന പ്രാചീനകാലത്തു് ആരെങ്കിലും ഇങ്ങനെ വിചാരിച്ചിരുന്നെങ്കിൽ അതു് ഏറെക്കുറെ ക്ഷന്തവ്യമാണു്.

"പുസ്തകംവനിതാവിത്തം
പരഹസ്തഗതംഗതം,
അഥവാപുനരാഗച്ഛേൽ
ഭിന്നം,ഭ്രഷ്ടാതഥാവ്യയം"

എന്ന ആപ്തവചസ്സ് തീരെ അൎത്ഥശൂന്യമോ അനാദരണീയമോ അല്ല. പക്ഷേ, കേവലം വ്യക്തികളുടെ വക ഗ്രന്ഥങ്ങൾ സൗഹാർദ്ദമാകുന്ന ഇഷ്ടരജിസ്റ്ററിൽ മാത്രം കുറിച്ച് പരന്മാൎക്ക് പാരായണത്തിനു കൊടുത്താലുണ്ടാകുന്ന ഭവിഷ്യത്താണിവിടെ സൂചിതമെന്നു് നാം ഓർക്കണം. പരസ്വസംരക്ഷണാലസന്മാരായ പഠിതാക്കളെ മൎയ്യാദപഠിപ്പിക്കുവാനുള്ള നിയമാവലികൾ ഓരോ ഗ്രന്ഥാലയത്തിനും അവശ്യം ഉണ്ടായിരിക്കേണ്ടതാണു്. ഇങ്ങനെയുള്ള നിയമങ്ങൾ അത്ര വളരെ ഊൎജ്ജിതത്തിൽ വരാതിരുന്ന പുരാതന കാലങ്ങളിൽ, വിശേഷിച്ചും അസ്സിരിയാ, ബാബിലോണിയാ ഈജിപ്റ്റ് മുതലായ രാജ്യങ്ങളിൽ ചെയ്തിരുന്നതുപോലെ ഗ്രന്ഥങ്ങൾ കളിമൺ തളികകളിൽ എഴുതി അവ അഗ്നിസംസ്കാരബലിഷ്ഠമാക്കിയിരുന്ന പുരാണകാലങ്ങളിൽ, പുസ്തകങ്ങളുടെ പ്രതികൾ സുലഭങ്ങളായിരുന്നില്ല. ഗ്രന്ഥനിർമ്മാണം അന്നു് കേവലം കാദാചിൽക്കവും കരിണി പ്രസവംപോലെ തുലോം വിരളവുമായിരുന്നു. പുസ്തകങ്ങളുടെ രക്ഷയെക്കരുതി അവയെ ശൃംഖലകൊണ്ടു ബന്ധിച്ചു സൂക്ഷിച്ചിരുന്ന ഗ്രന്ഥാലയങ്ങൾ (Chained Libraries)ഒരുകാലത്തു നിലവിലിരുന്നു. 18-ാം നൂററാണ്ടിന്റെ മദ്ധ്യംവരെ ഇങ്ങനെയുള്ള മനഃസ്ഥിതി പാശ്ചാത്യലോകത്തിൽനിലനിന്നിരുന്നുവെന്നു കാണുന്നു. ലണ്ടനിലെ സെൻറ് പോൾസ് മെത്രാസന ദേവാലയത്തോടനുബന്ധിച്ചു് ഏതാദൃശമായ ഒരു സാരസ്വതകാരാലയം സൂക്ഷിച്ചുവച്ചിട്ടുള്ളതു ഞാൻ തന്നെ കണ്ടിട്ടുണ്ടു്. ചൈനാക്കാരുടെ ഭാഷയിൽ ഗ്രന്ഥാലയത്തെ കുറിക്കുന്നശബ്ദത്തിന് പുസ്തകം ഒളിച്ചുവയ്ക്കുന്നസ്ഥലം (A place for hiding books)എന്നാണൎത്ഥം. ഏതായാലും അക്കാലമെല്ലാം ദൈവാനുഗ്രഹത്താൽ ഇങ്ങിനിവാരതവൎണ്ണംകാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. ഇക്കാലത്തെ ആദൎശങ്ങൾ ഭിന്നങ്ങളാണു്. ഗ്രന്ഥാലയങ്ങൾ സർവ്വഥാ ആകൎഷകമായ സംവരണങ്ങളിൽ, ജനനിബിഡമായ കേന്ദ്രങ്ങളിൽ, സ്ഥാപിക്കുകയും, പുസ്തകങ്ങൾപ്രായേണ പൂട്ടികെട്ടിവയ്ക്കാതെ, രക്ഷോപായ സമ്പൂൎണ്ണങ്ങളായ വിശാലശാലകളിൽ പഠിതാക്കൾക്കു സുഖോപസർപ്പ്യമായ രീതിയിൽ നിരത്തിയടുക്കിവയ്ക്കുകയും ആരെങ്കിലും ആവശ്യപ്പെടുന്ന പുസ്തകം ഉടനടി നൽകത്തക്കവണ്ണം ഏതെങ്കിലും വിഷയത്തെപ്പററിയുള്ള ഗ്രന്ഥങ്ങളും ഗ്രന്ഥവിഭാഗങ്ങളും അല്പിഷ്ഠമാത്രമായ യത്നത്താൽ കണ്ടുപിടിക്കത്തക്കവിധത്തിൽ—വിവിധവിവരണപത്രികകൾ, അഥവാ അനുക്രമണികകൾ (പട്ടികകൾ) സന്നിഷ്കൃഷ്ടമായി സജ്ജീകരിക്കയും ചെയ്യേണ്ടതത്രേ.

ഈദൃശപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തേണമെങ്കിൽ ഗ്രന്ഥാലയ പാലകർ സൎവ്വഥാ വിജ്ഞരായിരിക്കണം. എന്നാൽ നമ്മുടെയിടയിൽ 'ലൈബ്രേറിയൻ' എന്നുപറഞ്ഞാൽ അ

FOR
WEDDING SAREES
VISIT
CHAKOLA'S SILK HOUSE, TRICHUR.

ന്തസ്സും അന്തസ്സാരവും കുറഞ്ഞവൻ എന്നാണൊരുവയ്പ്പ്. കഷ്ടിച്ച് എഴുത്തും വായനയും അറിഞ്ഞിരിക്കണം; എങ്കിലല്ലേ ഗ്രന്ഥരജിസ്റ്ററുകൾ സൂക്ഷിക്കാൻ സാധിക്കൂ! വെറും മൂകന്മാരെയും ബധിരന്മാരെയും ഗ്രന്ഥാലയ പാലകന്മാരാക്കിയിരുന്നു. "തമിരാവൃത യുഗങ്ങളു"മുണ്ടായിരുന്നു. പുസ്തകങ്ങൾ സൂക്ഷിക്കാൻ കഷ്ടിച്ച് അവർ മതിയായിരുന്നുതാനും. പലടത്തും . ഗ്രന്ഥാലയപാലകന്മാരെ മററനേകം ജോലികളും ഏല്പിക്കുക പതിവായിരുന്നു. പുസ്തകങ്ങൾ ഏററമധികം ഉപയോഗത്തിനു പാത്രമാകണം എന്നു തത്ത്വം സമാദൃതമായതിനോടേയാണു് ഗ്രന്ഥശാലാസംരക്ഷകന്മാരുടെ യോഗ്യതകളെപ്പററിയുള്ള നിഷ്കർഷമുണ്ടായതു്. ക്യാററ്ലോഗുണ്ടാക്കുകയും പുസ്തകങ്ങൾ കൊടുക്കുകയും തിരികെ വാങ്ങുകയും ചെയ്യുക എന്നതല്ല ഒരു ലൈബ്രേറിയൻെറ പ്രധാന ജോലി. പുസ്തകങ്ങളുടെ ഉപയോഗത്തെയും ഗുണദോ

ഷങ്ങളെയുംപററി യഥാർത്ഥമായ ഉപദേശം
ൽകാൻ ശേഷിയും ശേമുഷിയും തികഞ്ഞ
വനായിരിക്കണം തൽസ്ഥാനത്തു നിയുക്ത
വുക. അമേരിക്കൻ കോൺഗ്രസ്സ് ലൈബ്ര
യിലുംമററും ഡോക്ടർബിരുദം കരസ്ഥമാക
യിട്ടുള്ള മഹാ മനീഷികളെയാണു ഈ സ്ഥാ
ത്തു് നിയമിക്കാറുള്ളതു്. മഹാനായ പീയൂ
പതിനൊന്നാമൻ മിലാനിലെ ആംബ്രോസ
യൻ ലൈബ്രറിയിലും വത്തിക്കാൻ ലൈബ്ര
യിലും അനേകസംവത്സരങ്ങൾ ലൈബ്രേറി
നായിരുന്ന വസ്തുത ഈ അവസരത്തിൽ സ്മ
ണീയമാണു്. പാണ്ഡിത്യവും 'സൗമനസ്യ
തികഞ്ഞവനായിരിക്കണം ലൈബ്രേറിയ
പുസ്തകം ഉപയോഗത്തിനാണു് (Books a
for use)എന്നുള്ള തത്വം ഗ്രഹിച്ച്, അല
രിയിൽ അനങ്ങാതെ അലസമായിരിക്കുന്ന
ല്ല പുസ്തകങ്ങൾ തേടിപ്പിടിച്ചു തിട്ടപ്പെടുത്ത
അവ ഉപയോഗിക്കത്തക്ക ആളുകളെ കണ്ടുപ
ിക്കണം. വളരെ പുസ്തകങ്ങൾ വായിക്കുന്ന


# ചക്രവാളം

## ഒരു പുതിയ പ്രതിവാരപത്രം

കേരളത്തിൽ പ്രസിദ്ധി നേടീട്ടുള്ള ഒരു പത്രാധിപസമിതിയുടെ ആഭിമുഖ്യത്തിൽ, സമർത്ഥമായ മാനേജുമെൻറിൽ, എല്ലാ പരിഷ്കാരസംവിധാനങ്ങളോടുകൂടി പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നു.

| | | |
|---|---|---|
| വരിസംഖ്യ | മൂന്നുമാസത്തേക്കു് | മൂന്നുരൂപാ |
| | ആറുമാസത്തേക്കു് | ആറുരൂപാ |
| | ഒരുകൊല്ലത്തേക്കു് | പന്ത്രണ്ടുരൂപാ |
| | ഒററപ്രതിക്കു | നാലണ |

മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തേക്കു വരിക്കാരെ ചേർക്കുന്നതല്ല.

പരസ്യത്തിനു് ഏററവും പററിയ പ്രസിദ്ധീകരണം.

കൂടുതൽ വിവരങ്ങൾക്കു് ആവശ്യപ്പെടുക:—

മാനേജർ,

ചക്രവാളം, കോട്ടയം. (തിരുവിതാംകൂർ)

SHOP WITH
# THE ORIENTAL STORES
(Proprietor: V. K. MENON)
THE COMPLETE STORE
BRANCHES:
TRICHUR - CHITTOOR - IRINJALAKUDA.

രാട്ട വിപ്രതിപത്തിയല്ല സുപ്രതിപത്തി ത
ന്നെ പ്രകടിപ്പിക്കയുംവേണം. എല്ലാ പുസ്തക
ങ്ങളും വായനക്കാരുടെ ദൃഷ്ടിയിൽ കൊണ്ടുവര
ത്തക്ക ഉപായങ്ങൾ, സമർത്ഥനായ ഒരു കച്ചവ
ക്കാരനെപ്പോലെ അയാൾ കൈവരിച്ചേ മ
തിയാവൂ.

വിവിധതരക്കാരായ എല്ലാ മനുഷ്യൎക്കും ആ
വശ്യമുള്ള പുസ്തകങ്ങൾകൊടുക്കുക എന്നുള്ള
തും ഒരു ലൈബ്രറിയുടെ ധൎമ്മങ്ങളിലൊന്നത്രെ.
ഒരു ഗ്രന്ഥാലയത്തിന് വൈപുല്യവും സൎവ്വ
കക്ഷതയും വരുത്തി അതിനെ സാൎവ്വജനീനമാ
ക്കുന്ന ഈ ധർമ്മത്തിൻെറപ്രായോഗികതയ്ക്കു്
വലിയ ധനവ്യയം വേണ്ടിവന്നേക്കാം. തിര
ഞ്ഞെടുക്കപ്പെട്ട ഏതാനും പേൎക്കുമതി വിദ്യാ
ഭ്യാസമെന്നായിരുന്നു അരിസ്റ്റോട്ടൽ പ്രഭൃതിക
ളായ പുരാതനന്മാരുടെ മതം. അക്കാലങ്ങളി
ൽ അടിമകൾ സ്വതന്ത്രരേക്കാൾ ധാരാളമാ
യിരുന്നതുകൊണ്ടു് ഈ തത്വം സ്വീകാര്യമാ
യിരുന്നെങ്കിലും ഇന്നു വിദ്യാഭ്യാസം സാൎവജനീ
നമായിരിക്കുന്ന സ്ഥിതിക്കു് എല്ലാത്തരം ജന
ങ്ങൾക്കും വിജ്ഞാനവിവൎത്തകങ്ങളായ പുസ്തക
ങ്ങൾ കൂടാതെ തീരൂ എന്നു വന്നിരിക്കുന്നു. വാ
യനകൊണ്ടു് ഏതൊരു തൊഴിലിനും അഭിവൃ
ദ്ധിയുണ്ടാക്കാമെന്നതത്വം നാം · വിസ്മരിക്ക
രുതു്. ഉപരിപ്ലവബുദ്ധികൾക്കു് ഈ ആശയം
പുത്തരിയായിത്തോന്നിയേക്കാം. എല്ലാ വിഷ
യങ്ങളേയും സംബന്ധിച്ചു്, വിശിഷ്യ, സാമാ
ന്യജനങ്ങൾക്കുപയോഗമുള്ള വിഷയങ്ങളെ അ
ധികരിച്ചു്, വിജ്ഞാനവിതരണം ചെയ്വാ
നുള്ള ഗ്രന്ഥങ്ങൾ ഒരു കാലത്തു സുലഭമായി
രുന്നില്ല. ഈ ന്യൂനത പരിഹരിക്കുവാൻ
"പെനിസ് വിദ്യാസാഗരം" (Penny's
Encyclopedia) പോലുള്ള ഗ്രന്ഥങ്ങൾ 19-ാം
നൂററാണ്ടിൻെറ ആദ്യഘട്ടത്തിൽ ഇംഗ്ലണ്ടിൽ
ആവിർഭവിച്ചു. ചിത്രരൂപത്തിലും മററും പാ
മരഹൃദ്യമായ വിധം ഗ്രന്ഥങ്ങളുണ്ടാക്കി പ്ര
ചരിപ്പിക്കുന്നതു് പ്രാഥമികവിദ്യാഭ്യാസം മാ
ത്രം സിദ്ധിച്ച സാധാരണക്കാൎക്കു പ്രയോജന
പ്രദമാണു്. 1917—ലെ വിപ്ലവത്തിനുശേ
ഷം റഷ്യയിൽ ഈ സമ്പ്രദായത്തിനുസാൎവ്വത്രി
കമായ പ്രചാരം സിദ്ധിച്ചു.

സ്ത്രീകൾക്കു ഗ്രന്ഥാലയം കൊണ്ടു പ്രയോജ
നമുണ്ടാവുക എന്നുള്ളതും അവശ്യാവശ്യകമാ
യ ഒരു സംഗതിയത്രെ. ലോകത്തിൻെറ പല
ഭാഗങ്ങളിലും, സാമുദായികമായി സ്ത്രീലോക
വും പുസ്തകലോകവുമായി ഒരു അകൽച്ച നി
ലവിലിരുന്നു. നമ്മുടെ ഭാരതഭൂമിയിലും ഈ
അവസ്ഥ അത്ര അജ്ഞാതമായിരുന്നില്ല. ഇ
ന്നും സാമുദായികമായല്ലെങ്കിലും പ്രായോഗി
കമായി ഈ അകൽച്ച നിലനിൽക്കുന്നുവെന്നു
പറയാം. ഉന്നതമോ പ്രാഥമികമോ ആയ
വിദ്യാഭ്യാസം സിദ്ധിച്ചിട്ടു ഗാർഹികവൃത്തിക
ളിലേർപ്പെടുന്ന വനിതാരത്നങ്ങൾക്കു് പുസ്തക
പാരായണം ഒരു .പരിത്യക്തവൃത്തിയായിക്ക
ലാശിച്ചിരിക്കയാണു്. നാഗരികന്മാൎക്കെന്ന
വണ്ണം ജാനപദന്മാൎക്കും, മൎയ്യാദക്കാൎക്കെന്നപോ
ലെ ജയിൽപുള്ളികൾക്കും, ആരോഗ്യവാന്മാ
ൎക്കെന്നവിധം രോഗാതുരൎക്കും — ആബാലവൃ
ദ്ധം, ഗ്രന്ഥശാലകൊണ്ടു പ്രയോജനം ലഭിക്കേ
ണ്ടതത്രെ.

കുരുടന്മാൎക്കു വേണ്ടിയുള്ള ഗ്രന്ഥാലയങ്ങളും ലോകത്തിലുണ്ടു്. ലണ്ടനിലെ "അന്ധന്മാരുടെ ദേശീയ ഗ്രന്ഥാലയം" ഇക്കാൎയ്യത്തിൽ കിടയററ സേവനമനുഷ്ഠിക്കുന്നു. ആണിയക്ഷര സമ്പ്രദായത്തിൽ (Braille types) പുസ്തകങ്ങൾ പകൎത്തി നിൎമ്മിക്കുകതന്നെ വളരെ പ്രയാസമുള്ള ഒരു കാൎയ്യമാണല്ലോ. ഈ ലൈബ്രറിയുടെ ഭാരവാഹികൾ ഇതരദേശീയൎക്കും ഗ്രന്ഥങ്ങളുണ്ടാക്കിക്കൊടുക്കുന്നുണ്ടു്. ഈദൃശങ്ങളായ സേവനങ്ങൾ വ്യക്തമാക്കുന്നതു വിജ്ഞാനസന്ദായകമായ ഗ്രന്ഥപാരായണത്തിനു സിദ്ധിച്ചിരിക്കുന്ന സാർവജനീനതതന്നെ.

എല്ലാവൎക്കും പുസ്തകം ലഭിക്കുക എന്ന തത്വം ആദരിക്കപ്പെടുമ്പോൾ, വായനക്കാരും ഗ്രന്ഥാലയാധികൃതരോടു സഹകരിച്ചു തങ്ങൾ എടുക്കുന്ന പുസ്തകം എത്രയും വേഗം വായിച്ചു തിരിയെ കൊടുക്കുവാൻ ശ്രദ്ധിക്കേണ്ടതായി വരുന്നു. പുസ്തകമെടുത്തു വളരെ നാൾ ഉദാസീനമായി സൂക്ഷിച്ചു വയ്ക്കുയാണു ചിലരുടെ പതിവു്. ഇതു മററുള്ളവരോടും തന്നോടുതന്നെയും ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. സർവശാസ്ത്രനിഘണ്ടു പോലുള്ള സംശോധക ഗ്രന്ഥങ്ങളും, ദുർലഭങ്ങളായ പുസ്തകങ്ങളും ഗ്രന്ഥാലയത്തിനകത്തുവെച്ചല്ലാതെ പുറത്തുകൊണ്ടുപോയി ഉപയോഗിക്കാൻ അനുവദിച്ചുകൂടാ.

ഈ ലേഖനം ഉപസംഹരിക്കുന്നതിനുമുമ്പു നമ്മുടെ സമ്പന്നന്മാരോടും ദേവാലയാധികൃതന്മാരോടും ഒരഭ്യൎത്ഥനയുണ്ടു്. മേൽപറഞ്ഞ രീതിയിലുള്ള വലിയ ഗ്രന്ഥാലയങ്ങൾ നാട്ടിന്റെ നാനാഭാഗങ്ങളിലും ഉണ്ടാവുക അത്ര എളുപ്പമല്ല. ഓരോ വീടിനും, വിശിഷ്യാ ധനപരമായ കഴിവുകൾ ധാരാളമുള്ള ഓരോ കുടുംബത്തിനും, ഒരു നല്ലഗൃഹ്യഗ്രന്ഥാലയം ആകാംക്ഷിതവും ആവശ്യകവുമാകുന്നു. ഇതുപോലെതന്നെ ഓരോ കരയിലും അവിടെ വിജ്ഞാനപ്രദങ്ങളായ സംശോധകഗ്രന്ഥങ്ങൾ ഉൾപ്പെടെയുള്ള വിശിഷ്ടപുസ്തകങ്ങൾ സഞ്ചയിക്കയും, അവ മശകമക്ഷികമൂഷികാദികളുടെ വിഹാരരംഗങ്ങളിലല്ലാതെ ആകർഷകസ്ഥാനങ്ങളിൽ നിക്ഷേപിക്കയും ചെയ്യുന്നതുത്തമമാകുന്നു. ഒരു ലൈബ്രേറിയനു തന്റെ സംരക്ഷണത്തിലുള്ള വിപുലഗ്രന്ഥാലയങ്ങളിലെ എല്ലാപുസ്തകങ്ങളുമായി പരിചയപ്പെടുവാൻ പ്രയാസമുണ്ടു്. എന്നാൽ ചെറിയ പുസ്തകാലയത്തിനു് ഈ വൈഷമ്യമില്ല. തന്നിമിത്തം പരിമിതമാത്രരായ അതിന്റെ വായനക്കാൎക്കു് ആവശ്യമുള്ള ഗ്രന്ഥങ്ങൾ നിഷ്പ്രയാസം നൽകുന്നതിനു് അതു കൂടുതൽ പ്രയോജകീഭവിക്കും. ഒരു വലിയ ഗ്രന്ഥാലയത്തെ വലിയ കളപ്പുരയോടും ചെറുതിനെ ഭോജനശാലയോടും താരതമ്യപ്പെടുത്തുവാൻ വിശ

ഏററവും ഉത്തമം!

നിങ്ങളുടേയും നിങ്ങളുടെ ശിശുക്കളുടേയും ആരോഗ്യത്തിനു്

"ഷാർലിവറോൾ"

കലർപ്പില്ലാത്ത ഏക ഷാർക്കലിവർ ഓയിൽ ഇതു മാത്രമാകുന്നു.

Manufactured by the Dept. of
MARINE BIOLOGY & FISHERIES
University of Travancore.

SOLE DISTRIBUTORS:
**EAGLE INDUSTRIES LIMITED,**
ERNAKULAM.

മഹാകവി ടാഗോറിനെ പ്രേരിപ്പിച്ചതും ഇതു തന്നെ. ദേവാലയങ്ങളോടും ഗൃഹങ്ങളോടും അനുബന്ധിച്ചുള്ള ചെറുഗ്രന്ഥാലയങ്ങളിൽ, എല്ലാവിഷയങ്ങളെ അധികരിച്ചും യഥാകാലം ആവിർഭവിക്കുന്ന വിശിഷ്ട ഗ്രന്ഥങ്ങൾ കഴിവുപോലെ തിരഞ്ഞെടുത്തു സംഭരിക്കേണ്ടതാകുന്നു. പള്ളികളിൽ വരുന്നവർക്കു ദിവ്യകർമ്മങ്ങൾ കഴിഞ്ഞു് ഈ മാതിരി വിജ്ഞാന ഭോജനശാലകളിൽ കുറെനേരം കഴിച്ചുകൂട്ടുന്നതും, കുബേരഗൃഹങ്ങളിലെ അംഗങ്ങളും അഭ്യാഗതന്മാരും ഈ സൽക്കാരശാലയുടെ അനവദ്യഹൃദ്യമായ സ്വാദുത ആസ്വദിക്കുന്നതും എത്ര പ്രായോഗികവും പ്രായോജനികവുമായിരിക്കും! വിശ്വോത്തരമഹാമനീഷിയായ അരിസ്റ്റോട്ടൽ അതിവിശിഷ്ടമായ ഒരു ഗ്രന്ഥസമുച്ചയം സ്വഗൃഹത്തിൽ സർവതോ ഭദ്രമായി സൂക്ഷിച്ചിരുന്നു. സ്വകാര്യഗ്രന്ഥാലയങ്ങളിൽ ഏറ്റവും പുരാതനമായി അറിയപ്പെട്ടിട്ടുള്ളതു് ഇതാണെന്നു തോന്നുന്നു. ഒരു വ്യക്തിക്കും സ്ഥാപനത്തിനും ഏതാണ്ടു ശാശ്വതമായി സൂക്ഷിക്കാവുന്ന ഒരനർഘനിക്ഷേപമാണു പ്രയോജനപ്രദമായ ഒരു ഗ്രന്ഥാലയം. വിദ്യാഭ്യാസത്തിനു പ്രചുരപ്രചാരം സിദ്ധിച്ചുവരുന്ന ഇക്കാലത്തു ബാലികാബാലന്മാരുടെ ജ്ഞാനസംവർദ്ധനത്തിനും ഏതാദൃശ ഗൃഹ്യഗ്രന്ഥാലയങ്ങൾ അനിതരാം സഹായകമായിരിക്കും.

എല്ലാവിധ ഗ്രന്ഥങ്ങൾക്കും
സ്പോർട്ടിംഗ് സാമഗ്രികൾക്കും
വിദ്യാർത്ഥിമിത്രം
ബുക്കുഡിപ്പോ, കോട്ടയം.

**The Travancore Forward Bank, Limited.**
(Incorporated in Travancore with Limited Liability)
Head Office:— Kottayam.
35 BRANCHES & SUB OFFICES throughout SOUTH INDIA.
Authorised Capital: Rs. 25,00,000
Issued, Subscribed & Paid-up Capital Rs. 5,00,000
Total Working Funds Rs. 86,54,000
*Banking business of every description transacted*
C. M. Cherian, M. A.
(*Secretary*)

**THE ORIENTAL PRINTING WORKS**
**KANJIRAPALLY**
HIGH CLASS PRINTING, RULING & BINDING.
A TRIAL ORDER EARNESTLY SOLICITED
നാൾവഴി, പേരേടുകൾ, ചെറുചീട്ടുബുക്കുകൾ, ചെക്കുറോൾസ്, ക്രോപ്പ് അക്കൗണ്ടുബുക്ക്, എക്സർസൈസ് ബുക്കു, സ്കൂൾ റിക്കാർഡുകൾ മുതലായവ വില്പനയ്ക്കു് എപ്പോഴും തയ്യാറുണ്ടു്.

# The
# Travancore Wood & Metal Works Ltd.

(Incorporated in Travancore)

## WOOD NAGAR MUNDAKAYAM P. O.

Telegrams:- "WOOD" Telephone:- MUNDAKAYAM 8.

MANAGING AGENTS:-

## THOMAS & JOSEPH LTD.,

Largest Tool Handle Manufacturers in the South.

Shovel Helves, Hammer Handles etc., a speciality.

Household furniture of all description in exclusive design and exquisite workmanship, Manufacturers of Textile and Jute Mill requirements, such as Bobbins, Pen-tree rollers etc. Attractive Skylight Monogram Sign-boards in Wooden Letters, Picture Frames, Cycle Grips etc., Wooden Toys of Million varieties.

Tools, Implements, Wood Screws Iron and Brass, Hinges, Bolts and Nuts.

**LARGE STOCK ALWAYS AVAILABLE.**

Hall mark of perfect workmanship: T. W. & M. W. Ltd.

**THEY ARE SELLING FOR THEIR OWN MERIT.**

# അവർ എഴുതാവുന്നതു്

## ആദിബാലകൃഷ്ണപിള്ള

(എ. ബാലകൃഷ്ണപിള്ള)

മഹാകാളിയുഗത്തിലെ പതിന്നാലാമത്തെ ബ്രഹ്മാവ് പുന്തിൽ ഒരു ബംഗ്ലാവു പണികഴിപ്പിച്ചതായി അന്നത്തെ ഒരു കാര്യകാരനായിരുന്ന സുപ്രാഭ്ര എഴുതിയിട്ടുണ്ടു്. ആ ബ്രഹ്മാവിൻെറ സമകാലീനനും, പുന്തിലെ ചരിത്രപണ്ഡിതനുമായിരുന്നു ആദിബാലകൃഷ്ണപിള്ള. സുമേരിയൻഭാഷയിൽ ബാല–ബാൽ–എന്ന വാക്കിന് ദ്രാവിഡത്തിൽ വാൽ എന്നും മലയാളത്തിൽ മുടി എന്നും ആണല്ലൊ അൎത്ഥം. അദ്ദേഹത്തിനു താടിമീശ ഉണ്ടായിരുന്നു എന്നു് ബാല എന്ന പേരിൻെറ ആദ്യാക്ഷരങ്ങൾ കൊണ്ടു് ഊഹിക്കാമെന്നു ഈ ലേഖകൻതന്നെ "ആദിപറവൂർ" എന്ന ഉപന്യാസത്തിൽ സമൎത്ഥിച്ചിട്ടുണ്ടു്. കൃഷ്ണ ശബ്ദത്തിന് ആഫ്രിക്കയിലെ ബാൻറു ഭാഷയിൽ കൃശം എന്നും, ആസ്ട്രേലിയയിലെ ബുഷ്മെൻ ഉപയോഗിക്കുന്ന ഭാഷയിൽ നീളം കൂടിയ എന്നും അൎത്ഥമുള്ളതായി സുപ്രസിദ്ധ സ്കാൻഡിനേവിയൻ ചരിത്രകാരനായ വോൺഗ്ഗുൽഗ്ഗലൂഫ് അഭിപ്രായപ്പെട്ടിട്ടുണ്ടു്. നീളംകൂടി മെലിഞ്ഞു് താടിമീശയോടുകൂടിയ ഈ പണ്ഡിതന് പിള്ള എന്നുകൂടി ബിരുദം സിദ്ധിച്ചതിന് ഒരു കാരണം ചുക്കോഫ്നീസ് എന്ന യവന ചരിത്രകാരൻ പറഞ്ഞിട്ടുണ്ടു്. പരേതന്മാൎക്കു് പെറുരാജ്യത്തെ ആദിമനിവാസികൾ 'പില്ല' എന്നും, ആസ്റ്റെക്ക്വൎഗ്ഗക്കാർ 'പള്ള' എന്നും, ഹ്രങ്കാസ് എന്ന ജാതിക്കാർ "പല്ലി" എന്നും പറയാറുള്ളതു് ഈ അവസരത്തിൽ സ്മൎത്തവ്യമാണു്. മുൻപറഞ്ഞ പണ്ഡിതൻ ജീവിച്ചിരിക്കുമ്പോൾ തന്നെ പരേതനായി

എന്നു് ഒരു "ധപനി" 'പൗര'ന്മാരുടെയിടയിൽ ഉണ്ടായതുകൊണ്ടായിരിക്കണം പിള്ള എന്ന ബിരുദംകൂടി അദ്ദേഹത്തിനു സിദ്ധിച്ചതു് എന്നു് ചുക്കോഫ്നീസ് പറഞ്ഞിട്ടുള്ളതിനെ കട്ടോവ്ബസ്കി എതിൎത്തു അബദ്ധമാണെന്നു് ഗ്രീൻലണ്ടിലെ പുരാണവസ്തുഗവേഷകനായ പുഷ്പൂഫ്മിക്കോവ് പറഞ്ഞിട്ടുള്ളതു അൎത്ഥവത്താണെന്നു കാണാം.

## വെററില

ടീ. കെ. ജോസഫ് ബീ. എ. ല്, ടീ.

വെററില മുറുക്ക്—പിരിമുറുക്ക് പോലെയല്ല—മലയാളത്തുകാൎക്ക് ഒഴിച്ചുകൂടാൻവയ്യാത്ത ഒരു ദുശ്ശീലമാണല്ലൊ. എന്നാൽ അതിൻെറ ആദ്യത്തെ ഉപകരണമായ വെററില–വെററ്ല–വെററ്+ഇല, (വെററ്=നനഞ്ഞതു്, ഇല=leaf) മലയാണ്മയിൽ പറയുന്നതുപോലെ എഴുതാൻ വിഷമമാണു്. കട്ട്ള്, പുട്ട്ള്, വിട്ട്ള്, ഇവയെപ്പോലെ വെററ്ല എന്നു എഴുതാമെങ്കിലും, അതുകൊണ്ടു് നാട്ടുമ്പുറത്തുകാർ പറയുന്ന "വെററ്ല" എഴുതാൻ കഴിയുമെന്നു തോന്നുന്നില്ല. 'വെ'യ്ക്കും, 'ല'യ്ക്കും മദ്ധ്യേയുള്ള ആ ഉച്ചാരണം ശരിപ്പെടുത്തുന്നതിന് "റ്റ"എന്ന ചിഹ്നം ഉപയോഗിക്കാമെങ്കിൽ പററും. രണ്ടു'റ'യുടെ മദ്ധ്യേ ഒരു അൎദ്ധചന്ദ്രം പ്രയോഗിച്ചാൽ രണ്ടു കണ്ണിനും മദ്ധ്യേ ഭ്രൂമദ്ധ്യത്തിലായി ഒരു "ഗോപി" തൊട്ടതുപോലെ കാണാൻ ഭംഗിയും ഉണ്ടു്. വെററല, കട്ടള, പുട്ടള്, വിട്ടള്, എന്നു് ഈ മാതിരി ഉല്പമാല്യ പിടിച്ച വാക്കുകൾ എല്ലാം മലയാണ്മയിൽ എഴുതാൻ സാധിക്കയും ചെയ്യും.

മെ: എ. ബാലകൃഷ്ണപിള്ള, ടി. കെ. ജോസഫ് എന്നീ സാഹിത്യകാരന്മാർ അടുത്തകാലത്തു് എഴുതിവരുന്ന ലേഖനങ്ങളുടെ സംക്ഷമാപണാനുകരണം. "ഗോപി"

തിരുവനന്തപുരം

# റെഡ്യാർപ്രസ്സ് & ബുക്കഡിപ്പോവക

ചില പുതിയ പ്രസിദ്ധീകരണങ്ങൾ.

## സരോജിനി

(ഒരു ചരിത്രാഖ്യായിക)

ഗ്രന്ഥകത്താ: സാഹിത്യസരസൻ വേലുപ്പിള്ള

ക്രൗൺ എട്ടിൽ 400 പേജുകൾവീതമുള്ള രണ്ടുഭാഗങ്ങൾ. കണ്ണഞ്ചിക്കുന്ന, കരളലിയിക്കുന്ന, ഹൃദയം കവരുന്ന മുഖചിത്രം ഇതിനൊരലങ്കാരംതന്നെ.

ഓരോന്നിനും വില 1 ക. 8 ണ.

## പത്മസുന്ദരൻ

ഡിററക്ടീവ് നോവൽ.

ഗ്രന്ഥകർത്രി:വി.എം.കോതനായകിഅമ്മാൾ

പരിഭാഷകൻ-സി. മാധവൻപിള്ള ബി. ഏ.

ഡമ്മി എട്ടിൽ മുന്നൂറോളം പേജുകൾ വീതമുള്ള രണ്ടു ഭാഗങ്ങൾ, ഓരോന്നിനും വില 2 ക.

## സുധ

(ഒരു നവീന മാതൃകാനോവൽ)

ഗ്രന്ഥകത്താ—

ടി.എൻ.ഗോപിനാഥൻനായർ ബി. ഏ.

"സുധ.എന്ന കൃതികൊണ്ടുസാഹിത്യനഭസ്സിൽ സുധാകരനാകാൻ ഗ്രന്ഥകത്താവിനു കഴിഞ്ഞു. വള്ളത്തോൾ.

വില 1 ക. മാത്രം.

## പ്രണയബോംബ്

[ഫലിതരസപ്രധാനമായ ഒരു ഒന്നാന്തരം ഗദ്യനാടകം]

ഗ്രന്ഥകത്താ-സി. മാധവൻപിള്ള ബി. ഏ.

വില അണ 12.

## ആനന്ദസാഗരം

ഗ്രന്ഥകത്താ-സി. മാധവൻപിള്ള ബി. ഏ.

ഇന്നത്തെ യുവലോകം അവശ്യം വായിച്ചിരിക്കേണ്ട പരമരസികൻ നോവൽ.

ജീവിതം ആനന്ദിക്കുവാനുള്ളതാണ്. എങ്ങിനെ!!!

വില 2 ക.മാത്രം.

## പ്രണയതൃഷ്ണ

ഗദ്യനാടകം.

വംഗസാഹിത്യസാമ്രാട്ടായ- ദ്വിജേന്ദ്രലാൽറായിയെ ഉപജീവിച്ചു പണ്ഡിററു മേനാക്കിമെൾ വാസുദേവൻ ഉണ്ണിത്താൻ എഴുതിയതു്.

വില 1 ക. മാത്രം.

## യുവഹൃദയം

ഒരു ഒന്നാന്തരം നോവൽ.

ഗ്രന്ഥകത്താ—പാലാ ഗോപാലൻനായർ

വില അണ 12.

കൂടാതെ മറെറല്ലാവിധ പ്രസിദ്ധീകരണങ്ങളും ഞങ്ങളുടെ പക്കൽ സ്റ്റോക്കുണ്ട്. പുസ്തകവിവരപ്പട്ടികയ്ക്ക് എഴുതുക.

റെഡ്യാർ പ്രസ്സ് & ബുക്കഡിപ്പോ, തിരുവനന്തപുരം.

# THE KOTTAYAM BANK LIMITED.

(Incorporated in Travancore)
Head Office:-**KOTTAYAM.**
BRANCHES.

**Athirampuzha, Kanjirapally, Kottayam, Mundakayam, Peermade, Ranni, Vaikom & Vandiperiyar.**

Advances are made against approved Commodieans, Government Securities, Insurance Policies' Gold and Approved Stock & shares, at all offices of the Bank. All other kinds of Banking business transacted.

Deposit will be received at the following rates (until notified otherwise) at all offices of the Bank:-

| | | |
|---|---|---|
| Current accounts | 1% | per annum |
| Notice deposits (two weeks' notice) | $2\frac{3}{4}$ % | ,, |
| Savings Bank accounts | 3% | ,, |
| Fixed Deposits for 6 months | $3\frac{1}{2}$ % | ,, |
| ,, ,, 12 ,, | 4% | ,, |
| ,, ,, 24 ,, | $4\frac{2}{1}$ % | ,, |

Please enquire at any office of the bank for the terms of our special Savings Bank Account, which has met with the approval of all our constituents-

**A. I. ITTYIPE,**
*Managing Director.*



അഖിലഭാരത വൈദ്യവിശാരദൻ

## ഡാക്ടർ കൊളത്തേരി ശങ്കരമേനോൻ

M. A. L. T., Ph D., M. R. A. S.,
(റിട്ടയാർഡ് തിരുവിതാംകൂർ ആയുർവ്വേദഡയറക്ടർ)

1945 ഏപ്രിൽ 7-ാംനു-മുതൽ കേരള ആയുർവ്വേദിക്ക കോർപറേഷനുവേണ്ടി മുഴുവൻ സമയവും ചെലവുചെയ്യുന്നതിനുള്ള സൗകര്യത്തിനായി അദ്ദേഹത്തിന്റെ താമസം സ്ഥിരമായി എറണാകുളത്തേക്കു മാററിയിരിക്കുന്നു.

ഏപ്രിൽ 7-ാംനു-മുതൽ അദ്ദേഹം എല്ലാദിവസവും രാവിലെ 8-30 മുതൽ എറണാകുളം ബ്രോഡ്‌വേയിലുള്ള കോർപ്പറേഷൻ കെട്ടിടത്തിൽവെച്ചു രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുവാൻ തുടങ്ങിയിരിക്കുന്നു.

വസ്തി, ധാര, പിഴിച്ചിൽ, ശിരോവസ്തികിഴി മുതലായ എല്ലാവിധ ആയുർവ്വേദ ചികിത്സകളും ഇവിടെവെച്ചു നടത്തുന്നതിന് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കപ്പെടുന്നതാണ്.

വിദൂരസ്ഥരായ രോഗികൾ ദീനവിവരം വിശദമായി എഴുതി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ചു മരുന്നുകൾ അയച്ചുകൊടുക്കുന്നതാണ്.

എല്ലാ കത്തുകളും രഹസ്യമായി സൂക്ഷിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

ഡാക്ടർ വി. ജെ. ബയിസിൽ, മാനേജിംഗ് ഡയറക്ടർ,
കേരള ആയുർവേദിക്ക് കോർപറേഷൻ ലിമിററഡ്, എറണാകുളം.

N. B. എല്ലാവിധ ആയുർവേദ മരുന്നുകളും ഇവിടെ വിൽപ്പനയ്ക്കു തയ്യാറുണ്ട്.

# പുരോഗമനസാഹിത്യപ്രസ്ഥാനം

(എം. എസ്. ദേവദാസ്, എം.എ.)


രണ്ടാം അഖിലകേരള പുരോഗമനസാഹിത്യസമ്മേളനം ഈ മെയ്മാസത്തിൽ കോട്ടയത്തുവെച്ചുകൂട്ടുവാൻ നിശ്ചയിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞകൊല്ലം (1944) ജനുവരിയിലാണ് ഇതിന്റെ ഒന്നാം സമ്മേളനം ഷൊർണ്ണൂരിൽവെച്ചു കൂടിയതെന്നു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കും.

എന്നാൽ, ഇതുവരെയായി ഈ പ്രസ്ഥാനം എത്ര ദൂരം പിന്നിട്ടു? എന്തെല്ലാമാണതിന്റെ നേട്ടങ്ങൾ, പോരായ്മകൾ? അവയുടെ വെളിച്ചത്തിൽ ഇനിയതു് ഏതെല്ലാം വഴികളിലൂടെ ചരിക്കണം? ഇത്തരം പ്രശ്നങ്ങളിലേക്കു പുരോഗമനേച്ഛുക്കൾ ഒന്നു കണ്ണയക്കുകയെങ്കിലും ചെയ്യേണ്ട കാലമായിരിക്കുന്നു.

ജീവത്സാഹിത്യപ്രസ്ഥാനം:
നാട്ടുകാരുടെ നിലവിളി

സാഹിത്യം ജനഹിതത്തിനും ജനകീയ താല്പര്യങ്ങൾക്കും അനുയോജ്യമാവണമെന്നു പറയാനോ, അത്തരം സാഹിത്യമെഴുതാനോ ഇന്നു് അസാമാന്യമായ നട്ടെല്ലൊന്നും ആവശ്യമില്ല; പുരോഗമനസാഹിത്യം ഇന്നൊരു 'ഫാഷനാ'യിരിക്കുന്നു.

എന്നാൽ, 10 കൊല്ലംമുമ്പു, 'ജീവൽസാഹിത്യ'മെന്ന പേരിൽ ഈ പ്രസ്ഥാനം കേരളത്തിലൊന്നാമതായി ഉയർന്നപ്പോൾ, സാഹിത്യലോകത്തിൽ അതിനെ എതിർക്കാനേ ആളുകളുണ്ടായിരുന്നുള്ളു. സാഹിത്യശിരോമണി കുട്ടികൃഷ്ണമാരാർ തന്റെ എല്ലാ നഖങ്ങളും അതിന്നെതിരായി നീട്ടി; പ്രതിഭാശാലിയായ സഞ്ജയൻ ആഴ്ചതോറും തന്റെ തൂലിക അതിന്നെതിരായെടുത്തു പെരുമാറി: മഹാകവി വള്ളത്തോൾ ചുകപ്പുകൊടി കണ്ടിട്ടു "മറുക്കിത്തുപ്പിയതുപോലെയിരിക്കുന്നു"വെന്നു ശ്രീ: രാജഗോപാലാചാരിയോടു ഫലിതം പറഞ്ഞുപോലും—പക്ഷെ, എന്തായാലെന്തു്? പ്രസ്ഥാനം വളരുകതന്നെ ചെയ്തു. വള്ളത്തോൾ കവിതയെഴുത്തു നിർത്തി കലാമണ്ഡലം പ്രസിഡണ്ടാവുകയും, "കണ്ണുനീർത്തുള്ളി"യെഴുതിയ കവി "ചക്രവാളം" കൂടി എഴുതി പ്രസിദ്ധീകരിക്കുകയും, ശങ്കരക്കുറുപ്പു കൂടുതൽ കൂടുതൽ മിസ്റ്റിസിസത്തിലേക്കു നീങ്ങുകയും ചെയ്തു ഒരു കാലഘട്ടത്തിൽ, സഞ്ജയന്റെ പരിഹാസച്ചിരിക്കും ചങ്ങമ്പുഴയുടെ കരച്ചിൽക്കവിതക്കും മദ്ധ്യേ, മലയാളസാഹിത്യത്തിൽ എന്തെങ്കിലുമൊന്നു വളർന്നിട്ടുണ്ടെങ്കിൽ അതു ജീവത്സാഹിത്യപ്രസ്ഥാനമാണ്. ജീവൽസാഹിത്യത്തെ— അഥവാ, അതിന്റെ ചില പ്രത്യേക പ്രകടനങ്ങളെ— മക്കാറാക്കിവിട്ട സഞ്ജയൻതന്നെ പലപ്പോഴും ജാജ്വല്യമാനമായ ഒരു ജീവത്സാഹിത്യകാരനായിരുന്നു.



# കല്യാണകാലം



കല്യാണകാലം സമീപിക്കുമ്പോൾ, വധുവിനു ആഭരണങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ മാതാപിതാക്കന്മാർ വളരെയധികം ബദ്ധപ്പെടാറുണ്ട്.



ഏററവും പുതിയ രീതിയിലുള്ള ആഭരണങ്ങൾ എവിടെ കിട്ടും?





അവ വിശ്വസനീയമായിരിക്കുമോ?

പവൻ, തങ്കം, സ്വർണ്ണം, കല്ലുകൾ ഇവ ധാരാളമായും, വിദേശമാർക്കററുകൾക്ക് അനുസൃതമായും എവിടെനിന്നു ലഭിക്കും?





നിങ്ങളുടെ സംശയങ്ങൾക്കു തൃപ്തികരമായ സമാധാനം ലഭിക്കണമെങ്കിൽ ഞങ്ങളുടെ സ്വർണ്ണാഭരണശാല സന്ദർശിക്കുക.

## പി. ററി. ഏബ്രഹാം,

**കളരിക്കൽ ബസാർ, കോട്ടയം.**

എന്താണീ വളർച്ചക്കു കാരണം? മറെറാന്നമല്ല: മറെറല്ലാ "സാഹിത്യ"ങ്ങളും "പ്രസ്ഥാന"ങ്ങളും (ഉദ: മിസ്റ്റിക് പ്രസ്ഥാനം, വിഷാദാത്മകപ്രസ്ഥാനം) നാട്ടുകാരിൽനിന്ന് ഒളിച്ചോടിപ്പോകലായിരുന്നു; ജീവത്സാഹിത്യമാകട്ടെ, മറെറന്തു ദൂഷ്യമുണ്ടായാലും, നാട്ടുകാരോടൊട്ടിനിന്നു—നാട്ടുകാരുടെതന്നെ അപശബ്ദങ്ങൾ നിറഞ്ഞ നിലവിളിയായിരുന്നു അതു്.

അപ്പോൾ, "ജീവത്സാഹിത്യത്തിനു മുമ്പും സാഹിത്യം പുരോഗമിച്ചിട്ടില്ലേ?" എന്ന ദുശ്ശോദ്യം ചോദിക്കുന്നവരോടു എനിക്കു പറയാനുള്ള ഉത്തരമിതാണ്: "മുമ്പു സാഹിത്യം പുരോഗമിച്ചിട്ടില്ലെന്നാരു പറഞ്ഞു? പക്ഷെ, എന്നുമുതൽ ജീവത്സാഹിത്യപ്രസ്ഥാനം നാട്ടുകാരുടെ പ്രസ്ഥാനമെന്നോണം രംഗപ്രവേശം ചെയ്തുവോ അന്നുമുതൽ അതിലൂടെയായി മലയാളസാഹിത്യത്തിൻെറ ഏററവും പുരോഗമനപരമായ അടിയൊഴുക്കുകൾ; അന്നുമുതൽ അതിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തവരുടെ കയ്യിലായി ഭാവിയുടെ വെന്നിക്കൊടി."

പുതിയ പാട്ടുകൾ, കവിതകൾ,
നാടകം, ചെറുകഥ

ആദ്യം ഈ പ്രസ്ഥാനം വെറും വിമർശനപരമായിരുന്നു. നേട്ടങ്ങളും കണ്ടുതുടങ്ങി. എന്നാൽ, ക്രമേണ സൃഷ്ടിപരമായ 1930—32-ലെ സാമ്പത്തികക്കുഴപ്പത്തിൻെറയും രാഷ്ട്രീയസമരങ്ങളുടേയും സാംസ്കാരികമായ കൊയ്ത്തുകാലം 1934 മുതൽ സമാരംഭിച്ചു. ഏവിടെയെവിടെ ജനാധിപത്യപരമായ തൊഴിലാളി—കർഷകപ്രസ്ഥാനങ്ങൾ അലതല്ലിയോ, അവിടങ്ങളിലെല്ലാം പുതിയ ചില പാട്ടുകൾ, കവിതകൾ, നാടകങ്ങൾ ഉയൎന്നു. കേരളീയൻ, കെ. പി. ആർ. തുടങ്ങിയവരുടെ "കർഷകരുണ്ണൻ നാം" മുതലായ ഗാനങ്ങൾ: കെ. പി. ജി., സുബ്രഹ്മണ്യൻതിരുമുമ്പു മുതലായവരുടെ സാമ്രാജ്യത്വവിരുദ്ധകവിതകൾ, കെ. ദാമോദരൻെറ "പാട്ടബാക്കി," "രക്തപാനം" മുതലായ നാടകങ്ങൾ; ഇ. എം. എസ്., ദാമോദരൻ മുതലായവരുടെ വെറും ലേഖനങ്ങൾ—ഇവയെല്ലാം നമ്മുടെ രാഷ്ട്രീയചരിത്രത്തിൽ മാത്രമല്ല, സാംസ്കാരികചരിത്രത്തിലും എത്രയോ പുത്തനായ അദ്ധ്യായങ്ങൾ തുറന്നുവെന്നു അന്നു സമ്മതിക്കാത്ത പലരുംതന്നെ ഇന്നു തലകുലുക്കി സമ്മതിക്കും.

ബഹുജനമദ്ധ്യത്തിൽനിന്ന് ഉറവെടുത്തു ബഹുജനമദ്ധ്യത്തിലേക്കുതന്നെ ഒഴുകിച്ചെന്ന പാട്ടുകളും കവിതകളും നാടകങ്ങളുമായിരുന്നു മേല്പറഞ്ഞവ; മട്ടിത:കരളത്തിൻെറ ഹൃദയമടിപ്പ് അവയിൽ മാറെറാലിക്കൊണ്ടു.

കഴിഞ്ഞില്ല: മേല്പറഞ്ഞതരം തൊഴിലാളി—കർഷകസാഹിത്യം മലബാറിലാണു കൂടുതൽ മുററിത്തഴച്ചതെങ്കിൽ, വേറെയും ചില സാഹിത്യക്കൊമ്പുകൾ കേരളത്തിൽ സർവത്ര പൂത്തു, തളിൎത്തു, കായ്ച്ചു. കേശവദേവ്, ബഷീർ, പൊററക്കാട്ട് മുതലായവരുടെ ചെറുകഥകൾ കിട്ടാൻ മാസികകളുടേയും വിശേഷാൽ പ്രതികളുടേയും പത്രാധിപന്മാർ തമ്മിൽ മത്സരം തുടങ്ങി. ചെറുകഥാപ്രസ്ഥാനം വളൎന്നു; എന്നാൽ, ഈ പ്രസ്ഥാനത്തിൽതന്നെ രണ്ടുതരം എഴുത്തുകാരുണ്ടായി. ചിലർ നാട്ടുകാരോടൊപ്പംനിന്നു പൊരുതി! എഴുതി (ബഷീർ); മററു ചിലർ തങ്ങളുടെ തലച്ചോറിൻെറ ചൊറിച്ചിൽതീക്കാൻ വേണ്ടിമാത്രം മാപ്പസാങ്ങിനെയും മററും അനുകരിച്ചു, ലൈംഗികച്ചുളിപിളിയിൽ ആണ്ടു (തകഴി)

ശ്രീ. വി. ടി. ഭട്ടതിരിപ്പാടിൻെറ "അടുക്കളയിൽനിന്നരങ്ങത്തേക്കു", എം. ആർ. ബി.യുടെ "മറക്കുടക്കുള്ളിലെ' മഹാനരകം", മുത്തിരിങ്ങോടിൻെറ "അപ്ഫൻെറ മകൾ"—ഇങ്ങിനെ വേറെയും ശാഖകൾ ഇക്കാലത്തു ജീവത്സാഹിത്യത്തിനുണ്ടായി.

യുദ്ധം വരുന്നു,
വിളക്കുകളണയുന്നു

അങ്ങനെയിരിക്കുമ്പോഴാണു പെട്ടെന്നു യുദ്ധം വന്നതു് (1939). രാഷ്ട്രീയജീവിതത്തിൻെറയെന്നപോലെ സാംസ്കാരികജീവിതത്തിൻെറയും വിളക്കുകൾ അണക്കപ്പെട്ടു. സിവിൽ സ്വാതന്ത്ര്യങ്ങൾ ഒരോൎമ്മമാത്രമായി. വള്ളത്തോൾ മാത്രമല്ല ശങ്കരക്കുറുപ്പും കവിതയെഴുതാതായി: മിസ്റ്റിക്ക്കവിതകൂടി നിലച്ചു. കെ. പി. ആർ. മുതൽ ബഷീർവരെയുള്ള വിപ്ലവകാരികളായ എഴുത്തുകാരെല്ലാം ഒന്നുകിൽ ജയിലിലായി; അല്ലെങ്കിൽ സി. ഐ. ഡി. യുടെ നിഴലിലായി.

ഉദര വ്യാധികൾക്ക്

## സ്റ്റൊമക്ക് ഡ്റാപ്സ്

വയററിൽ വേദന, നെഞ്ചെരിച്ചൽ, പുളിച്ചുതികട്ടൽ, ഉദരവ്രണം, അഗ്നിമാന്ദ്യം, അതിസാരം, വായുക്ഷോഭം, ഛർദ്ദി തുടങ്ങിയ ദഹനസംബന്ധമായ എല്ലാ രോഗങ്ങളെയും പാടെ നശിപ്പിച്ച് പൂർണ്ണാരോഗ്യം നൽകുന്നു. ആദ്യ ഡോസ് മുതൽ ദിവ്യഫലം കൈവരുത്തും.

40 ഡോസ് കുപ്പിക്ക് 3 രൂ. 80 ഡോസ് കുപ്പിക്ക് 5 രൂ.

പത്മാ ബ്രദേഴ്സ്, ചങ്ങനാശ്ശേരി.

## ആര്യവൈദ്യശാല & ഫാർമസി

ചിറക്കടവ്. പൊൻകുന്നം.

ശാസ്ത്രജ്ഞാനവും ചികിത്സാ നൈപുണ്യവുമുള്ള വൈദ്യന്മാർ രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതും വിദഗ്ദ്ധോപദേശമനുസരിച്ച് പ്രത്യേക മേൽനോട്ടത്തിൽ തയാർ ചെയ്തിട്ടുള്ള എല്ലാ ആയുർവേദൗഷധങ്ങളും മിതമായ വിലയ്ക്ക് കൊടുക്കുന്നതുമാണ്. നേരിട്ടോ കത്തുമൂലമോ ആവശ്യപ്പെടുക.

N. B. ശരിയായ അങ്ങാടിമരുന്നുകൾ, പച്ചമരുന്നുകൾ മുതലായവ മൊത്തമായും ചില്ലറയായും വിൽക്കുന്നതിന് സ്റ്റോക്കു ചെയ്തിട്ടുണ്ട്.

മാനേജർ, ആര്യവൈദ്യശാല, പൊൻകുന്നം. A. O.

## ഒന്നാംതരം റബർ ആസിഡ്

ഒന്നാംതരം റബർ ആസിഡ് പുതുതായി ധാരാളം വന്നുചേർന്നിരിക്കുന്നു. കച്ചവടക്കാർക്കും, മൊത്തമായി വാങ്ങുന്ന എല്ലാവർക്കും കമ്മീഷൻ കൊടുക്കുന്നതാണ്. കൂടാതെ, പെട്രോമാക്സ് വിളക്ക് കത്തിക്കുന്നതിനും മററും ഉപയോഗിക്കുന്ന "സ്പിരിററും, എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളും" വിൽസ്, പ്ലേയേഴ്സ്, മുതലായ സിഗററുകളും, എല്ലാത്തരം സ്റ്റേഷനറി സാമാനങ്ങളും മൊത്തമായി വരുത്തി വിററുവരുന്നു.

പാലാ അങ്ങാടിയിൽ കച്ചവടം, കെ.എ.ഇട്ടിയവിരാ & സൺസ്

(കുട്ടിയുടെ) പീടികയിൽ.

## നിങ്ങൾ പാലായിൽ വരുമ്പോൾ

വിദഗ്ദ്ധന്മാരായ പാചകരാൽ തയ്യാറാക്കപ്പെട്ട രുചികരമായ ഭക്ഷണപാനീയങ്ങൾക്കും, താമസ സൗകര്യത്തിനും, ഇപ്പോൾ മീനച്ചിലാറിന്റെ കരയിൽ പണി തീർത്തിരിക്കുന്ന—

വില്ലിംഗ്ടൺ ഹോട്ടൽ & റെസ്റ്റാറന്റ് സന്ദർശിക്കുക

മാനേജർ, കണ്ടത്തിൽ ഔത.

പഴയ ജീവത്സാഹിത്യപ്രസ്ഥാനത്തിന്റെ ഒരു പോരായ്മ, പഴയ കവികൾ, സാഹിത്യകാരന്മാർ മുതലായവർ അതിൽനിന്നൊഴിഞ്ഞുനിന്നുവെന്നതാണ്; പക്ഷേ, ഇത് അതിന്റെ മാത്രമല്ല, അവരുടേയും കൊള്ളരുതായ്മയായിരുന്നു. യുദ്ധം തുടങ്ങി അന്ധകാരം മുഴുത്തപ്പോൾ അവരിൽച്ചിലർ അതിനെ " അനുഭാവപൂർവം " വീക്ഷിക്കാൻ തുടങ്ങി. പൊൻകുന്നം വർക്കിയുടെ ഒരു ചെറുകഥാസമാഹാരത്തിനുള്ള അവതാരികയിൽ, ആ കഥകളും കേവലം "ജീവത്സാഹിത്യമെന്നു പറഞ്ഞു തള്ളേണ്ടവയല്ലെ"ന്നു ശിപാർശിച്ചുകൊണ്ടു, പ്രൊഫസർ ശങ്കരൻനമ്പ്യാർ അവയിലടങ്ങിയിട്ടുള്ള ജീവത്സാഹിത്യത്തെത്തന്നെയാണു വാഴ്ത്തിയത് ("വികാരസദനം" ഒന്നാം പതിപ്പിന്റെ അവതാരിക); പതിതവർഗ്ഗത്തിൽപ്പെട്ട ഒരാളുടെ കൈ ഒരു പ്രൊഫസർ പിടിച്ചുകുലുക്കി.

ശങ്കരക്കുറുപ്പിൽ മുമ്പുതന്നെ ചില മാററങ്ങളുണ്ടാവുന്നുണ്ടായിരുന്നു. "ഇരുട്ടിനുമുമ്പ്" എന്ന ഏകാങ്കനാടകവും "നാളെ" എന്ന കവിതയും 1936-ൽത്തന്നെ പുറത്തുവന്നു. ദേശീയ ചൈനയിലെ സമരസാഹിത്യത്തെപ്പററി "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ അദ്ദേഹമെഴുതിയ ലേഖനവും, യുദ്ധം പൊട്ടിപ്പുറപ്പെട്ടശേഷം—വിളക്കുകൾ അണഞ്ഞുതുടങ്ങിയശേഷം—പാലക്കാട്ടു സാഹിത്യപരിഷത്തിൽവെച്ചു "ജീവത്സാഹിത്യ"ത്തെപ്പററി അദ്ദേഹം ചെയ്ത പ്രസംഗവും, കട്ടപ്പിടിച്ച കൂരിരുട്ടിന്നിടയിൽ, പിന്നീടുണ്ടായ ഏകീകൃതപുരോഗമനസാഹിത്യപ്രസ്ഥാനത്തിനു വഴി തെളിച്ചിട്ടുണ്ട്.

പ്രാചീനമായ ആർഷസംസ്കാരത്തിന്റെ ഏററവും ആരോഗ്യദായകവും ചിരസ്ഥായിയുമായ നീരുറവകൾക്ക് അങ്ങേയററം നവീനമായ സംസ്കാരപ്രവാഹങ്ങളുമായിടകലർന്നാൽ "അയിത്ത"മില്ലെന്നുവന്നു; മാത്രമല്ല, രണ്ടും തമ്മിൽ സമ്മേളിച്ചു മുന്നോട്ടൊഴുകുന്നപക്ഷം, എത്രയോ വരണ്ടനിലങ്ങൾ നനയ്ക്കാം, എത്രയോ പുതിയ വയലുകളിൽ ധാന്യം വിളയിക്കാം, എന്ന ദിക്കായി.

ഈ വാഗ്ദാനത്തിന്റെ പ്രഖ്യാപനവും, കുറേക്കുറേ അതു നിറവേറിത്തുടങ്ങലുമാണ്, പഴയ ജീവത്സാഹിത്യത്തിന്റെ തുടർച്ചയായ പുതിയ പുരോഗമനസാഹിത്യപ്രസ്ഥാനം.

### പുതിയ ഉറവുകളും പുതിയ ഫലപുഷ്ടിയും

സോവിയററ്യൂനിയനെ നാസികൾ ആക്രമിച്ചതോടുകൂടി യുദ്ധം ജനകീയമായിയോ എന്നറിഞ്ഞുകൂടാ; പക്ഷേ, അതിനുശേഷമാണു യുദ്ധം തുടങ്ങിയതിൽപ്പിന്നീടു വീണ്ടും കേരളത്തിൽ ഒരു സംസ്കാരികനവോത്ഥാനം പ്രത്യക്ഷമായത്. 1942 മെയ്മാസത്തിൽ ഒന്നാം കേരള സോവിയററ് സുഹൃൽ സമ്മേളനത്തിന്റെ അദ്ധ്യക്ഷപദത്തിലിരുന്നുകൊണ്ടു മഹാകവി വള്ളത്തോൾ ഇതുൽഘാടനം ചെയ്തു (ഇന്നദ്ദേഹം അഖിലേന്ത്യാസോവിയററ് സുഹൃൽസംഘത്തിന്റെ വൈസ് പ്രസിഡണ്ടുമാരിലൊരാളാണ്.)

ഫാഷിസ്റ്റ്മൃഗങ്ങൾ യൂറോപ്പിൽനിന്നും ഏഷ്യയിൽനിന്നും ഇന്ത്യയുടെ നേർക്ക് ആഞ്ഞടുത്തു; കേരളത്തിൽ ജാപ്പ്സൈന്യങ്ങൾ കപ്പലിറങ്ങുമെന്നുകൂടി കരുതപ്പെട്ടു. ഈയവസരത്തിലാണ്, ചൈനയിൽ ജപ്പാൻകാർ കാട്ടിക്കൂട്ടുന്ന തെമ്മാടിത്തം വിഷയമാക്കിക്കൊണ്ടു വള്ളത്തോൾ "അധഃപതന"മെന്ന കവിതയെഴുതിയത്; അതുപോലെ നാസികൾ റഷ്യയിലും, നമ്മുടെ അധികൃതന്മാർ നമ്മുടെ നാട്ടിലും കാട്ടുന്ന അഴിമതികളെ അദ്ദേഹം ചൊട്ടിയിട്ടുണ്ട്. കസ്തൂർബായുടെ നിര്യാണവേളയിൽ അദ്ദേഹമെഴുതിയ "ആരറിഞ്ഞു?" എന്ന കവിതയിലെ ചില വരികൾ "മാതൃഭൂമി"ക്കാർ രാജ്യരക്ഷാനിയമത്തെ ഭയന്നു വെട്ടിക്കളഞ്ഞിട്ടാണു പ്രസിദ്ധപ്പെടുത്തിയത്. ചുരുക്കത്തിൽ, വള്ളത്തോളിന്റെ ഒച്ച വീണ്ടും കേട്ടുതുടങ്ങി.

ശങ്കരക്കുറുപ്പും പുതിയ പുരോഗമനസാഹിത്യത്തിനു നേരിട്ടുതന്നെ നിർഭയമായ നേതൃത്വം തന്നു. അദ്ദേഹത്തിന്റെ "ഗദ്യോപഹാരം", "ചെങ്കതിരുകൾ" മുതലായ പുതിയ പ്രസിദ്ധീകരണങ്ങൾ മാത്രമല്ല, കേരളത്തിലെത്രയോ ദിക്കുകളിൽ ഈ പ്രസ്ഥാനത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം ചെയ്തിട്ടുള്ള ഉജ്ജ്വല പ്രസംഗങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു.

## ശരീരമാദ്യം ഖലു ധൎമ്മസാധനം.

അത്യായാസം, അമിതഭോഗം, ദീർഘരോഗം, നാഡിക്ഷയം, സ്വപ്നസ്ഖലനം ചതവ്, പ്രസവം, ശ്വാസഹൃദ്കോശങ്ങളുടെ പ്രവൎത്തനവൈകല്യം, ആരോഗ്യസംധാരണ ധാതുക്കളുടെ ക്ഷയം മുതലായ കാരണങ്ങളാൽ ആരോഗ്യം ക്ഷയിച്ചു്, ശരീരം ക്ഷീണിച്ചു്, കാസശ്വാസം, ചങ്കുവേദന, രക്തക്കുറവു്, നിരുന്മേഷം, രതിശക്തിക്ഷയം ഇവയാൽ ക്ലേശിക്കുന്നവൎക്കു് നവജീവനും, യുവചൈതന്യവും ശരീരപുഷ്ടിയും, ഓജസ്സും നല്കുന്ന ഒരു അമൂല്യജീവകല്പം—പാലാ, പനക്കൽ ആൎയ്യവൈദ്യശാലക്കാരാൽ ലോകത്തിനു് പ്രദാനംചെയ്യപ്പെട്ടിരിക്കുന്നു.

# കോഡ്-ലിവർ-പ്രാശ്

മീൻനെയ്യും, അജമാംസരസവും, അനേകം ദിവ്യമൂലികാരസങ്ങളും ചേൎത്തു പ്രത്യേകം തയാറാക്കപ്പെട്ടിട്ടുള്ള ഈ ദിവ്യാമൃതം, യാതൊരു പത്ഥ്യാനുഷ്ഠാനവും കൂടാതെ ആൎക്കും, ഏതുസമയത്തും, ഉപയോഗയോഗ്യമായ—ഈ ജീവ'പ്രസാദം' ഇന്നുമുതൽ ഒരു ഔൺസുക്രമം വീതം, കാലത്തും കിടക്കാൻ നേരത്തും ഉപയോഗിക്കുക.

റാ:—1-ന്നു് രൂ 5 മാത്രം.(വി. പി. ചിലവു് പുറമേ.)

**Manager, Panakel Arya Hospital, Travancore.**

## TRY AND BE CONVINCED

**Durable Foot wear in Fancy Designs very cheap at**

**STANDARD LEATHER MART,**
**KALARIKAL BAZAR,**
*Kottayam*

While at Kottayam Stay at

## HOTEL PHILIP'S

(NEAR ZILLA COURT)

**Best Boarding & Lodging House**
**with all modern fittings**
**Both European & Indian Dishes Served**
**Very comfortable well furnished**
**airy rooms to let at moderate charge.**

## FOR YOUR PHOTOS & ENLARGEMENTS

**N. M. ABRAHAM'S DAY & NIGHT STUDIO**

**KOTTAYAM**

മർദ്ദനം മുറുകിവന്നെങ്കിലും, അതിനെച്ചെറുത്തുകൊണ്ടുതന്നെ, കേരളത്തിലെ തൊഴിലാളി—കർഷകപ്രസ്ഥാനങ്ങളും വിദ്യാർത്ഥിപ്രസ്ഥാനവും വീണ്ടും ഉയിർത്തെഴുന്നേററു. തങ്ങളുടെ എഴുത്തുകാരിൽപ്പലരേയും നാട്ടുകാർ ജയിലിൽനിന്നും ഒളിവിൽനിന്നും പുറത്തേക്കു കൊണ്ടുവന്നു. പോലീസ്സുമർദ്ദനം, സാമ്രാജ്യത്വത്തിന്റെ അധികാരനിഷേധം, ഫാഷിസ്റ്റാക്രമണം, ഭക്ഷണക്കൊള്ള മുതലായ ശത്രുസംരംഭങ്ങളെ ചെറുക്കാൻ നാട്ടുകാരെ അണിനിരത്തുന്ന ഗാനങ്ങൾ തുരുതുരെപ്പൊന്തി; നാട്ടിലെങ്ങും അവ പാട്ടായി. ഈ അവസരത്തിൽ തിരുമുമ്പു, കെ. പി. ജി. മുതലായ പഴയ ജീവത്സാഹിത്യ കവികൾക്കുപുറമെ, ചെറുകാട്ട്, എൻ. വി. കൃഷ്ണവാരിയർ, എം. പി. ഭട്ടതിരിപ്പാട്ട്, പി. ഭാസ്കരൻ മുതലായ പുതിയ ചില പേരുകൾ കൂടി ഞാൻ സ്മരിക്കുന്നു.

ചെറുകഥകളും എണ്ണത്തിലും വണ്ണത്തിലും വർദ്ധിച്ചു: മുണ്ടശ്ശേരിയുടെ "സമ്മാനം" "കടാക്ഷം" എന്നീ രണ്ടു ചെറുകഥാസമാഹാരങ്ങൾ, ബഷീറിന്റെ "ബാല്യകാലസഖി", തകഴിയുടെ "അടിയൊഴുക്കുകൾ", പൊൻകുന്നം വക്കിയുടെ "ആരാമം" "അണിയറ", ദേവിന്റെ "ജീവിതചക്രം", പൊററക്കാടിന്റെ "നാടൻ പ്രേമം"—ഇതെല്ലാം ഇയ്യിടെയുണ്ടായിട്ടുള്ള പുതിയ പ്രസിദ്ധീകരണങ്ങളാണ്. പുത്തേഴത്തിന്റെ ശക്തൻതമ്പുരാൻ", എം. പി. പോളിന്റെ "നോവൽസാഹിത്യം"—ഇങ്ങിനെ വേറെയും പ്രസിദ്ധീകരണങ്ങൾ ഗദ്യസാഹിത്യത്തിന്റെ മററു രംഗങ്ങളിലുണ്ടായിട്ടുണ്ട്; പുറമെ, ഒട്ടനവധി നാടകങ്ങളും—ഇതെല്ലാം അന്യാദൃശമായ നേട്ടങ്ങളാണെന്നു സമ്മതിച്ചേ തീരൂ.

### നേട്ടങ്ങൾ തുടരാൻ
### ഐക്യം തുടരുക

എന്താണ് ഈ നേട്ടങ്ങളുടെയെല്ലാം പിന്നിലുള്ള ഒരു വാസ്തവം? ഇന്ന് സാഹിത്യത്തിന്റെ അണികളിൽ പണ്ടത്തെപ്പോലെതന്നെ അടികലശലുകൾ നടക്കുന്നില്ല; മിക്ക 'പ്രസ്ഥാന'ങ്ങളും ഗ്രൂപ്പുകളും ഒരേയൊരു പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽ അണിനിരന്നിട്ടുണ്ട്; നമ്മുടെ ഏററവും ഉയർന്ന കവികളും സാഹിത്യകാരന്മാരും ഈ ഐക്യത്തിനും പുരോഗതിക്കും നേതൃത്വം നൽകിയിട്ടുണ്ട്—അതാണേററവും വലിയ നേട്ടം.

ഈ ഐക്യത്തിനും പുരോഗതിക്കും വേണ്ട വിപുലമായ ഒരു വീക്ഷണകോണമാണ്, ഒരു പ്ളാററുഫോറമാണ്, കഴിഞ്ഞ കൊല്ലത്തെ ഷൊർണ്ണൂർസമ്മേളനവും, അതിൽ അണിനിരന്ന സാഹിത്യകാരന്മാർ ഏകകണ്ഠമായംഗീകരിച്ച സാഹിത്യവിജ്ഞാപനവും കേരളത്തിലെപുരോഗമനേച്ഛുക്കളായ എഴുത്തുകാർക്കു നൽകിയതു്. ആ ഐകമത്യവും സഹോദരബുദ്ധിയും, നാടിനോടും നാട്ടുകാരോടുമുള്ള കൂറും, അക്രമങ്ങളെ ചെറുക്കാനുള്ള തന്റേടവും കോട്ടയത്തുവച്ചുകൂടുന്ന രണ്ടാം അഖിലകേരള പു: സാ: സമ്മേളനത്തിലും തുടർന്നുകാണാൻ അവിടെക്കൂടുന്ന സാഹിത്യനായകന്മാർ പ്രത്യേകം യത്നിക്കുമെന്നു ഞാനാശിക്കുന്നു.


# Announcement.

**We beg to announce the opening of a**

**Restaurant at the Y. M. C. A.**

**shortly under our management, where both European and Indian Dishes will be served.**

The Date of opening will be published later.

The patronage and co-operation of all are earnestly solicited.

*Proprietors:-* HOTEL PHILIP'S

**KOTTAYAM.**

# ചന്ദ്രിക ഔഷധ സോപ്പ്.

(Regd.)

ചൊറി, ചുണങ്ങ്, മൊരിച്ചുണങ്ങ്, കാർചുണങ്ങ് മുഖക്കുരു, വരട്ടുചൊറി, പുഴക്കടി, നിറഭേദങ്ങൾ എന്നിവയ്ക്കു കൈകണ്ട സിദ്ധൗഷധം. സോപ്പ് കട്ട 1-ന് 12 ണ. 3 കട്ടയിൽ കുറഞ്ഞ് വി. പി. അയയ്ക്കുന്നതല്ല.

വിദഗ്ദ്ധന്മാർ പറയുന്നു:—

**"I have tried the CHANDRIKA SOAP of Mr. C. R. Kesavan Vaidyar for some of my patients suffering from Scabies, Tinea Versicolor etc. and have found them to be responding well."**

Dr. P. RAMAN MENON, M. B. B. S.
Medical Officer, Govt Hospital;
**Cranganore.**

സിദ്ധവൈദ്യാശ്രമം, ഇരിങ്ങാലക്കുട.

# റബ്ബർ ആസിഡ്

ഒന്നാംതരം റാപ്പർ ബ്രാണ്ട് റബ്ബർ ആസിഡ് വാങ്ങി ഉപയോഗിപ്പിൻ

കച്ചവടക്കാർക്ക് കമ്മീഷൻ കൊടുക്കപ്പെടും

മൂഴയിൽ തോമ്മസ് **Proprietor.** ദി ജനറൽ സപ്ലൈസ്

ശീമമരുന്നുകൾ, സ്പിരിറ്റ്, റബ്ബർ ആസിഡ് മുതലായവ വ്യാപാരം പാലാ.

# ഗർഭരക്ഷാസുധ

ഗർഭകാലജന്യങ്ങളായ സകല അസുഖങ്ങൾക്കും വളരെ ഫലപ്രദമായ ശമനൗഷധമെന്നും, ഗർഭകാലോപദ്രവങ്ങളില്ലാത്ത സ്ത്രീകൾക്കും കഷ്ടപ്രസവത്തെയും, തന്മൂലമുള്ള ഉദരന്തദുരിതങ്ങളെയും തടഞ്ഞ്, ക്ലേശരഹിതമായ പ്രസവത്തിന് സഹായകമായ നിവാരണൗഷധമെന്നും മാതാവിനും ശിശുവിനും യഥാർത്ഥത്തിൽ ഒരനുഗ്രഹമെന്നും മററും അനുഭവസാക്ഷ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ സുഖപ്രസവസിദ്ധൗഷധം ഒരിക്കൽ പരീക്ഷിപ്പിൻ.,, ഇച്ഛാഭംഗത്തിനിട വരുന്നതല്ല.

ഒരു മാസത്തേക്കുള്ള 60 ഗുളികയ്ക്ക് 2 രൂപാ

# ബാലരക്ഷാസുധ

ശോധന ഒട്ടുമില്ലാതിരിക്കയോ തൃപ്തികരമല്ലാതിരിക്കയോ ചെയ്യുന്നതിന്റെ പിറെറ ദിവസം രാവിലെ ഒരു വട്ടം മാത്രം, പ്രായാനുസാരമുള്ള ഗുളിക സേവിച്ചാൽ കുട്ടികൾക്കു ജനനം മുതൽ 12 വയസ്സുവരെ ഉണ്ടാകാവുന്ന സകല തരം കരപ്പൻ, പനി, മുട്ടൽ, കഫക്കെട്ട്, പച്ചനിറത്തിൽ വയറിളകുക, വയറു കമ്പനം മുതലായ അസുഖങ്ങളെ അകററി ആരോഗ്യം കൈവരുത്തുന്ന ഏക സിദ്ധൗഷധം.

60 ഗുളിക അടങ്ങിയ കുപ്പി 1-ന് 1 രൂപാ.

**വൈദ്യൻ കെ. ഐ. തര്യൻ (Govt. Diplomaed)**

സെൻറ് ആൻറണീസ് ഫാർമസി, ചങ്ങനാശേരി. A. O. & P. O.

# ആത്മഗീതങ്ങൾ

( ടി. കെ. നാരായണക്കുറുപ്പ്,
പത്രാധിപർ "ടാഗോർ" )

ഒരു നീർക്കുമിള പൊട്ടുന്ന ശബ്ദം, അലച്ചുവല്ലു, പ്രപഞ്ചതടാകത്തിന്റെ കരകളെ തഴുകിത്തലോടുമ്പോൾ, ഞാനെന്റെ ചെറിയ കൊതുമ്പുതോണിയിലിരുന്ന് അങ്ങയുടെ മധുരസംഗീതത്തിനൊപ്പിച്ച് ഹൃദയസ്പന്ദനത്താൽ താളമിടുവാനനുവദിക്കണമേ!

◆ ◆

മൊട്ടിന്റെ അന്ത്യശ്വാസത്തിൽ പുഞ്ചിരിയിടുന്ന പൂവും, പൂവിന്റെ ഹൃദയത്തിൽ ഒതുങ്ങിയിരുന്നുകൊണ്ട് ശാശ്വതത്വത്തിനുവേണ്ടി തപസ്സു ചെയ്യുന്ന ചെടിയും ആരാമത്തിൽ എനിക്കു മാർഗ്ഗദർശികളത്രേ!

◆ ◆

മനോഹരമായ പനിനീർപ്പൂ ലോകത്തിനു സമ്മാനിക്കുവാൻ, ഒരു മുൾച്ചെടി!

◆ ◆

വിലാസിനിയുടെ വാർകുന്തളിലിരുന്ന് വിഷാദം കൊള്ളുന്ന പനിനീർപ്പൂവിന്, ആ മുള്ളുകളുടെ നടുവിൽ എത്ര പരമാനന്ദമായിരുന്നു!

◆ ◆

ആയിരമായിരമന്തികൾക്കുടയാട മുക്കാനുള്ള ചെഞ്ചായമത്രയും, ഈ ചെമ്പരത്തിച്ചെടി കൈക്കലാക്കി വച്ചിരിക്കുന്നു!

◆ ◆

മന്ദമാരുതനിൽ ആനന്ദനൃത്തം ചെയ്യാനും മന്ത്രസ്വരത്തിൽ ആകാശത്തോടു നർമ്മസല്ലാപം ചെയ്യാനുമേ മരങ്ങൾക്കു സമയമുള്ളു; മണ്ണിനടിയിൽ കിടന്നു വേല ചെയ്യുവാൻ വേരുകളുണ്ടല്ലോ!

◆ ◆

ദൈവത്തിന്റെ ഭാഷ സംസാരിക്കുന്ന പൈതൽ, അതു മറന്നിട്ട്, മനുഷ്യന്റെ ഭാഷ സംസാരിക്കുമ്പോൾ വിവേകിയാകുന്നു!

◆ ◆

ഇരുപുറവും ചോദിച്ചുകൊണ്ടുനിന്ന രാപ്പകലുകൾക്കു കൊടുക്കാതെ അന്തി അവളുടെ പൂക്കൂടയിലെ പൂ മുഴുവൻ വാരി വിണ്ണിലേയ്ക്കെറിഞ്ഞപ്പോൾ അന്ധകാരം അരചാളുവാൻ തുടങ്ങി!

◆ ◆

നക്ഷത്രങ്ങൾക്കു സ്വാഗതമരുളുവാനുള്ള ബദ്ധപ്പാടിൽ അന്തി സൂര്യനു കൃതജ്ഞത പറയുവാൻ മറന്നുകളഞ്ഞു!

◆ ◆

ഇരുളാകുന്ന കരിമ്പടത്തുണ്ടിനാൽ എന്റെ കണ്ണു മൂടണോ, സുന്ദരങ്ങളായ താരകങ്ങളെയൊന്നു കാണുവാൻ!

◆ ◆

വെളിച്ചത്തെക്കാൾ വലിയ ഇരുളും, ധൈര്യത്തെക്കാൾ വലിയ ഭീരുത്വവും ഞാൻ ഒരിടത്തും കാണുന്നില്ല!

◆ ◆

ഭാഷയുടെ പിടിക്കുള്ളിൽ കിടന്ന് പിടയുന്ന ആശയത്തിന്, അരികിൽ വിടർന്ന് നിൽക്കുന്ന പനിനീർപ്പൂവിനെ തൊടുവാൻ കഴിയുന്നില്ല!

◆ ◆

പനിനീർപ്പൂവിന്റെ ഇതളെണ്ണുവാൻ സഹൃദയനു സമയമില്ല: അതു വേണമെങ്കിൽ നിരൂപകൻ ചെയ്തുകൊള്ളട്ടെ!

◆ ◆

മഴവില്ലു നിർമ്മിക്കുവാനുള്ള അഴക് മുഴുവൻ സംഭരിച്ചിരിക്കുന്ന "കലവറയിലേക്ക്", അല്ലയോ കലാകാരാ, അങ്ങെന്നെക്കൂടി കൊണ്ടുപോകുമോ?

◆ ◆

സംഗീതത്തിന്റെ രാക്കുപൊടികളാകുന്ന ചീവീടൊച്ചകളെ ഇരുളാകുന്ന മെഴുകിൽ

◆ ◆

പതിച്ച് മുങ്ങകളുടെ മൂളലാൽ ഉലയുന്നി ഉര [illegible]ി വരാം കനകശലാകകളാണ്, പ്രഭാതത്തിൽ നമുക്കു കിട്ടുന്ന പൈങ്കിളിപ്പാട്ടുകളെ[illegible]കിൽ, നമുക്കു കിട്ടാത്തതും കിട്ടാനിടയില്ലാത്തതും അർദ്ധരാത്രിയുടെ നിശ്ശബ്ദതയിൽവച്ചു [illegible] [illegible]ത്തിന്റെ താഴികക്കുട[illegible]ന്നം. അപ്പാ[illegible]തയുടെ അരമനയിൽ [illegible]മായ ആ ദിവ്യസംഗീതത്തിന്റെ മാധുര്യം എന്തായിരിക്കും?

◆ ◆

[illegible]ത്യതയിൽ നിന്ന് അന ത്യതയിലേ[illegible] ഒന്നെത്തിനോക്കിയിട്ട്, നീക്കമില്ല, തല[illegible]ച്ചു കളഞ്ഞു!

◆ ◆

ജീവിതമാം [illegible]മരുഭൂമിയിൽ മറവിയെന്ന ദൈവത്തിന [illegible] പറയുക; അതിന്റെ തണലിൽ നമുക്കു വിശ്രമിക്കാം.

◆ ◆

—0—

MILLION & Co.,
HIGH CLASS ROLLED GOLD
JEWELLERS
KOTTAYAM.

ഗുഹ്യ
രോഗങ്ങൾ

ഉദരരോഗവിദഗ്ദ്ധന്റെ
ഉദാര സംഭാവന

അത്ഭുതസ്വഭാവത്തിനോ

ഗുഹ്യരോഗങ്ങൾക്കും [illegible] മരുന്നുകൊണ്ടു മറക്കാത്ത അനുഭവം.

മറുപടിക്കു സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

ആയുർവ്വേദിക്ക് മെഡിക്കൽ ഹാൾ,
ചങ്ങനാശ്ശേരി.

# കേരള ഗ്രന്ഥാലയ സംഘം.

(ജനറൽ സെക്രട്ടറി)

ഏപ്രിൽ 7-ാംനു ചേർന്ന 'കേരളഗ്രന്ഥാലയ സംഘത്തിന്റെ പൊതുയോഗത്തിൽവെച്ച് 1945-ലെ ഭരണസമിതിയിലേക്കു താഴെപ്പറയുന്ന മാന്യന്മാരെ അംഗങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നു.

അദ്ധ്യക്ഷൻ—ഇ. രാമൻമേനോൻ

ഉപാദ്ധ്യക്ഷന്മാർ—എൻ. ബാലാമണി അമ്മ
ഡോക്ടർ കെ. ഗോദവർമ്മ
പി. കെ. കോരു
മാക്ബൂൽ അഹമ്മത്
ജോസഫ് മുണ്ടശ്ശേരി
എ. കെ. ടി. കെ. എം. ഉണ്ണൻ നമ്പൂതിരിപ്പാട്
ആർ. കവിറാം

ഖജാൻജി—കെ. പി. വറീത്
പ്രചരണകാര്യദർശിമാർ—പനമ്പിള്ളി ഗോവിന്ദമേനോൻ
എസ്സ്. ഉണ്ണൻനായർ
വി. രാമുണ്ണി

പ്രസിദ്ധീകരണഉദ്യോഗസ്ഥന്മാർ—
സി. ഉണ്ണിരാജാ
വറുഗീസ് കളത്തിൽ
പുലാക്കാട്ടു ശങ്കരവാരിയർ

മററംഗങ്ങൾ—കെ. സി. സക്കറിയാ
എം. പി. ഫൈലോസ്
പി. കെ. ശിവശങ്കരപ്പിള്ള
കെ. രാമകൃഷ്ണപിള്ള
കെ. ജെ. തോമ്മസ്
എൻ. കൃഷ്ണൻനായർ
ഇ. കുഞ്ഞിക്കണ്ണൻ നായർ
ടി. പി മാത്യു
തെരുവത്തു രാമൻ

ജനറൽ സെക്രട്ടറി—മധുരവനം സി. കൃഷ്ണക്കുറുപ്പ്

ഈ സംഘത്തിന്റെ പ്രവർത്തനം ദക്ഷിണകേരളത്തിൽ ഊർജ്ജിതമായി നടത്താൻ ഉദ്ദേശിച്ചിരിക്കയാണ്. എല്ലാ വായനശാലാപ്രവർത്തകന്മാരുടേയും ഉത്സാഹിച്ചുള്ള സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

## ഇന്നത്തെ ശിശുക്കൾ — ഭാവിപൗരന്മാർ

മാതാപിതാക്കളെ! നിങ്ങളുടെ ഓമനക്കുഞ്ഞുങ്ങൾ ഭാവിപൗരന്മാരായി ലോകരംഗത്തു പലവിധനിലകളിൽ ശോഭിക്കണമെങ്കിൽ അവരെ ഇന്നുമുതലെ അരോഗദൃഢഗാത്രന്മാരായി വളർത്തുക. കുട്ടികൾക്കുണ്ടാകുന്ന സകലവിധ രോഗങ്ങളെയും ഹനിച്ചു ആരോഗ്യവും ഉന്മേഷവും തേജസ്സു നൽകുന്ന **പി. കെ. ബാലകല്പം** പോലെ ഗുണം തികഞ്ഞ മറെറാരു ടോണിക്ക് ഇന്നുവരെ പുറത്തുവന്നിട്ടില്ലെന്നു അനുഭവസ്ഥന്മാർ പറയുന്നു.

N. B. ഞങ്ങളുടെ ഫാർമസിയിൽ വിദഗ്ദ്ധ വൈദ്യന്മാരുടെ മേൽനോട്ടത്തിൽ ഏററവും കൃത്യനിഷ്ഠയോടെ തയ്യാർ ചെയ്യുന്ന സകലവിധ ആയുർവ്വേദ ഔഷധങ്ങളും മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്.

വൈദ്യൻ കെ എൻ കേശവപിള്ള & സൺ
ആനന്ദചന്ദ്രോദയം വൈദ്യശാല, പൊൻകുന്നം



# പുസ്തകങ്ങൾ

1. പരമാർത്ഥങ്ങൾ 1—8—0
   ജീവിതയാഥാർത്ഥ്യങ്ങളെ ശ്രീ തകഴി ഈ നോവലിൽക്കൂടി തുറന്നു കാട്ടുന്നു.
2. നിശാഗന്ധി 1—8—0
   ശ്രീ. എസ്. കെ പൊറെറക്കാട്ടിൻെറ ഒമ്പതു കഥകളുടെ സമാഹാരം
3. പ്രവാഹം 1—0—0
   (കേശവദേവിൻെറ ചെറുകഥകൾ)
4. അടിയൊഴുക്കുകൾ 1—0—0
   (തകഴിയുടെ ചെറുകഥകൾ)
5. അണിയറ 1—0—0
   (പൊൻകുന്നം വർക്കി)
6. തൂലികാചിത്രങ്ങൾ 1—0—0
   (വക്കം അബ്ദുൽഖാദർ)

മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ഏതുതരം പുസ്തകങ്ങൾക്കും ഞങ്ങളോടാവശ്യപ്പെടുക.

പീപ്പിൾസ് ബുക്ക്സ്റ്റാൾ — ആലപ്പുഴ.



# കാരണമെന്തു്?

സ്വർണ്ണവ്യാപാരം, പൊൻകുന്നം പി. സി. വറുഗീസ് & സൺസിൽ പതിവും, ഓർഡറും കൂടുതൽ ഉള്ളതു് അവിടെ സ്വർണ്ണം, പവൻ, വെള്ളി, കല്ലുകൾ ഇവകൊണ്ടുള്ള ഉരുപ്പടികൾ ന്യായമായ വിലയ്ക്കു് എടുക്കുകയും പരിപൂർണ്ണമായ ഉത്തരവാദിത്വത്തിൽ കൊടുക്കുകയും ചെയ്യുന്നതു നിമിത്തമാണ്.

പി. സി വറുഗീസ് & സൺസ്
സ്വർണ്ണവ്യാപാരം, പൊൻകുന്നം.

ചെറുകഥ

# കോളേജ് ഡേ

(പി. കേശവദേവ്)

കോളേജ് ഡേ!—മീററിങ്ങ്, ഫാൻസിഡ്രസ് കാംപെററിഷൻ, എലക്യൂഷൻ കാംപെററിഷൻ, എസ്സേ കാംപെററിഷൻ, ഡ്രാമാ, എന്നിങ്ങിനെ വിപുലമായ ഒരു കാര്യപരിപാടിയാണ്. ഹോസ്റ്റലുകളിലെ ആഹ്ലാദം ഏതാണ്ടൊരു ഉന്മാദപരിധിയിൽ എത്തിയിട്ടുണ്ട്.

സെക്രട്ടറിയുടെ മുറിയിൽ നാടകത്തെപ്പററിയുള്ള ആലോചനകളാണ്. നാടകത്തിലെ സംഭാഷണത്തിനിടയിൽ അവസരം കിട്ടുമ്പോൾ പരസ്പരം "ഡോസു" കൊടുക്കുന്നതാണവിടത്തെ ചിന്താവിഷയം. ക്രിസ്തുമസ് വെക്കേഷന് എല്ലാവരും വീട്ടിലേക്കു പോകുമ്പോൾ റെയിൽവെ സ്റ്റേഷനിൽവച്ചു കുറുപ്പു തങ്കമ്മയുടെ പെട്ടി ചുമന്ന കാര്യം സൂചിപ്പിക്കുമെന്നു ബാലൻ കുറുപ്പിനെ ഭീഷണിപ്പെടുത്തി. ആക്കാര്യം വല്ലതും മിണ്ടിപ്പോയാൽ, ഓറഞ്ചുകളറിനോടു ബാലനു പ്രത്യേക പ്രതിപത്തിയുണ്ടാകാൻ കാരണമെന്തെന്നു പരസ്യമായി ചോദിക്കുമെന്നു കുറുപ്പു ബാലനേയും ഭയപ്പെടുത്തി. കാർബൺ പേപ്പർവച്ചു പ്രേമലേഖനം എഴുതിയ കാര്യം മിണ്ടാതിരിക്കാമെങ്കിൽ, റോസാപ്പൂവിനെപ്പററി ഒരു സൂചനയും കൊടുക്കുകയില്ലെന്നു ജോർജ്ജും ശങ്കരനും തമ്മിൽ ഒരു കരാറുണ്ടാക്കി. ഏതായാലും, മാത്യുവിൻെറ ഈവനിങ്ങ്‌വാക്ക്, പരമേശ്വരൻപിള്ളയുടെ കളിക്കാൻ പോക്ക്, മാത്തമാററിക്സ് പ്രൊഫസറുടെ കോപം, രാജമ്മയുടെ പുകച്ചുനോട്ടം, ഏലിക്കുട്ടിയുടെ നാണം, വിലാസിനിയുടെ ധിക്കാരം, എന്നീ വിഷയങ്ങളെപ്പററി സ്റ്റേജിൽ സന്ദർഭാനുസരണം സൂചനകൾ നൽകാമെന്ന് ഐകകണ്ഠ്യേന തീർച്ചപ്പെടുത്തി.

പിന്നെ കാര്യാലോചനയായി. പൗഡർ, വാസ്‌ലെയിൻ, പിൻ മുതലായവ വാങ്ങുവാൻ രണ്ടുപേർ നിയോഗിക്കപ്പെട്ടു. സ്ത്രീപാർട്ടുകാർക്കു ടോപ്പുകൊണ്ടുവരാൻ ഒരാൾപോയി.

സെക്രട്ടറിയുടെ കട്ടിലിൻെറ അററത്ത്, അതുവരെ ഒന്നും മിണ്ടാതിരുന്ന ഗോപാലൻ നായർ ചോദിച്ചു—"സാരിവേണ്ടേ, സാര്?"

എല്ലാവരുംകൂടി ഒരു പൊട്ടിച്ചിരി. ഗോപാലൻ നായർ ഒന്നു വിളറി—"എന്താ ഇത്രയധികം ചിരിക്കാനുള്ളത്? സാരിയില്ലാതെങ്ങിനെയാ, സ്ത്രീപാർട്ടെടുക്കുന്നത്?"

സെക്രട്ടറി അധികാരസ്വരത്തിൽ പറഞ്ഞു—"ആക്കാര്യം ഞാൻ നിർവഹിച്ചുകൊള്ളാം. ആവശ്യമുള്ള സാരിയും ജമ്പറും ഞാൻ കൊണ്ടുവരാം."

വീണ്ടും പൊട്ടിച്ചിരിയും ആർപ്പുവിളിയും തുടങ്ങി.

തോമസ് എഴുന്നേററു നിന്നുകൊണ്ടു പറഞ്ഞു—"ഓർഡർ! ഓർഡർ!! എനിക്ക് ഒരു പ്രമേയമുണ്ട്; സാരികളും ജമ്പറുകളും തിരഞ്ഞെടുക്കുന്നതിൽ പരിചയവും, ലേഡിസ്റ്റുഡൻസുമായി അടുപ്പവുമുള്ളവരെയാണു ആ ജോലിക്കു നിയോഗിക്കേണ്ടത്."

പുരുഷോത്തമൻപിള്ള പ്രമേയത്തെ പിൻതാങ്ങി. പരിചയമില്ലാത്തവർ ലേഡിസ് ഹോസ്റ്റലിൽ ചെന്നാൽ, അവർ സാരിയും ജമ്പറും തരികയില്ലെന്നും മററും ശക്തിയായി സംസാരിച്ചു. അയാൾ തുടർന്ന് ഇപ്രകാരം പറഞ്ഞു—"കഴിഞ്ഞകൊല്ലം തോമസ്സും ഞാനും കൂടെയാണു സാരികൾ തിരഞ്ഞെടുക്കുവാൻ പോയത്. ഇക്കൊല്ലവും........."

ഹോസ്റ്റൽ വിറയ്ക്കത്തക്കവിധത്തിലുള്ള കൂക്കുവിളി തുടങ്ങി.

റഹിം എഴുന്നേററു—"ഓർഡർ! ഓർഡർ!! ........കഴിഞ്ഞകൊല്ലം സാരി കൊണ്ടുവരാൻ പോയവരെ ലേഡിസ്റ്റുഡൻറ്സ് കളിയാക്കിവിട്ടത് നമുക്കെല്ലാം അറിവുള്ളതാണല്ലോ. ആ സംഭവം നമുക്കു പൊതുവെ അവമാനകരവുമാണ്."

"ഷെയിം! ഷെയിം!!" എന്ന വിളി ഉച്ചത്തിൽ മുഴങ്ങി.

തോമസ് വാശിയോടുകൂടി പറഞ്ഞു—"ആ പ്രസ്താവനയെ ഞാൻ പ്രതിഷേധിക്കുന്നു."

വീണ്ടും ഷെയിം വിളി മുഴങ്ങി.

റഹിം തുടർന്നു പറഞ്ഞു—"ഇക്കൊല്ലവും അതേ അബദ്ധംതന്നെ പററാതെ സൂക്ഷിക്കേണ്ടതു നമ്മുടെ കടമയാണ്. ഡിഗ്നിററി വിടാതെ സംസാരിക്കാൻ അറിയാവുന്നവരെ മാത്രമേ ലേഡീസ് ഹോസ്റ്റലിലേക്കു വിടാൻ പാടുള്ളൂ. നിങ്ങൾക്കെല്ലാം സമ്മതമാണെങ്കിൽ, ബാലനും ഞാനും കൂടെ........."

ആകാശം പിളർക്കുന്ന കൂക്കുവിളിയും ഹസ്തതാഡനവും.

ഗോപാലൻനായർ പറഞ്ഞു—"സ്റ്റീപ്പാർട്ട് എടുക്കുന്നവർ തന്നെയാണു സാരികളും ജമ്പറുകളും തിരഞ്ഞെടുക്കേണ്ടതു്. ഞാൻ നായികയുടെ പാർട്ടാണെടുക്കുന്നതു്. എനിക്കു യോജിക്കുന്നതെല്ലാം ഞാൻതന്നെ വാങ്ങിക്കൊണ്ടുവന്നുകൊള്ളാം"

തോമസ് എതിർത്തു—"യോജിക്കുന്നതുവേണമെന്നും പറഞ്ഞങ്ങോട്ടു ചെല്ലുമ്പോൾ, തന്നയക്കാൻ അവർക്കു മനസ്സില്ലെങ്കിലോ?"

ഗോപാലൻനായരും വീറോടുകൂടി എതിർത്തു—"മററുള്ളവർ കൊണ്ടുവരുന്ന സാരി ഉടുക്കാൻ എനിക്കു മനസ്സില്ലെങ്കിലോ?"

"മനസ്സില്ലാത്തവർ പാർട്ടെടുക്കണ്ടാ"

വാദപ്രതിവാദത്തിനു ചൂടു വർദ്ധിച്ചു. ബഹളം അനിയന്ത്രിതമായി.

ഓർഡർ! ഓർഡർ!!"—വാതുക്കൽനിന്നു് കെ. എം. അവറാത്തു് ഉച്ചത്തിൽ ആജ്ഞാപിച്ചു. എല്ലാവരും തിരിഞ്ഞു നോക്കി. അവറാത്തു് സഗൗരവം പറഞ്ഞു—"മാന്യരേ, ലേഡീസ് ഹോസ്റ്റലിൽനിന്നു് എനിക്കു് ഇപ്പോൾ കിട്ടിയ സന്ദേശം നിങ്ങളെ അറിയിക്കുവാനാണു ഞാനിങ്ങോട്ടു വന്നതു്"

എല്ലാവരും ഒപ്പം—ഹിയർ! ഹിയർ!!"

അവറാത്തു് തുടർന്നു..."നമ്മുടെ നാടകത്തിന്റെ ആവശ്യത്തിലേക്കായി ഒരു കഷണം തുണിപോലും കൊടുക്കുവാൻ പാടില്ലെന്നു ലേഡീസ്ഹോസ്റ്റലിലെ നമ്മുടെ സഹോദരികൾ യോഗംകൂടി പ്രമേയം പാസാക്കിയിരിക്കുന്നു. ആ വിവരം നിങ്ങളുടെയെല്ലാം പ്രതിനിധിയായ എന്നെ അറിയിച്ചിട്ടുണ്ടു്."

"ഷെയിം! ഷെയിം!!"

അവറാത്തു് പൂർവ്വാധികം ഗൗരവഭാവത്തിൽ തുടർന്നു..."മാന്യരെ, ഈ ഷെയിം വിളികൾ നമ്മെത്തന്നെയാണു് ബാധിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, കഴിഞ്ഞകൊല്ലം സാരി വാങ്ങാൻ പോയ നമ്മുടെ സഹോദരന്മാർ നമ്മുടെ സഹോദരികളോടു് ഷെയിം ഇല്ലാതെ പെരുമാറിയതിന്റെ പ്രത്യാഘാതമാണു് ഈ പ്രമേയം."

തോമസും പുരുഷോത്തമൻപിള്ളയും ഒപ്പം പറഞ്ഞു..."പ്രൊട്ടസ്റ്റ്"

ബാലൻ അവറാത്തിനോടു ചോദിച്ചു. "നമ്മുടെ സഹോദരികൾക്കു ലജ്ജ അധികമായതുകൊണ്ടാണു്, നാം ചിലപ്പോൾ ലജ്ജയില്ലാതെ പെരുമാറേണ്ടിവരുന്നതെന്നു താങ്കൾക്കറിയാമോ?"

ഹസ്തതാഡനവും ചിയേഴ്സും.

അവറാത്തു് പറഞ്ഞു..."എന്റെ അറിവുകളെപ്പററി മെമ്പറിനു അറിയേണ്ടയാവശ്യമില്ല .......മാന്യരെ, കഴിഞ്ഞ കൊല്ലം ലേഡീസ് ഹോസ്റ്റലിൽ നിന്നു കൊണ്ടുവന്ന സാരികൾ ജമ്പറുകൾ മുതലായവ ഒരാഴ്ച കഴിഞ്ഞാണു് തിരിച്ചുകൊടുത്തതെന്നു് അവർ നമ്മുടെ മേൽകൊണ്ടുവരുന്ന ആരോപണത്തെ ആർക്കാണു് എതിർക്കാൻ കഴിയുക?"

ആ ചോദ്യത്തിനു ബാലൻ ഉത്തരം കൊടുത്തു—"ആ ആരോപണത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. സാരിയും ജമ്പറും മററും തിരികെ കൊടുക്കാൻ പോയതു ഞാനാണെന്നു മെമ്പറിനറിയാമോ?"

"അക്കാര്യത്തിൽ താങ്കൾക്കു് നിർബന്ധമുണ്ടായിരിക്കുമെന്നു എനിക്കൂഹിക്കാം"

ആർപ്പുവിളിയും ചിരിയും.

"സാരിയും ജമ്പറും മററും തിരിച്ചുകിട്ടുവാൻ അത്രയധികം ധൃതിയൊന്നുമില്ലെന്നു അവർ തന്നെ എന്നോടുനേരിട്ടു് പറഞ്ഞ വിവരം താങ്കൾ അറിഞ്ഞിട്ടുണ്ടോ?"

"അവരെക്കൊണ്ടങ്ങിനെ പറയിക്കുവാൻ താങ്കൾക്കു വിരുതുണ്ടെന്നു എനിക്കറിയാം"

തുടർച്ചയായ ചിരി.

അവറാത്തു് ചിരിയെ അമർത്തിക്കൊണ്ടു

റഞ്ഞു.—“മാന്യരെ, ഏതായാലും ഇക്കാര്യത്തിൽ നമുക്ക് ആശയില്ലാതില്ല. കഴിഞ്ഞ മൂന്നു വർഷം കോളേജിലെ നാടകാവശ്യത്തിലേക്കു സാരിവാങ്ങാൻ ലേഡീസ് ഹോസ്റ്റലിൽ പോയിട്ടുള്ളവരല്ലാതെ മററാരെങ്കിലും ചെല്ലുന്നപക്ഷം ഇക്കാര്യത്തിൽ നമ്മുടെ സഹോദരികൾ ഒരു പുനരാലോചന നടത്തുവാൻ തയാറാണെന്ന് അധികൃതകേന്ദ്രങ്ങളിൽ നിന്നു ഞാൻ അറിയുന്നു.”

സെക്രട്ടറി മൗനം ഭഞ്ജിച്ചു—“പുതിയ ആളുകളുമായി സംസാരിക്കുവാനും പരിചയപ്പെടുവാനും ലേഡീസിനുള്ള അവകാശത്തെ നാം വകവച്ചുകൊടുക്കേണ്ടതാകയാൽ സാരി വാങ്ങാൻ മുമ്പു പോയിട്ടില്ലാത്തവർ പോകേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.”

സെക്രട്ടറിയുടെ അഭിപ്രായം തീവ്രമായ വാദപ്രതിവാദത്തിനുശേഷം അംഗീകരിക്കപ്പെട്ടു. സാരിവാങ്ങാൻ പോകുമ്പോൾ അവിടെ നടക്കുന്ന സംഭാഷണവും ഭാവപ്രകടനങ്ങളും മററും വിശ്വസ്തതയോടുകൂടി റിപ്പോർട്ട് ചെയ്യണമെന്നുള്ള വ്യവസ്ഥയോടെ സെക്രട്ടറിയേയും കെ. എം. അവറാത്തിനേയും ലേഡീസ് ഹോസ്റ്റലിലേയ്ക്ക് അയച്ചു.

ഉച്ചഭക്ഷണത്തിനു ശേഷം ലേഡീസ് ഹോസ്റ്റൽ സന്ദർശനത്തെപ്പററിയുള്ള റിപ്പോർട്ട് കേൾക്കുവാനായി എല്ലാവരും സെക്രട്ടറിയുടെ മുറിയിൽകൂടി. മേശപ്പുറത്തു പത്രത്തിൽപൊതിഞ്ഞു വച്ചിരിക്കുന്ന സാരികളെ ഓരോരുത്തർ മറിച്ചും തിരിച്ചും നോക്കിത്തുടങ്ങി. അവറാത്ത് ഗൗരവം എഴുന്നേററുപറഞ്ഞു—

“മാന്യരെ, സാരികളുടേയും ജമ്പറുകളുടേയും ഉടമസ്ഥകൾ ആരെല്ലാമെന്നതിനെപ്പററി നിങ്ങൾക്ക് സൂചനപോലും തരികയില്ലെന്നുള്ള പ്രതിജ്ഞയോടുകൂടിയാണ് ഞങ്ങൾ ഇതെല്ലാം കൊണ്ടുവന്നിരിക്കുന്നതെന്ന് മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു.”

ബാലൻ ചോദിച്ചു—“നിങ്ങളുടെ സൂചനകളൊന്നും ആവശ്യമില്ലാത്തവിധം ഈ സാരികളും ജമ്പറുകളും ഞങ്ങൾക്കു സുപരിചിതങ്ങളാണെന്ന് നിങ്ങൾക്കറിയാമോ?”

“ഓരോരുത്തരും അറിഞ്ഞതായി ഭാവിക്കരുതെന്നു മാത്രമേ ഞാൻ പറഞ്ഞതിനർത്ഥമുള്ളു.”

“റിപ്പോർട്ട്! റിപ്പോർട്ട് !!” എന്ന് എല്ലാവരും ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

അവറാത്ത് പോക്കററിൽ നിന്ന് ഒരു കടലാസ് എടുത്ത് വായനതുടങ്ങി.—“മാന്യരെ, ഇന്നുരാവിലെ ലേഡീസ്ഹോസ്റ്റൽ സന്ദർശനത്തിനു നിങ്ങളുടെ പ്രതിനിധികളായി സെക്രട്ടറിയേയും എന്നേയും തിരഞ്ഞെടുത്തതിന് ആദ്യമായി ഞങ്ങളുടെ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. (ഹസ്തതാഡനം) ഞങ്ങൾ കൃത്യം 10·35ന് ലേഡീസ് ഹോസ്റ്റലിന്റെ വിശാലമായ മുററത്ത് പ്രവേശിച്ചു. റോസാ പുഷ്പങ്ങളിൽ പറന്നു കളിച്ചു കൊണ്ടിരുന്ന വണ്ടുകൾ പ്രേമഗീതം പാടി ഞങ്ങളെ സ്വാഗതം ചെയ്തു. ഹെയർഓയിൽ, കുട്ടിക്കൂറാപൗഡർ മുതലായവയിൽ തട്ടിവരുന്ന സുഗന്ധവാഹിയായ മന്ദമാരുതൻ ഞങ്ങളെ തഴുകി യാത്രാക്ലേശം അകററി. ഞങ്ങൾ കരയുന്ന ചെരിപ്പുകൾ ധരിച്ചിരുന്നതുകൊണ്ട് വരാന്തയിൽ കയറിയപ്പോൾ തന്നെ എല്ലാമുറികളിലും ചലനമുണ്ടായി. ജനാലകളിൽകൂടിയും വാതിലുകളുടെ ഇടയിൽ കൂടിയും പല കണ്ണുകൾ ഞങ്ങളെ അഭിമുഖീകരിച്ചു. ആ നോട്ടങ്ങളിൽ വിവിധ ഭാവങ്ങളാണു ദൃശ്യമായതെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. ചില കണ്ണുകളിൽ ലജ്ജ നിഴലിച്ചിരുന്നു. മററു ചില കണ്ണുകളിൽ അലക്ഷ്യഭാവം പ്രദർശിപ്പിക്കാനുള്ള ശ്രമം പരാജയമടയുന്നതായിട്ടാണ് ഞങ്ങൾക്കു തോന്നിയതു്. ചില കണ്ണുകളിൽ വിവരണസാദ്ധ്യമല്ലാത്ത എന്തോ ഒരു ഇതു്. ഞങ്ങൾ വരാന്തയിൽ രണ്ടുപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും ഉലാത്തി. നമ്മുടെ സഹോദരികൾ പരസ്പരം മന്ത്രിക്കുന്നതല്ലാതെ, ഞങ്ങളോടൊന്നും തന്നെ മിണ്ടിയില്ല. ഒടുവിൽ സെക്രട്ടറി പൊതുമുറിയിലേക്കു കയറിച്ചെന്നു. പെട്ടെന്ന് അദ്ദേഹം ഭയന്നു പിൻതിരിയാൻ ഭാവിക്കുന്നതുകണ്ടു് സഹായത്തിനായി ഞാനും അങ്ങോട്ടു കയറി. അഹോ! എന്തൊരു കാഴ്ചയായിരുന്നു അതു്!! ശ്രീമതി ആതങ്കനിഗ്രഹത്തിന്റെ കവരത്തു തടിച്ച ചുണ്ടുകൾക്കിടയിൽ കൂടി പ്രത്യക്ഷപ്പെട്ട വെളുത്ത പാറക്കെട്ടുകൾ കണ്ടു് ഞാനും ഒന്നു ഞെട്ടാതിരുന്നില്ല. “വരണം. ഇരിക്കണം” എന്നു ക്ഷണിച്ചതോടെ ആ[illegible]രിച്ചു് ഞങ്ങൾ ധൈര്യപൂർവം ബഞ്ചിൽ ഇരു

ന്നു. ഞങ്ങളുടെ ആഗമനോദ്ദേശത്തെപ്പററി ഞാൻ ചുരുങ്ങിയ വാചകങ്ങളിൽ ഒരു പ്രസ്താവനചെയ്തു. "എല്ലാവരോടും പറയാം. എന്റെ കൈവശമുള്ളതു കൊണ്ടുവരികയും ചെയ്യാം" എന്നു് ലജ്ജാസമന്വിതം പാടിയിട്ടു് ആ കോകിലം അവിടെനിന്നു പറന്നുപോയി. പിന്നീട്ടുള്ള രണ്ടുമൂന്നു മിനിട്ടു് അവിടെ ഇരുന്നതെങ്ങിനെയെന്നു വിവരിക്കുക പ്രയാസമാണു്. ഞാൻ ധരിക്കുന്ന ഷർട്ടിന്റെ ഇടതുഭാഗത്തു് സാമാന്യം വലിപ്പമുള്ള ഒരു കീറലുണ്ടായിരുന്നതു് നിർഭാഗ്യവശാൽ അപ്പോഴാണു കണ്ടതു്. അതൊരു "കെയർലസ്നസ്" ആയി ബുദ്ധിമതികൾ വ്യാഖ്യാനിച്ചുകൊള്ളുമെന്നു ഞാൻ സമാധാനപ്പെട്ടു. സെക്രട്ടറിയുടെ നിലയാണു് അപകടത്തിലായതു്. അദ്ദേഹത്തിന്റെ ഹൃദയത്തുടിപ്പുകൾ എനിക്കു കാണുകയും കേൾക്കുകയും ചെയ്യാമായിരുന്നു. നാവിൽ ഒരിററു വെള്ളമില്ലാതായി. മുഖം വിളറി. അത്തരം ഉൽക്കണ്ഠാകുലമായ അവസരങ്ങൾ നിങ്ങളിൽ ഓരോരുത്തൎക്കും ഉണ്ടായിട്ടുള്ളതുകൊണ്ടു് ഞാൻ കൂടുതൽ വിവരിക്കുന്നില്ല. അകത്തേക്കുള്ള വാതിലിനു സമീപം ഒരു കാൽപ്പെരുമാററം കേട്ടു് ഞങ്ങളിരുവരും തിരിഞ്ഞുനോക്കി. സ്മിതപ്രഭമായ ഒരു മുഖം അവിടെ പ്രത്യക്ഷപ്പെട്ടു. പെട്ടെന്നു് ആ മന്ദഹാസം മാഞ്ഞുപോയി. ഒരു ഇതു്. സെക്രട്ടറി മുഖം കുനിച്ചു.- - - - -"

ബാവൻ വിളിച്ചു പറഞ്ഞു-"പേരു പറയണം."

അവറാത്തു പറഞ്ഞു-"അതിനു സെക്രട്ടറിയുടെ അനുവാദം വേണം."

"റിപ്പോർട്ടിൽ ഇതെല്ലാം പറയാൻ സെക്രട്ടറി അനുവദിച്ചിട്ടുണ്ടോ?"

അവറാത്തു ശാസനാസ്വരത്തിൽപറഞ്ഞു-"നിങ്ങൾ പ്രദർശിപ്പിക്കുന്ന ഈ അക്ഷമയെ ഞാൻ പ്രതിഷേധിക്കുന്നു. അവിടെ നടന്ന സംഭവങ്ങളെ വിശ്വസ്തതയോടുകൂടി റിപ്പോർട്ടുചെയ്യേണ്ടതാണു് എന്റെ ജോലി. പേരുകൾ പരസ്യമായി പറയുന്നതു് വ്യക്തികൾക്കു ദോഷകരമായേക്കാവുന്നതുകൊണ്ടു്, ആ കാൎയ്യത്തിൽ നിങ്ങളാരും എന്നെ നിർബ്ബന്ധിക്കയില്ലെന്നു വിശ്വസിക്കുന്നു."

"റിപ്പോർട്ടു്. റിപ്പോർട്ടു്!!"- എല്ലാവരും കൂടിവിളിച്ചുപറഞ്ഞു.

അവറാത്തു വായന തുടർന്നു--"എന്തു പറയട്ടെ. എന്തു ചെയ്യട്ടെ! എന്നറിയാതെ ഞാൻ വിഷമിച്ചിരിക്കുമ്പോൾ ആ സഹോദരിയുടെ കയ്യിലിരുന്ന സാരി എന്റെ മുൻപിൽ വന്നുവീണു. അപ്പോഴേക്കു മററു പല സഹോദരികൾ സാരികളും ജമ്പറുകളും താങ്ങിപ്പിടിച്ചുകൊണ്ടു വന്നു. സെക്രട്ടറി അവരിലാരോടും ഒന്നും മിണ്ടിയില്ല. തല ഉയർത്തിയതുമില്ല. അദ്ദേഹത്തിന്റെ ആ ഭാവവും ഇരിപ്പും അവിടെ കൂടിയ ലേഡീസിൽ അർത്ഥസൂചകമായ ചിരിയെ ഉളവാക്കിയെന്നും, പരസ്പരം ചില പിച്ചുകളും കുശുകുശുപ്പുകളും നടന്നുവെന്നും കൂടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഞാൻ എനിക്കു നല്ലതെന്നു തോന്നിയ സാരികളും ജമ്പറുകളും തെരഞ്ഞെടുത്തുകൊണ്ടു് എഴുന്നേററപ്പോൾ മാത്രമാണു സെക്രട്ടറി തലയുയർത്തിയതു്. അദ്ദേഹത്തിന്റെ കണ്ണുകൾ വാതുക്കലുള്ള രണ്ടു കണ്ണുകളുമായി ഇടയുന്നതും ഞാൻ കണ്ടു. ഗേററിലെത്തിയപ്പോൾ, സെക്രട്ടറി തിരിഞ്ഞുനോക്കുകയും ദീർഘശ്വാസം വിടുകയും ചെയ്തു."

വായിച്ചുതീൎന്ന കടലാസു് മേശപ്പുറത്തേക്കു എറിഞ്ഞിട്ടു്, അവറാത്തു കട്ടിലിൽ ഇരുന്നു.

സെക്രട്ടറി എഴുന്നേററു—"മാന്യരെ, എന്നോടാലോചിക്കാതെ മിസ്റ്റർ അവറാത്തു തന്നെയാണു് ഈ റിപ്പോർട്ടു എഴുതിയിട്ടുള്ളതു്. എന്നെപററി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതൊന്നും നിഷേധിക്കേണ്ട ആവശ്യം എനിക്കില്ല. പക്ഷെ സത്യപ്രതിപാദനത്തിൽ നിർബന്ധമുണ്ടെന്നു ഭാവിക്കുന്ന അവറാത്തു് അദ്ദേഹത്തെ സംബന്ധിക്കുന്ന ഒരു സത്യം മറച്ചുവച്ചിട്ടുള്ളതു് അന്യായമാകുന്നു."

എല്ലാവരും ഒപ്പം വിളിച്ചുപറഞ്ഞു—"അതെന്താണെന്നു പറയണം."

സെക്രട്ടറി പറഞ്ഞു.-"ഒരു സാരി എടുത്തു ഭംഗി നോക്കിക്കൊണ്ടു് സംസാരിക്കുമ്പോൾ, അവറാത്തിന്റെ വായിൽനിന്നു കുറെ തുപ്പൽ അതിൽവീണു. ആ സാരിയുടെ ഉടമസ്ഥയും കൂട്ടുകാരുംകൂടി അവറാത്തിനെ പരിഹസിക്കുകയുണ്ടായി.

ആർപ്പുവിളിയും, കൂവലും, കയ്യടിയും, നില

ത്തു പവിട്ടുംകൊണ്ടു് ഹോസ്റ്റൽ വിറകൊണ്ടു.

അവറാത്തു് എഴുന്നേററു—"മാന്യരെ, ആ പരമാത്ഥത്തെ ഞാൻ നിഷേധിക്കുന്നില്ല. അതോടുകൂടിതന്നെ മറെറാരു സത്യം നിങ്ങളെ അറിയിക്കേണ്ടിയിരിക്കുന്നു. ഞാൻ എടുത്തുകൊണ്ടുവന്ന സാരികളുടെ കൂട്ടത്തിൽ ഒരു ഓറഞ്ചുകളർ സാരികൂടെ ഉണ്ടായിരുന്നു. അതിപ്പോൾ കാണുന്നില്ല. സെക്രട്ടറിയുടെ പെട്ടി പരിശോധിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു

എല്ലാവരും കൂടെ—"പരിശോധിക്കണം. പരിശോധിക്കണം."

കട്ടിലിൻെറ കീഴിലിരുന്ന പെട്ടി മേശപ്പുറത്തായി. അതിൽ നിന്നു് തൊണ്ടി എടുക്കപ്പെട്ടു. സെക്രട്ടറി ആവേശത്തോടെ സാരിയിൽ പിടികൂടി.—"ഈ സാരി മററാരും ധരിക്കാൻ ഞാൻ സമ്മതിക്കുകയില്ല."

കൂട്ടച്ചിരിയും ബഹളവും വർദ്ധിച്ചു. എല്ലാവരും സാരിയിൽ പിടികൂടി. അങ്ങോട്ടുമിങ്ങോട്ടും വലിയായി. ഒടുവിൽ ഓരോരുത്തരും സാരിയുടെ ഓരോ കഷണവും കൊണ്ടു് മുറിയിൽ നിന്നു ഓടിപ്പോയി.

---

## Dr. എബ്രഹാം കൈപ്പുറയിടം

### ദന്തവൈദ്യൻ—കാഞ്ഞിരപ്പള്ളി

ദന്തസംബന്ധമായ സകല സുഖക്കേടുകൾക്കും നവീനരീതിയിൽ

### ചികിൽസ നടത്തുന്നതാണ്.

വേദന കൂടാതെ പല്ല് എടുക്കുക, പോടുള്ള പല്ലുകൾ സ്വർണ്ണം, വെള്ളി, പോഴ്സലൈൻ ഇവകൾകൊണ്ടു് അടയ്ക്കുക, പുതിയ പല്ലുകൾ ഇളക്കാവുന്നതും ഇളക്കാൻ പാടില്ലാത്തതുമായ വിധത്തിൽ വയ്ക്കുക, ഇളകുന്ന പല്ലുകൾക്കു മരുന്നു കുത്തിവച്ച് ഉറപ്പിക്കുക, പല്ലുകൾ ക്ലീൻ ചെയ്യുക, മോണപഴുപ്പ് എന്ന ഭയങ്കരരോഗത്തിനു തൃപ്തികരമായി ചികിൽത്സിക്കുക മുതലായ സകലവിധ ജോലികളും ഭംഗിയായി കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും.

---

## Brilliant Furniture Works,

(Manufacturers of HIGH CLASS Furniture)

**Darragh Street, KOTTAYAM.**

"It is not NAMES that give confidence in THINGS But THINGS which give CONFIDENCE in NAMES"

Highest possible finish, good workmanship, and prompt execution will reflect credit on your sound Judgement

# കാഞ്ഞിരപ്പള്ളി

(പി. ആർ. ശങ്കരപ്പിള്ള.)

കഴിഞ്ഞകൊല്ലത്തെ "സഹൃദയ" വിശേഷാൽ പ്രതിയിൽ കാഞ്ഞിരപ്പള്ളിയുടെ ഒരു സംക്ഷിപ്ത ചരിത്രം കാണുകയുണ്ടായി. നിലയ്ക്കൽനിന്നു കാഞ്ഞിരപ്പള്ളിയിൽ കുടിയേറിപ്പാർത്ത ക്രിസ്ത്യാനികൾക്കു ഒരു പള്ളിവയ്ക്കാൻ അന്നത്തെ തെക്കുംകൂർ രാജാവു്, ഒരു പത്തൽ ഊന്നി സ്ഥാനം നിർണ്ണയിച്ചുകൊടുത്തു എന്നും ഊന്നിയ പത്തൽ കാഞ്ഞിരത്തിന്റേതായിരുന്നതിനാൽ അതിൽനിന്നു കാഞ്ഞിരപ്പള്ളി എന്ന നാമം സിദ്ധിച്ചുവെന്നും ആ ലേഖനത്തിൽ കാണുന്നു. ഈ നിഗമനത്തിൽ യാതൊരുയുക്തിയുമില്ലെന്നും ഇതു് ഏതോ ഒരു ഭാവനാസമ്പന്നന്റെ സങ്കല്പസൃഷ്ടി ആയിരിക്കാനേ ഇടയുള്ളുവെന്നുമാണു് എനിക്കു തോന്നുന്നതു്. രാജാവു് പള്ളി പണിയാൻ അനുവാദം കൊടുത്തു എന്നുള്ളതു് പരമാർത്ഥമായിരിക്കണം. ഇന്നു കേരളത്തിൽകാണുന്ന ഇതരമതദേവാലയങ്ങൾ എല്ലാംതന്നെ ഹൈന്ദവരാജാക്കന്മാരുടെ മതസഹിഷ്ണുതയുടേയും സമഭാവനയുടേയും ഫലമാണെന്നുള്ളതിൽ സംശയമില്ല. യുക്തിഭംഗമായിട്ടെനിക്കുതോന്നുന്നതു്, മറ്റുചില സംഗതികളാണു്.

ഒട്ടുവളരെ സേവകന്മാരും ശമ്പളക്കാരും മറ്റുമുള്ള രാജാവുതന്നെ പള്ളിപണിയുന്നതിനുസ്ഥാനം നിശ്ചയിക്കാൻ പുറപ്പെട്ടുവെന്നുപറയുന്നതു്, സാഹസവും രാജസ്ഥാനത്തിന്റെഗൗരവത്തെ ലഘൂകരിക്കുന്നതുമാണെന്നുപറയാതെ നിവൃത്തിയില്ല. രാജകരംകൊണ്ടു എടുത്തുനാട്ടുണ്ടപത്തൽ, കാഞ്ഞിരത്തിന്റേതായിരിക്കണമെന്നു് നിശ്ചയിച്ചു ഔചിത്യബുദ്ധിക്കു നമോവാകം പറകതന്നെവേണം. ഏതായാലും ഈ രണ്ടു സംഗതികളും അത്രേക്കും സംഗതമായിരിക്കുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു. പള്ളി പണിയുന്നതിനുമുമ്പു് കാഞ്ഞിരപ്പള്ളിയുടെ നാമധേയമെന്തായിരുന്നു എന്നു് ആ ലേഖനത്തിൽ സൂചിപ്പിച്ചുകാണുന്നില്ല. മനുഷ്യദൃഷ്ടിയിൽപെട്ടിട്ടുള്ള സർവ്വ ചരാചരങ്ങൾക്കും മനുഷ്യബുദ്ധി നാമകരണം ചെയ്തിട്ടുള്ള സ്ഥിതിക്കു, നിലയ്ക്കൽനിന്നും ക്രിസ്ത്യാനികൾ വരുന്നതുവരെ കാഞ്ഞിരപ്പള്ളി ഒരു നിർന്നാമദേശമായിരുന്നു എന്നു് വിചാരിക്കുന്നതു് വിഹിതമല്ല. രാജാവു് കാഞ്ഞിരപ്പത്തൽ ഊന്നിയതിൽനിന്നല്ല 'കാഞ്ചനപ്പള്ളി', എന്ന പദത്തിൽനിന്നാണു് കാഞ്ഞിരപ്പള്ളി എന്ന പേരുണ്ടായതു് എന്നു് വിചാരിക്കുന്നതിനു് യാതൊ[ru] ന്യായങ്ങൾ ഉണ്ടു്. കാഞ്ഞിരപ്പള്ളിയുടെ അന്നും ഇന്നും ഉള്ള നിലയും പൊൻകുന്നത്തിന്റെ സാമീപ്യവും ചിന്തിച്ചാൽ ഈ അഭ്യൂഹത്തിനു് പോൽബലകത്വം സിദ്ധിക്കുന്നുമുണ്ടു്. പൊൻകുന്നത്തിനു സമീപം കാഞ്ചനപ്പള്ളി വളരെ ക്തംതന്നെ. കാഞ്ചനപ്പള്ളിയുടെ അന്നത്തെ അന്വർത്ഥത കച്ചവടംകൊണ്ടും, ഇന്നത്തേതു് കൃഷികൊണ്ടും ഉണ്ടായിട്ടുള്ളതാണു്. വെച്ചൂർ പട്ടവും, മാഞ്ഞൂർകരയും, ആറന്മുളക്കണ്ണാടിയുംപോലെ, കാഞ്ഞിരപ്പള്ളിക്കച്ചയും ഒരുകാലത്തു് പ്രസിദ്ധമായിരുന്നു. അന്നത്തെ വാണിജ്യാഭിവൃദ്ധിയെ അതു് സൂചിപ്പിക്കുന്നുമുണ്ടു്.

കാഞ്ചനപ്പള്ളി കാഞ്ഞിരപ്പള്ളിയായതു് എങ്ങനെയെന്നാണു് ഇനി ചിന്തിക്കേണ്ടതു്.

"മഞ്ഞായിടുന്ന മലതൻമകളെ! കഴുത്തിൽ
നഞ്ഞാണമൂപ്പരെമയക്കിനകെട്ടിലമ്മെ
ഇത്താൻനിനക്കടിമ, ഞാനടിമൈതൊഴുന്നേൻ
ഞാഞ്ഞാമരങ്ങളിൽ വിളയാടുക സർവകാലം."

ഇതിലെ നഞ്ഞും, നെഞ്ഞും, നഞ്ചും നെഞ്ചുമാണെന്നുള്ളതിനു സംശയമില്ല. കുഞ്ചുക്കുട്ടി കുഞ്ഞുക്കുട്ടിയും, കുഞ്ചുനമ്പൂരി കുഞ്ഞുനമ്പൂരിയുമാവുക സാധാരണമാണു്. ചഞ്ചം ചഞ്ഞമാകുന്നതുമ ർച്ചമല്ല. ഇങ്ങനെ "ഞ്ച"-"ഞ്ഞ" ആയിട്ടു മാറുമെന്നുള്ളതിനു പല ഉദാഹരണങ്ങളും ഉദ്ധരിക്കാവുന്നതാണു്. ഇനി "ന" കാരം "ര" കാരമായി തെങ്ങനെയെന്നു നോക്കാം. തമിഴുമായുള്ള സംസർഗ്ഗമാണു് ഈ വ്യതിയാനത്തിനു കാരണമെന്നുള്ളതിനു സംശയമില്ല. തമിഴ്നാട്ടിൽനിന്നു കാഞ്ചനപ്പള്ളിൽ കുടിയേറിപ്പാർത്ത മുസ്ലിംങ്ങളും വെള്ളാളരും മറ്റുമാണു് കാഞ്ചനപ്പള്ളിയെ കാഞ്ഞിരപ്പള്ളിയാക്കിയതെന്നു പറയേണ്ടിയിരിക്കുന്നു. തമിഴിനു പ്രാമുഖ്യമുള്ള തെക്കൻദിക്കുകളിൽ ഏതിനു് എന്നതിനുപകരം എതിനു് എന്നാണു് ഉപയോഗിച്ചുവരുന്നതു്. എതിരു് കണ്ടെത്ത എന്ന അർത്ഥത്തിൽ എതിരപ്പി, എന്നു മാർത്താണ്ഡവർമ്മയിൽ ചിലയിടത്തും പ്രയോഗിച്ചിട്ടുണ്ടല്ലോ. അത്തന, ഇത്തന, എത്തന ഇവയെ അത്ര, ഇത്ര, എത്ര എന്നിവയ്ക്കുപകരം ഉപയോഗിക്കുന്നതായും കാണുന്നുണ്ടു്. ന-കാരം രകാരമാകുന്നതിനു് വേറെയും പല ഉദാഹരണങ്ങൾ ഉണ്ടു്. ഇവയിൽനിന്നെല്ലാം കാഞ്ചനപ്പള്ളിയാ

...ന് കാഞ്ഞിരപ്പള്ളിയായി രൂപാന്തരപ്പെട്ടത് എ...ന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

ഒരുകാലത്തു ഇവിടം ഹിന്ദുക്കളുടെ ഒരു സങ്കേ...തമായിരുന്നു എന്നു വിചാരിക്കുന്നതിനു പലേ ...ലക്ഷ്യങ്ങളും ഉണ്ടു്. ഇപ്പോൾ ഹിന്ദുക്കളുടെ സം...ഖ്യ ഇവിടെ തുലോം തുഛമാണ്. സഹിഷ്ണുതയു...ടെയും മതൈക്യത്തിന്റേയും ലക്ഷ്യമെന്നോണം ...ഇവിടെ ഹിന്ദുക്കളുടേയും മുസ്ലീംങ്ങളുടേയും ...ക്രിസ്ത്യാനികളുടേയും ദേവാലയങ്ങൾ ഏററവും ...അടുത്തടുത്തു് സ്ഥിതിചെയ്യുന്നു. അതിൽ ഹിന്ദു ...ദേവാലയത്തിന്റെ സ്ഥിതി ഏററവും ദയനീയ...മാണ്. ശ്രീകോവിൽ, നാലമ്പലം, മടപ്പള്ളി എ...ന്നിങ്ങനെ ഒരു ദേവാലയത്തിന്റെ സകല ഭാഗ...ങ്ങളും വെൺമാടനിർമ്മിതമായ മററു ക്ഷേത്രങ്ങൾ, തിരുവിതാംകൂറിൽ വേറേ ഉണ്ടോ എന്നു സംശയമാണ്. വെൺമാടനിർമ്മിതമായി-കരിങ്കല്ലിൽ വിവിധവിചിത്രവേലകളോടുകൂടിയ രണ്ടു ഗംഭീരക്ഷേത്രങ്ങൾ അടുത്തടുത്തുതന്നെ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന കാഴ്ച മതഭക്തിയോ, കലാബോധമോ ഉള്ള ആർക്കും, മർമ്മഭേദകമാണ്.

ലക്ഷ്മിയും സരസ്വതിയും പരസ്പരം അസൂയാലുക്കളാണെന്നും അവർ ഒരുമിച്ചു കഴിഞ്ഞുകൂടുക സാധാരണമല്ലെന്നും കേട്ടിട്ടുണ്ടു്. പക്ഷെ, കാഞ്ഞിരപ്പള്ളിയെസംബന്ധിച്ചിടത്തോളം അതു ശരിയല്ല. കുബേരന്മാരെപ്പോലെതന്നെ വിദ്വാന്മാരും, വിദുഷികളും ഇവിടെ സുലഭമാണ്. വിഭിന്നമതങ്ങളിൽപെട്ട ജനങ്ങൾ ഇവിടെ ഏററവും സൌഹാർദ്ദമായിത്തന്നെ 'കഴിഞ്ഞുകൂടുന്നു.


# അ സാ ദ്ധ്യ മ ല്ല

യാതൊരു നിഘണ്ടുവിലും "അസാദ്ധ്യം" എന്ന വാക്കിനു സ്ഥാനം കൊടുക്കരുതെന്ന് ലോകംമുഴവൻ കിടുകിട വിറപ്പിച്ച ഫ്രഞ്ചു ചക്രവർത്തി നെപ്പോളിയൻ പറഞ്ഞതു് എത്രയും പരമാർത്ഥമാണ്!

"അസാദ്ധ്യം"എന്നമുദ്രയടിച്ചു് തള്ളപ്പെട്ട; കൈയൊഴിച്ച അനേകം ക്ഷയരോഗികൾ ഞങ്ങളുടെ "കരിംകുരങ്ങുലേഹം" ഡേവിച്ചു് രോഗശാന്തി വരുത്തി ജീവസുഖം അനുഭവിക്കുന്നു.

ശരീരപുഷ്ടിക്കും; കാസം വാതം മുതലായ രോഗങ്ങൾക്കുംപ്രസ വരക്ഷക്കും അത്യുത്തമമായ ഈ ദിവ്യൌഷധം നിങ്ങളും ഉടനടി സേവിച്ചു് ആരോഗ്യം നിലനിർത്തുക.

റാത്തൽ 1-ക്ക് 5 ക. (പാക്കിംങ്ങ് & പോസ്റ്റേജ് വേറെ)

ഭാ ര ത വൈ ദ്യ ശാ ല (REGD)

ചാലക്കുടി . കൊച്ചിൻസ്റ്റേററ്





ശസ്ത്രക്രിയകൂടാതെ എത്ര പഴകിയ വയററു വേദനയും, പുളിച്ചുതികട്ടലും, ഛർദ്ദിയും, ഉരുണ്ടുകയററവും, നട്ടവും വാരിയെല്ലും കഴപ്പും, ആത്തവദോഷം തുടങ്ങിയ മററു അസ്വാസ്ഥ്യങ്ങളും ചുരുങ്ങിയ ദിവസത്തെ ചികിത്സകൊണ്ടു് പൂർണ്ണമായി സുഖപ്പെടുത്താം. അനുഭവസ്ഥരുടെ സാക്ഷിപത്രങ്ങൾ അനവധി. സ്റ്റാമ്പുസഹിതാ അപേക്ഷിക്കുക.

അറബിക്ക് മെഡിക്കൽ ഹാൾ,
ചങ്ങനാശേരി.



## കൈരളീ കലാസദനം

എറികാട്ടു A.O. പുവരണി

സംഗീതസാഹിത്യാദിസുകുമാരകലകളുടെ വിവിധവിഭാഗങ്ങളിലും ശാസ്ത്രീയമായ അഭ്യസനം നൽകപ്പെടുന്നു.

സംഗീതസ്കൂൾ

1. 2.3.4,- ക്ലാസുകൾ

1-ംക്ലാസ്: സപ്തസ്വരവരികൾ മുതൽ സ്വരജതികൾവരെ. 2-ംക്ലാസ്: വർണ്ണം 3-ം ക്ലാസ് കീർത്തനങ്ങൾ 4-ം ക്ലാസ് രാഗങ്ങൾ, രാഗമാലകൾ:പല്ലവികൾ

വിശദവിവരങ്ങൾക്ക് അപേക്ഷിക്കുക

മാനേജർ, ഗായകകവി

ഇ. എം. സഖറിയാസ്കാഞ്ഞിരപ്പള്ളി

## കൺട്രോൾവിലയ്ക്കു വിററുവരുന്നു

പരിഷ്കൃതരീതിയിലുള്ള മധുര ഉല്പട്ടാവുകൾ, വിരിപ്പാവുകൾ, സേലം കവണികൾ സേലം പട്ടുതരങ്ങൾ, മണവാള കവണികൾ, മുതലായ കല്യാണആവശ്യത്തിലേക്കുള്ള എല്ലാ തരം ജവുളികളും, കേമ്പിരിമൽത്തരങ്ങൾ, ഷർട്ടിംഗുകൾ, ഇംഗ്ലീഷ് റവുൽത്തരങ്ങൾ, കുട്ടികൾക്കാവശ്യമുള്ള ചീട്ടിത്തരങ്ങൾ മുതലായവയും സ്റ്റാൻഡേർഡ് ജവുളിത്തരങ്ങളും

## കൺട്രോൾനിരക്കിൽ വിററുവരുന്നു

കോട്ടാറൻതുപ്പട്ടികൾ 40, 60, 80, 100 നമ്പർ ഇഴത്തരം ഡബിൾ വേഷ്ടികൾ, ദോത്തികൾ മുതലായ നാടൻ ചരക്കുകളും, ആകർഷണീയമായ ഫാഷ്യനിലുള്ള സാരിത്തരങ്ങളും തുഛമായ ആദായത്തിന്മേൽ വിൽപനനടത്തിവരുന്നു.

കൂടാതെ പള്ളികൾക്കാവശ്യമുള്ള

**കാപ്പ, കുർബാനക്കുപ്പായം, ദൽമെത്തി** മുതലായ എല്ലാ ഇനം സാധനങ്ങളും, നതി ഫ്റാൻസ് കരിശ്ശ് പട്ടിലും, സാററിൻസിൽക്കിലും ഇഷ്ടാനുസരണം ഓർഡർ അനുസരിച്ചു ക്ലിപ്തസമയത്ത് ചെയ്തുകൊടുക്കുകയും വിൽപന നടത്തുകയും ചെയ്യുന്നു.

നവീനരീതിയിൽ ഉണ്ടാക്കിയിട്ടുള്ള നാടകസാമാനങ്ങൾ മിതമായനിരക്കിൽ വാടകയ്ക്കുകൊടുക്കുന്നതാണ്.

**Vattakkunnel Brothers.**
Pice goods & Religious Vestments Dealers
Brilliant and Attractive Drama Scenes For hire
Palai P. O. Travancore



## കേരളഗ്രന്ഥാവലി

പ്രതിമാസം 2 ഗ്രന്ഥങ്ങൾവീതം
പ്രസിദ്ധപ്പെടുത്തുന്നു

1. കാരൂർ കഥകൾ 1-4-0
—കാരൂർ നീലകണ്ഠപ്പിള്ള
2. കാവ്യകലിക 0-12-0
—തിരുവ[illegible] എൻ കേശവപിള്ള
3. കസ്തൂർബാഗാന്ധി 1-8-0
—കെ പി അന്നമ്മ എം എ ബി ററി

നീതിധർമ്മം (എം കെ ഗാന്ധി) 0 8-0
നവയുഗം(പാലാനാരായണൻനായർ) 0 8 0
പൂക്കൾ .... 0-12-0
നിർവാണമേഖല .... 0-8-0
അംബികാഞ്ജലി (ലളിതാംബിക അന്തർജ്ജനം) കഥകൾ 1-8-0
തരുണമഞ്ജരി ,, 0-3-0
ലളിതാഞ്ജലി ,, 0-8-0

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

നാഷനൽ ബുക്ക ഡിപ്പോ കോട്ടയം



BEST TONIC FOR CHILDREN

[A 'Blood-in-Draksha Laboratories' Product]
Distributors:-THOMSON & Co., KOTTAYAM.



ടെക്സ്റ്റ്പുസ്തകങ്ങളും
സ്റ്റേഷനറി സാമാനങ്ങളും
വാങ്ങുന്നതിനു:

**മാസ്റ്റേഴ്സ് ഷോപ്പ്**
കാഞ്ഞിരപ്പള്ളി.

# Cash Certificates

: :

We Issue certificates under denominations of 100, 500, 1,000 and 5,000 at the issue prices of Rs. 82/8/-, Rs. 412/8/-, Rs. 825 and Rs 4,125/- respectively, maturing in five years from the date of issue. These can be cashed at any time before maturity together with the relevant interest. The Palai Central Bank is known and held in high esteem all over India. The record of its expansion in the recent years, coupled with the genuine service it offers to its clients is the best assurance to intending depositors.

| | | |
|---|---|---|
| **Subscribed Capital** | ... ... | **Rs. 10,00,000** |
| **Working Capital** | ... ... | **Rs. 90,00,000** |

**THE**

## PALAI CENTRAL BANK LTD.

(INCORPORATED IN TRAVANCORE WITH A LIMITED LIABILITY.)

PALAI, TRAVANCORE.

MONEY IN THE BANK IS A GIFT THAT GROWS.

Branches:-

ALLEPPEY, ALWAYE, BANGALORE, CHANGANACHERRY, COCHIN, DELHI, FAIRFIELD, MADRAS, MANGALORE, MUVATTUPUZHA, NAGARCOIL, NEW DELHI, PALAI, PEERMADE, PONKUNNAM, THODUPUZHA, TRIVANDRUM, VAIKOM.

# കരിംകുരങ്ങു രസായനം.

കരിംകുരങ്ങിന്റെ മാംസത്തിലെ ഉപയുക്തഭാഗങ്ങൾ മാത്രം ഗ്രഹിച്ച് സത്തെടുത്ത്, നിർദ്ദിഷ്ടരോഗങ്ങളിൽ ഏററവും ഫലപ്രദങ്ങളും, യൌവനസ്ഥാപനങ്ങളും, ഓജസ്കരങ്ങളുമായ ഔഷധയോഗങ്ങൾ കൂട്ടിച്ചേർത്ത് യുക്തിയിലും, അനുഭവത്തിലും സിദ്ധമായവിധത്തിൽ തയ്യാർ ചെയ്തിട്ടുള്ളതാണു ഞങ്ങളുടെ "കരിംകുരങ്ങു രസായനം." പല പരീക്ഷണങ്ങൾക്കുശേഷം തീർച്ചയും, ഫലപ്രദമെന്നു ബോദ്ധ്യമാവുകയും അനുഭവസ്ഥരായ പലരുംഅടിക്കടി ആവശ്യപ്പെടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സിദ്ധൌഷധം പ്രസിദ്ധീകൃതമായിട്ടുള്ളത്. അനുദിനം ഞങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അനുമോദനപത്രങ്ങളും, അനുഭവസ്ഥരുടെ തുടർച്ചയായിട്ടുള്ള ആർഡറുകളും ഈ ഔഷധത്തിന്റെ ഫലസിദ്ധിക്കു സാക്ഷ്യം വഹിക്കുന്നു.

## യൌവനസ്ഥാപനം.

കരിംകുരങ്ങിന്റെ ഗ്രീവയിലുള്ള ഗ്രന്ഥിയെ Glands ശസ്ത്രക്രിയചെയ്തു മനുഷ്യന്റെ തൽസ്ഥാനത്തുള്ള ഗ്രന്ഥിയുമായിക്കൂട്ടി ഒട്ടിച്ചാൽ ജീവിത സൌഭാഗ്യം മൊട്ടിട്ടു നിൽക്കുന്നയൌവനദശയെ വിപുലമാക്കാമെന്നും യുവത്വം പുനഃസ്ഥാപിക്കാമെന്നും ഡാക്ടർ വെറനോഫ് കണ്ടുപിടിച്ചു. ഒട്ടുമാവിൻ തൈകളുടെ സൃഷ്ടിസമ്പ്രദായമാണ് ഈ ശസ്ത്രക്രിയയിലും അന്തർഭവിച്ചിരിക്കുന്നത്. ഡാക്ടർ വെറനോഫിനെ ഈ ശസ്ത്രക്രിയ നടത്തുവാനായി ഇൻഡോർ മഹാരാജാവ് ഇൻഡ്യയിൽ കൊണ്ടുവന്നിട്ടുണ്ട്. അന്നത്തെ ശസ്ത്രക്രിയയ്ക്കായി കൊണ്ടുവന്നിരുന്ന ഒരു കരിംകുരങ്ങിനു മൂവായിരം പവൻ വില കൊടുക്കുകയുണ്ടായി. മൂവായിരത്തിൽപരം ഡാക്ടർമാർ ശസ്ത്രക്രിയ കാണുവാനായി അന്നു വിവിധ രാജ്യങ്ങളിൽനിന്നു ഇൻഡ്യയിൽ വന്നിരുന്നു. മഹാരാജാവിനു ശസ്ത്രക്രിയ നിമിത്തം അത്ഭുതമരമായ ബലവും അനുഭവപ്പെട്ടു.

ഇത്രയും ധനവ്യയവും ബുദ്ധിമുട്ടുകളും കൂടാതെ ഇതേഫലംതന്നെ അനുഭവപ്പെടുത്തുവാനുള്ള സ്വതന്ത്രവിചിന്തനത്തിന്റെ സന്താനമാണ് ഇന്നു സർവ്വാദരണീയമായിപ്രസിദ്ധിനേടിയിരിക്കുന്ന **കരിംകുരങ്ങു രസായനമെന്ന്** അഭിമാനപൂർവ്വം അറിയിച്ചുകൊള്ളുന്നു.

യൌവനത്തെ നിലനിർത്തുവാൻ കരിംകുരങ്ങു രസായനത്തിനുള്ള ശക്തി അതുല്യവും അനുഭവപ്രസിദ്ധവുമാണ്.

## രോഗഹരത്വം.

ശരീരാവയവങ്ങൾക്കു ഹാനി സംഭവിച്ചുപോയിട്ടില്ലാത്ത എല്ലാ ക്ഷയരോഗങ്ങളിലും ഈ രസായനം ശമനം നൽകുമെന്നതു നിശ്ചയമാണ്. പീനസം, ഏങ്ങൽ, (വലിവു) ചുമ എന്നീ ഉപദ്രവങ്ങളെ നിശ്ശേഷം ശമിപ്പിക്കുന്നു. രക്ഷ കിട്ടുവാൻ അല്പമെങ്കിലും അവകാശമുണ്ടെങ്കിൽ ക്ഷയരോഗിയെ ഈ രസായനം രക്ഷിക്കും. ക്ഷയത്തോടനുബന്ധമില്ലാത്ത ശ്വാസം (വലിവു) കാസം (ചുമ) എന്നിവയ്ക്ക് ഈ ലേഹ്യം ഉപയോഗിച്ചാൽ ആജീവനാന്തം വരാത്തവണ്ണം ആശ്വാസം ഉളവാക്കുന്നു. എല്ലാത്തരം വാതരോഗങ്ങളും, സൂര്യപ്രകാശത്തിൽ ഇരുളെന്നവണ്ണം ഈ രസായന സേവയിൽ തേഞ്ഞുമാഞ്ഞു പോകുന്നു. തൊണ്ടയിലുള്ള കഫക്കെട്ട്, ശരീരം അടച്ചുള്ള വേദന, ബലഹാനി, കാർശ്യം, ദുർവൃത്തികളാലുണ്ടായിട്ടുള്ള പുരുഷത്വഹാനി എന്നിവയ്ക്കു ദൈവാനുഗ്രഹംപോലെ ഈ രസായനം സുഖം അരുളുന്നു. ശരീരത്തെ തടിപ്പിയ്ക്കും. ബലത്തെ വർദ്ധിപ്പിക്കും. ഓജസ്സിനെ പ്രദാനം ചെയ്യും. ആയുസ്സിനെ ദീർഘിപ്പിക്കും ശരീരത്തെ ആരോഗ്യദേവതയുടെ നൃത്തരംഗമാക്കിത്തീർക്കും. പ്രസവരക്ഷയ്ക്കു വിശേഷം.

ഓരോ തോലവീതം കാലത്തു ഭക്ഷണത്തിനുമുമ്പും, രാത്രി അത്താഴത്തിനു ശേഷവും സേവിക്കണം. എരിവും, പുളിയും ചുരുക്കണം. മത്സ്യം ഉപയോഗിക്കരുത്. പച്ചവെള്ളം കുടിക്കരുത്. സംയോഗം നിഷിദ്ധമാണ്. വേറെ പത്ഥ്യമൊന്നും ആവശ്യമില്ല. 40 നേരത്തേക്കുള്ള ഒരു റാത്തലിനു 5 ക. മാത്രം.

— **സ്വതന്ത്രഫാർമസി,** —

ചാലക്കുടി, കൊച്ചിൻ സ്റ്റേയിററ്.

ബ്രാഞ്ചുകൾ:—ആലപ്പുഴ, കൊടകര & എറണാകുളം.

## സേവിംഗ്സ് ബാങ്ക്

നിങ്ങൾ വ്യർത്ഥമായി ചിലവാക്കുന്ന തുകകൾ നിങ്ങളുടെ കുട്ടികളുടെ പേരിൽ ഞങ്ങളുടെ സേവിങ്ങ്സ് ബാങ്കിൽ ഇപ്പോൾ മുതൽ നിക്ഷേപിക്കുക. കാലക്രമത്തിൽ അതൊരു വലിയ തുകയായി അവരുടെ ഭാവി ആവശ്യങ്ങൾ നിർവഹിക്കുന്നതിനു പര്യാപ്തമായി തീരുന്നതു നിങ്ങൾക്കു കാണാൻ കഴിയും.

ഏററവും ചുരുങ്ങിയ "അഞ്ചു" രൂപാകൊണ്ടു് നിങ്ങൾക്കു ഞങ്ങളുടെ ബാങ്കിലെ ഒരു നിക്ഷേപകനായി തീരാൻ സാധിക്കും. മൂന്നുശതമാനം പലിശയ്ക്കും പുറമേ, കാലാന്തരത്തിൽ സുരക്ഷിതമായ ഒരു നിക്ഷേപസ്ഥലം കണ്ടെത്തിയെന്നു് അഭിമാനിക്കാൻ തീർച്ചയായും നിങ്ങൾക്കു കഴിയും.

# THE CATHOLIC BANK OF INDIA LIMITED,

## H. O. CHANGANACHERRY,

**Travancore.**

ക്രമീകൃതമായ
ഒരു
പരിപാടിയുണ്ടെങ്കിൽ
"ഡിപ്ലോസിററ്"
വെറും നിസ്സാരം.

The Catholic Bank has been carrying on bussiness for the last SIX years on higher banking principles and have earned the good will of all who come in contact with it.

FIXED DEPOSITS received on attractive rates.

BUY A THREE YEARS CASH CERTIFICATE and earn for your family.

Consult our Head Office or Branches about the details of our various SERVICES.

Branches:- Calicut - Changanacherry - Edathuva - Kottayam - Manimala - Kanjirapally.

PRINTED AT THE POWRADHWANY PRESS, KOTTAYAM, 1945.